കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കാസറഗോഡ് മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നഗരസഭാ ഓഡിറ്റ് കാര്യാലയം

കാസർഗോഡ്-671121

ഇ-മെയിൽ: mlksd.ksad@kerala.gov.in

ഫോൺ : 04994-230051

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എസ്.എം-2/63/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കാസർഗോഡ്-671121
തീയ്യതി: 27/03/2026
ഇ-മെയിൽ: mlksd.ksad@kerala.gov.in
ഫോൺ: 04994-230051

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കാസറഗോഡ് മുനിസിപ്പാലിറ്റി

സർ,

വിഷയം : കാസറഗോഡ് മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാസറഗോഡ് മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ) തിരുവനന്തപുരം (ഉപരിപത്രം സഹിതം)
5. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കാസറഗോഡ്
6. കാര്യാലയ പ്രതി.

നമ്പർ: കെ.എസ്.എ.കെ.എസ്.എം-2/63/2026 തീയ്യതി: 27/03/2026

കാസർഗോഡ് ജില്ലയിലെ കാസറഗോഡ് മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കാസറഗോഡ് മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 82 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 82 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-03-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.രഞ്ജിത്ത് കുമാർ ജി	ഡെപ്യൂട്ടി ഡയറക്ടർ	07-04-2025	31-07-2025
ശ്രീ.അബ്ദുൾ ജലീൽ ടി പി	ഡെപ്യൂട്ടി ഡയറക്ടർ	01-08-2025	28-02-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-04-2025	28-02-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഈശ്വരചന്ദ്രൻ നമ്പൂതിരി ടി സി, ഓഡിറ്റ് ഓഫീസർ, 07.04.2025 മുതൽ 23.07.2025 വരെ

ശ്രീ.വിനോദ് കുമാർ സി, ഓഡിറ്റ് ഓഫീസർ(ഹ ഗ്രേ), 25.07.2025 മുതൽ 28.02.2026 വരെ

ശ്രീ.ശിവശങ്കര കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ, 07.04.2025 മുതൽ 28.02.2026 വരെ

ശ്രീമതി.ശാലിനി പി എം, സീനിയർ ഗ്രേഡ് ഓഡിറ്റർ, 07.04.2025 മുതൽ 10.07.2025 വരെ

ശ്രീമതി.റെൻസി ഇ, സീനിയർ ഗ്രേഡ് ഓഡിറ്റർ, 08.08.2025 മുതൽ 28.02.2026 വരെ

ശ്രീമതി.ശരണ്യ കെ വി, ഓഡിറ്റർ, 07.04.2025 മുതൽ 28.02.2026 വരെ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.അബ്ബാസ് ബീഗം	ചെയർമാൻ	01-04-2024	31-03-2025
ശ്രീ.ജസ്റ്റിൻ പി.എ.	സെക്രട്ടറി	01-04-2024	08-12-2024
ശ്രീ.അബ്ദുൾ ജലീൽ ഡി വി	സെക്രട്ടറി	09-12-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ശ്രീജ എം പി	കൃഷി ഓഫീസർ	01-04-2024	31-05-2024
ശ്രീ.മുരളീധരൻ കെ കെ	കൃഷി ഓഫീസർ	01-06-2024	23-06-2024
ശ്രീ.ശിവപ്രസാദ് കെ വി	കൃഷി ഓഫീസർ	24-06-2024	31-03-2025
ശ്രീ.ദിലീഷ് എൻ ഡി	നഗരസഭ എഞ്ചിനീയർ	01-04-2024	12-01-2025
ശ്രീ.രാഹുൽ എ പി	നഗരസഭ എഞ്ചിനീയർ (ഇൻ ചാർജ്)	13-01-2025	14-01-2025
ശ്രീമതി.പ്രസീജ ആർ	നഗരസഭ എഞ്ചിനീയർ	15-01-2025	31-03-2025
ശ്രീ.അനിൽ കുമാർ	അസിസ്റ്റന്റ് എഞ്ചിനീയർ (അഡീഷണൽ ചാർജ്ജ്)	01-04-2024	18-10-2024
ശ്രീ.രാഹുൽ എ പി	അസിസ്റ്റന്റ് എഞ്ചിനീയർ	19-10-2024	31-03-2025
ശ്രീ.ലതീഷ് കെ സി	ഹെൽത്ത് ഓഫീസർ	01-04-2024	02-09-2024
ശ്രീ.പ്രസാദ് കെ	ഹെൽത്ത് ഓഫീസർ (ഇൻ ചാർജ്)	03-09-2024	22-09-2024
ശ്രീ.മധുസൂദനൻ എ വി	ഹെൽത്ത് ഓഫീസർ	23-09-2024	31-03-2025
ശ്രീ.ജയചന്ദ്രൻ പി വി	പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര ലഘൂകരണ സെൽ	01-04-2024	31-12-2024
ശ്രീ.പ്രസാദ് കെ	നഗരദാരിദ്ര ലഘൂകരണ സെൽ	01-01-2025	31-03-2025
ഡോ.ശ്രീകുമാർ മുകുന്ദൻ	മെഡിക്കൽ ഓഫീസർ/സൂപ്രണ്ട് ജനറൽ ആശുപത്രി	01-04-2024	14-04-2024
ഡോ. ജമാൽ അഹമ്മദ് എ	മെഡിക്കൽ ഓഫീസർ/സൂപ്രണ്ട് ജനറൽ ആശുപത്രി (അഡീഷണൽ ചാർജ്ജ്)	15-04-2024	09-05-2024
ഡോ.ശ്രീകുമാർ മുകുന്ദൻ	മെഡിക്കൽ ഓഫീസർ/സൂപ്രണ്ട് ജനറൽ ആശുപത്രി	10-05-2024	31-03-2025
ഡോ.ലൗലി ഫിലിപ്പ്	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2024	01-08-2024
ഡോ. സ്വപ്ന കെ എസ്	മെഡിക്കൽ ഓഫീസർ, ആയുർവേദം	02-08-2024	25-02-2025
ഡോ. മഹേഷ് പി എസ്	മെഡിക്കൽ ഓഫീസർ, ആയുർവേദം (അഡീഷണൽ ചാർജ്ജ്)	26-02-2025	09-03-2025
ഡോ. സ്വപ്ന കെ എസ്	മെഡിക്കൽ ഓഫീസർ, ആയുർവേദം	10-03-2025	31-03-2025

ഡോ.പ്രശാന്ത് എസ്	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2024	30-04-2024
ഡോ. രതീഷ് പി	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-05-2024	31-07-2024
ഡോ.സരിഗ എസ് പിള്ള	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-08-2024	17-09-2024
ഡോ.പ്രശാന്ത് എസ്	മെഡിക്കൽ ഓഫീസർ, ഹോമിയോ	18-09-2024	31-03-2025
ഡോ. വീണ പി എസ്	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി.ബിന്ദു ആർ	പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ്. കാസറഗോഡ്	01-04-2024	03-01-2025
ശ്രീ.വിനോദ് വി കെ	പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ്. കാസറഗോഡ് (ഇൻ ചാർജ്)	04-01-2025	27-03-2025
ശ്രീ.സുനിൽ പട്ടാർകണ്ടിയിൽ	പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ്. കാസറഗോഡ്	28-03-2025	31-03-2025
ശ്രീമതി.ദിൽന കെ എം	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	31-07-2024
ശ്രീമതി.നിസ്തുല സി	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-08-2024	31-03-2025
ശ്രീ.വീരേന്ദ്രകുമാർ കെ	ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീ.ഹരീഷ് കുമാർ പി	പട്ടിക ജാതി വികസന ഓഫീസർ	01-04-2024	31-03-2025
ശ്രീമതി.ചന്ദന ദിനകരൻ	ഫിഷറീസ് ഇൻസ്പെക്ടർ	01-04-2024	31-03-2025
ശ്രീ.ഉമേഷ	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ (ഇൻ ചാർജ്)	01-04-2024	19-05-2024
ശ്രീമതി.മഹിജ പി വി	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	20-05-2024	31-07-2024
ശ്രീ.വിജിൻ കെ വി	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ (ഇൻ ചാർജ്)	01-08-2024	15-08-2024
ശ്രീമതി.മഞ്ജുഷ ശ്രീധർ	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	16-08-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	AFS ൽ ബാങ്ക് അക്കൗണ്ട് ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കുന്നില്ല.	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	റിക്കവറി പേയബിൾ വിവരങ്ങൾ ലഭ്യമാക്കിയില്ല.	1-1-2
4	Rental Income അക്കൗണ്ട് ചെയ്തതിൽ കൃത്യത ഉറപ്പാക്കിയിട്ടില്ല.	1-1-3
5	വസ്തു നികുതി കുടിശ്ശിക അക്കൗണ്ട് ചെയ്തതിലെ അപാകത.	1-1-4
6	സ്റ്റെയിൽ ചെക്ക് ബാധ്യത വർദ്ധിക്കുന്നു.	1-1-5
7	B-8 ഷെഡ്യൂളിലെ അപാകതകൾ.	1-1-6
8	റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയില്ല.	1-1-7
9	ബാലൻസ്ഷീറ്റിൽ ബാങ്ക് ബാലൻസ് നീക്കിയിരിപ്പ് നെഗറ്റീവ് ആയി കാണിച്ചിരിക്കുന്നു.	1-1-8
10	ആസ്തി വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്താൻ പര്യാപ്തമായ രേഖകളില്ല.	1-1-9
11	അഡ്വാൻസ് തുകകൾ - സാധൂകരിക്കുന്ന രേഖകളില്ല.	1-1-10
12	വരവ് ചെലവ് നീക്കിയിരിപ്പിലെ വ്യത്യാസം.	1-1-11
13	ലൈസൻസ് ഫീ ഇനത്തിലെ തുകയിലെ വ്യത്യാസം.	1-1-12
14	വായ്പ തുകകളിൽ വ്യത്യാസം.	1-1-13
15	ലോണുകൾ, മുൻകൂറുകൾ, ഡെപ്പോസിറ്റുകൾ - അഡ്വാൻസ് ഹെഡിൽ നിന്നും മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.	1-1-14
16	പെർമിറ്റ് ഫീസുകൾ തെറ്റായ ഹെഡിൽ വരവ് രേഖപ്പെടുത്തുന്നു.	1-1-15
17	പ്രയർ പിരീഡ് ഐറ്റംസ് - കൃത്യത ഉറപ്പുവരുത്താൻ സാധിച്ചില്ല.	1-1-16
18	ഡെപ്പോസിറ്റ് നീക്കിയിരിപ്പിൽ വ്യത്യാസം.	1-1-17
19	ജീവനക്കാരുടെ തൊഴിൽ നികുതിയിലെ വ്യത്യാസം.	1-1-18
20	സ്റ്റോക്ക് നീക്കിയിരിപ്പ് വിശദാംശം ലഭ്യമല്ല.	1-1-19
21	പ്രൊവിഷൻ തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.	1-1-20
22	നോട്ട്സ് ഓൺ അക്കൗണ്ട്സ് സമർപ്പിച്ചിട്ടില്ല.	1-1-21
23	പാർട്ട് ബിൽ തുകകളുടെ അക്കൗണ്ടിംഗ് കൃത്യമല്ല.	1-1-22
24	സാംഖ്യയിൽ ഉൾപ്പെട്ടിരുന്ന പല റെസിപ്റ്റ് ഹെഡ്ഡുകളും കെ-സ്മാർട്ടിൽ ഉൾപ്പെട്ടതായി കാണുന്നില്ല.	1-1-23
25	കെ സ്മാർട്ട് - ചട്ടത്തിൽ നിർദ്ദേശിച്ച പല ഫോമുകളും, രജിസ്റ്ററുകളും കെ-സ്മാർട്ടിൽ ലഭ്യമാക്കിയിട്ടില്ല.	1-1-24
26	കെ സ്മാർട്ട് - ഫോമുകളുടെയും രജിസ്റ്ററുകളുടെയും മാതൃകയിൽ മാറ്റം വരുത്തി.	1-1-25
27	ഷെഡ്യൂൾ B4, ഷെഡ്യൂൾ B17 എന്നിവ പൊരുത്തപ്പെടുന്നില്ല.	1-1-26
28	ഒരേ ഇനം ചെലവ് വ്യത്യസ്ത ഹെഡുകളിൽ ബുക്ക് ചെയ്തിരിക്കുന്നു.	1-1-27
29	എല്ലാ ബാങ്ക് അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.	1-1-28
30	ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല.	1-1-29
31	Suspense Head- ഏതിനത്തിൽ ഉൾപ്പെടുന്ന തുകകളാണ് എന്ന് വ്യക്തമല്ല.	1-1-30
32	സുഗമ പോർട്ടൽ ലോഗിൻ ലഭ്യമായില്ല.	1-1-31
33	നിക്ഷേപം - രേഖകൾ ലഭ്യമല്ല.	1-1-32
34	നിക്ഷേപത്തിന്മേലുള്ള പലിശ - രേഖകൾ ലഭ്യമാക്കിയിട്ടില്ല.	1-1-33
35	മുൻവർഷ ട്രയൽ ബാലൻസും (2023-24), 2024-25 സാമ്പത്തിക വർഷത്തെ ട്രയൽ ബാലൻസും വ്യത്യാസപ്പെട്ടിരിക്കുന്നു.	1-1-34
36	Other Creditors Control Account – കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല.	1-1-35
37	ചെലവ് പത്രികയിലെയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെയും തുകകൾ തമ്മിൽ വ്യത്യാസം.	1-1-36

38	നിക്ഷേപ പ്രവർത്തികൾക്കായി വിവിധ ഏജൻസികൾക്ക് കൈമാറിയ തുകകൾ അക്കൗണ്ട് ചെയ്യിട്ടില്ല.	1-1-37
39	പ്രതിമാസ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നില്ല.	1-1-38
40	ആസ്തികളും ക്യാപിറ്റൽ കോൺട്രിബ്യൂഷനും തമ്മിലുള്ള പൊരുത്തക്കേട്.	1-1-39
41	ആസ്തി മൂല്യത്തേക്കാൾ കൂടുതൽ ഡിപ്രിസിയേഷൻ.	1-1-40
42	തരംതിരിക്കാത്ത വൻതുക കിട്ടാനുണ്ട്.	1-1-41
43	വസ്തുനികുതി അരിയർ കളക്ഷന്റെ 5%ൽ കൂടുതലുള്ള തുക State Govt Cesses/Levies In Property Taxes എന്ന ഹെഡിൽ ചേർത്ത് ഒഴിവാക്കി.	1-1-42
44	KCWWF Cess, ജി.പി.എ.ഐ.എസ് തുക സമയബന്ധിതമായി അടവാക്കുന്നില്ല.	1-1-43
45	ബജറ്റ്	1-2
46	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം).	1-3
47	ഫണ്ട് വിനിയോഗം	1-4
48	പദ്ധതി അവലോകനം.	1-5
49	അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി	1-6
50	ക്ഷേമ പദ്ധതികൾ	1-7
51	ക്യാഷ് ബാലൻസ്	1-8
52	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-9
53	ആഭ്യന്തര നിയന്ത്രണം.	1-10
54	ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം	1-11
55	മുനിസിപ്പൽ പെൻഷൻ ഫണ്ട് അവലോകനം	1-12
56	2024-25 ലെ പദ്ധതിപ്പണം യഥാസമയം ചെലവഴിച്ചില്ല, നഗരസഭക്ക് 2025-26 ൽ 3,94,26,021 രൂപയുടെ പദ്ധതിപ്പണം നഷ്ടപ്പെട്ടും	1-13
57	വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത- നഗരസഭയ്ക്ക് വസ്തുനികുതിയിനത്തിൽ നഷ്ടം	1-14
58	കെട്ടിട നമ്പർ ലഭിച്ചതിനു ശേഷം കെട്ടിടത്തിന്റെ ഘടനയ്ക്ക് മാറ്റം വരുത്തി.	1-15
59	ചട്ടങ്ങൾ പാലിക്കാതെ വേക്കൻസി റെമിഷൻ അനുവദിച്ചു.	1-16
60	അനധികൃത നിർമ്മാണം- നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച.	1-17
61	പെർമിറ്റ്- തുടർനടപടികൾ അറിയിക്കേണ്ടതാണ്.	1-18
62	വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.	1-19
63	തൊഴിൽ നികുതി അടവാക്കുന്നതിൽ കാലതാമസം വരുത്തിയ നികുതിദായകരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.	1-20
64	തൊഴിൽ നികുതി പിരിവ് അപാകങ്ങൾ	1-21
65	കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ബാങ്ക് അക്കൗണ്ട് ആരംഭിച്ചതിലെ അപാകതകൾ	1-22
66	നഗരസഭയുടെ ലൈസൻസ് ഇല്ലാതെ സ്വകാര്യ വണ്ടിത്താവളങ്ങൾ(പാർക്കിംഗ് കേന്ദ്രങ്ങൾ) പ്രവർത്തിക്കുന്നു.	1-23
67	മൂലധന നിക്ഷേപത്തിന് ആനുപാതികമായി ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.	1-24
68	വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് പുതുകാതെ നിരവധി വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.	1-25
69	മൊബൈൽ ടവറുകൾ -ചട്ടപ്രകാരമുള്ള ലൈസൻസ് എടുക്കുന്നില്ല.	1-26
70	സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.	1-27
71	നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക യഥാസമയം പിരിച്ചെടുക്കുന്നില്ല – 19,64,293/- രൂപ കുടിശ്ശിക.	1-28
72	വാടക പരിശോധന പൊതു അപാകതകൾ	1-29
73	അനധികൃതമായി വാടക മുറി കൈവശം വെക്കുന്നു - നഗരസഭ നടപടി സ്വീകരിച്ചിട്ടില്ല.	1-30
74	ലൈബ്രറി സെസ്സ് കുടിശ്ശിക ലൈബ്രറി കൗൺസിലിലേക്ക് യഥാസമയം അടവാക്കുന്നില്ല.	1-31
75	KCWWF Cess സമയബന്ധിതമായി അടവാക്കുന്നില്ല.	1-32

76	ഓഡിറ്റ് റിക്കവറി അടവാക്കാതെ കൈവശം വെച്ചിരിക്കുന്നു.	1-33
77	തെരഞ്ഞെടുപ്പ് നിക്ഷേപം മുനിസിപ്പാലിറ്റി ഫണ്ടിൽ മുതൽക്കൂട്ടിയില്ല.	1-34
78	ബെനെഫിഷ്യറി കോൺട്രിബ്യൂഷൻ ഈടാക്കി- പദ്ധതി പൂർത്തീകരിച്ചില്ല.	1-35
79	ഫെസ്റ്റിവെൽ അഡ്വാൻസ് തുക ഈടാക്കിയില്ല.	1-36
80	വർദ്ധിച്ചു വരുന്ന പ്രൊവിഡന്റ് ഫണ്ട് ബാധ്യത.	1-37
81	ജി.പി.എ.ഐ.എസ് സമയബന്ധിതമായി അടവാക്കുന്നില്ല.	1-38
82	ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ലഭിച്ച തുക നഗരസഭാ ഫണ്ടിലേക്ക് അടക്കുന്നില്ല.	1-39
83	ജീവനക്കാരുടെ ജി.പി.എഫ് വരിസംഖ്യ അടവാക്കുന്നതിൽ കാലതാമസം	1-40
84	വക്കീൽ ഫീസ്- ആദായ നികുതി ടി.ഡി.എസ് ഈടാക്കുന്നില്ല.	1-41
85	വിവിധ പ്രവൃത്തികൾക്കായി മുൻകൂർ കൈപ്പറ്റിയ തുകകൾ ക്രമീകരിച്ചിട്ടില്ല. ചെലവ് തടസ്സപ്പെടുത്തുന്നു.	1-42
86	നഗരസഭയിലെ റെഗുലർ ജീവനക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ എസ്.എൽ. ഐ. വിഹിതം ഈടാക്കുന്നു.	1-43
87	നഗരസഭയിലെ കണ്ടിജന്റ് വർക്കർമാരിൽ നിന്നും കുറഞ്ഞനിരക്കിൽ എസ്.എൽ. ഐ. വിഹിതം ഈടാക്കി.	1-44
88	എക്സ്ഗ്രേഷ്യ പെൻഷണർക്ക് മെഡിക്കൽ അലവൻസ് അനുവദിച്ചു-അപാകത.	1-45
89	രാമ ബെളിച്ചാട, റിട്ടയർഡ് സാനിറ്റേഷൻ വർക്കർക്ക് കമ്മ്യൂട്ട് ചെയ്ത പെൻഷൻ തുക പുനസ്ഥാപിച്ചു നൽകിയപ്പോൾ തെറ്റായി അധികം പെൻഷൻ അനുവദിച്ചു.	1-46
90	ബാലകൃഷ്ണൻ പി, റിട്ടയർഡ് സാനിറ്റേഷൻ വർക്കർക്ക് കമ്മ്യൂട്ട് ചെയ്ത പെൻഷൻ തുക പുനസ്ഥാപിച്ചു നൽകിയപ്പോൾ തെറ്റായി അധികം പെൻഷൻ അനുവദിച്ചു.	1-47
91	ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ Sanctioned Strengthനെക്കാളും കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്നു.	1-48
92	നഗരസഭ ഏൽപ്പിച്ച വാർഷിക പദ്ധതികൾ ഒന്നും സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നടപ്പാക്കിയിട്ടില്ല.	1-49
93	അംഗീകരിച്ച പദ്ധതികൾ നടപ്പിലാക്കാത്തതുമൂലം 81,59,500 /- രൂപയുടെ പദ്ധതി വിഹിതം നഷ്ടപ്പെടുത്തി.	1-50
94	ക്യാൻസർ കെയർ പദ്ധതി - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.	1-51
95	പാലിയേറ്റീവ് പ്രവർത്തനങ്ങൾ സാർവ്വത്രികമാക്കൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.	1-52
96	സ്വയം തൊഴിലിന് ഇരുചക്ര വാഹന സബ്സിഡി; 8,304/- രൂപ അധികം നൽകി, ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടച്ചു.	1-53
97	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല.	1-54
98	ഇൻഫർമേഷൻ കേരള മിഷൻ തുക നല്കൽ -വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല	1-55
99	K SMART -ഓഡിറ്റർ ലോഗിനിലെ പരിമിതികൾ	1-56
100	തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് വൈദ്യുത ലൈൻ നീട്ടൽ പദ്ധതിക്കായി കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമല്ല- തുക തടസ്സപ്പെടുത്തുന്നു.	1-57
101	മരം മുറിയ്ക്കുന്നതിനായി ചെലവഴിച്ച തുക-രേഖകൾ ഹാജരാക്കിയില്ല.	1-58
102	രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് യു.പി.എച്ച്.സി പുലിക്കുന്നിന് അനുവദിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല-ചെലവ് തടസ്സപ്പെടുത്തുന്നു	1-59
103	വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഗ്രാമീണ പഠന കേന്ദ്രത്തിന് അനുവദിച്ച തുക തടസ്സപ്പെടുത്തുന്നു.	1-60
104	മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി സ്ഥാപിക്കുന്ന ഇന്റർലോക്ക് ടൈലുകളുടെയും പ്രീകാസ്റ്റ് ടൈലിന്റെയും ഗുണനിലവാര പരിശോധനകൾ നടത്തുന്നില്ല.	1-61
105	മരാമത്ത് പ്രവൃത്തികളുടെ കരാർ ഒപ്പിടാൻ കരാർ തുകയ്ക്ക് ആനുപാതികമായ മൂല്യമുള്ള മുദ്രപ്പേപ്പർ ഉപയോഗിച്ചില്ല.	1-62
106	ചെന്നിക്കര ഗ്യാസ് ക്രിമിറ്റോറിയത്തിന്റെ ഗ്യാസ് ചേമ്പറിന്റെ വാർഷിക അറ്റകുറ്റപ്രവൃത്തിയിൽ പെടാത്ത പ്രവൃത്തികൾ – നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കി- ചെലവ് തടസ്സപ്പെടുത്തുന്നു.	1-63

107	ഉന്നൂർമുഴി മാതൃക മാലിന്യസംസ്കരണ പ്ലാന്റുകൾ ഉപയോഗയോഗ്യമല്ലാതായി-പദ്ധതിക്കായി ചെലവഴിച്ച തുക പാഴായി	1-64
108	നഗരസഭാ പരിധിയിലെ നാഗരകട്ടെ, കൊറക്കോട് എന്നീ കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണത്തിനും നവീകരണത്തിനുമുള്ള പ്രവൃത്തി-ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും കാര്യമായ വ്യതിയാനം- എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്തിട്ടില്ല.	1-65
109	തെരുവ് കച്ചവടക്കാരുടെ പുനരധിവാസം-പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർ പ്രവർത്തനം ആവശ്യമാണ്.	1-66
110	ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് പ്രകാരം തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾ നടത്തിയത്- അപാകത.	1-67
111	റീ പെയിന്റിംഗ് പ്രവൃത്തിക്ക് വ്യത്യസ്ഥ നിരക്കുള്ള സ്പെസിഫിക്കേഷൻ അനുവദിച്ചു.	1-68
112	നഗരസഭാ മത്സ്യചന്തയിൽ ആധുനിക ശുചിത്വ കോംപ്ലക്സ് നിർമ്മാണം-പദ്ധതി ലക്ഷ്യം കൈവരിക്കാതെ പാതിവഴിയിൽ നിർത്തി.	1-69
113	റഹ്മത്ത് നഗർ ബിലാൽ നഗർ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി- യഥാർത്ഥ ആവശ്യം പരിഗണിക്കാതെ ഫണ്ട് ലഭ്യതയടിസ്ഥാനമാക്കി നടപ്പാക്കി.	1-70
114	ഷീ ലോഡ്ജ് പ്രവർത്തനക്ഷമമായില്ല.	1-71
115	റിവൈസ്ഡ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അംഗീകാരം വാങ്ങുമ്പോൾ പൊതുമരാമത്ത് മാനുവലിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.	1-72
116	പാങ്ങോട് ആശ്രയ കോളനി ഡ്രൈനേജും കവറിംഗ് സ്ലാബും നിർമ്മാണ പ്രവൃത്തി-ജി.എസ്.ടി കോമ്പൻസേഷനായി അധികം നൽകിയ തുക തിരികെ ഈടാക്കണം.	1-73
117	ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ചു- 4,386/-രൂപയുടെ അധിക ചെലവ്.	1-74
118	തെരുവ് കച്ചവടക്കാരുടെ പുനരധിവാസം-DSR 2016 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്ത പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിലെ എക്സ്ട്രാ ഐറ്റം പ്രവൃത്തികൾക്ക് DSR 2018 പ്രകാരമുള്ള നിരക്കിൽ കരാറുകാരന് തുക നൽകി.	1-75
119	പട്ടികജാതിക്കാർക്കുള്ള ട്രെയിനിംഗ് സെന്റർ കെട്ടിട നവീകരണ പ്രവൃത്തിയിൽ ജനലിന് എം.എസ് കമ്പി സ്ഥാപിക്കുന്ന ഇനം പ്രവൃത്തിയ്ക്ക് കൂടിയ നിരക്ക് അനുവദിച്ചു.	1-76
120	ക്ലീൻ കേരളാ കോൺക്ലേവ്- കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല	1-77
121	അമൃത് 2.0 പദ്ധതി നിർവ്വഹണം	1-78
122	PMAY ഭവനനിർമ്മാണം - അപാകങ്ങൾ	1-79
123	സമഗ്ര ശിക്ഷ കേരളത്തിന് തുക നല്കൽ - വിനിയോഗസർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.	1-80
124	റിജക്ടട് മാലിന്യങ്ങൾ നീക്കത്തിനുള്ള പ്രതിഫലം നൽകിയത്-ഭാരപരിശോധന നടത്തിയിട്ടില്ല.	1-81
	ഭാഗം 2	
1	വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത- നഗരസഭയ്ക്ക് വസ്തുനികുതിയിനത്തിൽ നഷ്ടം.	2-1
	ഭാഗം 3	
1	പാങ്ങോട് ആശ്രയ കോളനി ഡ്രൈനേജും കവറിംഗ് സ്ലാബും നിർമ്മാണ പ്രവൃത്തി-ജി.എസ്.ടി കോമ്പൻസേഷനായി അധികം നൽകിയ തുക തിരികെ ഈടാക്കണം.	3-1
2	തെരുവ് കച്ചവടക്കാരുടെ പുനരധിവാസ ഷെഡ്ഡുകളുടെ വൈദ്യുതീകരണ പ്രവൃത്തി-ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ചു- 4,386/-രൂപയുടെ അധിക ചെലവ്.	3-2
3	തെരുവ് കച്ചവടക്കാരുടെ പുനരധിവാസം-DSR 2016 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്ത പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിലെ എക്സ്ട്രാ ഐറ്റം പ്രവൃത്തികൾക്ക് DSR 2018 പ്രകാരമുള്ള നിരക്കിൽ കരാറുകാരന് തുക നൽകി.	3-3
4	പട്ടികജാതിക്കാർക്കുള്ള ട്രെയിനിംഗ് സെന്റർ കെട്ടിട നവീകരണ പ്രവൃത്തിയിൽ ജനലിന് എം.എസ് കമ്പി സ്ഥാപിക്കുന്ന ഇനം പ്രവൃത്തിയ്ക്ക് കൂടിയ നിരക്ക് അനുവദിച്ചു.	3-4
	ഭാഗം 4	
1	ജീവനക്കാരുടെ മെഡിസെപ് വിഹിതം സംബന്ധിച്ച വിവരങ്ങൾ	4-1
2	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം.	4-2
3	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3

4	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ/വായ്പാ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ.	4-9
10	ചാർജ് /സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക	4-10
11	ഓഡിറ്റ് പ്രത്യവലോകനം.	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.	4-12
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
4	റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	
5	ബാലൻസ് ഷീറ്റ്	

ഭാഗം -1

പൊതു അവലോകനം

1-1-1 AFS ൽ ബാങ്ക് അക്കൗണ്ട് ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കുന്നില്ല.

വാർഷിക ധനകാര്യ പത്രികയിലെ B17 ഷെഡ്യൂളിൽ ബാങ്ക് അക്കൗണ്ട് നമ്പർ മാത്രമാണ് രേഖപ്പെടുത്തുന്നത്. ഏത് ഫണ്ടിന്റെ, ഏത് ആവശ്യത്തിനുള്ള അക്കൗണ്ടാണെന്ന് വ്യക്തമാക്കുന്നില്ല. ഇത് പരിശോധന വേളയിൽ തടസ്സം സൃഷ്ടിക്കുന്നു.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കാസറഗോഡ് മുനിസിപ്പാലിറ്റിയുടെ 2025 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 20.12.2025 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 28.11.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനു വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗ നിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗര പാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്ത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

ബി. വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാസറഗോഡ് മുനിസിപ്പാലിറ്റിയുടെ 2024-25 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കുറിപ്പ്: തദ്ദേശ തെരഞ്ഞെടുപ്പ് ആയതിനാൽ പുതിയഭരണസമിതി ചുമതല ഏറ്റെടുത്തതിന് ശേഷമാണ് വാർഷിക കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എയിംസിൽ വാർഷിക കണക്കുകൾ 28.11.2025ന് സമർപ്പിച്ചതിനു ശേഷം ഭരണസമിതി 20.12.2025ന് ആയത് അംഗീകരിക്കുകയാണുണ്ടായത്.

1-1-2 റിക്കവറി പേയബിൾ വിവരങ്ങൾ ലഭ്യമാക്കിയില്ല.

വാർഷിക ധനകാര്യ പത്രികയിലെ B8 - Other Liabilities ഷെഡ്യൂളിൽ Recoveries Payable - Pandemic/ Epidemic- 3502027 ഹെഡിൽ 2,58,606/- രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ലെഡ്ജർ പരിശോധിച്ചതിൽ Data Not Availiable എന്നാണ് കാണിക്കുന്നത്. അഥവാ പ്രസ്തുത ലഡ്ജർ പരിശോധിക്കാനുള്ള പ്രൊവിഷൻ ഓഡിറ്റിന് നൽകിയിട്ടില്ല. പ്രസ്തുത ലഡ്ജറുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1-1-3 Rental Income അക്കൗണ്ട് ചെയ്തതിൽ കൃത്യത ഉറപ്പാക്കിയിട്ടില്ല.

ഷെഡ്യൂൾ I-3 Rentel Income From Municipal Properties-ൽ കാണിച്ചിട്ടുള്ള പല തുകകൾ R-3 (Rental Income)യിലെ തുകകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. അക്രൂവൽ രേഖപ്പെടുത്തിയിട്ടുള്ള വരവിനങ്ങളിൽ ബന്ധപ്പെട്ട ലെഡ്ജർ പരിശോധിച്ച് നോട്ട്സ് ഓൺ അക്കൗണ്ട്സ് തയ്യാറാക്കി ധനകാര്യ പത്രികയോടൊപ്പം സമർപ്പിച്ചിട്ടില്ല.

1-1-4 വസ്തു നികുതി കുടിശ്ശിക അക്കൗണ്ട് ചെയ്തതിലെ അപാകത.

2024-25 സാമ്പത്തിക വർഷത്തിൽ വസ്തുനികുതി സാധൂകരിക്കാത്ത 10,04,187/- രൂപ എഴുതി തള്ളിയിട്ടുണ്ട്. എന്നാൽ കെ-സ്മാർട്ടിൽ Property Tax - Write Off Module പരിശോധിച്ചതിൽ 2024-25 സാമ്പത്തിക വർഷത്തിൽ വസ്തുനികുതി സാധൂകരിക്കാത്ത തുകകൾ ഒന്നും തന്നെ എഴുതിത്തള്ളിയിട്ടില്ല. എന്നാൽ കുടിശ്ശിക അക്കൗണ്ട് ചെയ്തതിൽ അപാകത കാണുന്നു. വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

2024-25 വർഷാരംഭം വസ്തു നികുതി കുടിശ്ശിക ഡിമാന്റ് [2023-24 വർഷത്തെ ബാലൻസ് ഷീറ്റിലെ Receivables For Property Taxes (Arrears) + (Current)]	(1)	38757184
ജേണൽ വൗച്ചർ മുഖേന വസ്തു നികുതി കുടിശ്ശിക ഡിമാന്റിൽ വരത്തിയിട്ടുള്ള വർദ്ധനവ് [4311002 - Receivables For Property Taxes (Arrears) എന്ന ലെഡ്ജറിലെ ഡെബിറ്റ് സൈഡ് പരിശോധിക്കുക]	(2)	23160276
2024-25 വർഷം കുടിശ്ശിക വസ്തു നികുതി ഇനത്തിൽ ലഭിച്ചിട്ടുള്ള തുക [R-17 Sundry Debtors പ്രകാരം]	(3)	19689558
പിരിച്ചെടുക്കാൻ ബാലൻസ് നിൽക്കുന്ന തുക (Cash/Bank മുഖേന കളക്റ്റ് ചെയ്തിട്ടുള്ള തുക കിഴിച്ച്) [(1)+(2)]-(3)	(4)	42227902
2024-25 വാർഷിക കണക്കിലെ ബാലൻസ് തുക	(5)	18063439
വ്യത്യാസം (4)-(5)		24164463

പ്രൊഫോമയിലെ കോളം നമ്പർ (2)ൽ (ജേണൽ വൗച്ചർ മുഖേന വസ്തുനികുതി കുടിശ്ശിക ഡിമാന്റിൽ വരുത്തിയിട്ടുള്ള വർദ്ധനവ്) ചേർത്ത തുക സംബന്ധിച്ച് നോട്ട്സ് ഓൺ അക്കൗണ്ട്സ്/ സാധൂകരിക്കുന്ന മറ്റ് രേഖകളോ ലഭ്യമല്ല.

കൂടാതെ വസ്തു നികുതി കുടിശ്ശിക (Property Tax Arrears - Code 4311002) പിരിച്ചെടുക്കേണ്ട തുക മുൻവർഷം 1,55,96,908 രൂപ ആയിരുന്നു എന്നാൽ ഇത് ഓഡിറ്റ് വർഷം 1,80,63,439 രൂപയായി ഉയർന്നിരിക്കുന്നു. മുൻവർഷത്തേക്കാൾ കുടിശ്ശിക കുറയുന്നതിന് പകരം 24,66,531 രൂപയായി വർദ്ധിച്ചിരിക്കുകയാണ്. അഥവാ നികുതി കുടിശ്ശിക പിരിവ് കാര്യക്ഷമമല്ല എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

1-1-5 സ്റ്റെയിൽ ചെക്ക് ബാധ്യത വർദ്ധിക്കുന്നു.

മുനിസിപ്പാലിറ്റി ഇഷ്യൂ ചെയ്തിട്ട് മാറ്റാതിരിക്കുന്ന ചെക്കുകളുടെ ബാധ്യത Liability In Respect Of Stale Cheque തുക 13,18,300 രൂപയായി വർദ്ധിച്ചു. മുൻ വർഷം ഇത് 1,237,727 രൂപയായിരുന്നു. കാലഹരണപ്പെട്ട ചെക്കുകൾ ഇത്രയധികം ബാധ്യതയായി തുടരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 45 (Rule 45) പ്രാദേശിക സർക്കാരുകളുടെ സാമ്പത്തിക ഇടപാടുകളിലെ കാലാവധി കഴിഞ്ഞ ചെക്കുകളെ (Stale Cheques) കുറിച്ചുള്ളതാണ്. മുനിസിപ്പാലിറ്റി ഒരാൾക്ക് നൽകിയ ചെക്ക്, അതിന്റെ നിയമപരമായ കാലാവധിക്കുള്ളിൽ (സാധാരണയായി 3 മാസം) ബാങ്കിൽ ഹാജരാക്കി പണമാക്കി മാറ്റിയില്ലെങ്കിൽ അത് 'സ്റ്റെയ്ൽ ചെക്ക്' ആയി മാറുന്നു. കാലാവധി കഴിഞ്ഞ ചെക്കുകൾ കൃത്യമായി

കണ്ടെത്തുകയും, ആ തുക 'Stale Cheques Account' എന്ന ലയബിലിറ്റി (ബാധ്യത) അക്കൗണ്ടിലേക്ക് മാറ്റുകയും വേണം. ജേണൽ വൗച്ചർ ഉപയോഗിച്ചാണ് ഈ അക്കൗണ്ടിംഗ് എൻട്രി നടത്തേണ്ടത്.

ഓരോ മാസവും ബാങ്ക് റീകൺസിലിയേഷൻ തയ്യാറാക്കുമ്പോൾ, 3 മാസത്തിലധികം പഴക്കമുള്ളതും എന്നാൽ ബാങ്കിൽ നിന്ന് പണമാക്കി മാറ്റാത്തതുമായ (Uncashed Cheques) ചെക്കുകൾ കണ്ടെത്തി ഈ ചട്ടപ്രകാരം ലയബിലിറ്റിയിലേക്ക് മാറ്റേണ്ടത് നിർബന്ധമാണ്.

1-1-6 B-8 ഷെഡ്യൂളിലെ അപാകതകൾ.

B-8 ഷെഡ്യൂളിൽ ശമ്പളവും അതുമായി ബന്ധപ്പെട്ട റിക്കവറികളുടെയും അവസാന മാസത്തെ ഗഡു മാത്രമേ ബാദ്ധ്യതയായി കാണാവൂ. എന്നാൽ പല റിക്കവറികളും തൻമാസ തുകയിൽ അധികരിച്ച തുകകളാണ് ബാലൻസായി കാണിച്ചിട്ടുള്ളത്. ഉദാ:- Employers Liabilities - Pension Contribution (NPS)- 822379/- രൂപ, യഥാസമയം റിക്കവറി തുകകൾ ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നതിനാലാണ് ഇത് സംഭവിക്കുന്നത്. ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള എല്ലാ റിക്കവറികളും കൃത്യമാക്കേണ്ടതാണ്.

1-1-7 റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയില്ല.

ക്രമ നമ്പർ	ബാങ്ക് അക്കൗണ്ട് നമ്പർ	ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക	ബാലൻസ് ഷീറ്റിലെ തുക	വ്യത്യാസം	റിമാർക്ക്സ്
1	CB-110049985879	11104508	10873008	231500	K-Smartൽ ലഭ്യമല്ല
2	CB-110166801434	33332290.50	33712640	-380349.5	**
3	HB-50200029853418	62021	20920	41101	K-Smartൽ ലഭ്യമല്ല
4	SBoI-67162802843	15003627.58	15353612	-349984.42	**
5	TSIB-0321053000013121	5666955	5850279	-183324	**
6	2002-799013000000987	0	(83100)	-83100	K-Smartൽ ലഭ്യമല്ല

2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 53 പ്രകാരം നഗരസഭയുടെ ബാങ്ക് ബുക്കിലെ രേഖപ്പെടുത്തലുകൾ ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റിലെ രേഖപ്പെടുത്തലുമായും നീക്കിയിരിപ്പുമായും ഒത്തുനോക്കി ഒരു മാസാന്ത്യ റീകൺസിലിയേഷൻ പത്രിക തൊട്ടടുത്ത മാസം ഏഴാം തീയതിക്ക് മുമ്പേ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽപ്രകാരം നഗരസഭയുടെ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് സമയപരിധിക്കകം തയ്യാറാക്കുകയോ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്യുന്നില്ല. അക്കൗണ്ടുകളുടെ വാർഷിക റീക്കൺസിലിയേഷൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല. കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്ന മൊഡ്യൂൾ ഉണ്ടെങ്കിലും ആയതിൽ മുഴുവൻ ബാങ്കിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമല്ല. കൂടാതെ ലഭ്യമാക്കിയിട്ടുള്ള റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ തുകകളുടെ വ്യത്യാസം മാത്രം കാണിക്കുകയും വ്യത്യാസത്തിന് ഹേതുവായ ചെക്കുകളുടെ വിവരങ്ങൾ (ചെക്ക് നമ്പർ, തീയതി, തുക മുതലായവ) യാതൊന്നും തന്നെ നൽകിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

**കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്ന മൊഡ്യൂളിൽ തുകകളുടെ വ്യത്യാസം (Cheques Deposited But Not Collected) മാത്രം കാണിച്ചിട്ടുണ്ടെങ്കിലും ആയതിനെ സാധൂകരിക്കുന്ന വിശദീകരണം (ചെക്ക് നം, തീയതി, തുക തുടങ്ങിയ വിവരങ്ങൾ) നൽകിയിട്ടില്ല.

1-1-8 ബാലൻസ്ഷീറ്റിൽ ബാങ്ക് ബാലൻസ് നീക്കിയിരിപ്പ് നെഗറ്റീവ് ആയി കാണിച്ചിരിക്കുന്നു.

ബാലൻസ്ഷീറ്റിൽ ബാങ്ക് ബാലൻസ് നീക്കിയിരിപ്പ് നെഗറ്റീവ് ആയി കാണിച്ചിരിക്കുന്നു.

ബാങ്ക് അക്കൗണ്ട് നമ്പർ	ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക	ബാലൻസ് ഷീറ്റിലെ തുക
2002-799013000000987	0	(83100)

നഗരസഭയുടെ അസറ്റ്-ബാങ്ക് അക്കൗണ്ട് ഒരു ക്രെഡിറ്റ് ബാലൻസ് അഥവാ നെഗറ്റീവ് തുക കാണിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

1-1-9 ആസ്തി വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്താൻ പര്യാപ്തമായ രേഖകളില്ല.

ബാലൻസ് ഷീറ്റിലെ B-9 (Fixed Assets) ഷെഡ്യൂൾ പ്രകാരം 30,67,34,476/- രൂപ മൂല്യമുള്ള സ്ഥിര ആസ്തികൾ നഗരസഭയ്ക്ക് ഉള്ളതായി കാണുന്നു. വാർഷിക ധനകാര്യ പത്രികയിൽ സൂചിപ്പിച്ച തുകകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

1-1-10 അഡ്വാൻസ് തുകകൾ - സാധൂകരിക്കുന്ന രേഖകളില്ല.

ബി 18 ഷെഡ്യൂളിൽ 4,11,53,401 രൂപ വായ്പ തിരിച്ചടവ്, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവയിലായി നഗരസഭയ്ക്ക് കിട്ടേണ്ടതായിട്ടുണ്ട്. എന്നാൽ തുകകൾ സാധൂകരിക്കുന്ന രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1-1-11 വരവ് ചെലവ് നീക്കിയിരിപ്പിലെ വ്യത്യാസം.

2024-25 വർഷത്തെ ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക, റസീറ്റ് ആന്റ് പേമെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ഡിമാന്റ്-വരവ്-കുടിശ്ശിക കണക്കുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട ഏതാനും പൊരുത്തക്കേടുകൾ ചുവടെ നൽകുന്നു.

ഇനം	ഡിമാന്റ്	വരവ്	നീക്കിയിരിപ്പ്	യഥാർത്ഥത്തിൽ വരേണ്ട നീക്കിയിരിപ്പ്
	ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക	റസീറ്റ് ആന്റ് പേമെന്റ് പത്രിക	ബാലൻസ് ഷീറ്റ്	
വസ്തു നികുതി	54271731 (ഐ1)	38270544 (ആർ 17)	16778017	16001187
ജീവനക്കാരുടെ തൊഴിൽ നികുതി	14919773 (ഐ1)	14701723 (ആർ 1)	രേഖപ്പെടുത്തലുകളില്ല	218050
കോൺഫറൻസ് ഹാൾ വാടക	311400 (ഐ3)	317500 (ആർ 3)	രേഖപ്പെടുത്തലുകളില്ല	6100
കെട്ടിടങ്ങളിൽ നിന്നുള്ള വാടക	19361136 (ഐ3)	15340812 (ആർ 17)	3861180	4020324

1-1-12 ലൈസൻസ് ഫീ ഇനത്തിലെ തുകയിലെ വ്യത്യാസം.

വ്യാപാര ലൈസൻസ് ഫീയുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ട വിവരങ്ങൾ ചുവടെ നൽകുന്നു.

1	2	3	4	5	6
ഡിമാന്റ് (ഐ 4 ഷെഡ്യൂൾ)	വരവ്				2024-25 വർഷത്തെ ബാലൻസ് ഷീറ്റിലെ ബി 8: Other Liabilities
	ആർ 17 പ്രകാരമുള്ള വരവ്	അഡ്വാൻസായി സ്വീകരിച്ച തുക (2023-24 വർഷത്തെ	ആകെ വരവ് (കോളം 2 +	അധികമായി ഈടാക്കിയ തുക	

		ബാലൻസ് ഷീറ്റിലെ ബി 9 ഷെഡ്യൂൾ)	കോളം 3)		ഷെഡ്യൂളിൽ Advance Collection Of Revenues - എന്ന പേരിൽ ഉൾപ്പെടുത്തിയ തുക
1819276	1900000	968674	2868674	1049398	2103443

അഡ്വാൻസായി 2023-24 വർഷത്തിൽ സ്വീകരിച്ച ലൈസൻസ് ഫീ കളക്ഷൻ ബി 9 ഷെഡ്യൂളിലെ Advance Collection Of Revenues-Other Revenue, 350419900 നമ്പർ ഹെഡിലാണ് ചേർത്തിട്ടുള്ളത്. അപ്രകാരം 2024-25 വർഷത്തെ കളക്ഷൻ 3504101 Advance Collection Of Revenues എന്ന ഹെഡിലുമാണ്. എന്നാൽ ഇവയിൽ മറ്റ് വരവിനങ്ങളിലുള്ള അഡ്വാൻസ് ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് രസീതി നമ്പർ പരിശോധിച്ചതിൽ നിന്ന് വ്യക്തമായി. (ഉദാ: R-M140200-24009442 Dt. 08.08.2024 – Building Tax). ഓഡിറ്റർമാർക്ക് അനുവദിച്ചിട്ടുള്ള K Smart ലോഗിനിൽ ലെഡ്ജർ പരിശോധിച്ചപ്പോൾ റിമാർക്സിൽ ഏതിനത്തിലുള്ള തുകയാണ് കൈപ്പറ്റിയിരിക്കുന്നത് എന്നതിന്റെ വിവരം നൽകാത്തതിനാൽ പ്രസ്തുത വരവ് ഏതിനത്തിലാണെന്ന് അറിയാൻ സാധിക്കുന്നില്ല. കൈപ്പറ്റിയ തുക ഏതിനത്തിലാണെന്ന് അറിയുന്നതിന് Day Book- ൽ രസീതി നമ്പർ തീയതി എന്നിവ ചേർത്താൽ മാത്രമേ അറിയാൻ നിർവാഹമുള്ളൂ. ഇത്തരത്തിൽ പരിശോധന ഓഡിറ്റേഴ്സ് ലോഗിനിൽ നടത്തുക പ്രായോഗികമല്ല.

Advance Collection Of Revenues - License Fees എന്ന ഹെഡിൽ ചേർക്കാതെ Advance Collection Of Revenues എന്ന് മാത്രം ചേർത്ത് വിവിധ ഇനങ്ങളിലുള്ള വരവുകൾ ചേർത്തതിനാൽ ഇത്തരത്തിലുള്ള വിവിധ ഇനത്തിലുള്ള അഡ്വാൻസിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

1-1-13 വായ്പ തുകകളിൽ വ്യത്യാസം.

വാർഷിക ധനകാര്യ പത്രിക പ്രകാരം ലോൺ സംബന്ധിയായ വിശദാംശങ്ങൾ ചുവടെ നൽകുന്നു.

ഇനം	കെ. യു. ആർ. ഡി. എഫ്. സി
2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുക (B-5 Secured Loans)	1,160,000
2024-25 വർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രികയിലെ I-14 (B) പ്രകാരം	1,33,335
2024-25 വർഷത്തെ ആർ പി പ്രകാരമുള്ള വരവ്	0
2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുക (B-5 Secured Loans)	10,26,665

ഇതിന്റെ കൃത്യത പരിശോധിക്കാൻ രേഖകളുടെ അഭാവത്തിൽ സാധിച്ചിട്ടില്ല. രജിസ്റ്റർ ഹാജരാക്കിയെങ്കിലും ആയതിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

1-1-14 ലോണുകൾ, മുൻകൂറുകൾ, ഡെപ്പോസിറ്റുകൾ - അഡ്വാൻസ് ഹെഡിൽ നിന്നും മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

ബി-18 ഷെഡ്യൂളിൽ ലോണുകൾ, മുൻകൂറുകൾ, ഡെപ്പോസിറ്റുകൾ എന്നിങ്ങനെ വിവിധ ഏജൻസികൾക്ക് മുൻകൂറായി തുക നൽകിയതായി കാണിച്ചിരിക്കുന്ന ഇനങ്ങളിൽ പലതിലും മുൻവർഷം രേഖപ്പെടുത്തിയ അതേ തുക തന്നെയാണ് ഈ വർഷവും രേഖപ്പെടുത്തിയത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. ആയത് ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

Code	Item	Amount
4601002	Standing Advance	8,000
4605002	Advance To Implementing Agencies	64,200
4606001	Electricity Deposits	9,60,756

1-1-15 പെർമിറ്റ് ഫീസുകൾ തെറ്റായ ഹെഡിൽ വരവ് രേഖപ്പെടുത്തുന്നു.

A) 2024-25 വാർഷികകണക്ക്, RP സ്റ്റേറ്റ്മെന്റ് (R4-1401203- Permit Application Fee) പ്രകാരം പെർമിറ്റ് അപ്ലിക്കേഷൻ ഫീ ഇനത്തിൽ മാത്രം 15,20,874/-രൂപയുടെ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ലെഡ്ജർ പരിശോധിച്ചതിൽ നിന്നും കെട്ടിട പെർമിറ്റ് ഫീസുകൾ തെറ്റായി ടി ഹെഡിൽ വരവ് രേഖപ്പെടുത്തിയതായി കാണുന്നു. ഓൺലൈൻ വഴി പേയ്മെന്റുകൾ സ്വീകരിക്കുമ്പോൾ തെറ്റായ ഹെഡ് നൽകുന്നതാണോ അപാകതയ്ക്ക് കാരണമെന്ന് വ്യക്തമാക്കേണ്ടതാണ്.

B) 2024-25 വാർഷികകണക്കുമായി ബന്ധപ്പെട്ട് 1401204 ലെഡ്ജർ പരിശോധിച്ചതിൽ (Permit Fee For Additional FSI) എന്ന ഹെഡിൽ 21-02-2025 തീയതിയിലെ R-M140200-24028287 നമ്പർ രസീതി പ്രകാരം 27,000/- രൂപ 'OCCUPANCY CHANGE FEES' എന്ന ഇനത്തിൽ തുക ഈടാക്കിയതായി കാണുന്നു. ഒക്യുപ്പെൻസി ചെയ്ഞ്ച് ചെയ്താൽ പുതിയ പെർമിറ്റ് നൽകി Fees For Construction Of Buildings (1401201) എന്ന ഹെഡിലേക്കാണ് മാറ്റേണ്ടിയിരുന്നത്.

1-1-16 പ്രയർ പിരീഡ് ഐറ്റംസ് - കൃത്യത ഉറപ്പുവരുത്താൻ സാധിച്ചില്ല.

RP Schedule-ൽ (2808001) P12-Prior Period Expense- ഹെഡിൽ പ്രയർ പിരീഡ് എക്സ്പെൻസായി 66,984/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

1-1-17 ഡെപ്പോസിറ്റ് നീക്കിയിരിപ്പിൽ വ്യത്യാസം.

2023-24 വർഷത്തെ നീക്കിയിരിപ്പ് (ബി 7 ഷെഡ്യൂൾ)	20982987
2024-25 വർഷത്തെ വരവ് (ആർ 13 ഷെഡ്യൂൾ)	1233608
ആകെ	22216595
2024-25 വർഷത്തെ പി 16 പ്രകാരമുള്ള ചെലവ്	211402

2024-25 വർഷത്തെ നീക്കിയിരിപ്പായി മേൽ പ്രകാരം വരേണ്ടത് 22005193 (22216595 – 211402) രൂപയാണ് എന്നാൽ ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരം 22180703 രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത്.

1-1-18 ജീവനക്കാരുടെ തൊഴിൽ നികുതിയിലെ വ്യത്യാസം.

കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് മാന്വൽ ഖണ്ഡിക 27.48-A (1) പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ അല്ലാതെ, യഥാർത്ഥ വരവ് തന്നെ വരുമാനമായി കണക്കാക്കുന്ന ഇനങ്ങളുടെ കാര്യത്തിൽ ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിലെ തുകകൾ ഒന്ന് തന്നെ ആയിരിക്കണം. എന്നാൽ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ഐ-1 ഷെഡ്യൂൾ പ്രകാരമുള്ള തുക 14919773/- രൂപയും ആർ-1 പ്രകാരമുള്ള തുക 14701723/- രൂപയുമാണ് കാണിച്ചിരിക്കുന്നത്.

1-1-19 സ്റ്റോക്ക് നീക്കിയിരിപ്പ് വിശദാംശം ലഭ്യമല്ല.

ബാലൻസ് ഷീറ്റ് B-13 ഷെഡ്യൂൾ പ്രകാരം 4,59,076/- രൂപ ക്ലോസിംഗ് സ്റ്റോക്ക് കാണിച്ചിട്ടുണ്ട്. ഇത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുകയുടെ ആധികാരികത പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. 2023-24 വർഷത്തെ ബി 14 ഷെഡ്യൂളിലും 459,076/- രൂപ തന്നെയാണ് ക്ലോസിംഗ് സ്റ്റോക്ക് ആയി കാണിച്ചിട്ടുള്ളത്.

1-1-20 പ്രൊവിഷൻ തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.

2024-25 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B15 (Accumulated Provisions Against Debtors) പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഷെഡ്യൂൾ B15 പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള നികുതി കടിശ്ശികയ്ക്കുള്ള പ്രൊവിഷൻ (8,563,879 രൂപ), മറ്റ് വരുമാന കടിശ്ശികയ്ക്കുള്ള പ്രൊവിഷൻ (3,653,993 രൂപ) എന്നിവയുടെ ആകെ തുകയായ 12,217,872 നിലവിലെ കണക്കുകൾ പ്രകാരം നികുതി

കുടിശ്ശികയുടെ ഏകദേശം 45% തുക പ്രൊവിഷനായി വകയിരുത്തിയിട്ടുണ്ട്. കുടിശ്ശികയുടെ പഴക്കം അടിസ്ഥാനമാക്കിയാണ് പ്രൊവിഷൻ കണക്കാക്കേണ്ടത് (ഉദാഹരണത്തിന്: 3 വർഷത്തിൽ കൂടുതൽ പഴക്കമുള്ള കുടിശ്ശികയ്ക്ക് 100% പ്രൊവിഷൻ). ബാലൻസ് ഷീറ്റിൽ കുടിശ്ശികയുടെ പഴക്കം വ്യക്തമാക്കുന്ന 'Receivables Ageing Schedule' ലഭ്യമല്ലാത്തതിനാൽ, നിലവിൽ വകയിരുത്തിയിട്ടുള്ള പ്രൊവിഷൻ തുക ഓഡിറ്റ് മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. Kerala Municipality (Accounts) Rules, 2007, Kerala Municipal Accounts Manual (KMAM) എന്നിവയെ അടിസ്ഥാനമാക്കിയാണ് ഇത് പ്രവർത്തിക്കുന്നത്.

1. നിയമപരമായ അടിസ്ഥാനം (Legal Basis)

ചട്ടം 58: കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ്, 2007 (Rule).

അക്കൗണ്ടിംഗ് രീതി: അക്രൂവൽ അധിഷ്ഠിത ഇരട്ടപ്പതിപ്പ് സമ്പ്രദായം (Accrual-Based Double Entry Accounting System). ഈ രീതിയിൽ വരുമാനം ലഭിക്കുമ്പോൾ മാത്രമല്ല, അത് ലഭിക്കാൻ അർഹതയാകുമ്പോൾ തന്നെ കണക്കിൽ രേഖപ്പെടുത്തണം. അതിനാൽ കുടിശ്ശിക എത്ര കാലപ്പഴക്കമുള്ളതാണെന്ന് കാണിക്കേണ്ടത് അനിവാര്യമാണ്.

2. പ്രായപരിധി നിശ്ചയിക്കുന്ന രീതി (Ageing Classification)

മുനിസിപ്പൽ അക്കൗണ്ട്സ് മാനുവൽ പ്രകാരം കുടിശ്ശികകളെ (Receivables) താഴെ പറയുന്ന രീതിയിൽ തരംതിരിക്കണം:

ഒരു വർഷത്തിൽ താഴെ, 1 മുതൽ 2 വർഷം വരെ, 2 മുതൽ 3 വർഷം വരെ (2 - 3 Years), 3 മുതൽ 5 വർഷം വരെ (3 - 5 Years), 5 വർഷത്തിന് മുകളിൽ (Above 5 Years)

3. സമർപ്പിക്കേണ്ട രേഖകൾ (Submission Requirements)

വാർഷിക ധനകാര്യ പത്രികയുടെ (Annual Financial Statement - AFS) ഭാഗമായാണ് ഈ ഷെഡ്യൂൾ സമർപ്പിക്കേണ്ടത്.

Schedule B-15: ബാലൻസ് ഷീറ്റിലെ 'Sundry Debtors' അല്ലെങ്കിൽ 'Receivables' എന്ന വിഭാഗത്തെ വിശദീകരിക്കുന്ന ഷെഡ്യൂൾ ആയിട്ടാണ് ഇത് നൽകുന്നത്.

Provision For Doubtful Debts: 5 വർഷത്തിലധികം പഴക്കമുള്ള കുടിശ്ശികകൾ പിരിച്ചെടുക്കാൻ സാധിക്കാത്തവയായി കണക്കാക്കി അതിനായി ഒരു നിശ്ചിത ശതമാനം തുക 'Provision' ആയി മാറ്റിവെക്കണമെന്ന് നിയമം അനുശാസിക്കുന്നു.

1-1-21 നോട്ട്സ് ഓൺ അക്കൗണ്ട്സ് സമർപ്പിച്ചിട്ടില്ല.

2007 കേരള മുനിസിപ്പാലിറ്റി അക്കൗണ്ടിംഗ് ചട്ടങ്ങളിലെ ചട്ടം 58 ൽ നിഷ്കർഷിക്കുന്ന വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ എന്നിവയെ കുറിച്ചുള്ള കുറിപ്പുകൾ സമർപ്പിച്ചിട്ടില്ല.

1-1-22 പാർട്ട് ബിൽ തുകകളുടെ അക്കൗണ്ടിംഗ് കൃത്യമല്ല.

B11 - Capital Work In Progress (4120101) ഹെഡ്ഡിലെ തുക മുൻ വർഷത്തെ AFS ലെ തുക തന്നെയാണ്. തൻ വർഷത്തെ പാർട്ട് ബിൽ നൽകിയിട്ടുണ്ടെന്ന് പദ്ധതികൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാണ്. 2024-25 IKM ചെലവ് പത്രിക പ്രകാരമുള്ള വിവിധ പദ്ധതികൾക്കായി ആകെ 37,40,854 രൂപ പാർട്ട് ബിൽ നൽകിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഉദാ- അണങ്കൂർ പെരുമ്പള കടവ് റോഡ് നിർമ്മാണ പ്രവൃത്തി (പ്രൊജക്ട് നം. 279/2024-25) അടങ്കൽ 49,84,000/- രൂപ ചെലവ് 1946278/- രൂപ. പാർട്ട് ബില്ല് ഇനത്തിൽ നൽകിയിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന ആസ്തികൾ സൃഷ്ടിക്കുന്നതിനായുള്ള പ്രവൃത്തികളുടെ പാർട്ട് ബിൽ തുകകളാണ് ഈ ഹെഡിൽ ഉൾപ്പെടേണ്ടത്.

1-1-23 സാംഖ്യയിൽ ഉൾപ്പെട്ടിരുന്ന പല റെസിപ്റ്റ് ഹെഡ്ഡുകളും കെ-സ്മാർട്ടിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

സാംഖ്യയിൽ ഉൾപ്പെട്ടിരുന്ന പല റെസിപ്റ്റ് ഹെഡ്ഡുകളും കെ-സ്മാർട്ടിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

സാംഖ്യ അക്കൗണ്ട് ഹെഡ്	സാംഖ്യ പ്രകാരമുള്ള അക്കൗണ്ട് ബാലൻസ്
140501300 - Lorry, Taxi, Auto And Other Vehicle Stand Fees	3000
140500700 - Cattle Pound Charges	2510
140110400 - License Fees Under Cinema Regulation Act	4000

1-1-24 കെ സ്മാർട്ട് - ചട്ടത്തിൽ നിർദ്ദേശിച്ച പല ഫോമുകളും, രജിസ്റ്ററുകളും കെ-സ്മാർട്ടിൽ ലഭ്യമാക്കിയിട്ടില്ല.

ചട്ടത്തിൽ നിർദ്ദേശിച്ച പല ഫോമുകളും, രജിസ്റ്ററുകളും കെ-സ്മാർട്ടിൽ ലഭ്യമാക്കിയിട്ടുമില്ല. ഉദാ: 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ഫാറം 4, 8 മുതലായവ.

1-1-25 കെ സ്മാർട്ട് - ഫോമുകളുടെയും രജിസ്റ്ററുകളുടെയും മാതൃകയിൽ മാറ്റം വരുത്തി.

കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടങ്ങളിലും നിർവചിച്ചിട്ടുള്ള വിവിധ ഫോമുകളുടെയും രജിസ്റ്ററുകളുടെയും മാതൃകയിൽ മാറ്റം വരുത്തി കെ-സ്മാർട്ട് ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉദാ: 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ഫാറം 9. കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ഫാറം 2 മുതലായവ.

1-1-26 ഷെഡ്യൂൾ B4, ഷെഡ്യൂൾ B17 എന്നിവ പൊരുത്തപ്പെടുന്നില്ല.

കേരള മുനിസിപ്പൽ അക്കൗണ്ട്സ് റൂൾസ് (2007) അനുസരിച്ച്, മുനിസിപ്പാലിറ്റികളുടെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകളിൽ ഷെഡ്യൂൾ B4, ഷെഡ്യൂൾ B17 എന്നിവ തുല്യമായിരിക്കണം എന്നത് വളരെ പ്രധാനപ്പെട്ട ഒരു തത്ത്വമാണ്. B4-ൽ കാണിക്കുന്ന ബാധ്യതയും ബി-17-ൽ കാണിക്കുന്ന ബാങ്ക് ബാലൻസും തമ്മിൽ പൊരുത്തപ്പെട്ടാൽ മാത്രമേ അക്കൗണ്ട് കൃത്യമാണെന്ന് പറയാൻ സാധിക്കു. എന്നാൽ നഗരസഭയുടെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ 'Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs', 'Donations Related To Pandemic/Epidemic Control' എന്നിവയ്ക്കായുള്ള അക്കൗണ്ടുകൾ ഒഴികെ മറ്റൊരു തുകയും അതത് ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുന്നില്ല. ഏതാനും ഉദാഹരണം താഴെ പട്ടികയിൽ ചൂണ്ടിക്കാണിക്കുന്നു.

B4			B17	
SN	Description Of Items	Current Year Amount	Bank Account No.	Current Year Amount
1	Central Finance Commission Grant - Tied	210269	HB-50200029853418	20920
2	Prime Minister S Awas Yojana (PMAY) - General	853187	IB - 022001001737	24627798

മേൽ പട്ടികയിലെ ക്രമ നം. 1 Central Finance Commission Grant - Tied ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക 62021 രൂപയാണ് കൂടാതെ ഈ അക്കൗണ്ടിൽ ബി-4-ൽ കാണിച്ചിരിക്കുന്ന തുകയേക്കാൾ കുറവാണ് ബി-17-ൽ കാണിച്ചിട്ടുള്ളത്. വാർഷിക ധനകാര്യ പത്രികയിലെ B17 ഷെഡ്യൂളിൽ ബാങ്ക് അക്കൗണ്ട് നമ്പർ മാത്രമാണ് രേഖപ്പെടുത്തുന്നത്. അക്കൗണ്ട് ഏത് ഫണ്ടിന്റെ/ ഏത് ആവശ്യത്തിനുള്ള അക്കൗണ്ടാണെന്ന് വ്യക്തമാക്കുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-1-27 ഒരേ ഇനം ചെലവ് വ്യത്യസ്ത ഹെഡുകളിൽ ബുക്ക് ചെയ്തിരിക്കുന്നു.

ഒരേ ഇനം ചെലവ് വ്യത്യസ്ത ഹെഡുകളിൽ ബുക്ക് ചെയ്തിരിക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു. (റിജക്ടഡ് വേയ്സ്റ്റ് ഇനത്തിലുള്ള ചെലവ്)

02-12-2024	2540121	P-M140200-24000620	913893	Thiruvonam Eco Industries India Pvt Ltd-
05-06-2024	2208099	P-M140200-24000131	432768	Thiruvonam Eco Industries India Pvt Ltd-

<u>1-1-28 എല്ലാ ബാങ്ക് അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.</u>

താഴെ ചേർത്ത ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

ബാങ്കിന്റെ പേര്/Account No.	അക്കൗണ്ട് നമ്പർ	ബാലൻസ് (31.03.2025)
IB	8007571865	119869
Canara Bank	110024888294	0
ICICI	022001002629	0

മേൽ പട്ടികയിൽ ചേർത്തിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ ഏതാവശ്യത്തിനായി ആരംഭിച്ചിട്ടുള്ളതാണ്/ ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കേണ്ടതാണ്.

<u>1-1-29 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല.</u>

Property Tax (General) 1100101 എന്ന അക്കൗണ്ട് ഹെഡിന്റെ 01.04.2024 മുതൽ 31.03.2025 വരെയുള്ള ലെഡ്ജർ റിപ്പോർട്ട് പരിശോധിച്ചു. സാമ്പത്തിക വർഷത്തിലുടനീളം വിവിധ ഡിമാന്റ് എൻട്രികൾ ചെയ്യേണ്ടതിന് പകരം ഒരു സാമ്പത്തിക വർഷാവസാനം ഒരു ഡിമാന്റ് എൻട്രി മാത്രമാണ് ചെയ്തിട്ടുള്ളത്. വസ്തു നികുതി ഇനത്തിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും കെട്ടിടങ്ങളുടെ പൊളിച്ചുമാറ്റൽ, പുതിയ കെട്ടിടങ്ങൾ നിലവിൽ വരുന്നത് എന്നിവയ്ക്ക് അനുസരിച്ച് ഡിമാന്റിൽ വ്യത്യാസം വരുത്തുന്നില്ല.

<u>1-1-30 Suspense Head- ഏതിനത്തിൽ ഉൾപ്പെടുന്ന തുകകളാണ് എന്ന് വ്യക്തമല്ല.</u>

സ്ഥാപനത്തിന്റെ സാമ്പത്തിക വർഷത്തെ ട്രയൽ ബാലൻസ് പരിശോധിച്ചതിൽ നിന്നും, 16,10,196/- രൂപ (പതിനാറ് ലക്ഷത്തി പത്തായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റിയാറ് രൂപ) സസ്പെൻസ് അക്കൗണ്ടിൽ (3109002-Suspense Head) ക്രമീകരിക്കാതെ കിടക്കുന്നതായി കാണുന്നു. ഏതിനത്തിൽ ഉൾപ്പെടുന്ന തുകകളാണ് എന്ന് വ്യക്തമല്ല.

<u>1-1-31 സുഗമ പോർട്ടൽ ലോഗിൻ ലഭ്യമായില്ല.</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് കട്ട് ചെയ്യുന്നതിനുള്ള അപേക്ഷ ഓൺലൈനായി കൈകാര്യം ചെയ്യുന്നതിലേക്കായി ഏർപ്പെടുത്തിയിട്ടുള്ള സുഗമ പോർട്ടൽ മുഖാന്തിരം റോഡ് കട്ടിംഗ് ചാർജ്ജ് ഇനത്തിൽ വരവ് (17,926/- രൂപ) വന്നിട്ടുള്ള തുകയുടെ ആധികാരികത ഉറപ്പുവരുത്താനായില്ല.

<u>1-1-32 നിക്ഷേപം - രേഖകൾ ലഭ്യമല്ല.</u>

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	20,29,000
തൻവർഷം നിക്ഷേപിച്ച തുക	ഇല്ല
ആകെ	20,29,000
തന്നാണ്ടിൽ പിൻവലിച്ച തുക	ഇല്ല
വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം	20,29,000

തൻ വർഷത്തെ മുൻബാക്കിയായ 20,29,000/- രൂപ തന്നെയാണ് നീക്കിബാക്കിയായും കാണുന്നത്. പ്രസ്തുത തുകയുടെ പലിശ വരവ് പലിശയിനത്തിൽ അക്കൗണ്ടിൽ ഉൾപ്പെടുത്തിയതായോ ആകെ നിക്ഷേപ തുകയുടെ കൂടെ ഉൾപ്പെട്ടതായോ കാണുന്നില്ല. പലിശവരവിന്റെ കൃത്യത പരിശോധിക്കാൻ രേഖകളുടെ അഭാവത്തിൽ സാധിച്ചിട്ടില്ല.

<u>1-1-33 നിക്ഷേപത്തിന്മേലുള്ള പലിശ - രേഖകൾ ലഭ്യമാക്കിയിട്ടില്ല.</u>

Dividend ആയി ഐ-7 ഷെഡ്യൂളിലും ആർപി-7 ഷെഡ്യൂളിലും 16,500 രൂപ കാണിച്ചിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1-1-34 മുൻവർഷ ട്രയൽ ബാലൻസും (2023-24), 2024-25 സാമ്പത്തിക വർഷത്തെ ട്രയൽ ബാലൻസും വ്യത്യാസപ്പെട്ടിരിക്കുന്നു.

2023-24 സാമ്പത്തിക വർഷത്തെ ട്രയൽ ബാലൻസ് നീക്കിയിരിപ്പും, 2024-25 സാമ്പത്തിക വർഷത്തെ ട്രയൽ ബാലൻസ് മുന്നിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു.

മുന്നിരിപ്പിലെ വ്യത്യാസം		
BS 2023-24	Amount	Trail Balance 2024-25
Recoveries Payable-Welfare Loan	500	-
Recoveries Payable-Electricity Bill/Farewell Fund	20,150	-
Recoveries Payable-Other Recoveries From Employees	21,732	31381
VAT Payable	142,817	-
നീക്കിയിരിപ്പിലെ വ്യത്യാസം		
Photocopiers	74000	-
Office & Other Equipments - Transferred Institutions	2,636,949	
Furniture, Fixtures, Fittings & Electrical Appliances-Municipality	1,559,040	24296535

1-1-35 Other Creditors Control Account – കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല.

350109900 Other Creditor- മുൻവർഷത്തെ (2023-24) നീക്കിയിരിപ്പ് - 12,31,261 രൂപ. 3501099 Other Creditors Control Account ഈ വർഷത്തെ (2024-25) നീക്കിയിരിപ്പ് - 12,31,261 രൂപ തന്നെയാണ്. ലെഡ്ജർ പരിശോധിച്ചതിൽ ഇതുമായി ബന്ധപ്പെട്ട ഡാറ്റ Available അല്ല എന്നാണ് കാണിക്കുന്നത്. ഈ തുക ആർക്കൊക്കെയാണ് നൽകാനുള്ളത് എന്നതിന്റെ സബ് ലെഡ്ജർ (Individual List Of Creditors) ഹാജരാക്കേണ്ടതാണ്.

1-1-36 ചെലവ് പത്രികയിലെയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെയും തുകകൾ തമ്മിൽ വ്യത്യാസം.

ചെലവ് പത്രികയിലെയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെയും താഴെ പറയുന്ന ഇനങ്ങളിലെ ചെലവ് തുകകൾ തമ്മിൽ വ്യത്യാസമുണ്ട്. വിശദാംശം സംബന്ധിച്ച പട്ടിക ചുവടെ നൽകുന്നു;

ഇനം	IKM ചെലവ് പത്രിക പ്രകാരമുള്ള ചെലവ് തുക	അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് തുക	വ്യത്യാസം
റോഡ് സംരക്ഷണ ഗ്രാന്റ്	2355351	2522667	167316

വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-1-37 നിക്ഷേപ പ്രവർത്തികൾക്കായി വിവിധ ഏജൻസികൾക്ക് കൈമാറിയ തുകകൾ അക്കൗണ്ട് ചെയ്തിട്ടില്ല.

2023-24 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റിലെ B18 Schedule-ലെ തുക (64200/- രൂപ) തന്നെയാണ് 2024-25 സാമ്പത്തിക വർഷത്തിൽ കാണിച്ചിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക കൈമാറിയിട്ടുണ്ടെന്ന് പദ്ധതികൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാണ്. എന്നാൽ ആയവ 2024-25ലെ ബാലൻഷീറ്റിലെ B18ൽ '4605002 Advance To Implementing Agencies' എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ: സെക്രട്ടറിയുടെ പ്രൊജക്റ്റ് നം. 35/25 - നഗരസഭയിലെ വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് വൈദ്യുതി ലൈൻ നീട്ടൽ - 10,56,357/- രൂപ. ഇതുമായി ബന്ധപ്പെട്ട് ലെഡ്ജർ പരിശോധിച്ചതിൽ Data Not Available എന്നാണ് കാണിക്കുന്നത്. അഥവാ പ്രസ്തുത ലഡ്ജർ പരിശോധിക്കാനുള്ള പ്രൊവിഷൻ ഓഡിറ്റിന് നൽകിയിട്ടില്ല.

1-1-38 പ്രതിമാസ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നില്ല.

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾ 2007 ചട്ടം 56 പ്രകാരമുള്ള പ്രതിമാസ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നില്ല.

1-1-39 ആസ്തികളും ക്യാപിറ്റൽ കോൺട്രിബ്യൂഷനും തമ്മിലുള്ള പൊരുത്തക്കേട്.

ഓഡിറ്റ് വർഷം (2024-25) ഫിക്സഡ് അസറ്റുകളിൽ (Schedule B9) വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മുൻവർഷത്തെ 244287569 രൂപയിൽ നിന്നും 306734476 രൂപയായി ആസ്തികൾ വർദ്ധിച്ചു (ഏകദേശം 62446907 രൂപയുടെ വർദ്ധനവ്). എന്നാൽ, ഇതിനാനുപാതികമായ വർദ്ധനവ് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ (Schedule B3 - Reserves) ഹെഡിൽ കാണുന്നില്ല. റിസർവ് 177259867 രൂപയിൽ നിന്നും 180801372 മാത്രമാണ് വർദ്ധിച്ചത്. പ്ലാൻ ഫണ്ട്, ഗ്രാന്റുകൾ എന്നിവ ഉപയോഗിച്ച് ആസ്തികൾ (റോഡുകൾ, ഡ്രെയിനേജ് മുതലായവ) നിർമ്മിക്കുമ്പോൾ, ആ തുക Capital Contribution ഹെഡിലേക്ക് വകയിരുത്തേണ്ടതാണ്. ഇത് കൃത്യമായി ചെയ്യാത്തതുമൂലം ബാലൻസ് ഷീറ്റിൽ ലയബിലിറ്റി കുറവായി കാണിക്കുന്നു.

1-1-40 ആസ്തി മൂല്യത്തേക്കാൾ കൂടുതൽ ഡിപ്രിസിയേഷൻ.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-10 പ്രകാരം Accumulated Depreciation-Other Fixed Assets എന്ന ഇനത്തിൽ (3,19,28,823) രൂപയാണ് ഡിപ്രിസിയേഷൻ ആയി രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഷെഡ്യൂൾ B-9 പ്രകാരം Other Fixed Assets-ന്റെ ആകെ മൂല്യം 2,18,69,198 രൂപ മാത്രമാണ്. ഒരു ആസ്തിയുടെ വാങ്ങിയ വിലയേക്കാൾ കൂടുതൽ തുക ഡിപ്രിസിയേഷൻ (Accumulated Depreciation) ആയി കുറവ് ചെയ്യാൻ പാടില്ല.

ഡിപ്രിസിയേഷൻ കണക്കാക്കിയത് സംബന്ധിച്ച വർക്ക് ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ബി-10 ഷെഡ്യൂളിലെ അക്യൂമിലേറ്റഡ് ഡിപ്രിസിയേഷന്റെയും, അതുമായി ബന്ധപ്പെട്ട് ആസ്തികളുടെ നീക്കിയിരിപ്പിന്റെയും ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-41 തരംതിരിക്കാത്ത വൻതുക കിട്ടാനുണ്ട്.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-14ൽ Receivable Others എന്ന ഹെഡിൽ 17,96,25,233 രൂപ കിട്ടാനുള്ളതായി കാണിക്കുന്നു. മുൻവർഷം ഇത് (15,57,47,815 രൂപ) താരതമ്യേന കുറവായിരുന്നു. മുനിസിപ്പാലിറ്റിയുടെ ആകെ ആസ്തിയിൽ വലിയൊരു ഭാഗം Receivable Others എന്ന വ്യക്തതയില്ലാത്ത ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ വിശദമായ ബ്രേക്ക്-അപ്പ് (Schedule/List) ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-1-42 വസ്തുനികുതി അരിയർ കളക്ഷന്റെ 5%ൽ കൂടുതലുള്ള തുക State Govt Cesses/Levies In Property Taxes എന്ന ഹെഡിൽ ചേർത്ത് ഒഴിവാക്കി.

State Govt Cesses/Levies In Property Taxes – Control Account–Library Cess എന്ന ഹെഡിൽ ചേർത്ത് ഒഴിവാക്കിയിട്ടുള്ള തുക 2024-25 വർഷത്തെ വസ്തുനികുതി അരിയർ കളക്ഷന്റെ 5%ൽ കൂടുതലാണ്.

4311002 - Receivables For Property Taxes (Arrears) എന്ന ലെഡ്ജറിൽ "State Govt Cesses/ Levies In Property Taxes –	1004187

Control Account – Library Cess" എന്ന ഹെഡിൽ ചേർത്ത് ഒഴിവാക്കിയിട്ടുള്ള തുക	
2024-25 വർഷത്തെ വസ്തുനികുതി അരിയർ കളക്ഷൻ	19689558
2024-25 വർഷത്തെ വസ്തുനികുതി അരിയർ കളക്ഷന്റെ 5%	984477.9

State Govt Cesses/Levies In Property Taxes – Control Account–Library Cess എന്ന ഹെഡിൽ ചേർത്ത് ഒഴിവാക്കിയിട്ടുള്ള തുക 2024-25 വർഷത്തെ വസ്തുനികുതി അരിയർ കളക്ഷന്റെ 5% ത്തേക്കാൾ 19709.1 രൂപ കൂടുതലാണ് (1004187- 984477.9 = 19709.1)

1-1-43 KCWWF Cess, ജി.പി.എ.ഐ.എസ് തുക സമയബന്ധിതമായി അടവാക്കുന്നില്ല.

A) വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ B8 ഷെഡ്യൂൾ (3503018) പ്രകാരം Recoveries Cess On KCWWF Payable എന്ന ഇനത്തിൽ 20,99,741 രൂപ അടവാക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട് ലെഡ്ജർ പരിശോധിച്ചതിൽ 2024 ജൂലൈ മാസം (തീ: 08-07-2024, R-M140200-24007456 തുക 32390) 2024 സെപ്റ്റംബർ മാസം (തീ: 11-11-2024 R-M140200-24017869, തുക 18765) വരെയുള്ള വരവ് 2025 മാർച്ച് 31 വരെയും അടവാക്കിയിട്ടില്ല.

B) വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ B8 ഷെഡ്യൂൾ (3502017) പ്രകാരം Recoveries Payable-GPAIS എന്ന ഇനത്തിൽ 67600 രൂപ അടവാക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട് ട്രയൽ ബാലൻസ് പരിശോധിച്ചതിൽ Recoveries Payable-GPAIS ഇനത്തിലായി 26600 രൂപ കാണിച്ചിട്ടുണ്ട്. ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി എന്ന ശീർഷകത്തിൽ ട്രഷറിയിൽ സമയബന്ധിതമായി അടവാക്കുന്നില്ല.

1-2 ബജറ്റ്

നഗരസഭയുടെ 2024-2025സാമ്പത്തിക വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ്	പുതുക്കിയ ബജറ്റ്
ഭരണ സമിതി തീരുമാനം, തീയതി	നം1, തീ: 17.02.2024	നം1, തീ: 27.03.2025
മുന്നിരിപ്പ്	7,28,04,491	10,29,28,882
വരവ്	60,72,80,785	50,42,21,151
ആകെ	68,00,85,276	60,71,50,033
ചെലവ്	63,09,06,423	49,87,85,535
നീക്കിയിരിപ്പ്	4,91,78,853	10,83,64,498

ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, നീക്കിയിരിപ്പ് തുകകളിൽ വലിയ അന്തരമുണ്ട്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം).

മുന്നിരിപ്പ്	102928882
വരവ്	226456601
ആകെ	329385483
ചെലവ്	193274077

നീക്കിയിരിപ്പ്	136111406

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം		മുൻബാക്കി	വരവ് (എ.സി.ആർ പ്രകാരം)	ആകെ	ചെലവ് (എ.സി.ആർ പ്രകാരം)	നീക്കിബാക്കി/ നഷ്ടമായ തുക
വികസന ഫണ്ട്-ജനറൽ		0	51173731 + 2279535 (GO Project)	53453266	37853092	15600174
വികസന ഫണ്ട്-എസ്.സി.പി		0	10797644	10797644	1396454	9401190
വികസന ഫണ്ട്-ടി.എസ്.പി		0	2135680	2135680	421806	1713874
മെയിന്റനൻസ്, റോഡ്		0	15077000	15077000	2522667	12554333
മെയിന്റനൻസ്, നോൺ-റോഡ്		0	47913000	47913000	29290210	18622790
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (AFS പ്രകാരം)	Tied	1203625	11544561	12748186	8519066	4229120
	Untied	0	1038141	1038141	1038141	0
അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി	തൊഴിലാളികളുടെ കൂലി	0	4000000	4000000	3457838	0
	അഡ്മിനിസ്ട്രേറ്റീവ് ചെലവ്.	0			541967	
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ	പി.എം.എ.വൈ	23778490	849308	24627798	0	24627798
	എസ്.ഡബ്യൃ.എഫ്	9075264	307619	9382883	0	9382883
	ഐ.എസ്.യു.ഐ	5329130	5551316	10880446	5403258	5477188
	എസ്.ഡബ്ല്യൂ.എ.സി.എച്ച്	782598	21344	803942	0	803942
	ഒ.ഡി.എഫ്	1561930	47256	1609186	0	1609186

കുറിപ്പുകൾ:

മേൽ പട്ടികയിൽ ACR, AFS, IKM ചെലവ് പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ട വ്യത്യാസം ചുവടെ ചേർക്കുന്നു.

1. വികസന ഫണ്ട്-ജനറൽ- ചെലവ് ACR-ൽ G.O പ്രോജക്ട് ആയി 2279535 രൂപ ഉൾപ്പെടെ 37853092 രൂപയാണ്.

2. വികസന ഫണ്ട്-എസ്.സി.പി- ചെലവ് ACR-ൽ 1496454 രൂപയാണ്. AFS IKM ചെലവ് പത്രിക എന്നിവയിൽ 1396454 രൂപയാണ് വ്യത്യാസം വന്ന 1000000 രൂപ ക്യൂ ബിൽ ആണെന്ന് ഉറപ്പ് വരുത്തി.

3. മെയിന്റനൻസ്, റോഡ്- ചെലവ്- IKM ചെലവ് പത്രിക പ്രകാരം 2355351 രൂപയാണ് വ്യത്യാസം വന്ന തുക 167316 രൂപ ക്യൂ ബിൽ ആണെന്ന് ഉറപ്പ് വരുത്തി.

4. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം CFCയുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് താഴെ പട്ടികയിൽ ചേർക്കുന്നു.

മുന്നിരിപ്പ്	വരവ്	ചെലവ്	നീക്കിയിരിപ്പ്
1244726	-	1182705	62021

വരവ് ചെലവ് ACR പ്രകാരം കൃത്യമല്ലാത്തതിനാൽ AFS പ്രകാരമുള്ള കണക്കാണ് മേലെ പട്ടികയിൽ ചേർത്തിട്ടുള്ളത്.

ഫണ്ട്	വരവ്	ചെലവ്	നീക്കിയിരിപ്പ്	IKM Statement
CFC- Tied	13013305	8937923	4075382	9757207
CFC- Untied	1245151	2231497	-986346	

AFS- CFC- Tied നീക്കിയിരിപ്പായി B4ൽ 210269 രൂപ കാണിച്ചിട്ടുണ്ട്.

1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

അംഗീകാരം ലഭിച്ചത് (എണ്ണം)	അടങ്കൽ	നടപ്പാക്കിയത്	ചെലവ്	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം
444	261516448	**177**	93895539	267	39.86 %

1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

ഇനം.	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്.	നീക്കിയിരിപ്പ്
ഭരണചെലവുകൾ	-	40,00,000	40,00,000	5,41,967	195
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	-			34,57,838	

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളാണ് മുകളിൽ ചേർത്തിരിക്കുന്നത്. മുൻ സാമ്പത്തിക വർഷം വരെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ അക്കൗണ്ട് ആയിരുന്ന പഞ്ചാബ് നാഷണൽ ബാങ്കിന്റെ A/C No. 4290000100041403 നിലവിൽ ഉപയോഗിക്കുന്നില്ല. ടി അക്കൗണ്ടിൽ ₹2 ബാലൻസ് ഉണ്ട്. നിലവിൽ ട്രഷറി വഴിയാണ് ട്രാൻസാക്ഷൻ നടത്തുന്നത്. ട്രഷറി അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2024-2025 വർഷം 4,29,48,450/-രൂപ അടങ്കലുള്ള ആക്ഷൻ പ്ലാനിന് അംഗീകാരം ലഭിച്ചിരുന്നു. 41 പദ്ധതികൾ നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. തൻവർഷം 7 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. തൻവർഷം വിവിധ പദ്ധതികളിലായി ആകെ 10422 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറ് തൊഴിൽ ദിനം ലഭിച്ച കുടുംബങ്ങളൊന്നുംതന്നെ ഇല്ല.

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽ രഹിത വേതനം	ഇല്ല	ഇല്ല
കർഷകതൊഴിലാളി പെൻഷൻ	489600	22
വിധവാ പെൻഷൻ	43598400	2054
വാർദ്ധക്യകാല പെൻഷൻ	57713000	2866
വികലാംഗ പെൻഷൻ	14843100	671
അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ	930600	44

1-8 ക്യാഷ് ബാലൻസ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.01.2026 തീയതിയിൽ 4 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 94,081/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	-	-	-
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	–	2019-20 മുതൽ 2022-23 വരെ	07/03/2024

1-10 ആഭ്യന്തര നിയന്ത്രണം.

ആഭ്യന്തര നിയന്ത്രണം.

ഏതൊരു സ്ഥാപനത്തിന്റെയും ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം ആവശ്യമാണ്. പൊതുഭരണവും വിവിധ മേഖലകളിലെ പ്രവർത്തനവും അവലോകനം നടത്തിയത് പ്രകാരം മുനിസിപ്പാലിറ്റിയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം സമ്പന്ധിച്ച ഒരു വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

റവന്യൂ കളക്ഷൻ കാര്യക്ഷമമല്ല.

മുനിസിപ്പാലിറ്റിയുടെ വരവ് ചെലവ് കണക്ക് രജിസ്റ്ററുകൾ, രേഖകൾ എന്നിവയുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് എന്നിവയുമായി ബന്ധപ്പെട്ട ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. തൊഴിൽ നികുതി ഡാറ്റാ ബേസ് (തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും പേര് വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ), ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ മുനിസിപ്പാലിറ്റിയ്ക്ക് ഈയിനങ്ങളിൽ ലഭിക്കാനുള്ള തുക, കുടിശ്ശിക എന്നിവയുടെ കണക്കുകൾക്ക് വ്യക്തതയില്ല. നികുതി, നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിന് ഊർജിത നടപടികൾ സ്വീകരിച്ചിട്ടില്ല. വസ്തു നികുതി ഉൾപ്പെടെയുള്ള ഇനങ്ങളിൽ വൻ തുക പിരിച്ചെടുക്കാനുണ്ട് എന്നാണ് വാർഷികധനകാര്യപത്രികയിലെ കണക്കുകൾ സൂചിപ്പിക്കുന്നത്.

മുനിസിപ്പാലിറ്റിയിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

നഗരസഭയിൽ നിന്നും ഒക്യുപ്പെൻസി ലഭിച്ചതിനുശേഷം കെട്ടിടങ്ങളിൽ അനധികൃത നിർമ്മാണം നടന്നുവരുന്നുണ്ടോയെന്ന് കണ്ടെത്തുന്നതിന് പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണ്.

നഗരസഭയുടെ തനത് വരുമാനത്തിലെ ഒരു പ്രധാന വിഹിതമാണ് കെട്ടിട വാടക വരവ്. 19,64,295/- രൂപയുടെ കുടിശ്ശിക നഗരസഭക്ക് ലഭിക്കാനുണ്ട്. ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്ക് നൽകുന്ന നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടമോ മുറിയോ ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും മുൻപ് മതിയായ നിബന്ധനകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ മുറികൾ ഉപയോഗിക്കുന്ന 280 ഓളം വാടകക്കാരിൽ നിന്നും 71 പേർ മാത്രമാണ് നഗരസഭയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. യഥാസമയം വാടക കരാർ ചമയ്ക്കാത്തതു മൂലം നിബന്ധനകൾ/വ്യവസ്ഥകൾ ലംഘിക്കുന്ന വാടകക്കാർക്കെതിരെ നഗരസഭക്ക് നിയമ നടപടികൾ സ്വീകരിക്കാൻ കഴിയാതെ വരും. വാടകക്കാരുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

പദ്ധതി നിർവഹണം കാര്യക്ഷമമല്ല.

തൻവർഷം ആകെ അംഗീകാരം ലഭ്യമാക്കിയ 444 പ്രൊജക്ടുകളിൽ 177 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്. ആകെ ചെലവഴിക്കേണ്ട 26,15,16,448 രൂപയിൽ 9,38,95,539 രൂപ (35.90%) മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

വികസന, സംരക്ഷണ ഫണ്ടിനത്തിൽ ആകെ അനുവദിക്കപ്പെട്ട 12,93,76,590 രൂപയിൽ 7,13,16,913 രൂപ (55.12%) മാത്രമാണ് 2024-25 സാമ്പത്തിക വർഷത്തിൽ നഗരസഭക്ക് ചെലവഴിക്കാനായത്. 5,80,59,677 രൂപ (44.88%) 2024-25 സാമ്പത്തിക വർഷത്തിൽ ലാപ്സ് ആയി. 2024-2025 ലെ പദ്ധതിപ്പണം യഥാസമയം ചെലവഴിക്കാത്തതിനാൽ നഗരസഭക്ക് 2025-2026 ൽ 3,94,26,021 രൂപയുടെ വികസന ഫണ്ട് നഷ്ടപ്പെട്ടും.

ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ, വെറ്റിനറി ഡോക്ടർ, പ്രൊജക്ട് ഓഫീസർ, എസ്.സി.ഡി.ഒ, ഹെൽത്ത് ഓഫീസർ, മുനിസിപ്പൽ എൻജിനീയർ, അസിസ്റ്റന്റ് എൻജിനിയർ, ഫിഷറീസ് സബ് ഇൻസ്പെക്ടർ, ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണച്ചെലവ് നിരക്ക് 40 ശതമാനത്തിൽ താഴെയാണ്. സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് തൻവർഷം പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

<u>അക്കൗണ്ട്സ് റൂളും അക്കൗണ്ടിംഗ് പോളിസികളും കൃത്യമായി പാലിക്കുന്നില്ല.</u>

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചെലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. നഗരസഭയിലെ പണം പരിവ് നടത്തുന്നത് ഫ്രണ്ട് ഓഫീസ് മുഖേനയാണ്. ഇത് ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത് എന്നുറപ്പാക്കുന്നു. അക്കൗണ്ട്സുകളും അക്കൗണ്ട് പോളിസികളും കൃത്യമായി പാലിക്കുന്നില്ല. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നില്ല. ചില അക്കൗണ്ടുകളിൽ ഇടപാടുകൾ ഒന്നും തന്നെയില്ല. ചെയർമാന്റെ ദുരിതാശ്വാസ നിധി നാളിതുവരെ ആരംഭിച്ചിട്ടില്ല. ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

<u>ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി- ചുമതലകൾ നിർവഹിക്കപ്പെടുന്നില്ല.</u>

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 22(ഡി) പ്രകാരം ബഡ്ജറ്റ് ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച മേൽനോട്ടം, വാർഷിക കണക്കു തയ്യാറാക്കൽ, ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കൽ അക്കൗണ്ടുകളുടെ പ്രതിമാസ ഓഡിറ്റ്, പ്രതിമാസ വരവ്-ചെലവ് അംഗീകരിക്കൽ, നികുതി, ഫീസ്, വാടക എന്നിവ തിട്ടപ്പെടുത്തലും ഈടാക്കലും എന്നിവയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രധാന ചുമതലകൾ.

2024-2025 വാർഷിക കണക്ക് പ്രകാരം നഗരസഭക്ക് വിവിധ ഇനങ്ങളിലായി കോടിക്കണക്കിന് രൂപ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഇക്കാര്യം പരിശോധിക്കുകയോ, ഈടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല.

വാർഷിക കണക്കുകൾ, വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ പരിശോധിക്കുന്നില്ല. നഗരസഭയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുതകുന്ന നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നൽകിയിട്ടില്ല.

നികുതി ചുമത്തുന്നതിന് വിട്ടുപോയ കേസുകൾ, മൂല്യം കുറച്ച് നികുതി ചുമത്തിയ കേസുകൾ എന്നിവ കണ്ടെത്തുന്നതിനും, പരിഹരിക്കുന്നതിനും ഉചിതമായ നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നിർദ്ദേശിച്ചിട്ടില്ല.

നഗരസഭയുടെ ഓരോ ചെലവിനും ബജറ്റ് പ്രൊവിഷൻ ഉണ്ടോ എന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ചതായി കാണുന്നില്ല. നഗരസഭയുടെ വാർഷിക പദ്ധതി പുരോഗതി വിലയിരുത്തി നിർദ്ദേശങ്ങൾ നൽകിയിട്ടില്ല

നികുതികളിൽ ഇളവ് നൽകൽ (വേക്കൻസി റമിഷൻ, ഡിമോളിഷൻ), വിവിധ ചെലവുകൾ അംഗീകരിക്കൽ , നികുതി സംബന്ധമായ പരാതികൾ, അപ്പീലുകൾ പരിഗണിക്കൽ എന്നിവയിൽ മാത്രമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം പരിമിതപ്പെടുന്നു.

മുനിസിപ്പാലിറ്റിയുടെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി/നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്. വാർഷികകണക്കുകൾ പ്രകാരം റവന്യൂ വരവിനെക്കാൾ റവന്യൂ ചെലവ് കൂടി വരുന്ന സാഹചര്യവും നിലവിലെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസ വരവു-

ചെലവു കണക്ക് അംഗീകരിക്കുമ്പോൾ ഇത്തരത്തിലുള്ള പ്രതിമാസ റവന്യൂ വരവ്-ചെലവ് പരിശോധന നടത്തേണ്ടതും സാമ്പത്തികസ്ഥിതി അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

തനതു വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിലുള്ള നിർദ്ദേശങ്ങളോ മറ്റ് വരുമാന സ്രോതസ്സുകളെപ്പറ്റിയുള്ള ചർച്ചകളോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ഉണ്ടായിട്ടില്ല. തനത് വരുമാനവർദ്ധനവിനുതകുന്ന എല്ലാ സ്രോതസ്സുകളും പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് റിപ്പോർട്ടുകൾ കൗൺസിലിൽ വെക്കുന്നതിനും സമയബന്ധിതമായി പ്രഥമമറുപടി സമർപ്പിക്കുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ട്.അനന്തര റിപ്പോർട്ട് സമർപ്പിച്ച പ്രഥമമറുപടി സമർപ്പിച്ച ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ പിന്നീട് തുടർ നടപടികളൊന്നും നഗരസഭ സ്വീകരിച്ചതായും കാണുന്നില്ല.

<u>വർക്കിംഗ് ഗ്രൂപ്പ്</u>

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് നടത്തുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. നഗരസഭയിലെ 38 വാർഡുകളിലും കൃത്യമായ ഇടവേളകളിൽ വാർഡ് സഭ ചേരുന്നുണ്ടെങ്കിലും പ്രവർത്തനങ്ങളിൽ കാര്യക്ഷമമായ ഇടപെടലുകൾ ആവശ്യമാണ്. പദ്ധതി നിർവ്വഹണം നടത്തിയതിനു ശേഷമുള്ള മോണിറ്ററിംഗ് ശക്തമാക്കേണ്ടതുണ്ട്.

<u>തീർപ്പാക്കാതെ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്നും ഫലപ്രദമായ തുടർ നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

<u>സ്റ്റാഫ് മീറ്റിംഗ്</u>

ജീവനക്കാരുടെ പ്രതിമാസ യോഗം വിളിച്ചു ചേർത്ത് ഓഫീസ് പ്രവർത്തനം അവലോകനം ചെയ്യേണ്ടതും ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കേണ്ടതുമാണ്. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് അക്കൌണ്ട് മുഖേനയാണ് വിതരണം നടത്തുന്നത്. ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തി ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം നിലവിൽ പ്രവർത്തിക്കുന്നില്ല. ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തി ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് (കൈ) നം. 129/2025 തസ്വഭവ തീയതി 03.08.2025 പ്രകാരം കാസറഗോഡ് നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ Sanctioned Strength ആയ 9 എണ്ണത്തിൽ നിന്നും 3 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. എന്നാൽ നഗരസഭയിൽ 10 ജീവനക്കാർ ഓഫീസ് അറ്റൻഡന്റായി ജോലി ചെയ്യുന്നുണ്ട്.

മേൽ പരാമർശിച്ച അപാകങ്ങൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം സംസ്ഥാനങ്ങളുടെ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 സാമ്പത്തിക വർഷം മുതൽ ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചു വരുന്നു. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 15(2)എഫ് സി/XV/FCD/2020-2025/16.07.2021 ലെ മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. 2021 മുതൽ 2026 വരെയാണ് ഗ്രാന്റ് ലഭ്യമാവുക. 2021- 2022 ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2132/2022/LSGD തീയതി 31.08.2022, സ.ഉ.(സാധാ) നം. 1078/2023/LSGD തീയതി 20.05.2023 പ്രകാരവും, 2022-23 ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം. 2156/2022/LSGD തീയതി 01.09.2022, സ.ഉ (സാധാ) നം. 1625/2023/തസ്വഭവ തീയതി 09.08.2023എന്നിവ പ്രകാരവും 2023-24 ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ) നം. 177/2025/LSGD തീയതി 18.01.2025, സ.ഉ.(സാധാ) നം. 2146/2025/LSGD തീയതി 30.08.2025 എന്നിവ പ്രകാരവും മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആരോഗ്യ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് തയ്യാറാക്കിയ കർമ്മപദ്ധതി അനുസരിച്ചുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്. സ്കീം 5, സ്കീം 6 ഇനങ്ങളിലുള്ള പ്രവർത്തനങ്ങളാണ് നഗരസഭകൾ നടത്തേണ്ടത്.

സ്കീം 5 – നഗര പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

സ്കീം 6 ൽ രണ്ടു ഘടകങ്ങളാണുള്ളത്:
I) അർബൻ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകളുടെ നടത്തിപ്പ്
Ii) അർബൻ പോളി ക്ലിനിക്കുകൾ സ്ഥാപിക്കൽ

കാസറഗോഡ് നഗരസഭയിൽ 2021-22 മുതലുള്ള ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും സംബന്ധിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

<u>ഹെൽത്ത് ഗ്രാന്റ് അക്കൗണ്ട്</u>

ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗം പി.എഫ്.എം.എസുമായി ബന്ധപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ മുഖേനയാണ് നിർവ്വഹിച്ചിട്ടുള്ളത്. പി.എഫ്.എം.എസ് അക്കൗണ്ട് പ്രകാരം ചെലവഴിക്കുന്ന തുകകൾ സുലേഖ സോഫ്റ്റ് വെയറിൽ ചെലവ് തുകയായി രേഖപ്പെടുത്തിയിട്ടുണ്ട്. ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിനായി ഓരോ സ്കീമിനും പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ ഓപ്പൺ ചെയ്യുന്നതിന് അനുമതി നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ താഴെ ചേർക്കും പ്രകാരം അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

ക്രമ നമ്പർ	അക്കൗണ്ടിന്റെ പേര്	ബാങ്ക്/ അക്കൗണ്ട് നമ്പർ
1.	Support For Diagnostic Infrastructure To The Primary Health Care Facilities In Urban PHCs - Scheme 5	കാനറാ ബാങ്ക്/ 110049985675
2.	Health Grants Towards Urban Health And Wellness Centre-Scheme 6	കാനറാ ബാങ്ക്/ 110049985879

<u>ഹെൽത്ത് ഗ്രാന്റ് വരവ് ചെലവ് കണക്കുകൾ</u>

2021 മുതൽ ഹെൽത്ത് ഗ്രാന്റിനത്തിൽ സർക്കാർ വിവിധ ഉത്തരവുകൾ മുഖേന അനുവദിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ഉത്തരവ് നം./തീയതി	തുക ₹	ലക്ഷ്യം
1	DUA/4280/2022-DC4, 07.07.2022	75 ലക്ഷം	UHWC കൾക്ക് ധനസഹായം
2.	DUA/4280/2022-DC4, 03.08.2022	58 ലക്ഷം	പോളി ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന്

3.	2022-23 ലെ വിഹിതം GO(Rt)2156/2022/LSGD തീ. 01.09.2022	254.37 ലക്ഷം	UHWC കൾക്ക് ധനസഹായം
4.	GO(Rt)2156/2022/LSGD തീ. 01.09.2022	9.56 ലക്ഷം	ഡയഗ്ണോസ്റ്റിക് സെന്റർ-ഭൗതിക സാഹചര്യം
5.	2021-22 രണ്ടാം ഗഡു GO(Rt)1078/2023/LSGD തീ. 20.05.2023	24 ലക്ഷം	പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സാർവത്രികമാക്കൽ
6.	GO(Rt)1078/2023/LSGD തീ. 20.05.2023	2.05 ലക്ഷം	ക്യാൻസർ കെയർ
7	GO(Rt)1078/2023/LSGD തീ. 20.05.2023	2.89 ലക്ഷം	UHWC യുടെ ആവർത്തന ചെലവുകൾക്കുള്ള ഗ്രാന്റ്
8	GO(Rt)1078/2023/LSGD തീ. 20.05.2023	80.95 ലക്ഷം	പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന്
9	GO(Rt)1078/2023/LSGD തീ. 20.05.2023	60 ലക്ഷം	പോളി ഡെന്റൽ ക്ലിനിക്ക് സ്ഥാപിക്കുന്നതിന്
10	GO(Rt)1078/2023/LSGD തീ. 20.05.2023	45 ലക്ഷം	360 ഡിഗ്രി എൻ സി ഡി കെയർ സെന്റർ സ്ഥാപിക്കുന്നതിന്

7.	GO(Rt)1625/2023/LSGD തീ. 09.08.2023	36.30 ലക്ഷം	ഡയഗ്‌ണോസ്റ്റിക് സെന്ററിന് സഹായം
8.	GO(Rt)177/2025/LSGD തീ. 18.01.2025	29.25 ലക്ഷം	UPHC/UCHC,UHWC,USHC കൾക്ക് സഹായം
9.	GO(Rt)177/2025/LSGD തീ. 18.01.2025	7.07 ലക്ഷം	UHWC കൾക്ക് സഹായം (Field Level)
10.	<u>2023-24 രണ്ടാം ഗഡു</u> GO(Rt)2146/2025/LSGD തീ. 30.08.2025	0.36 ലക്ഷം	JAK ന് സഹായം(Scheme -6)
11.	GO(Rt)2146/2025/LSGD തീ. 30.08.2025	15 ലക്ഷം	UHWC, JAK കൾക്ക് സഹായം
12.	GO(Rt)2146/2025/LSGD തീ. 30.08.2025	0.24 ലക്ഷം	UHWC, JAK കളുടെ പ്രവർത്തന ചെലവുകൾ

കാസറഗോഡ് നഗരസഭയുടെ ഹെൽത്ത് ഗ്രാന്റ് അക്കൗണ്ടുകളിൽ ക്രെഡിറ്റ് ആയ തുകകളുടെ വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

സ്കീം - 5 രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ബാങ്ക് അക്കൗണ്ട് പ്രകാരം- A/C No 110049985675						
വർഷം	മുൻബാക്കി	തൻവർഷം ലഭ്യമായ തുക	പലിശ	ആകെ	ചെലവ്	നീക്കിയിരിപ്പ്

2021-22	വരവില്ല					
2022-23	വരവില്ല					
2023-24	0	3,630,000	24,803	3,654,803	-	3,654,803
2024-25	3,654,803	-	123,209	3,778,012	1,214,000	2,564,012

സ്കീം - 6 അർബൻ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകളുടെ നടത്തിപ്പ് ബാങ്ക് അക്കൗണ്ട് പ്രകാരം- A/C No 110049985879

വർഷം	മുൻബാക്കി	തൻവർഷം ലഭ്യമായ തുക	പലിശ	ആകെ	ചെലവ്	നീക്കിയിരിപ്പ്
2021-22	വരവില്ല					
2022-23	-	13,300,000	204,918	13,504,918	-	13,504,918
2023-24	13,504,918	21,489,000	854,399	35,848,317	21,686,231	14,162,086
2024-25	14,162,086	3,632,000	525,073	18,319,159	7,214,651	11,104,508

<u>പ്രോജക്ടുകളുടെ പേയ്മെന്റ്</u>

ഹെൽത്ത് ഗ്രാന്റ് പ്രകാരം നടപ്പിലാക്കിയ പ്രോജക്ടുകൾ 02.01.2022 ലെ സ.ഉ.(സാധാ) നം.7/2022/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്. പ്രോജക്ടുകൾ അക്കൗണ്ട് നമ്പർ 110049985675 KL 276-Health Grant Towards Support Of Diagnostic Infrastructure To The Primary Health Care Facilities In UrbanPHCs(UHWCs), (Scheme 5), അക്കൗണ്ട് നമ്പർ 110049985879 -KL 283-Health Grant Towards Urban Health And Wellness Centres(UHWCs) (Scheme 6)എന്നീ രണ്ട് അക്കൗണ്ടുകളിൽ നിന്നാണ് പേയ്മെന്റുകൾ നടത്തിയിട്ടുള്ളത്. ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനായി നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

2021-22, 2022-23 – പ്രോജക്ട് ചെലവ് - ഇല്ല

<u>2023-24</u>

ക്രമ നമ്പർ	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	നിർവഹണോദ്യോഗസ്ഥൻ	അടങ്കൽ	ചെലവ്
1.	SO477/24	വിവിധ അർബൻ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകൾക്ക് ഫർണിച്ചർ വാങ്ങൽ	സെക്രട്ടറി	1800000	1038666
2.	SO479/24	അർബൻ പ്രൈമറി ഹെൽത്ത് സെന്ററിൽ പോളി ക്ലീനിക്ക്	സെക്രട്ടറി	800000	800000

		സംവിധാനം ഒരുക്കൽ			
3.	SO480/24	വിവിധ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളുടെ നടത്തിപ്പ ചെലവുകൾക്കായി	സെക്രട്ടറി	620000	489000
4.	SO481/24	അർബൻ ഹെൽത്ത് ആന്റ് വെൽനസ് സെന്റർ കെട്ടിട വാടക നൽകുന്നതിന്	സെക്രട്ടറി	480000	20462
5.	SO482/24	വിവിധ അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രം മെഡിക്കൽ സ്റ്റാഫിന് വേതനം നൽകൽ	സെക്രട്ടറി	3300000	231405
6.	488/24	ഹെൽത്ത് ഗ്രാന്റ് - പോളി ഡെന്റൽ ക്ലീനിക്കിന് അടിസ്ഥാന സൗകര്യം ഒരുക്കൽ	അസിസ്റ്റന്റ് എഞ്ചിനീയർ	2000000	2000000
7.	489/24	ഹെൽത്ത് ഗ്രാന്റ് -360 ഡിഗ്രി എൻ സി ഡി കെയർ കെട്ടിട നിർമ്മാണം	അസിസ്റ്റന്റ് എഞ്ചിനീയർ	2000000	2000000
8.	491/24	ഹെൽത്ത് ഗ്രാന്റ് അണങ്കൂർ വെൽനസ് സെന്റർ നവീകരണം	അസിസ്റ്റന്റ് എഞ്ചിനീയർ	2500000	711467
9.	492/24	അർബൻ ഹെൽത്ത് സെന്റർ നവീകരണം	അസിസ്റ്റന്റ് എഞ്ചിനീയർ	1930000	1766217
10.	521/24	360 ഡിഗ്രി NCD കെയറിലേക്ക് ഫർണിച്ചർ വാങ്ങൽ	മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ	500000	500000
11.	522/24	കാസറഗോഡ് നഗരസഭയിലെ പൊതുജനാരോഗ്യ യൂണിറ്റിലെ ലാബുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ	മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ	3200000	3200000

12.	523/24	പോളി ഡെന്റൽ ക്ലിനിക്ക് നടത്തിപ്പ് ആവശ്യത്തിന് ഉപകരണങ്ങൾ വാങ്ങൽ	മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ	4000000	4000000
13.	524/24	360 ഡിഗ്രി NCD കെയർ ദൈനംദിന ആവശ്യങ്ങൾ	മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ	500000	500000
14.	525/24	360 ഡിഗ്രി NCD കെയർ - ഉപകരണങ്ങൾ & കൺസ്യൂമെബിൾസ് വാങ്ങൽ	മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ	1500000	1500000
15.	526/24	പൊതുജനാരോഗ്യ യൂണിറ്റുകൾക്ക് വിവര സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ	മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ	1395000	1395000
16.	527/24	പൊതുജനാരോഗ്യ യൂണിറ്റിലെ ലാബിലേക്ക് റീയേജന്റ് കിറ്റ് എന്നിവ വാങ്ങൽ	മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ	1000000	1000000

2024-25

ക്രമ നമ്പർ	പ്രോജക്റ്റ് നമ്പർ	പ്രോജക്റ്റിന്റെ പേര്	നിർവഹണോദ്യോഗസ്ഥൻ	അടങ്കൽ	ചെലവ്
1.	S0561/25	കാസറഗോഡ് ജനറൽ ഹോസ്പ്പിറ്റൽ വായ സ്തനം ഗർഭാശയ എന്നിവയ്ക്ക് കാൻസർ കെയർ പദ്ധതി	മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ	205000	201625
2.	S0563/25	പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സാർവ്വത്രികമാക്കൽ	മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ	2400000	2400000
3.	S0564/25	വിവിധ അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രം മെഡിക്കൽ സ്റ്റാഫിന് വേതനം നൽകൽ	സെക്രട്ടറി	3068595	3023639

4.	S0566/25	നഗരസഭ അർബൻ ഹെൽത്ത് സെന്ററിലേക്ക് രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തലും ആയതിന്റെ ആവർത്തന ചെലവുകളും	സെക്രട്ടറി	3630000	1214000
5.	S0568/25	വിവിധ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളുടെ നടത്തിപ്പ ചെലവുകൾക്കായി	സെക്രട്ടറി	131000	131000
6.	S0569/25	അർബൻ ഹെൽത്ത് ആന്റ് വെൽനസ് സെന്റർ കെട്ടിട വാടക നൽകുന്നതിന്	സെക്രട്ടറി	459538	259908
7.	S0570/25	ഹെൽത്ത് ഗ്രാന്റ് അണങ്കൂർ വെൽനസ് സെന്റർ നവീകരണം	അസിസ്റ്റന്റ് എഞ്ചിനീയർ	1788533	496817
8.	S0572/25	അർബൻ ഹെൽത്ത് സെന്റർ രണ്ടാം നില വൈദ്യുതികരണം	അസിസ്റ്റന്റ് എഞ്ചിനീയർ	570000	488513
9.	S0574/25	അർബൻ ഹെൽത്ത് സെന്റർ നവീകരണം	അസിസ്റ്റന്റ് എഞ്ചിനീയർ	163783	107612

<u>പദ്ധതികളുടെ പ്രവർത്തനം</u>

സ.ഉ (സാധാ) നം. 1078/2023/തസ്വഭവ തീയതി: 20.05.2023 ലെ ഉത്തരവ് പ്രകാരം 2021-22 ലെ ഹെൽത്ത് ഗ്രാന്റിന്റെ രണ്ടാം ഗഡു ഉപയോഗിച്ച് ആറ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി പ്രതിപാദിച്ചതിൽ അഞ്ച് പ്രവർത്തനങ്ങൾക്കാണ് തുക അനുവദിച്ചത്. അതു പ്രകാരം പാലിയേറ്റിവ് പരിചരണ പ്രവർത്തനങ്ങൾക്കായി 24 ലക്ഷം രൂപയും ക്യാൻസർ കെയർ പ്രോജക്ടിനായി 2.05 ലക്ഷം രൂപയും പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 80.95 ലക്ഷം രൂപയും പോളി ഡെന്റൽ ക്ലീനിക്ക് സ്ഥാപിക്കുന്നതിനായി 60 ലക്ഷം രൂപയും 360 ഡിഗ്രി എൻ സി ഡി കെയർ സെന്റർ സ്ഥാപിക്കുന്നതിന് 45 ലക്ഷം രൂപയും ഹെൽത്ത് ഗ്രാന്റ് മുഖേന അനുവദിച്ചിട്ടുണ്ട്.

നഗരകാര്യ പ്രിൻസിപ്പിൾ ഡയറക്ടറുടെ 14.03.2024 ലെ LSGD/PD/5562/2024-DPLD4 നമ്പർ ഉത്തരവ് പ്രകാരം പോളി ഡെന്റൽ ക്ലീനിക്ക് സ്ഥാപിക്കുന്നതിനായി അനുവദിച്ച 60 ലക്ഷം രൂപയും 360 ഡിഗ്രി എൻ സി ഡി കെയർ സെന്റർ സ്ഥാപിക്കുന്നതിന് അനുവദിച്ച 45 ലക്ഷം രൂപയും കാസറഗോഡ് ജനറൽ ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ UNION BANK OF INDIA അക്കൗണ്ടിലേക്ക് (A/C No. 520101003633361) ലേക്കും പാലിയേറ്റിവ് പരിചരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച 24 ലക്ഷം രൂപയും പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി അനുവദിച്ച 80.95 ലക്ഷം രൂപയും നാഷണൽ ഹെൽത്ത് മിഷൻ ഡയക്ടറുടെ

അക്കൗണ്ടിലേക്ക് (A/C No. 110047344710) PFMS വഴി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിവരമോ വിനിയോഗ സാക്ഷ്യപത്രമോ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

അർബൻ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററുകൾ

സ.ഉ (സാധാ) നം. 2132/2022/തസ്വഭവ തീയതി: 31.08.2022 ഖണ്ഡിക 2.6 ലെ മാർഗ്ഗനിർദ്ദേശമനുസരിച്ച് കാസറഗോഡ് നഗരസഭ പരിധിയിൽ മൂന്ന് ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകളാണ് ആരംഭിക്കാവുന്നത്. ആയത് തളങ്കര, അണങ്കൂർ, നെല്ലിക്കുന്ന് എന്നിവിടങ്ങളിലാണ് പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. സ.ഉ (സാധാ) നം. 3157/2022/തസ്വഭവ തീയതി 21.12.2022 ലെ ഉത്തരവ് ഖണ്ഡിക 2 പ്രകാരം പുതുതായി ആരംഭിക്കുന്ന ഹെൽത്ത് ആന്റ് വെൽനസ്സ് കേന്ദ്രങ്ങൾക്ക് അനുയോജ്യമായ കെട്ടിടങ്ങൾ നഗരഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണെന്നും സ്വന്തം കെട്ടിടമോ സ്വന്തം കെട്ടിടം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ അനുയോജ്യമായ കെട്ടിടം വാടകയ്ക്കോ കണ്ടെത്തേണ്ടതാണെന്നും ഇപ്രകാരം കണ്ടെത്തുന്ന സ്വന്തം/വാടക കെട്ടിടങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ്സ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് വേണ്ട നവീകരണ പ്രവർത്തികളും പാർട്ടീഷൻ പ്രവർത്തികളും നടത്താവുന്നതാണെന്നും ഉത്തരവുണ്ട്. കൂടാതെ കെട്ടിടം വാടകയ്ക്ക് എടുക്കുന്ന സന്ദർഭത്തിൽ കെട്ടിട ഉടമയുമായി 31.03.2026 വരെയുള്ള കാലയളവിലേക്ക് കരാറിൽ ഏർപ്പെടാനും വ്യവസ്ഥയുണ്ട്. നഗരസഭയിലെ തളങ്കര, നെല്ലിക്കുന്ന് എന്നീ രണ്ട് ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകൾ വാടക കെട്ടിടത്തിലും അണങ്കൂർ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ നഗരസഭയുടെ സ്വന്തം കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. വാടക കെട്ടിടത്തിലാരംഭിച്ച തളങ്കര ഹെൽത്ത് സെന്ററിന് പ്രതിമാസം 23628/- രൂപ വാടകയ്ക്ക് 06.10.2023 നം നെല്ലിക്കുന്ന് ഹെൽത്ത് സെന്ററിന് 35000/- രൂപ വാടകയ്ക്ക് 10.03.2025 നം പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. മൂന്ന് സെന്ററുകൾക്കും വേണ്ട ഫർണീച്ചറുകൾ, മറ്റ് സൗകര്യങ്ങൾ എന്നിവയ്ക്കായി 2023-24 വർഷം 1038666/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

രോഗനിർണ്ണയ സൗകര്യങ്ങൾ

സ.ഉ(സാധാ)നം.1625/2023/LSGD,തീയതി: 09.08.2023 ലെ ഖ.4.5 പ്രകാരം നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി കാസറഗോഡ് നഗരസഭയ്ക്ക് 36.30 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. 2023-24 വർഷമാണ് തുക അനുവദിച്ചത്. രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 2024-25 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 566/25- നഗരസഭ അർബൻ ഹെൽത്ത് സെന്ററിലേക്ക് രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തലും ആയതിന്റെ ആവർത്തന ചെലവുകൾ എന്ന പേരിൽ പ്രോജക്ട് ആവിഷ്കരിക്കുകയും 1214000/- രൂപ അർബൻ പ്രൈമറി ഹെൽത്ത് സെന്ററിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിവരമോ വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല.

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ

നഗരസഭയിൽ ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ആസ്തികളൊന്നും തന്നെ സൃഷ്ടിച്ചിട്ടില്ല.

ഹെൽത്ത് ഗ്രാന്റ് പ്രവർത്തന പുരോഗതി

ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ പലിശ ഉൾപ്പെടെ ആകെ ലഭിച്ച 4,37,83,402 രൂപയിൽ 3,01,14,882 രൂപയാണ് പി.എഫ്.എം.എസുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള ചെലവ്. 1,36,68,520 രൂപ നഗരസഭ അക്കൗണ്ടിൽ ചെലവഴിക്കാൻ അവശേഷിക്കുന്നുണ്ട്. പദ്ധതികൾ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമാണെങ്കിലും അവ നടപ്പിലാക്കുന്നതിലും തുക വിനിയോഗിക്കുന്നതിലും വലിയ കുറവ് പ്രകടമാണ്. 2022-2023 വർഷത്തിൽ ആരംഭിച്ച പദ്ധതികൾ 2024-25 വർഷത്തിലും നടപ്പാകാതെ നിൽക്കുന്നത് ആരോഗ്യ മേഖലയിലെ സേവനങ്ങളെ ദോഷകരമായി ബാധിക്കും. കാസറഗോഡ് നഗരസഭയിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് പ്രധാനമായും അർബൻ ഹെൽത്ത് ആന്റ് വെൽനസ് സെന്റർ കെട്ടിട വാടക നൽകൽ, മെഡിക്കൽ സ്റ്റാഫിന് വേതനം നൽകൽ, വെൽനസ് സെന്റർ നവീകരണം, വൈദ്യുതികരണം, വിവിധ അർബൻ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകൾക്ക് ഫർണിച്ചർ വാങ്ങൽ തുടങ്ങിയ പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. ഉത്തരവുകളിൽ പ്രതിപാദിച്ചിരിക്കുന്ന പോളി ഡെന്റൽ ക്ലീനിക്ക് സ്ഥാപിക്കൽ, രോഗനിർണ്ണയ സൗകര്യങ്ങൾ, ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയവ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടില്ല. യഥാസമയം ഗ്രാന്റ് വിഹിതം ചെലവഴിക്കാതെ ലഭ്യമായ ഗ്രാന്റ് നഷ്ടമാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതും ഹെൽത്ത് ഗ്രാന്റിന്റെ കാര്യക്ഷമമായ വിനിയോഗത്തിലൂടെ ലക്ഷ്യം വച്ചിട്ടുള്ള പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. മറ്റ് ഏജൻസികൾക്ക് കൈമാറിയ തുകകൾ അതാത് പദ്ധതികൾക്ക് തന്നെ കാര്യക്ഷമമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്.

1-12 മുനിസിപ്പൽ പെൻഷൻ ഫണ്ട് അവലോകനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19.05.2024 തീയതിയിലെ ഡി.കെ.എസ്.എ.2078/ എം.എൽ3/2024-ാം നമ്പർ കത്തിലെ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി നഗരസഭയുടെ മുനിസിപ്പൽ പെൻഷൻ ഫണ്ട് സംബന്ധിച്ച് സ്ഥാപനം ഹാജരാക്കിയ രേഖകളുടെയും ഓഡിറ്റ് എൻക്വയറിക്ക് (നം. 12/2024-25 തീയതി 19.12.2025) ലഭ്യമാക്കിയ മറുപടിയുടെയും അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ 6 മുതൽ 15 വരെയുള്ള ചട്ടങ്ങൾ അടിസ്ഥാനമാക്കിയും ഓഡിറ്റ് മാന്വൽ ഭാഗം 2 വോള്യം 4ലെ 80.1.3, 80.1.4 ഖണ്ഡികകളിലെ നിർദ്ദേശങ്ങൾ പാലിച്ചും മുനസിപ്പാലിറ്റി റെഗുലർ ജീവനക്കാരുടെ പെൻഷൻ ഫണ്ടും 1997ലെ കേരള മുനിസിപ്പാലിറ്റി (കണ്ടിജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ 6 മുതൽ 8 വരെയുള്ള ചട്ടങ്ങളെ അടിസ്ഥാനമാക്കിയും ഓഡിറ്റ് മാന്വൽ ഭാഗം 2 വോള്യം 4ലെ 80.1.5 ഖണ്ഡികകളിലെ നിർദ്ദേശം പാലിച്ചും മുനിസിപ്പാലിറ്റി കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ടും ഓഡിറ്റിന് വിധേയമാക്കി വരുന്നു.

1996ലെ കേരള മുൻസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം '10' പ്രകാരം സർക്കാർ ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ അക്കൗണ്ട് തുടങ്ങേണ്ടതും നഗരകാര്യ ഡയറക്ടറിൽ നിന്നും അനുവദിക്കുന്ന പെൻഷൻ തുക പ്രസ്തുത അക്കൗണ്ടിൽ വരവു വെയ്ക്കേണ്ടതുമാണ്. അതനുസരിച്ച് പെൻഷൻ അലോട്ട്മെന്റ് വരവ് വെയ്ക്കുന്നതിനും പെൻഷൻ നൽകുന്നതിനും കാസറഗോഡ് നഗരസഭ ട്രഷറിയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതാണ്. എന്നാൽ നഗരകാര്യ ഡയറക്ടറിൽ നിന്നും ആവശ്യമായ ഫണ്ട് ലഭിക്കാത്തത് കാരണം പെൻഷൻ, കുടുംബപെൻഷൻ എന്നിവ തനത് ഫണ്ടിൽ നിന്നും അനുവദിക്കുകയാണ് ചെയ്യുന്നത്. നഗരസഭ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് ലഭിക്കാനുള്ള തുകകളുടെ കണക്ക് നഗരസഭ നാളിതുവരെ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

1) 2024-25 സാമ്പത്തിക വർഷത്തിൽ റെഗുലർ പെൻഷൻ/ഫാമിലി പെൻഷൻ, കണ്ടിജന്റ് പെൻഷൻ/ഫാമിലി പെൻഷൻ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	റെഗുലർ പെൻഷൻ/ ഫാമിലി പെൻഷൻ ഇനത്തിൽ നൽകിയ തുക	കണ്ടിജന്റ് പെൻഷൻ/ ഫാമിലി പെൻഷൻ ഇനത്തിൽ നൽകിയ തുക
2024-25	20751476	9313249

2) ജീവനക്കാരുടെ ശമ്പള ബില്ലിൽ നിന്ന് പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ വകയിരുത്തിയ തുക സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് (നഗരകാര്യ ഡയറക്ടറുടെ ട്രഷറി അക്കൗണ്ട് നം STSB799011400007305, കേരള മുനിസിപ്പൽ കണ്ടജന്റ് പെൻഷൻ ഫണ്ട് അക്കൗണ്ട് നം. TSB799010100188428) എന്നീ അക്കൗണ്ടുകളിൽ അടവാക്കി വരുന്നുണ്ട്.

3) നാളിതുവരെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് പെൻഷൻ നൽകുന്നതിന് വിനിയോഗിച്ച തുകയുടെ കൃത്യമായ വിവരങ്ങൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4) നാളിതുവരെ പെൻഷൻ (റെഗുലർ/കണ്ടിജന്റ്) ഇനത്തിൽ നൽകിയ തുകയുടെ കൃത്യമായ വിവരങ്ങൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

5) നഗരസഭകളിലെ റഗുലർ സർവ്വീസ് പെൻഷൻ/ ഫാമിലി പെൻഷൻ, കണ്ടിജന്റ് സർവ്വീസ് പെൻഷൻ/ ഫാമിലി പെൻഷൻ കൈപ്പറ്റുന്നവരുടെ ഡാറ്റ ബേസ് എക്സൽ ഷീറ്റിൽ തയ്യാറാക്കി സൂക്ഷിച്ചുവരുന്നുണ്ട്.

6) കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് റൂൾസ് 2007 പ്രകാരം ഉള്ള ചെക്ക് ഇഷ്യൂ രജിസ്റ്റർ മുനിസിപ്പൽ പെൻഷൻ ഫണ്ടിനുവേണ്ടി തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

7) മുനിസിപ്പൽ പെൻഷൻ ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ട് /ട്രഷറി അക്കൗണ്ട് പ്രതിമാസം റീക്കൺസിലിയേഷൻ നടത്തിയതിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല.

8) പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന വെരിഫിക്കേഷൻ റിപ്പോർട്ടിലെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന പെൻഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

9) മറ്റ് നഗരസഭയിൽ നിന്ന് വിരമിച്ച കാസറഗോഡ് നഗരസഭയിൽ നിന്ന് പെൻഷൻ വാങ്ങുന്നവരുടെ വിശദാംശങ്ങൾ

ക്രമ നമ്പർ	പേര്	പിപിഒ നമ്പർ	വിരമിച്ച മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ	തസ്തിക	വിരമിച്ച തീയതി
1	രുഗ്മിണി കെ	8805	കണ്ണൂർ കോർപ്പറേഷൻ	നേഴ്സിംഗ് ടീച്ചർ	30.04.2022

10) കേരള ട്രഷറി കോഡ് വോള്യ I, ചട്ടം 273(എ,ബി) പ്രകാരം ഉള്ള രജിസ്റ്ററുകളും ചട്ടം 280 (എ) പ്രകാരമുള്ള ലൈഫ് സർട്ടഫിക്കറ്റ് വാങ്ങി സൂക്ഷിക്കുന്നുണ്ട്.

11) പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് പെൻഷൻ പേയ്മെന്റ് ഓർഡർ രജിസ്റ്റർ, ലൈഫ് സർട്ടിഫിക്കറ്റ് രജിസ്റ്റർ, അലോട്ട്മെന്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

12) നഗരസഭയിൽ നിന്ന് പെൻഷൻ വിതരണം ചെയ്യപ്പെടുന്ന എല്ലാ പെൻഷൻകാരുടെയും പെൻഷൻ ബുക്ക് നഗരസഭയിൽ സൂക്ഷിക്കുന്നുണ്ട്.

13) വാർഷിക ധനകാര്യ പത്രിക സമർപ്പിക്കുന്നതിനോടൊപ്പം പെൻഷൻ ഫണ്ട് അക്കൗണ്ട് സമർപ്പിച്ചിട്ടില്ല.

1-13 2024-25 ലെ പദ്ധതിപ്പണം യഥാസമയം ചെലവഴിച്ചില്ല, നഗരസഭക്ക് 2025-26 ൽ 3,94,26,021 രൂപയുടെ പദ്ധതിപ്പണം നഷ്ടപ്പെട്ടു

2024-25 ലെ പദ്ധതിപ്പണം യഥാസമയം ചെലവഴിക്കാത്തതിനാൽ നഗരസഭക്ക് 2025-26 ൽ 3,94,26,021 രൂപയുടെ വികസന ഫണ്ട് നഷ്ടപ്പെട്ടു. വിശദാംശം താഴെ കൊടുക്കുന്നു.

1) പ്ലാൻ ഫണ്ട് ചെലവഴിച്ചില്ല; 3,21,84,360 രൂപ നഷ്ടപ്പെട്ടു.

വികസന ഫണ്ടിനത്തിലും, സംരക്ഷണ ഫണ്ടിനത്തിലും ഓരോ വർഷത്തിലും അനുവദിക്കപ്പെട്ട തുക പൂർണ്ണമായി ചെലവഴിക്കാത്ത സാഹചര്യങ്ങളിൽ അലോട്ട്മെന്റ് തുകയുടെ പരമാവധി 20% വരെയുള്ള തുക മാത്രമാണ് ക്യാരി ഓവർ ആയി അനുവദിക്കപ്പെടുക എന്ന് സ.ഉ (കൈ) നം 79/ 2021/ ധന തി. 15.07.2021 ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ക്യാരി ഓവർ ചെയ്യപ്പെടുന്ന തുക ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് മാത്രമാണ് അനുവദിക്കപ്പെടുക എന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് വികസന ഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ഓരോ വർഷത്തെയും ചെലവ് അലോട്ട്മെന്റ് തുകയുടെ 80% ത്തേക്കാൾ കുറവാണെങ്കിൽ അലോട്ട്മെന്റിന്റെ 80% ൽ നിന്ന് ചെലവ് കുറവ് ചെയ്ത തുക (80% Of Allotment – Expenditure) തിരിച്ച് കിട്ടാതെ നഷ്ടപ്പെടുന്നതാണ്.

2024-25 സാമ്പത്തിക വർഷത്തിൽ നഗരസഭക്ക് വികസന ഫണ്ടിനത്തിലും, സംരക്ഷണ ഫണ്ടിനത്തിലും അനുവദിക്കപ്പെട്ടതും ചെലവഴിച്ചതുമായ തുകയുടെ വിവരം താഴെ നൽകുന്നു.

പട്ടിക I

ഇനം	ലഭിച്ച അലോട്ട്മെന്റ്	ക്യാരി ഓവറിന് അർഹതയുള്ള തുക(20% Of Allotment) (Rounded Figure)	80% Of Allotment	ചെലവ്	ഷോർട്ട് ഫാൾ (80% Of Allotment – Expenditure)
വികസന ഫണ്ട് ജനറൽ	5,34,53,266	1,06,90,654	4,27,62,613	3,78,53,092	49,09,521
വികസന ഫണ്ട്	1,07,97,644	21,59,529	86,38,116	13,96,454	72,41,662

എസ്.സി.പി					
റോഡ് മെയിന്റനൻസ് ഗ്രാന്റ്	1,50,77,000	30,15,400	1,20,61,600	23,55,351	97,06,249
നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്	4,79,13,000	95,82,600	3,83,30,400	2,92,90,210	90,40,190
വികസന ഫണ്ട് ടി എസ് പി	21,35,680	4,27,136	17,08,544	4,21,806	12,86,738
ആകെ	12,93,76,590	2,58,75,319	10,35,01,273	7,13,16,913	3,21,84,360

പരിശോധനയിൽ വ്യക്തമായ വിവരങ്ങൾ താഴെ നൽകുന്നു.

A) വികസന, സംരക്ഷണ ഫണ്ടിനത്തിൽ ആകെ അനുവദിക്കപ്പെട്ട 12,93,76,590 രൂപയിൽ 7,13,16,913 രൂപ (55.12%) മാത്രമാണ് 2024-25 സാമ്പത്തിക വർഷത്തിൽ നഗരസഭക്ക് ചെലവഴിക്കാനായത്. 5,80,59,677 രൂപ (44.88%) 2024-25 സാമ്പത്തിക വർഷത്തിൽ ലാപ്സ് ആയി.

B) 5,80,59,677 രൂപ ലാപ്സ് ആയതിൽ 3,21,84,360 രൂപ ഷോർട്ട്ഫാൾ ഇനത്തിൽ തിരിച്ചുകിട്ടാനാവാത്ത വിധം നഷ്ടപ്പെട്ടു. അവശേഷിക്കുന്ന 2,58,75,319 രൂപ (Rounded Figure) നഗരസഭക്ക് ക്യാരി ഓവർ ആയി അനുവദിക്കപ്പെടാൻ അർഹതയുള്ള തുകയാണ്. എന്നാൽ പ്രസ്തുത തുക ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് മാത്രമേ അനുവദിക്കപ്പെടുകയുള്ളൂ എന്ന് സർക്കാർ വ്യക്തമാക്കിയതാണ്. മുൻ വർഷങ്ങളിൽ നഗരസഭക്ക് ലഭിക്കാൻ അർഹതയുണ്ടായിരുന്ന ക്യാരി ഓവർ തുക നഗരസഭക്ക് ലഭ്യമായതായി കാണുന്നില്ല.

സമയബന്ധിതമായി പദ്ധതി നടപ്പാക്കുന്നതിലെ വീഴ്ച കാരണം നഗരസഭക്ക് അനുവദിക്കപ്പെട്ട 5,80,59,677 രൂപ ചെലവഴിക്കാനാവാതെ ലാപ്സ് ആയി എന്നതും ഇതിൽ ഉൾപ്പെട്ട 3,21,84,360 കോടി രൂപ തിരിച്ച് കിട്ടാൻ അർഹതയില്ലാത്ത വിധം നഷ്ടപ്പെട്ടു എന്നുള്ളതും വളരെ ഗൗരവതരമായ വിഷയമാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നതോടൊപ്പം നഗരസഭക്ക് അനുവദിക്കപ്പെട്ട 5,80,59,677 രൂപ ചെലവഴിക്കാനാവാതെ ലാപ്സ് ആയതിനും 3,21,84,360 കോടി രൂപ തിരിച്ച് കിട്ടാൻ അർഹതയില്ലാത്ത വിധം നഷ്ടപ്പെടുത്തിയതിനും കാരണക്കാരായ നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും, അവരവർക്ക് അനുവദിക്കപ്പെട്ട ഫണ്ട് ചെലവഴിക്കാതിരുന്നതിന്, വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഇക്കാര്യത്തിൽ അതാത് സ്റ്റാന്റിംഗ് കമ്മറ്റികൾ ഫലപ്രദമായി ഇടപെടാതിരുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

<u>2) എസ്.സി.പി ഫണ്ട് ഷോർട്ട് ഫാൾ- 72,41,661 രൂപയുടെ പൊതു വിഭാഗം ഫണ്ട് നഷ്ടപ്പെട്ടു.</u>

എസ്.സി വിഭാഗം ഫണ്ടിൽ ഒരു സാമ്പത്തിക വർഷം അനുവദിക്കപ്പെട്ട തുകയിൽ ഷോർട്ട്ഫാൾ ആയ തുക തൊട്ടടുത്ത വർഷത്തെ പൊതുവിഭാഗം ഫണ്ടിൽ നിന്ന് പരിഹരിക്കുന്നതാണെന്ന് സ.ഉ (കൈ) നം 79/ 2021/ ധന തി. 15.07.2021 നം ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ നഗരസഭക്ക് എസ്.സി.പി ഫണ്ട് ഇനത്തിൽ അനുവദിക്കപ്പെട്ടതും ചെലവഴിച്ചതുമായ തുകയുടെ വിവരം താഴെ നൽകുന്നു.

പട്ടിക II

അലോട്ട്മെന്റ്	ചെലവ്	ക്യാരി ഓവറിന് അർഹമായ തുക	ഷോർട്ട് ഫാൾ
1,07,97,644	13,96,454	21,59,529	72,41,661 [(1,07,97,644-

		(20% Of 1,07,97,644)	21,59,529) – 13,96,454]

എസ്.സി വിഭാഗം ഫണ്ടിൽ 2024-25 ലെ ഷോർട്ട്ഫാൾ 72,41,661 രൂപയാണ്. മേൽ പരാമർശിക്കപ്പെട്ട സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടെ 2025-26 വർഷ പ്ലാൻഫണ്ട് ജനറൽ വിഹിതത്തിൽ നിന്ന് 72,41,661 രൂപ എസ്.സി വിഭാഗം ഫണ്ടിലേക്ക് ക്രമീകരിക്കപ്പെടുന്നതാണ്.

എസ്.സി വിഭാഗം ഫണ്ടിൽ ഷോർട്ട്ഫാൾ വരുന്ന തുക പ്ലാൻഫണ്ട് ജനറൽ വിഭാഗത്തിൽ നിന്ന് ക്രമീകരിക്കുന്നതാണ് എന്ന് വ്യക്തമായ സർക്കാർ ഉത്തരവ് ഉണ്ടായിട്ടും എസ്.സി.പി ഷോർട്ട് ഫാൾ ഇല്ലാതാക്കുന്നതിന് നഗരസഭ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാത്തതാണ് പൊതു വിഭാഗം ഫണ്ടിൽ നിന്ന് 72,41,661 രൂപ നഷ്ടപ്പെടാൻ ഇടയാക്കിയത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. എസ്.സി.പി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാതിരുന്നതിന് അതാത് നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഇക്കാര്യത്തിൽ അതാത് സ്റ്റാന്റിംഗ് കമ്മറ്റികൾ ഫലപ്രദമായി ഇടപെടാതിരുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

<u>3) തനത് വരുമാനം പരിച്ചെടുക്കുന്നതിൽ വീഴ്ച – പ്ലാൻ വിഹിതത്തിൽ നിന്ന് 5,71,410 രൂപ നഷ്ടപ്പെട്ടു.</u>

മേൽ (1), (2) എന്നിവക്ക് പുറമെ, 2023-24ൽ തനത് വരുമാന ഡിമാന്റിന്റെ 90% തുക പിരിച്ചെടുക്കാത്തതിനാൽ 2024-25 ൽ പ്ലാൻഫണ്ട് പൊതു വിഭാഗം വിഹിതത്തിൽ നിന്ന് 5,71,410 രൂപയും നഗരസഭക്ക് താഴെ പറയും പ്രകാരം നഷ്ടപ്പെട്ടു. വിശദാംശം താഴെ കൊടുക്കുന്നു.

18.10.2022 ലെ സ.ഉ (കൈ) 179/2022/ധന നം ഉത്തരവ് പ്രകാരം തനത് വരുമാന ഡിമാന്റിന്റെ 90% തുക പിരിച്ചെടുക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തൊട്ടടുത്ത വർഷത്തെ പ്ലാൻഫണ്ട് പൊതു വിഭാഗം വിഹിതത്തിന്റെ 1% തുക അലോട്ട് മെന്റിൽ കുറവ് വരുത്തുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നഗരസഭയുടെ 2023-24 വർഷത്തെ തനത് റവന്യൂ കളക്ഷൻ 90% ൽ കുറവായതിനാൽ നഗരസഭയുടെ 2024-25 വർഷത്തെ പ്ലാൻഫണ്ട് (ജനറൽ) അലോട്ട്മെന്റിൽ നിന്ന് 5,71,410 രൂപ പിഴ ഇനത്തിൽ കുറവ് ചെയ്താണ് പ്ലാൻഫണ്ട് വിഹിതം സർക്കാർ നഗരസഭക്ക് അനുവദിച്ച് നൽകിയിട്ടുള്ളത്. (സ.ഉ (സാധാ) നം 1625/2025/ധന തി. 20.02.2025 ഉത്തവിലെ അനുബന്ധം II കാണുക).

റവന്യൂ കളക്ഷൻ കുറവായ കാരണത്താൽ നഗരസഭക്ക് ലഭ്യമാകേണ്ട പ്ലാൻഫണ്ട് അലോട്ട്മെന്റിൽ നിന്ന് പിഴ ഇനത്തിൽ പണം കുറവ് ചെയ്യപ്പെട്ടത് നഗരസഭയുടെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ, നഗരസഭാ കൗൺസിലിന്റെയോ അജണ്ടയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്തിട്ടില്ല എന്ന് മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമായി. റവന്യൂ കളക്ഷൻ വർദ്ധിപ്പിക്കുന്നതിന് 2024-25 സാമ്പത്തിക വർഷത്തിലും നഗരസഭ ക്രിയാത്മകമായ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല.

റവന്യൂ കളക്ഷൻ പിരിച്ചെടുക്കുന്നതിലെ വീഴ്ചമൂലം 2024-25 സാമ്പത്തിക വർഷത്തിൽ നഗരസഭക്ക് വികസനാവശ്യത്തിന് ഉപയോഗിക്കാമായിരുന്ന 5,71,410 രൂപ നഷ്ടപ്പെട്ടത് ഗൗരവമായി കാണേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കളക്ഷൻ വർദ്ധിപ്പിക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

<u>2024-25 ലെ പദ്ധതി നിർവ്വഹണം-അവലോകനം.</u>

മേൽ അപാകതകൾ എന്ത് കൊണ്ട് സംഭവിച്ചു എന്നുള്ളത് 2024-25 ലെ പദ്ധതി നിർവ്വഹണ അവലോകനത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. 2024-25 ൽ ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരും നിർവ്വഹണം നടത്തേണ്ടതും നിർവ്വഹണം നടത്തിയതുമായ പദ്ധതികളുടെയും ചെലവഴിക്കേണ്ടതും ചെലവഴിച്ചതുമായ തുകയുടേയും വിവരം താഴെ കൊടുക്കുന്നു.

കാസറഗോഡ് നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് നഗരസഭയുടെ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിശദ വിവരം.

പട്ടിക III

ക്രമ നമ്പർ	നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രൊജക്ടുകൾ	നിർവ്വണം നടത്തിയത്	നടപ്പിലാക്കാത്തവ	നടപ്പിലാക്കിയതിന്റെ %	അടങ്കൽ	ചെലവ്	ചെലവ് ശതമാനം
1	കൃഷി ഓഫീസർ	5	5	0	100	48,68,385	33,42,591	68.65

2	വെറ്റിനറി ഡോക്ടർ	6	5	1	83.33	23,05,000	7,21,019	31.28
4	മെഡിക്കൽ ഓഫീസർ (TH)	10	8	2	80.00	99,94,000	72,51,389	72.55
5	മെഡിക്കൽ ഓഫീസർ (HOMEO)	2	2	0	100	3,50,000	3,50,00	100
6	ഐ.സി.ഡി.എസ് സൂപ്പർവൈസർ	16	9	7	56.25	1,01,96,600	71,38,934	70.01
7	സെക്രട്ടറി	35	16	19	45.71	3,02,04,550	1,43,20,299	47.41
8	മുനി.എൻജിനിയർ	2	1	1	50.00	82,90,000	19,46,278	23.47
9	അസി. എൻജിനിയർ	295	106	189	35.93	11,46,96,302	3,69,32,097	32.19
9	പ്രിൻസിപ്പാൾ(GHSS, KASARAGOD)	15	5	10	33.33	98,00,000	46,92,411	47.88
10	പ്രൊജക്ട് ഓഫീസർ	9	4	5	44.44	2,67,25,831	75,68,057	28.31
11	എസ്.സി.ഡി.ഒ	10	2	8	20.00	92,36,500	8,50,000	9.20
12	ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ	3	0	3	0	11,94,000	0	0
13	ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ	2	2	0	100	11,70,000	1,44,470	12.34
14	ഹെൽത്ത് ഓഫീസർ	21	3	18	14.28	2,29,07,780	33,86,907	14.78
15	മെഡിക്കൽ ഓഫീസർ(GAD)	7	7	0	100	51,17,500	49,51,087	96.74
16	വ്യവസായ വികസന ഓഫീസർ	6	3	3	50.00	44,46,000	3,00,000	6.72
	ആകെ	444	177	267	39.86	26,15,16,448	9,38,95,539	35.90

മേൽ പട്ടിക പ്രകാരം 2024-25 സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണം നടത്തിയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ നിഗമനങ്ങൾ ചുവടെ ചേർക്കുന്നു.

ഓഡിറ്റ് നിരീക്ഷണങ്ങൾ

1) തൻവർഷം ആകെ അംഗീകാരം ലഭ്യമാക്കിയ 444 പ്രൊജക്ടുകളിൽ 177 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്. ആകെ ചെലവഴിക്കേണ്ട 26,15,16,448 രൂപയിൽ 9,38,95,539 രൂപ (35.90%) മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

2) തൻവർഷം ആകെ അംഗീകാരം ലഭ്യമാക്കിയ 444 പ്രൊജക്ടുകളിൽ 235 എണ്ണം സ്പിൽ ഓവർ പ്രൊജക്ടുകൾ ആയിരുന്നു. ഇതിൽ 134 എണ്ണം (57.02%) തൻവർഷത്തിലും നിർവ്വഹണം നടത്തിയിട്ടില്ല. സ്പിൽ ഓവർ പ്രൊജക്ടുകൾ നിർവ്വഹിക്കാതെ അവശേഷിപ്പിച്ചത് ക്രമപ്രകാരമല്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

3) 175 എണ്ണം സ്പിൽ ഓവർ പ്രൊജക്ടുകൾ നടപ്പിലാക്കേണ്ടിയിരുന്ന അസിസ്റ്റന്റ് എൻജിനീയർ ആകെ 77 എണ്ണം (44 %) സ്പിൽ ഓവർ പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിരിക്കുന്നത്. 56% സ്പിൽ ഓവർ പ്രൊജക്ടുകളും നടപ്പിലാക്കാത്തതിന് അസിസ്റ്റന്റ് എൻജിനിയർ വിശദീകരണം നൽകേണ്ടതാണ്.

4) സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് തൻവർഷം പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. ആയതിന് ഫിഷറീസ് സബ് ഇൻസ്പെക്ടറിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

5) ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ, വെറ്റിനറി ഡോക്ടർ, പ്രൊജക്ട് ഓഫീസർ, എസ്.സി.ഡി.ഒ, ഹെൽത്ത് ഓഫീസർ, മുനിസിപ്പൽ എൻജിനീയർ, അസിസ്റ്റന്റ് എൻജിനിയർ, ഫിഷറീസ് സബ് ഇൻസ്പെക്ടർ, ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണച്ചെലവ് നിരക്ക് 40 ശതമാനത്തിൽ താഴെയാണ്. ആയത് സംബന്ധിച്ച് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥരുടെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

6) ആകെ ചെലവ് 35.90% മാത്രമാണ്. പദ്ധതികൾക്കായി വകയിരുത്തിയ ഫണ്ടുകൾ യഥാസമയം ലഭ്യമാക്കി നിർവ്വഹണം നടത്തുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥരും ചെലവുമായി ബന്ധപ്പെട്ട നിരീക്ഷണം നടത്തുന്നതിലും പദ്ധതി നിർവ്വഹണം സംബന്ധിച്ച് റിവ്യൂ നടത്തി ചെലവ് ശതമാനം കൂട്ടുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല എന്ന് കാണുന്നു. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ, സ്റ്റാന്റിംഗ് കമ്മറ്റികൾ എന്നിവരിൽ നിന്ന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

7) ആകെ പദ്ധതി അടങ്കലിന്റെ വെറും 35.90 % തുക മാത്രമാണ് 2024-25 സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. വിശദാംശം താഴെ കൊടുക്കുന്നു.

പട്ടിക IV

ക്രനം	ഫണ്ട്	**അടങ്കൽ**	**ചെലവ്**	**ചെലവ് %**	**ചെലവഴിക്കാത്ത തുക**
1	വികസന ഫണ്ട് (G)	5,13,31,613	3,78,53,092	73.74	1,34,78,521
2	വികസന ഫണ്ട് (SCP)	1,45,52,145	13,96,454	9.59	1,31,55,691
3	വികസന ഫണ്ട് (TSP)	22,26,793	4,21,806	18.94	18,04,987
4	മെയ്ന്റനൻസ് ഗ്രാന്റ്, റോഡ്	1,29,26,182	23,55,351	18.22	1,05,70,831
5	മെയ്ന്റനൻസ് ഗ്രാന്റ്,നോൺ റോഡ്	4,34,98,923	2,92,90,210	67.33	1,42,08,713
6	സി എഫ് സി ഗ്രാന്റ്	6,48,53,668	97,57,207	15.04	5,50,96,461
7	കേന്ദ്ര ഫണ്ട്	2,57,55,408	37,81,206	9.73	2,19,74,202
8	സ്റ്റേറ്റ് ഫണ്ട്	13,95,837	0	0	13,95,837
9	തനത് ഫണ്ട്	2,27,51,472	32,24,711	14.17	1,95,26,761
	ആകെ	26,19,16,463	9,38,95,539	35.90	16,80,20,924

സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന പട്ടിക ജാതിക്കാർക്കുള്ള ഫണ്ട് പോലും വെറും 10 ശതമാനത്തിൽ താഴെയാണ് ചെലവഴിച്ചിട്ടുള്ളത്. മാത്രമല്ല, നഗരസഭാ പരിധിയിലെ റോഡുകൾ റിപ്പയർ ചെയ്യുന്നതിനുള്ള റോഡ് മെയ്ന്റനൻസ് ഗ്രാന്റ് 1,29,26,182 രൂപയിൽ വെറും 23,55,351 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇത് ഒട്ടും ആശാവഹമല്ല. പദ്ധതികൾക്കായി വകയിരുത്തിയ ഫണ്ട് പൂർണമായി

വിനിയോഗിക്കുവാനും പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുവാനും ഉചിതമായ നടപടി സ്വീകരിക്കാതിരുന്നതിന് അതാത് നിർവ്വഹണ ഉദ്യോഗസ്ഥരും അതാത് സ്റ്റാന്റിംഗ് കമ്മറ്റികളും വിശദീകരണം നൽകേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചുമതല നിറവേറ്റുന്നില്ല.

ഓഡിറ്റിന്റെ ഭാഗമായി നഗരസഭയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 2024-25 വർഷത്തെ യോഗ മിനുട്സ് പരിശോധിച്ചതിൽ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 22 (ഡി) പ്രകാരം പരാമർശിക്കപ്പെട്ട താഴെ പരാമർശിക്കുന്ന ചുമതലകൾ പാലിക്കാതെയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തിക്കുന്നത് എന്ന് വ്യക്തമായി.

ഓഡിറ്റ് പരിശോധനയിൽ വ്യക്തമായ അപാകതകൾ താഴെ നൽകുന്നു.

1. ബഡ്ജറ്റ് ഗ്രാന്റുകളുടെയും സർക്കാരിൽ നിന്ന് ലഭിക്കുന്ന ഗ്രാന്റുകളുടെയും ശരിയായ വിനിയോഗം പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.
2. മുനിസിപ്പൽ കൗൺസിലിന് കിട്ടേണ്ടതായ നികുതികളുടെയും ഫീസുകളുടെയും വാടകകളുടെയും മറ്റ് തുകകളുടെയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും നിരീക്ഷിക്കുകയോ നിർദ്ദേശം നൽകുകയോ ചെയ്തിട്ടില്ല.
3. 2023-24 വാർഷിക കണക്ക് പ്രകാരം നഗരസഭക്ക് വിവിധ ഇനങ്ങളിലായി കോടിക്കണക്കിന് രൂപ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഇക്കാര്യം പരിശോധിക്കുകയോ, ഈടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല.
4. നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും, നികുതികളിലും ഫീസുകളിലുമുണ്ടാകുന്ന ചോർച്ച കണ്ടുപിടിക്കുന്നതിനും പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ സംബന്ധിച്ച് ചർച്ച നടത്തുകയോ തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല.
5. മുനിസിപ്പാലിറ്റിയുടെ അക്കൗണ്ട് സൂക്ഷ്മ പരിശോധന നടത്തി ആസ്തി ബാധ്യതകൾ സംബന്ധിച്ച് വ്യക്തമായ വിവരം ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കുകയോ നഗരസഭയുടെ സാമ്പത്തിക നില സംബന്ധിച്ച് വ്യക്തമായ ചിത്രം തയ്യാറാക്കുകയോ ചെയ്തിട്ടില്ല.
6. വാർഷിക കണക്കുകൾ, വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ പരിശോധിക്കുന്നില്ല. നഗരസഭയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുതകുന്ന നിർദ്ദേശങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ല.
7. നികുതി ചുമത്തുന്നതിന് വിട്ടുപോയ കേസുകൾ, മൂല്യം കുറച്ച് നികുതി ചുമത്തിയ കേസുകൾ എന്നിവ കണ്ടെത്തുന്നതിനും, പരിഹരിക്കുന്നതിനും ഉചിതമായ നടപടികൾ നിർദ്ദേശിച്ചിട്ടില്ല.
8. നഗരസഭയുടെ ഓരോ ചെലവിനും ബജറ്റ് പ്രൊവിഷൻ ഉണ്ടോ എന്നത് പരിശോധിച്ചതായി കാണുന്നില്ല.
9. നഗരസഭയുടെ വാർഷിക പദ്ധതി പുരോഗതി വിലയിരുത്തി നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.

മിനുട്സ് പരിശോധിച്ചതിൽ നികുതികളിൽ ഇളവ് നൽകൽ (വേക്കൻസി റമിഷൻ, ഡിമോളിഷൻ), വിവിധ ചെലവുകൾ അംഗീകരിക്കൽ, നികുതി സംബന്ധമായ പരാതികൾ, അപ്പീലുകൾ പരിഗണിക്കൽ എന്നിവയിൽ മാത്രമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം പരിമിതപ്പെട്ടു എന്നാണ് വ്യക്തമാകുന്നത്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയമപരമായ ചുമതലകൾ നിറവേറ്റാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥരുടേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉൾപ്പെടെയുള്ള വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും ശ്രദ്ധക്കുറവും പദ്ധതികൾ നടപ്പിലാക്കുന്നത് യഥാസമയം അവലോകനം ചെയ്യുന്നതിലുള്ള വീഴ്ചയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിയമപരമായ ചുമതലകൾ നിറവേറ്റുന്നതിൽ ആവശ്യമായ ശ്രദ്ധ പതിപ്പിക്കാതിരുന്നതമാണ് മേൽ പ്രകാരം ഫണ്ട് നഷ്ടപ്പെടാൻ ഇടയായത്.

ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും, പ്രത്യേകിച്ചും മേൽ പട്ടിക III പ്രകാരം 50% ൽ കുറവ് പദ്ധതിപ്പണം ചെലവഴിച്ച നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉൾപ്പെടെയുള്ള വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 76 തീയതി 24.02.2026).

1-14 വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത- നഗരസഭയ്ക്ക് വസ്തുനികുതിയിനത്തിൽ നഷ്ടം

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22/03/2023-ലെ ജി.ഒ (എംഎസ്) 77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 31/03/2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട നിലവിലുള്ള കെട്ടിടങ്ങൾക്ക് തുടർവർഷങ്ങളിൽ 5% വർദ്ധനവും 01/04/2023 മുതലുള്ള പുതിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05/04/2023 ലെ സ.ഉ.(അച്ചടി) നം.26/2023/തസ്വഭവ ഉത്തരവ് പ്രകാരം വിവിധ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ പുതിയ നികുതി നിരക്കുകൾ കാസറഗോഡ് നഗരസഭ കൗൺസിലിന്റെ 13-11-2023 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അന്തിമമാക്കിയിട്ടുണ്ട്. അപ്രകാരം നഗരസഭയുടെ പരിധിയിലുള്ള വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന വിവിധ കെട്ടിട ഉപവിഭാഗങ്ങൾക്ക് നിശ്ചയിച്ച പുതിയ നികുതി നിരക്ക് ചുവടെ ചേർക്കുന്നു.

കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം	നികുതി നിരക്ക്/ ച.മീ (രൂപ)	ഒരു ചതുരശ്ര മീറ്ററിന് നിശ്ചയിച്ച നിരക്ക്/ ച.മീ (രൂപ) (2024-25 ൽ കൗൺസിൽ തീരുമാനപ്രകാരമുള്ളത്- 5% വർദ്ധനവ് ഉൾപ്പെടെ)
Commercial Buildings - Above 100 Sq.Mtr And Up To 500 Sq,Mtr	90.00	94.50
Commercial Buildings - Above 500 Sq.Mtr	100.00	115.50 **

** അപാകത 1 :

കൗൺസിൽ തീരുമാനപ്രകാരം 'Commercial Buildings - Above 500 Sq.Mtr' ഈ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ പുതിയ നികുതി നിരക്ക് ച.മീറ്ററിന് 100 രൂപയാണെങ്കിലും സെൻസ്മാർട്ടിൽ ആയത് 110 രൂപ/ച.മീ എന്ന് തെറ്റായി രേഖപ്പെടുത്തി.

2024-25 സാമ്പത്തിക വർഷത്തെ 18/285 A2, A3, A4 മുതലായ കെട്ടിങ്ങളുടെ വസ്തുനികുതി നിർണയവുമായി ബന്ധപ്പെട്ട് 25.02.2026 തീയതിയിൽ ഓഡിറ്റ് ടീം ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

അപാകത 2 :

കെട്ടിട ഉടമയുടെ/ സ്ഥാപനത്തിന്റെ പേര്	Pakyara Amoo Haji Mahamood (Rahmath Manzil,Udma, Udma, 671319)
പാർഷ്യൽ ഒക്യുപെൻസി സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ച തീയതി	19.10.2024
Plinth Area	6564.31 ച.മീ
ഒക്യുപെൻസി സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ച തീയതി	18.12.2025
Plinth Area	7,795.28 ച.മീ
Floor	Area
Ground Floor	1515.57 Sqm
First Floor	1539.36 Sqm
Second Floor	1567.20 Sqm
Third Floor Under Construction	1230.97 Sqm
Terrace	151.50 Sqm
Basement	1790.68 Sqm

Total	7795.28 Sqm

രണ്ട് ഘട്ടങ്ങളിലായാണ് കെട്ടിടത്തിന് നമ്പർ നൽകിയിട്ടുള്ളത് എന്ന് മേൽ പട്ടികയിൽ കാണാം.

2024-25 വർഷത്തെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് കെസ്മാർട്ട് പരിശോധിച്ചതിൽ ഈ കെട്ടിടവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു. (ആദ്യ ഘട്ടം- പാർഷ്യൽ ഒക്യുപെൻസി- ഏരിയ 6564.31 ച.മീ)

വാർഡ് നമ്പർ/ കെട്ടിട നമ്പർ	കെ സ്മാർട്ട്/ ഫോറം 6 പ്രകാരം ഉപയോഗ ക്രമം	ഈടാക്കിയ അടിസ്ഥാന വസ്തു നികുതി നിരക്ക്/ ച.മീ (2024-25)	ഈടാക്കേണ്ട നികുതി നിരക്ക് / ച.മീ (2024-25 ൽ കൌൺസിൽ തീരുമാനപ്രകാരമുള്ളത്- 5% വർദ്ധനവ് ഉൾപ്പെടെ)	ശരിയായ ഉപയോഗക്രമം
18/285 A2 മുതൽ A47 വരെ	Commercial Buildings - Above 100 Sq.Mtr And Up To 500 Sq,Mtr	90	94.50	Commercial Buildings - Above 500 Sq.Mtr
A48 മുതൽ A62 വരെ	Commercial Buildings - Above 500 Sq.Mtr	110	105	Commercial Buildings - Above 500 Sq.Mtr

കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ ഈ കെട്ടിടം വിവിധ ഷോപ്പുകളായി തിരിച്ചിട്ടുള്ളതായാണ് കാണിച്ചിരിക്കുന്നത്. എന്നാൽ കെട്ടിടം ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചതിൽ ഇത്തരം പാർട്ടീഷനുകൾ ഇല്ല എന്ന് ബോധ്യപ്പെട്ടു. നഗരസഭയിൽ കൂടിയ വിസ്തീർണമുള്ള കെട്ടിടത്തെ ചെറിയ ഭാഗങ്ങളായി തിരിച്ച് കുറഞ്ഞ നിരക്കിൽ നികുതി നിർണയിച്ചിരിക്കുകയാണെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. പ്രസ്തുത കെട്ടിടം Commercial Buildings - Above 500 Sq.Mtr എന്ന ശരിയായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു.

2024-25 സാമ്പത്തിക വർഷം നികുതി നിർണ്ണയത്തിലൂടെ നഗരസഭയ്ക്കുണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു.

Building No.	18/285 A2 To A47
Total Area	6564.31 Sqm
Zone	Primary
Road Type	5 Meter Or More
Roof Details	Higher Type - (Concrete) (100.0 %)
Floor Details	Good Quality (100.0 %)

Calculation	Commercial Buildings - Above 100 Sq.Mtr And Up To 500 Sq, Mtr (Rate- 90.00)	Commercial Buildings - Above 500 Sq.Mtr (Rate- 105.00)
Basic Property Tax Of The Building (Plinth Area X Unit Tax Rate)	6564.31 X 90 = 5,90,787.9 5,90,788 (Rounded)	6564.31 X 105 = 6,89,252.55 6,89,253 (Rounded)
Addition Based On The Road Facility (5 Meter Or Above = 20%, Other Type Roads = Nil)	118157.58 1,18,158 (Rounded)	137850.6 1,37,851 (Rounded)

Addition Based On The Centralized Air Conditioning Facility In The Building (If Air Conditioning Facility Is Available = 10%)	59,078.8 59,079 (Rounded)	68,925.3 68,926 (Rounded)
If The Multistoried Building Used For Commercial Purpose Or Office Purpose, Special Deduction Allowable In Annual Property Tax For Each Floor (A) First Floor = Deduction Of 5% (Property Tax Of First Floor) X 95 ÷100 (B) Second Floor = Deduction Of 10% (Property Tax Of Second Floor) X 90 ÷100	Nil	First Floor (FF) Area- 1,539.36 Sqm Base Tax- 161632.8 161633 (Rounded) Deduction- 5%= 8,081.65 8,082 (Rounded) Second Floor (SF)- 1,567.20 Sqm Base Tax- 1,64,556 Deduction- 10%= 16,456
Total	7,68,025	8,71,492
Library Cess	38401.25 38,402 (Rounded)	43574.6 43,575 (Rounded)
Total	7,29,623	9,15,067
Difference In Building Tax		1,03,467
Difference In Library Cess		5,173
Total		1,08,640

2024-25 സാമ്പത്തിക വർഷത്തിൽ ഈടാക്കേണ്ട നികുതി (പാർഷ്യൽ ഒക്യുപെൻസി സർട്ടിഫിക്കറ്റ്- 19.10.2024 അഥവാ ഈടാക്കേണ്ട തുക രണ്ടാം അർദ്ധവർഷത്തേത്) 54,321/- (51,734 BT + 2,587 LC) രൂപയും തുടർന്നുള്ള വർഷങ്ങളിൽ ഈടാക്കേണ്ട നികുതിയും പുനർനിർണ്ണയിച്ച് ഈടാക്കിയ അറിയിക്കേണ്ടതാണ്. മേൽ അപാകത കാരണം നഗരസഭയ്ക്ക് ഉണ്ടായ 54321/- രൂപയുടെ നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടങ്ങളും ചട്ടം 17 വസ്തുനികുതി നിർണ്ണയത്തിനു ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും വരുത്തുന്ന മാറ്റങ്ങളെ പറ്റി പ്രതിപാദിക്കുന്നു.-

(1) ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം, കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ, 4-ാം ചട്ടത്തിൽ പരാമർശിക്കുന്ന ഉപയോഗക്രമത്തിലോ, 6-ാം ചട്ടത്തിൽ പരാമർശിക്കുന്ന ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ, ഏതെങ്കിലും ഘടകത്തിന്റെ തരത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തുന്നതോ അല്ലെങ്കിൽ സ്വയം സംഭവിക്കുന്നതോ ആയ ഏതൊരു മാറ്റവും മുപ്പത് ദിവസത്തിനകം കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും അതോടൊപ്പം 11-ാം ചട്ടപ്രകാരമുള്ള ഒരു പുതുക്കിയ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്.

(2) (1)-ാം ഉപചട്ടപ്രകാരമുള്ള തന്റെ ബാധ്യത, കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ ആയിരം രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ്, ഏതാണ് കൂടുതൽ അത്, പിഴയായി ചുമത്താവുന്നതാണ്.

(3) (1)-ാം ഉപചട്ടപ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി അതത് അർദ്ധവർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും, അതിനനുസരിച്ച് വസ്തുനികുതി

നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതികൾ വരുത്തേണ്ടതും കെട്ടിട ഉടമയ്ക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണ്:

എന്നാൽ, കെട്ടിടത്തെ സംബന്ധിച്ച മാറ്റം ഒരു അർദ്ധവർഷം അവസാനിക്കുന്നതിന് രണ്ട് മാസത്തിനുള്ളിൽ സംഭവിച്ചിട്ടുള്ളതാണെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം അടുത്ത അർദ്ധവർഷാരംഭം മുതൽ പ്രാബല്യത്തിൽ വരുത്തിയാൽ മതിയാകുന്നതാണ്.

(4) കെട്ടിട ഉടമ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കാതിരിക്കുന്ന സംഗതിയിലും വാസ്തവവിരുദ്ധമോ തെറ്റിദ്ധരിപ്പിക്കപ്പെടുന്നതോ ആയ വിവരങ്ങൾ അടങ്ങിയ റിട്ടേൺ സമർപ്പിക്കുന്ന സംഗതിയിലും, സെക്രട്ടറി 12-ാം ചട്ടപ്രകാരമുള്ള നടപടിക്രമം പാലിച്ചുകൊണ്ട് കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണ്ണയിക്കണം.

മേൽ ചട്ടങ്ങൾ പാലിച്ച്കൊണ്ട് 2025-26 സാമ്പത്തിക വർഷത്തിൽ കണക്കാക്കിയിട്ടുള്ള മേൽ കെട്ടിടത്തിന്റെ (കെട്ടിട നം. A48 മുതൽ A62 വരെ) മൂന്നാം നിലയുടെ നികുതി പുനർനിർണയിക്കേണ്ടതും അധികമായി ഈടാക്കേണ്ട വസ്തുനികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്. കൂടാതെ നഗരസഭയിൽ സമാന രീതിയിൽ വിവിധ നമ്പറുകൾ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിർണയിച്ച കെട്ടിടങ്ങൾ കണ്ടെത്തി നികുതി പുനർനിർണയിച്ച് കുടിശ്ശിക തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-15 കെട്ടിട നമ്പർ ലഭിച്ചതിനു ശേഷം കെട്ടിടത്തിന്റെ ഘടനയ്ക്ക് മാറ്റം വരുത്തി.

2024-25 സാമ്പത്തിക വർഷത്തെ 18/285 A2, A3, A4 മുതലായ കെട്ടിങ്ങളുടെ വസ്തുനികുതി നിർണയവുമായി ബന്ധപ്പെട്ട് 25.02.2026 തീയതിയിൽ ഓഡിറ്റ് ടീം ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

കെട്ടിടവുമായി ബന്ധപ്പെട്ട വിവരങ്ങൾ (ഫയൽ പ്രകാരം)

കെട്ടിട ഉടമയുടെ/ സ്ഥാപനത്തിന്റെ പേര്/ മേൽ വിലാസം	MH Habitats PVT Ltd, Pakyara Amoo Haji Mahamood (Rahmath Manzil, Udma-671319)
വാർഡ് നമ്പർ/ കെട്ടിട നമ്പർ	18/285 A2 To A62
കെ സ്മാർട്ട് ഫയൽ നം	KL14023603718/2022 Dt. 03-01-2026, SC1BA(297905)/2023 Dt. 30-10-2024
വിസ്തീർണ്ണം (ച.മീ.) കംപ്ലീഷൻ പ്ലാൻ പ്രകാരം	
Floor	Area
Ground Floor	1515.57 Sqm
First Floor	1539.36 Sqm
Second Floor	1567.20 Sqm
Third Floor Under Construction Completed In 2025-26	1230.97 Sqm
Terrace	151.50 Sqm
Basement	1790.68 Sqm
Total	7795.28 Sqm

1. നഗരസഭയിൽ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് കെട്ടിട നമ്പറിംഗ്, വസ്തുനികുതി അസസ്സ്മെന്റ് എന്നിവ നടത്തിയ ശേഷം സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടു. നഗരസഭയിൽ സമർപ്പിച്ച വാണിജ്യ കെട്ടിടത്തിന്റെ പാർഷ്യൽ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണം താഴെ പട്ടികയിൽ ചേർക്കുന്നു.

ആകെ 6183.35 ഫ്ലോർ ഏരിയയ്ക്ക് ആവശ്യമായ Toilets താഴെ പട്ടികയിൽ ചേർക്കുന്നു.

WC/U	Required	Provided
WC (Gents)	27	28
WC (Ladies)	23	23
U For (Gents)	27	28

കെട്ടിടം പരിശോധിച്ചതിൽ കെട്ടിടത്തിൽ നിർബന്ധമായും നൽകിയിരിക്കേണ്ട WC, Urinals എന്നിവ പ്ലാൻ പ്രകാരം പൂർണ്ണമായും നൽകിയിട്ടില്ല. ഉദാ: ഗ്രൗണ്ട് ഫ്ലോർ കംപ്ലീഷൻ പ്ലാനിൽ കാണിച്ചിട്ടുള്ള WC (Gents And Ladies) 12 എണ്ണം, Urinals 3 എണ്ണം എന്നിങ്ങനെയാണ് എന്നാൽ ഗ്രൗണ്ട് ഫ്ലോർ പരിശോധിച്ചതിൽ WC 4, U 2 എന്നിങ്ങനെയാണ് പ്രൊവൈഡ് ചെയ്തിട്ടുള്ളത്. അപ്രകാരം ഫസ്റ്റ് ഫ്ലോറിൽ പ്ലാനിൽ കാണിച്ചിട്ടുള്ള 12 WC (Gents And Ladies), 3U എന്നിവയ്ക്ക് പകരം 4 WC മാത്രമാണ് പ്രൊവൈഡ് ചെയ്തിട്ടുള്ളത്.

19.10.2024ലെ അനുവദിച്ച Partial Occupancy സെർട്ടിഫിക്കറ്റിൽ 'നിലവിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള ടോയിലറ്റുകൾ യാതൊരു കാരണവശാലും പൊളിച്ചു നീക്കുകയോ തരം മാറ്റി ഉപയാഗിക്കുകയോ ചെയ്യരുത്.' എന്ന് നിബന്ധനയുണ്ട്. പ്രസ്തുത നിബന്ധന കെട്ടിയുടമ പാലിച്ചതായി കാണുന്നില്ല.

കെട്ടിടത്തിലെ ടോയിലെറ്റുകൾ പ്ലാനിൽ കാണിച്ച സ്ഥാനത്തല്ല നിർമ്മിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ പ്ലാൻ യഥാർത്ഥ നിർമ്മാണവുമായി പൊരുത്തപ്പെടണം. ആയതിനാൽ പ്ലാൻ റിവൈസ് ചെയ്ത് സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്.

കേരളത്തിലെ നഗരസഭകളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ആവശ്യമായ ശൗചാലയങ്ങളും (Water Closets) മൂത്രപ്പുരകളും (Urinals) നൽകാതിരുന്നാൽ സ്വീകരിക്കുന്ന നടപടികൾ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ (KMBR 2019), കേരള മുനിസിപ്പാലിറ്റി ആക്ട് 1994 എന്നിവയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്നവയാണ്:

1. ചട്ടം 34 (KMBR 2019): ഓരോ കെട്ടിടത്തിന്റെയും ഉപയോഗം (താമസം, കച്ചവടം, പൊതുസമ്മേളനം മുതലായവ) അനുസരിച്ച് എത്ര ശൗചാലയങ്ങൾ വേണമെന്ന് ഈ ചട്ടം നിഷ്കർഷിക്കുന്നു. നിശ്ചിത എണ്ണം ടോയ്‌ലറ്റുകൾ നൽകാത്തത് ചട്ടലംഘനമാണ്.

2. മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 322 എന്ന ഈ വകുപ്പ് പ്രകാരം, ഒരു കെട്ടിടത്തിൽ ആവശ്യത്തിന് ശൗചാലയങ്ങളില്ലെന്ന് ബോധ്യപ്പെട്ടാൽ അത് നിർമ്മിക്കാൻ ഉടമയോട് ആവശ്യപ്പെടാൻ സെക്രട്ടറിയ്ക്ക് അധികാരമുണ്ട്.

3. ചട്ടം 21 (KMBR 2019): കെട്ടിടം പൂർത്തിയായി ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിക്കഴിഞ്ഞാൽ, ആ കെട്ടിടം അനുവദിക്കപ്പെട്ട പ്ലാൻ പ്രകാരം തന്നെയാണോ ഉപയോഗിക്കുന്നത് എന്ന് പരിശോധിക്കാൻ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ ആദ്യ **(പോസ്റ്റ് ഒക്യുപെൻസി)** ഓഡിറ്റ് നടത്താൻ സെക്രട്ടറിക്ക് അധികാരമുണ്ട്.

4. ചട്ടം 89 & 90 (KMBR 2019): കെട്ടിടം നിലവിൽ ഉപയോഗത്തിലിരിക്കുന്നതാണെങ്കിൽ ചട്ട ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ ഉടമയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകേണ്ടതാണ്. ആവശ്യമായ ടോയ്‌ലറ്റുകൾ നിർമ്മിക്കണമെന്ന് ഇതിൽ വ്യക്തമാക്കേണ്ടതാണ്.

ചട്ടം ലംഘിക്കുന്നത് തുടർന്നാൽ, സെക്രട്ടറിക്ക് പിഴ ഈടാക്കാം.

നോട്ടീസ് ലഭിച്ചിട്ടും ഉടമ ശുചിമുറി നിർമ്മിച്ചില്ലെങ്കിൽ (കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 322 (3)) മുനിസിപ്പാലിറ്റിക്ക് നേരിട്ട് ആ കെട്ടിടത്തിൽ ശുചിമുറി നിർമ്മിക്കാൻ അധികാരമുണ്ട്. മുനിസിപ്പാലിറ്റി ഇതിനായി ചിലവാക്കുന്ന തുക പലിശ സഹിതം കെട്ടിട ഉടമയിൽ നിന്ന് ഈടാക്കാം. ഇത് നൽകാൻ തയ്യാറായില്ലെങ്കിൽ വസ്തു നികുതിയുടെ കുടിശ്ശിക എന്ന നിലയിൽ റവന്യൂ റിക്കവറി (Revenue Recovery) വഴി പണം പിടിച്ചെടുക്കാനും നിയമം അനുവദിക്കുന്നു.

വാണിജ്യ കെട്ടിടമാണെങ്കിൽ, ശുചിമുറികളുടെ കുറവോ മറ്റ് പ്ലാൻ ലംഘനങ്ങളോ ഉണ്ടെങ്കിൽ അവിടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വ്യാപാര ലൈസൻസ് (Trade License) റദ്ദാക്കാൻ സെക്രട്ടറിക്ക് കഴിയും.

മേൽ കെട്ടിടവുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (82/2024-25തീയതി- 26.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടം സ്ഥലപരിശോധന നടത്തി മേൽ നിർദ്ദേശങ്ങൾ പാലിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-16 ചട്ടങ്ങൾ പാലിക്കാതെ വേക്കൻസി റെമിഷൻ അനുവദിച്ചു.

നഗരസഭയുടെ 07.02.2025ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം 1 (അജണ്ട 4) പ്രകാരം "കാസറഗോഡ് നഗരസഭയുടെ മുൻവർഷങ്ങളിലെ ഭീമമായ വസ്തുനികുതി കുടിശിക പരിശോധന നടത്തിയതിലും ഡിമാൻഡ് കാലികമായി മാറ്റുന്നതിന്റെ ഭാഗമായി ഡിമാൻഡ് നോട്ടീസ് എല്ലാ വാർഡുകളിലും വിതരണം ചെയ്ത സാഹചര്യത്തിലും ഇതുവരെ ലഭിച്ച പരാതി/ അപേക്ഷകൾ പ്രകാരം 2011 -12 മുതലുള്ള VR (വേക്കൻസി റെമിഷൻ) അപേക്ഷകൾ യഥാസമയം തീർപ്പാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ആയത് പ്രകാരം ലഭിക്കുന്ന അപേക്ഷകൾ സൂചികയുമായി ഒത്തുനോക്കി അപേക്ഷയുടെ ആധികാരികത ഉറപ്പുവരുത്തിയതിനു ശേഷം, നഗരസഭയിൽ നാളിതുവരെ ലഭിച്ച VR അപേക്ഷകൾ മുഴുവൻ അന്വേഷണ റിപ്പോർട്ട് ഇല്ലാതെ ഡാറ്റ എൻട്രി ചെയ്തു തീർപ്പാക്കാനുള്ള ബഹുമാനപ്പെട്ട നഗരസഭാ ചെയർമാന്റെ 20/03/24 തീയതി കമ്മിറ്റിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരവും, അപേക്ഷകർക്ക് ചട്ടപ്രകാരം ലഭിക്കേണ്ടിയിരുന്ന നികുതി ഇളവ് (VR) ചെയ്തുതീർത്തത് ലിസ്റ്റ് തയ്യാറാക്കി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ലിസ്റ്റ് പ്രകാരമുള്ള കെട്ടിടങ്ങൾക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വസ്തു നികുതി ഇളവു നൽകുന്നതിന് അംഗീകാരം നൽകി തീരുമാനിച്ചു." ഈ തീരുമാനപ്രകാരം വേക്കൻസി റെമിഷൻ ഇനത്തിൽ 373 കെട്ടിടങ്ങൾക്കായി ആകെ 8,46,053/-രൂപ ഇളവ് ചെയ്തു നൽകിയിട്ടുണ്ട്.

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ 21ാം ചട്ടം, ഒഴിവായി കിടക്കുന്ന കെട്ടിടത്തിന് നികുതി ഇളവ് ചെയ്തു കൊടുക്കുന്നതിനെ പറ്റി പ്രതിപാദിക്കുന്നു. പ്രസ്തുത ചട്ടത്തിലെ (1)ാം ഉപചട്ട പ്രകാരം (1) ഏതെങ്കിലും കെട്ടിടം ഒരു അർദ്ധവർഷത്തിൽ 4-ാം ചട്ടത്തിൽ പരാമർശിക്കുന്ന ഒരാവശ്യത്തിനും ഉപയോഗിക്കപ്പെടാതെ തുടർച്ചയായി ഒഴിഞ്ഞുകിടന്നിട്ടുണ്ടെങ്കിൽ, ആവശ്യമായ അന്വേഷണം

നടത്തി ബോദ്ധ്യപ്പെട്ടശേഷം മാത്രമാണ് ആ അർദ്ധവർഷത്തേക്കുള്ള വസ്തുനികുതി 239-ാം വകുപ്പുപ്രകാരം സെക്രട്ടറിക്ക് ഇളവ് ചെയ്തു കൊടുക്കാവുന്നത് എന്ന് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ

ഉപചട്ടം (2) (എ) കെട്ടിട ഉടമയോ, അയാളുടെ ഏജന്റോ,-

(I) ആ കെട്ടിടം ഒഴിഞ്ഞുകിടക്കുകയാണെന്നോ; അല്ലെങ്കിൽ

(Ii) ആ കെട്ടിടം ഏത് തീയതി മുതൽ ഒഴിഞ്ഞുകിടക്കുമെന്നോ ഉള്ളതിലേക്ക് സെക്രട്ടറിക്ക് നോട്ടീസ് കൊടുത്തിട്ടില്ലായെങ്കിൽ, (1)-ാം ഉപചട്ടപ്രകാരം സെക്രട്ടറി നികുതി ഇളവ് ചെയ്തു കൊടുക്കുവാൻ പാടില്ലാത്തതാകുന്നു.

(ബി) മുകളിൽ പരാമർശിച്ചിട്ടുള്ള (എ) ഖണ്ഡപ്രകാരമുള്ള ഏതൊരു നോട്ടീസിന്റെയും കാലാവധി അത്, ഏത് അർദ്ധവർഷത്തെ സംബന്ധിച്ചാണോ നൽകുന്നത്, ആ അർദ്ധവർഷത്തോടു കൂടി അവസാനിക്കുന്നതും അതിനുശേഷം അതിന് യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതും ആകുന്നു.

മേൽപ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാതെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 373 കെട്ടിടങ്ങൾക്കായി ആകെ 8,46,053/-രൂപ ഇളവ് ചെയ്തു നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ വേക്കൻസി റെമിഷൻ അപേക്ഷകൾ യഥാസമയം അന്വേഷണം നടത്തി റിപ്പോർട്ട് നൽകാത്ത റെവന്യൂ ഉദ്യോഗസ്ഥരിൽ നിന്നും ഈ കൃത്യവിലോപത്തിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 71/2025 തീയതി. 24.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-17 അനധികൃത നിർമ്മാണം- നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച്ച.

1. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 406 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട 147 കെട്ടിടങ്ങളാണ് കെ-സ്മാർട്ട് രേഖകൾ പ്രകാരം കാസറഗോഡ് നഗരസഭയിൽ ഉള്ളത്. ടി കെട്ടിങ്ങൾക്ക് നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഡിമാന്റ് ചെയ്തതായി കാണുന്നുണ്ട്. എന്നാൽ ഈ കെട്ടിടങ്ങളിൽ നിന്നും തുക ഈടാക്കുക എന്നതിലുപരി വകുപ്പ് 406 പ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

2. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 19 പ്രകാരമുള്ള നടപടികളും സ്വീകരിക്കുന്നില്ല.

നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട പല കെട്ടിടങ്ങളും വലിയ തുക കുടിശ്ശിക വരുത്തിയതായി കാണുന്നുണ്ട്. ഏതാനും ഉദാഹരണം ചുവടെ നൽകുന്നു;

ക്രമ നം.	കെട്ടിട നം	കുടിശ്ശിക തുക	കുടിശ്ശിക കാലയളവ്
1	36/4/PUC/2019	19,692 രൂപ	2009 - രണ്ടാം അർദ്ധവർഷം മുതൽ 2025 - ആദ്യ അർദ്ധവർഷം വരെ
2	11/82/PUC	36,463 രൂപ	2010 - ആദ്യ അർദ്ധവർഷം മുതൽ 2025 - ആദ്യ അർദ്ധവർഷം വരെ
3	13/262 / P/UAC/17	19,803 രൂപ	2017 രണ്ടാം അർദ്ധവർഷം മുതൽ 2025 ആദ്യ അർദ്ധവർഷം വരെ
4	22/81/UAC/18-19	20,473 രൂപ	2018 രണ്ടാം അർദ്ധവർഷം മുതൽ 2025 ആദ്യ അർദ്ധവർഷം വരെ

ഡിമാന്റ് നോട്ടീസ് കൈപ്പറ്റിയ ശേഷം കെട്ടിട ഉടമ പ്രസ്തുത നോട്ടീസിൽ വ്യക്തമാക്കിയ സമയപരിധിക്കുള്ളിൽ വസ്തുനികുതി മുനിസിപ്പാലിറ്റിയിൽ അടയ്ക്കാത്ത പക്ഷം നികുതി ഈടാക്കുന്നതിനു സെക്രട്ടറി ജപ്തി, പ്രോസിക്യൂഷൻ, വ്യവഹാരം എന്നീ നിയമാനുസൃത നടപടികൾ സ്വീകരിക്കണമെന്നാണ് ചട്ടം 19 ൽ നിർദ്ദേശിച്ചിരിക്കുന്നത്. മേൽ കെട്ടിടങ്ങൾ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടവയായിട്ടും നികുതി ഒടുക്കാതിരുന്നിട്ടും ചട്ടം 19 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

3. നമ്പർ നൽകുന്നതിൽ ഏകരൂപമില്ല.

നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 380-ാം വകുപ്പിൽ അനുശാസിക്കുന്ന പ്രകാരമുള്ള കെട്ടിട നമ്പർ നൽകുവാൻ പാടില്ലാത്തതും അവയ്ക്ക് നിർണ്ണയിക്കപ്പെട്ട പ്രകാരം നമ്പർ നൽകേണ്ടതുമാണ് എന്ന വകുപ്പ് 242 ഉപവകുപ്പ് 3 ലും, പ്രസ്തുത കെട്ടിടത്തിന് അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന "യു.എ." എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നമ്പർ നൽകേണ്ടതാണ് എന്ന് ചട്ടം 20 ഉപചട്ടം 2 ലും നിർദ്ദേശിക്കുന്നുണ്ട്.
എന്നാൽ കാസറഗോഡ് നഗരസഭയിൽ, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട പല കെട്ടിടത്തിനും ചട്ടത്തിൽ നിർദ്ദേശിച്ച രൂപത്തിൽ നമ്പർ നൽകിയിട്ടില്ല.

പല കെട്ടിടങ്ങൾക്കും വർഷം ചേർത്തതായി കാണുന്നില്ല. ചില കെട്ടിടങ്ങൾക്ക് വർഷം ചേർത്തിട്ടുണ്ടെങ്കിലും യു എ എന്നതിനു പകരം യു എ സി, പി യു എ സി, പി യു സി എന്നിങ്ങനെയെല്ലാം ചേർത്തതായി കാണുന്നത്. (ഉദാ:- 36/5/A/Puc, 36/7/A(PUAC), 12/296/P/UAC)

4. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമല്ല.
നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ കച്ചവടത്തിനായോ, വ്യാപാരത്തിനായോ, വ്യവസായ ആവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകുവാൻ പാടില്ലാത്തതും അപ്രകാരം മുനിസിപ്പാലിറ്റി എന്തെങ്കിലും അനുമതിയോ ലൈസൻസോ നൽകിയിട്ടുണ്ടെങ്കിൽ കെട്ടിട ഉടമയ്ക്കും ലൈസൻസിക്കും നോട്ടീസ് നല്കി അത് പുനഃപരിശോധിക്കേണ്ടതും റദ്ദ് ചെയ്യേണ്ടതുമാണ് എന്ന വകുപ്പ് 242 (5) ലും ഇത്തരം കെട്ടിടങ്ങൾ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനു മുനിസിപ്പാലിറ്റി അനുമതി നൽകരുത് എന്ന് ചട്ടം 20 (4) ലും നിർദ്ദേശിക്കുന്നുണ്ട്. കാസറഗോഡ് നഗരസഭയിൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ കാര്യത്തിൽ മേൽവ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചും അത്തരം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങളും ഹാജരാക്കേണ്ടതാണ്.

മേൽ പരാമർശിച്ച 4 അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകളും വിശദീകരണങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ- 63/2024-25 തീയതി- 17.02.2026ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, അനധികൃത നിർമ്മാണം തടയുന്നതിന് നഗരസഭ കൈക്കൊണ്ട നടപടികൾ അറിയിക്കേണ്ടതുമാണ്.

1-18 പെർമിറ്റ്- തുടർനടപടികൾ അറിയിക്കേണ്ടതാണ്.

2019ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ, ചട്ടം 92 പ്രകാരം അംഗീകൃത പ്ലാൻ ഇല്ലാത്ത, പെർമിറ്റ് ഇല്ലാത്ത, പ്ലാൻ വ്യതിചലിച്ചിട്ടുള്ള ഏതു തരം നിർമ്മാണവും (നടന്നു കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ) ഭൂവികസനവും കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ ലംഘിക്കാത്തതാണെങ്കിൽ സെക്രട്ടറിയ്ക്ക് ക്രമവൽക്കരിച്ച് നൽകാവുന്നതാണ്. നിയമാനുസൃതമായ പെർമിറ്റ് എടുക്കാതെ നിർമ്മാണം നടന്നുവരുന്ന കെട്ടിട നിർമ്മാണത്തിൽ പൂർത്തീകരിച്ച കെട്ടിട ഭാഗത്തിന് കോമ്പൗണ്ടിംഗ് ഫീ ഈടാക്കിയും പൂർത്തീകരിക്കാനുള്ള ഭാഗത്തിന് പെർമിറ്റ് ഫീ ഈടാക്കിയും പെർമിറ്റ് അനുവദിക്കാവുന്നതാണ്. കൂട്ടിച്ചേർക്കൽ വരുത്തിയാൽ ആ ഏരിയ മാത്രം കണക്കാക്കി രാജിയാക്കൽ ഫീസ് ഈടാക്കേണ്ടതാണ്. അനധികൃതനിർമ്മാണം ക്രമവത്കരിച്ചുകൊണ്ടോ നിരസിച്ചുകൊണ്ടോ ഉള്ള അറിയിപ്പ് അടവാക്കേണ്ട രാജിയാക്കൽ ഫീസിന്റെ വിവരം സഹിതം സെക്രട്ടറി അപേക്ഷകനെ അറിയിക്കേണ്ടതാണ്. നിർമ്മാണം പൂർത്തീകരിച്ച ക്രമവത്കരിക്കാത്ത കെട്ടിടങ്ങൾക്ക് UA നമ്പർ അനുവദിച്ച് വസ്തുനികുതി ഈടാക്കാവുന്നതും ചട്ടം 96 പ്രകാരം ക്രമവൽക്കരണം നിരസിക്കുന്ന ഉത്തരവിലുള്ള കെട്ടിടമോ, നിർമ്മാണമോ അതിന്റെ ഭാഗമോ പൊളിച്ചു കളയുന്നതിന് തയ്യാറാവാതെയിരിക്കുമ്പോഴോ രാജിയാക്കൽ ഫീ സമയപരിധിയ്ക്കുള്ളിൽ അടയ്ക്കാതിരിക്കുമ്പോഴോ ഉത്തരവിലെ നിബന്ധന പാലിക്കാതിരിക്കുമ്പോഴോ സെക്രട്ടറിയ്ക്ക് അനധികൃത കെട്ടിട ഭാഗം പൊളിച്ചുകളയുന്നതിനും ആയതിന്റെ ചെലവുകൾ വസ്തു നികുതി കുടിശ്ശിക എന്ന പോലെ ഉടമസ്ഥനിൽ നിന്നും വസൂലാക്കുന്നതിനും നിർദ്ദേശിക്കാവുന്നതാണ്.

പെർമിറ്റുമായി ബന്ധപ്പെട്ട് കെസ്മാർട്ടിൽ പരിശോധന നടത്തിയതിൽ ഫയൽ നമ്പർ **2773103-2024** (Rejected) തീയതി 12-12-2024 പരിശോധിച്ചതിൽ താഴെ പറയുന്ന ന്യൂനത കാണുന്നു. ശ്രീമതി ആയിഷത്ത് നസീമ തന്റെ കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ റീ-സർവേ നമ്പർ 93/20A (ബ്ലോക്ക് 61)-ൽ സ്ഥിതി ചെയ്യുന്ന തന്റെ കെട്ടിടത്തിന്റെ നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി 12-12-2024ന് സമർപ്പിച്ചിട്ടുണ്ട്. കെ-സ്മാർട്ടിലുള്ള കരട്

ഉത്തരവിൽ റീ-സർവേ നമ്പർ 93/20Aൽ വിവിധ 3 കെട്ടിടങ്ങളാണുള്ളത്. നിലവിലുള്ള ആകെ നിർമ്മാണ വിസ്തീർണ്ണം (Existing Built-Up Area): 609.56 ച.മീ-ും നിലവിലുള്ള ഫ്ലോർ ഏരിയ (Total Floor Area): 424.82 ച.മീറ്ററും ആകുന്നു. ഇതിൽ ബ്ലോക്ക് ഒന്നിലെ ഗ്രൗണ്ട് ഫ്ലോറിൽ ഉൾപ്പെടുന്ന 52.39ച.മീ വിസ്തീർണ്ണമുള്ള റെസിഡൻഷ്യൽ ഭാഗമാണ് ക്രമവൽക്കരിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ക്രമവൽക്കരണത്തിനുള്ള അപേക്ഷ ലഭിച്ച്, സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ചെയ്യുന്നതിന് ഫയൽ 12/12/2024ന് ഓവർസിയർക്ക് കൈമാറുകയിട്ടുണ്ട്. തുടർന്ന് 28/12/2024ന് തന്നെ സ്ഥലപരിശോധന നടത്തി 'KMBR ചട്ടം 26(5) പ്രകാരം രണ്ട് കെട്ടിടങ്ങൾ തമ്മിലുള്ള മിനിമം അകലം പാലിക്കുന്നില്ല' എന്ന് ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെട്ടിടങ്ങൾ തമ്മിൽ പാലിക്കേണ്ട നിശ്ചിത ദൂരം നിലനിർത്തിയിട്ടില്ലെങ്കിൽ അത് നിയമതടസ്സത്തിന് കാരണമാകുന്നതാണ്. 28/12/2024 ന് ശേഷം നാളിതുവരെ ഈ വിഷയവുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന് വശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വറിക്ക് (എൻക്വയറി നമ്പർ- 64/2024-25തീയതി- 17.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-19 വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തെ അടിസ്ഥാനമാക്കി 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം 3(1) പ്രകാരമുള്ള നിരക്കിലാണ് തൊഴിൽ നികുതി (എംപ്ലോയീസ്) നിർണ്ണയിക്കേണ്ടത്. നഗരസഭ പരിധിയിലുള്ള സ്ഥാപനങ്ങളിലെ താഴെ പറയുന്ന ജീവനക്കാരിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തിൽ അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)2024-2025 ഒന്നാം അർദ്ധവർഷത്തെ (2024- ഏപ്രിൽ - സെപ്റ്റംബർ) വിവരങ്ങൾ

ക്രമ നമ്പർ	ജീവനക്കാരന്റെ പേര്	സ്ഥാപനത്തിന്റെ പേര്	അർദ്ധ വർഷം	പത്രിക പ്രകാരം അർദ്ധവാർഷിക വരുമാനം (രൂ.)	ഈടാക്കിയ നികുതി (രൂ.)	ഈടാക്കേണ്ടിയിരുന്ന നികുതി (രൂ.)	കുറവ് (രൂ.)
1.	മുഹമ്മദ് കുഞ്ഞി ടി.വി	ഭീമ ജ്വല്ലേഴ്സ് & ഡയമണ്ട്സ്	1st	69948	250	600	350
2.	സരുൺ.എസ്		1st	57842	375	450	75
3.	ഗിരീഷ്.എം	നമൻസ് ഓട്ടോമൊബൈൽ ലിമിറ്റഡ്	1st	84000	600	750	150
4.	അബ്ദുൾ ഷഹദാഫ്	സിറ്റി ഗോൾഡ് ഫാഷൻ ജ്വല്ലറി	1st	156000	1000	1250	250
ആകെ							**825**

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.06.2024 ലെ ജി.ഒ(ആർ.ടി) 1149/2024 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 2024-25 രണ്ടാം അർദ്ധവർഷം പ്രാബല്യത്തിൽ തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ചിട്ടുണ്ട്. രണ്ടാം അർദ്ധവർഷം ആരംഭിക്കുന്ന 01.10.2024 മുതൽ പ്രാബല്യമുള്ള പരിഷ്കരിച്ച നിരക്കുകൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	അർദ്ധവാർഷിക വരുമാന പരിധി	നിലവിലെ നിരക്ക്	പുതുക്കിയ നിരക്ക്
1	11999 വരെ	NIL	NIL
2	12000 മുതൽ 17999 വരെ	120	320
3	18000 മുതൽ 29999 വരെ	180	450

4	30000 മുതൽ 44999 വരെ	300	600
5	45000 മുതൽ 99999 വരെ	450/600/750	750
6	100000 മുതൽ 124999 വരെ	1000	1000
7	125000 മുതൽ	1250	1250

2)2024-25 രണ്ടാം അർദ്ധവർഷത്തിലെ (2024 ഒക്ടോബർ - 2025 മാർച്ച്) വിവരങ്ങൾ

ക്രമ നമ്പർ	ജീവനക്കാരന്റെ പേര്	സ്ഥാപനത്തിന്റെ പേര്	അർദ്ധ വർഷം	പത്രിക പ്രകാരം അർദ്ധവാർഷിക വരുമാനം (രൂ.)	ഈടാക്കിയ നികുതി (രൂ.)	ഈടാക്കേണ്ടിയിരുന്ന നികുതി (രൂ.)	കുറവ് (രൂ.)
1.	അഭിറാം കെ.ടി.കെ	മലബാർ ഗോൾഡ് & ഡയമണ്ട്സ്	2nd	74725	600	750	150
2.	നിസാം.കെ.എൽ		2nd	69658	600	750	150
3.	സുകന്യ.കെ	ജില്ല ടി.ബി സെന്റർ, കാസറഗോഡ്	2nd	68000	600	750	150
4.	പൂർണിമ.ബി	Ahalia Finforex Limited	2nd	132000	1000	1250	250
5.	രമ്യ	ശുഭ എന്റർപ്രൈസസ്	2nd	63000	600	750	150
6.	സൗമ്യ.ഡി	United Medical Center, Kasaragod	2nd	22151	180	450	270
7.	സബീന.എസ്	മത്സ്യഭവൻ, കാസറഗോഡ്	2nd	60000	600	750	150
8.	സുജാത	Venus Womens Clinic & IVF Centre	2nd	60000	600	750	150
9.	തസ്രിയ		2nd	72000	600	750	150
10.	മുബീന		2nd	60000	600	750	150
11.	വിനീത		2nd	60000	600	750	150
12.	ഗൗരി	Fiana Corporation	2nd	60000	600	750	150
13.	അഭിലാഷ്	Maharaja Textile Super Market	2nd	74460	600	750	150
14.	അനീഷ്		2nd	59900	450	750	300
15.	ലോകേഷ്		2nd	59900	450	750	300
16.	നിഷാദ്		2nd	59800	450	750	300
17.	പുനിത്ത്		2nd	59700	450	750	300
18.	മനരാജ്		2nd	59700	450	750	300
19.	അനിത		2nd	59700	450	750	300

20.	ബിന്ദു		2nd	59700	450	750	300
21.	പാർവതി.എ		2nd	59700	450	750	300
22.	റീന		2nd	59700	450	750	300
23.	ശോഭ		2nd	59700	450	750	300
24.	ശ്രീലത		2nd	59700	450	750	300
25.	മാധവി		2nd	59700	450	750	300
26.	ഉദയ കുമാരി		2nd	59700	450	750	300
27.	സുഹറ		2nd	59700	450	750	300
28.	ബിന്ദു.കെ.ജി		2nd	59700	450	750	300
29.	ചന്ദ്ര		2nd	59700	450	750	300
30.	അൻസൽ ഹമീദ്		2nd	49750	450	750	300
31.	ഡാനിഷ് അബ്ദുൾ സമദ്		2nd	49750	450	750	300
32.	നിഷ.കെ	ഗവ.കോളേജ്, കാസറഗോഡ്	2nd	70000	600	750	150
33.	ആയിഷത്ത് ഹസീന.എം		2nd	31500	450	600	150
34.	വേണു.എം	Sri Krishna Hardware	2nd	60000	600	750	150
35.	സുരേഷ്.എ		2nd	60000	600	750	150
36.	ജീവന്ദ റായ്		2nd	60000	600	750	150
37.	ഉമേഷ്.കെ		2nd	60000	600	750	150
38.	സത്യപാൽ.പി		2nd	60000	600	750	150
39.	ശ്രീധർ.എൻ.ആർ		2nd	60000	600	750	150
40.	ഹരീഷ.എ		2nd	60000	600	750	150
41.	രവിചന്ദ്ര.ബി		2nd	60000	600	750	150
42.	പ്രജിത്ത്		2nd	60000	600	750	150
43.	സുകേഷ്.പി		2nd	60000	600	750	150
44.	ലോകേഷ്.കെ		2nd	54000	450	750	300
45.	സതീഷ്.ആർ		2nd	54000	450	750	300
46.	സുധീഷ്.സി		2nd	54000	450	750	300
47.	സുജിത്ത്.സ്		2nd	54000	450	750	300
48.	ബാലകൃഷ്ണ		2nd	54000	450	750	300
49.	പവൻ കുമാർ		2nd	60000	600	750	150
50.	ഹരീഷ്		2nd	60000	600	750	150
51.	ധനിക	The CAMPCO Ltd.	2nd	64170	600	750	150

52.	ആശ മോൾ.വി.ആർ	Geojit Financial Services Ltd	2nd	68534	600	750	150
53.	മാത്യൂ.പി.വി		2nd	17624	180	320	140
54.	മുഹമ്മദ് ഫയാദ്	ഗവ. ജനറൽ ആശുപത്രി(HDS Staff)	2nd	60200	600	750	150
55.	മുഹമ്മദ് ജാബിർ.ബി.എ		2nd	62300	600	750	150
56.	ദേവയാനി ചന്ദ്രൻ		2nd	60200	600	750	150
57.	ശ്രീജ.കെ	The Kasaragod Co-Op. Marketing & Processing Society Ltd.	2nd	132762	1000	1250	250
58.	ഹേമവതി.കെ	KPB Nidhi Limited	2nd	45000	600	750	150
ആകെ							12460

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്ന 13,285/- രൂപ (825+12460) ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ വരവ് വെയ്ക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ. 35/2024-25 തീയതി. 17.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-20 തൊഴിൽ നികുതി അടവാക്കുന്നതിൽ കാലതാമസം വരുത്തിയ നികുതിദായകരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

സർക്കാരിന്റെ 28.03.2023 തീയതിയിലെ നമ്പർ 15(2)/ലെഗ്.എ2/2023/നിയമം ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ കേരള മുനിസിപ്പാലിറ്റി ആക്ട് 538-ാം വകുപ്പിലെ 2-ാം ഉപവകുപ്പിൽ വരുത്തിയ ഭേദഗതി പ്രകാരം കേരള മുനിസിപ്പാലിറ്റി ആക്ടിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ബൈലോകളിലെയോ വ്യവസ്ഥകൾക്കു കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്ത പക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള പിഴ ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരു അർദ്ധവർഷത്തിൽ തീർച്ചും നൽകേണ്ടതുമായ ഏതെങ്കിലും തുക അതേ അർദ്ധവർഷത്തിൽ നൽകുന്ന പക്ഷം പിഴ ഈടാക്കേണ്ടതില്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 24.08.2000ലെ 514571/എൻ1/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തൊഴിൽ നികുതി യഥാസമയം അടവാക്കിയിട്ടില്ലെങ്കിൽ ഒന്നാം അർദ്ധ വർഷത്തെ പിഴ പലിശ നൽകേണ്ടി വരുന്ന തീയതി സെപ്റ്റംബർ ഒന്ന് മുതലും രണ്ടാം അർദ്ധ വർഷത്തേത് മാർച്ച് ഒന്ന് മുതലുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കാസറഗോഡ് നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ നൽകേണ്ട തുക അതാത് അർദ്ധവർഷങ്ങളിൽ തന്നെ നൽകാതിരുന്നതിന് 2 ശതമാനം പ്രതിമാസ നിരക്കിലുള്ള പിഴ ഈടാക്കിയിട്ടില്ലായെന്ന് പരിശോധനയ്ക്ക് ലഭ്യമാക്കിയ രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു. വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	തൊഴിൽ നികുതി	അർദ്ധവർഷം	ഈടാക്കിയ പിഴ	രസീത് നമ്പർ	ഈടാക്കേണ്ട പിഴ	കുറവ്
1.	Uco Bank	6250	1st Half	-	R-M140200-24018701/ 29.11.2024	375	375
2.	Uco Bank	1250	1st Half	-	R-M140200-24018700/ 29.11.2024	75	75

3.	South Indian Bank	1250	2nd Half(2023-24)	-	R-M140200-24007186/ 03.07.2024	125	125
4.	South Indian Bank	15000	2nd Half(2023-24)	-	R-M140200-24007180/ 03.07.2024	1500	1500
5.	South Indian Bank	15000	1st Half	-	R-M140200-24025480/ 29.01.2025	1500	1500
6.	The Malayala Manorama Co Pvt Ltd, Kasaragod	7500	1st Half	-	R-M140200-24016579/ 18.10.2024	300	300
7.	Janardhan Hospital	11250	1st	338	R-M140200-24018851/ 02.12.2024	675	337
8.	Canara Bank	13750	2nd (2023-24)	-	R-M140200-24005371/ 07.06.2024	1100	1100
9.	Canara Bank	1250	2nd (2023-24)	-	R-M140200-24005371/ 07.06.2024	100	100
10.	The New India Assurance Co Ltd	5000	2nd (2023-24)	-	R-M140200-24003356/ 16.05.2025	300	300
11.	The New India Assurance Co Ltd	3750	1st	-	R-M140200-24016946/ 25.10.2025	150	150
12.	IDBI Bank, Kasaragod	7500	1st	-	R-M140200-24024103/ 14.01.2025	750	750
13.	IDBI Bank, Kasaragod	7500	2nd	-	R-M140200-25003666 /20.05.2025	450	450
14.	Aiwa Silks	11250	2nd	-	R-M140200-25005310/ 18.06.2025	900	900
ആകെ							**7962**

2024-25 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി വൈകി അടവാക്കിയതിന് കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കിയതിന് /ഈടാക്കാത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ പട്ടിക പ്രകാരം ഈടാക്കേണ്ട പിഴ 7962 രൂപ ഈടാക്കി അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 37/2024-25, തീയതി:17.01.2026).

1-21 തൊഴിൽ നികുതി പിരിവ് അപാകങ്ങൾ

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 245 പ്രകാരം നഗരസഭ പരിധിയിൽ 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്ത വ്യക്തികളിൽ നിന്ന് അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ വകുപ്പിന്റെയും 2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ നഗരസഭയിൽ തൊഴിൽ നികുതി റിട്ടേണുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ജീവനക്കാരുടെയും വ്യാപാരികളുടെയും സ്ഥാപനങ്ങളുടെയും സമഗ്രമായ ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല.

തൊഴിൽ നികുതി അടവാക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങൾ, വ്യാപാരികൾ, ജീവനക്കാർ എന്നിവരുടെ സമഗ്രമായ ഡാറ്റാ ബേസ് തയ്യാറാക്കലാണ് തൊഴിൽ നികുതി നിർണ്ണയം, ഡിമാന്റ്, കാര്യക്ഷമമായ നികുതി ചുമത്തൽ എന്നീ നടപടിക്രമങ്ങളുടെ ആദ്യപടി. നഗരസഭയുടെ പരിധിയിൽ തൊഴിൽ നികുതി ചുമത്തേണ്ട എല്ലാ സ്ഥാപനങ്ങളുടെയും വ്യാപാരികളുടെയും ജീവനക്കാരുടെയും കണക്കെടുപ്പ് നടത്തുന്നത് അവയുടെ സമഗ്രമായ ഡാറ്റാ ബേസ് തയ്യാറാക്കുന്നതിന് സഹായകമാകും. നിയമപരമായി ഉൾപ്പെടുത്താവുന്ന എല്ലാ സ്ഥാപനങ്ങളെയും വ്യാപാരികളെയും ജീവനക്കാരെയും ചേർത്ത് മാറ്റങ്ങൾ ഉള്ളത് ഉൾപ്പെടുത്തി തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്റർ പതിവായി ഓരോ വർഷവും പുതുക്കേണ്ടതുമാണ് (കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 253, 254 കാണുക). ജീവനക്കാരുടെ വിവരം ആവശ്യപ്പെടുക, തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകുക എന്നീ നടപടിക്രമങ്ങളിലൂടെ തൊഴിൽ നികുതി സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ സമഗ്രമായ ഡാറ്റാബേസ് കാസറഗോഡ് നഗരസഭയിൽ തയ്യാറാക്കി സൂക്ഷിച്ചതായി കാണുന്നില്ല.

2)തൊഴിൽ നികുതി ഇനത്തിലെ തുക വരവ് വന്നിട്ടില്ല.

2024-25 വർഷത്തെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി അക്കൗണ്ടിൽ വരവ് വന്നതായി കാണുന്നില്ല.

1. മണ്ണ് സംരക്ഷണ ഓഫീസ് - 2024-25 രണ്ടാം അർദ്ധവർഷം

2. പട്ടിക ജാതി വികസന ഓഫീസ് - 2024-25 രണ്ടാം അർദ്ധവർഷം

മേൽ സ്ഥാപനങ്ങളുടെ നികുതി വരവ് വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3) തൊഴിൽ നികുതി പത്രികകൾ പൂർണ്ണമല്ല.

2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി അപേക്ഷകൾ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പത്രികയിൽ അർദ്ധ വാർഷിക വരുമാനം മാത്രം രേഖപ്പെടുത്തിയാണ് തൊഴിൽ നികുതി കണക്കാക്കിയിട്ടുള്ളത്. അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, മറ്റ് അലവൻസുകൾ എന്നിവ ഉൾപ്പെടുത്തി പ്രതിമാസ ആകെ വരുമാനം രേഖപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. നമൻസ് ഓട്ടോമൊബൈൽ എൽഎൽപി- രണ്ടാം അർദ്ധവർഷം

2. ബജാജ് ഫിനാൻസ് ലിമിറ്റഡ് - രണ്ടാം അർദ്ധവർഷം

3.ഇന്ത്യൻ കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ്സ് സൊസൈറ്റി ലിമിറ്റഡ്- രണ്ടാം അർദ്ധവർഷം

4. Kasaragod Institute Of Medical Science - ഒന്നാം അർദ്ധവർഷം

5. Jaimatha English Medium Nursery School- ഒന്നാം അർദ്ധവർഷം

4) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2024-25 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി നഗരസഭയിൽ അടവാക്കിയതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനം	അർദ്ധവർഷം
1.	Indusind Bank, City Center	1 & 2
2.	City Gold	1

3.	കമ്മത്ത് മെഡിക്കൽ സെന്റർ	1 & 2
4.	എസ്.ബി.ഐ	1 & 2
5.	Linnk Outsource Solutions India Pvt Ltd	1
6.	Ashoka Pharmacy	2
7.	The Manager New India Assurance Ltd	2
8.	Whats Up Fancy	2
9.	Antique Gold & Diamonds Kasaragod	2
10.	Sree Sankaracharya Computer Center	1 & 2

5) **ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.**

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം ആധാരമെഴുത്തുകാരും, സ്റ്റാമ്പ് വെണ്ടർമാരും തൊഴിൽ നികുതി അടയ്ക്കുന്നതിന് ബാദ്ധ്യസ്ഥരാണ്. നഗരസഭാ പരിധിയിൽ ജോലി ചെയ്യുന്ന ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതും ഈടാക്കുന്നില്ലെങ്കിൽ ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

6)**അഭിഭാഷകർ, അഭിഭാഷകരുടെ ഓഫീസിൽ ജോലി ചെയ്യുന്ന ജീവനക്കാർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ദ്ധർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ വിവരം ലഭ്യമല്ല.**

2005ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം അഭിഭാഷകർ, അഭിഭാഷകരുടെ ഓഫീസിൽ ജോലി ചെയ്യുന്ന ജീവനക്കാർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ദ്ധർ, മോട്ടോർ വാഹന ഉടമകൾ തുടങ്ങി വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരിൽ നിന്നും ഓരോ അർദ്ധ വർഷവും പരമാവധി 1250 രൂപ വരെ തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. പ്രസ്തുത ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നവർക്ക് തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

7)**റേഷൻ കടകളുടെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്തിട്ടില്ല.**

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (1) പ്രകാരം നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും 2024-25 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019 ലെ (സി.എസ്)എ.9/764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്.

8) **കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.**

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ- ചട്ടം3(10) പ്രകാരം കരാറുകാരിൽ നിന്നും പരമാവധി 1250/- രൂപ നിരക്കിൽ അർദ്ധവാർഷിക തൊഴിൽ നികുതി ഈടാക്കാവുന്നത്. 2024-25 സാമ്പത്തിക വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ കാസറഗോഡ് നഗരസഭയിൽ 29 കരാറുകാർ നഗരസഭയുടെ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കരാറുകാരന്റെ പേര്

1.	ബി.എം ഷബീർ
2.	അഹമ്മദ് ഷഫീക്ക് ബി.എ
3.	മൊയ്തീൻ മെഹഫൂസ്
4.	അഹമ്മദ് അഷ്ഫാക്ക്
5.	അബ്ദുൾ സലാം പി.എം
6.	മൊയ്തീൻ റമീസ്
7.	മുനീർ മൊയ്തീൻ
8.	മുസ്തഫ ടി.എ
9.	ഫൈസൽ കെ.എ
10.	സി.എ അബ്ദുള്ള കുഞ്ഞി
11.	ലാഹക്ക് കെ.എ
12.	ഹാരിസ് ടി.എ
13.	ബി.എം അബ്ദുള്ള

14.	ദീപേഷ്.പി
15.	മുഹമ്മദ് റെഹ്മാൻ
16.	മുഹമ്മൂദ് എം.എ
17.	ജയചന്ദ്ര എ
18.	റിയാസ്
19.	അബ്ദുൾ റഹ്മാൻ കെ.എ
20.	ജാഫർ സാദിഖ് എം
21.	ലത്തീഫ് എം.എ
22.	മുഹമ്മദ് നൗഫൽ എം.എ
23.	ഹസ്സൻ ഇൻസാഫ്
24.	രാജു കെ.ജെ
25.	ഷനീദ് കെ.പി
26.	അബ്ദുള്ള കുഞ്ഞി കെ
27.	മൻസൂർ കുഞ്ഞാമ്മു

28.	സുമേഷ് എം.വി
29.	അബ്ദുൾ ഖാദർ ഫൈസൽ എം.എ

മേൽ പരാമർശിച്ച കരാറുകാർ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാരാണെങ്കിൽ ഈ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ഈടാക്കിയിട്ടില്ലെങ്കിൽ ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരവും ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതെന്ന് അറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (38/25, തീയതി : 17.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-22 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ബാങ്ക് അക്കൗണ്ട് ആരംഭിച്ചതിലെ അപാകതകൾ

15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ PFMS (Public Financial Management System) മുഖേന കൈകാര്യം ചെയ്യുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകിയത് GO (Rt) No. 2260/2021/Fin (തീയതി: 12/03/2021) എന്ന ഉത്തരവ് വഴിയാണ്. ഇതനുസരിച്ച് ഓരോ തദ്ദേശ സ്ഥാപനവും ഈ ഗ്രാന്റുകൾക്കായി പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ തുടങ്ങേണ്ടതുണ്ട്. തുടർന്ന് പുറത്തിറങ്ങിയ LSGD Circular (No. LSGD-FM3/44/2021-LSGD Dated 18/03/2021) പ്രകാരം ഈ അക്കൗണ്ടുകൾ PFMS പോർട്ടലിൽ മാപ്പ് ചെയ്യേണ്ടത് നിർബന്ധമാക്കിയിട്ടുണ്ട്.

15-ാം ധനകാര്യ കമ്മീഷൻ (CFC) ഗ്രാന്റുകൾക്കായി മാറ്റിവെച്ചിട്ടുള്ള Tied, Untied ബാങ്ക് അക്കൗണ്ടുകളിൽ ലഭിക്കുന്ന പലിശ (Interest) കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കർശനമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയുടെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied And Un Tied) സേവിംങ്സ് അക്കൗണ്ടിന് പകരം കറണ്ട് അക്കൗണ്ടിലാണ് ആരംഭിച്ചിരിക്കുന്നത്. ആയതിൽ യാതൊരു വിധ പലിശയും അക്കൗണ്ടിൽ വരവ് വരുന്നില്ല. ആയതിനാൽ പലിശയിനത്തിൽ ലഭിക്കുമായിരുന്ന വലിയ ഒരു സംഖ്യ നഷ്ടപ്പെടാൻ ഇടയായിട്ടുണ്ട്. പലിശയില്ലാത്ത കറണ്ട് അക്കൗണ്ടിൽ CFC ഗ്രാന്റ് നിക്ഷേപിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 81/2024-25 തീയതി. 27.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-23 നഗരസഭയുടെ ലൈസൻസ് ഇല്ലാതെ സ്വകാര്യ വണ്ടിത്താവളങ്ങൾ(പാർക്കിംഗ് കേന്ദ്രങ്ങൾ) പ്രവർത്തിക്കുന്നു.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 475-ാം വകുപ്പ് പ്രകാരം സ്വകാര്യ വണ്ടിത്താവളങ്ങൾ (പാർക്കിംഗ് കേന്ദ്രങ്ങൾ) തുടങ്ങുന്നതിനും പ്രവർത്തിക്കുന്നതിനും നഗരസഭയുടെ ലൈസൻസ് ആവശ്യമാണ്. 2024-25 വർഷത്തിൽ നഗരസഭ ലൈസൻസ് നൽകിയ സ്വകാര്യ പാർക്കിംഗ് കേന്ദ്രങ്ങളുടെ വിവരങ്ങൾ, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ പാർക്കിംഗ് കേന്ദ്രങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/17.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 475(5) വകുപ്പ് പ്രകാരം നൽകപ്പെട്ട ഏതൊരു ലൈസൻസിനും പ്രതിവർഷം 3000/- രൂപയിൽ കവിയാത്ത ഫീസ് ഈടാക്കാവുന്നതാണ്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ വണ്ടിത്താവളങ്ങളും ലൈസൻസോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-24 മൂലധന നിക്ഷേപത്തിന് ആനുപാതികമായി ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.

കേരള എസ്.ആർ.ഒ നമ്പർ 857/2020/09.12.2020 പ്രകാരം 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി പ്രകാരം സ്ഥാപനങ്ങളെ മൈക്രോ,

മിനി, സ്മാൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് ഈടാക്കാവുന്ന ഫീസ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

2024-25 വർഷത്തെ കെസ്മാർട്ടിൽ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും മൂലധനത്തിന് ആനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല.

ക്രമ നമ്പർ	വാർഡ് നമ്പർ/ കെട്ടിട നമ്പർ	സ്ഥാപനത്തിന്റെ പേര്	മൂലധന നിക്ഷേപം	ലൈസൻസ് ഫീസായി ഈടാക്കേണ്ടിയിരുന്ന തുക	ഈടാക്കിയ വാർഷിക ലൈസൻസ് ഫീ	ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് വന്ന തുക
1.	33/ 630A, 630B,630C, 630 D, 630E, 630F, 630G, 630H, 630I, 630A1	Kasaragod Hotel	2,20,00,000/-	സ്ഥാപനം സേവന മേഖലയിലായതിനാലും മീഡിയം എന്റർ പ്രൈസസ് ആയതിനാലും ലൈസൻസ് ഫീയായി ഒടുക്കേണ്ട തുക 10,000 രൂപയാണ്.	5000 (രസീതി നം. R-M140200-23012078 തീയതി : 30.03.2024)	5000
2.	18/ 289E20, 289E21, 289E22	Kasaragod Assy Hall Marking Centre	16,25,000	സ്ഥാപനം സേവന മേഖലയിലായതിനാലും മിനി എന്റർ പ്രൈസസ് ആയതിനാലും ലൈസൻസ് ഫീയായി ഒടുക്കേണ്ട തുക 1000 രൂപയാണ്.	500 (രസീതി നം. R-M140200-24014904 തീയതി: 28.09.2024)	500
3.	17/459	Hospital Lab, X-Ray, Scanning	5,88,99,000	സ്ഥാപനം സേവന മേഖലയിലായതിനാലും ലാർജ് എന്റർ പ്രൈസസ് ആയതിനാലും ലൈസൻസ് ഫീയായി ഒടുക്കേണ്ട തുക 15,000 രൂപയാണ്.	10000 (രസീതി നം. R-M140200-230008585 തീയതി : 18.03.2024)	5000
ആകെ						**10,500**

മേൽ സ്ഥാപനങ്ങളിൽ നിന്ന് മൂലധന നിക്ഷേപത്തിന് ആനുപാതികമായി ഈടാക്കേണ്ട ലൈസൻസ് ഫീസിനത്തിൽ കുറവ് വന്ന തുകയായ 10,500 രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 42, തീയതി: 17.01.2026) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

<u>1-25 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് പുതുക്കാതെ നിരവധി വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.</u>

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 447 പ്രകാരം സെക്രട്ടറിയുടെ അനുമതിയില്ലാതെ യാതൊരു വ്യാപാര സ്ഥാപനവും നഗരസഭ പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 11(1)പ്രകാരം മുൻ വർഷങ്ങളിൽ ലൈസൻസ് ലഭിച്ചവർ ആയത്

പുതുക്കുന്നതിനുള്ള അപേക്ഷ അതിന്റെ കാലാവധി അവസാനിക്കുന്നതിന് 30 ദിവസത്തിൽ കുറയാതെയും 90 ദിവസത്തിൽ കവിയാതെയും ഉള്ള സമയത്തിനുള്ളിൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്. നഗരസഭയിലെ വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ടുള്ള പരിശോധനയിൽ 2023-24 വർഷം ലൈസൻസ് എടുത്തിട്ടുള്ള ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ 2024-25 വർഷത്തെ ലൈസൻസ് എടുത്തിട്ടില്ല.

ക്രമ നമ്പർ	വാർഡ് നമ്പർ/കെട്ടിട നമ്പർ	വ്യാപാരിയുടെ പേര്	സ്ഥാപനം
1.	1/66	നൗഫൽ കെ വി	AVA ൈഎസ് പ്ലാന്റ്
2.	2/113	സമീർ അഹമ്മദ് സി.സി	എ.കെ.എം സ്റ്റോർ
3.	3/313	നാരായണ റായ് കെ	സുഗുണ സ്റ്റോർസ്
4.	3/273	രതീഷ് കെ ടി	റിയൽ അലുമിനിയം ഫാബ്രിക്കേഷൻ
5.	3/366/A	മുഹമ്മദലി ടി എസ്	എംമ്പയർ ഫർണിച്ചർ
6.	3/231	ഹാരിസ് പൊവ്വൽ	പി കെ മർച്ചന്റ്
7.	3/593/26	ലതാകുമാരി കെ ടി	ഡി എൻ കാന്റീൻ
8.	4/319E	രാജേശ്വരി ജി	സുദമ കാന്റീൻ
9.	5/235	നരേഷ്	ശ്രീ ആദിമായാ ഓട്ടോ വർക്ക്സ്
10.	5/510	ഉദയചന്ദ്ര പി	മെറ്റൽ അലുമിനിയം ഫാബ്രിക്കേഷൻ
11.	6/641	അബ്ദുൾ ഷഹീദ് ടി കെ	മൊബൈൽ മാർട്ട്
12.	6/908	ജെത്തു സിംഗ്	ശിവ ശക്തി ഓട്ടോ സെന്റർ
13.	6/655	മക്കാന റാം	രാജാറാം ടെലികോം
14.	6/989/10,	ഹമീദ് ബി എ	ഷീബാസ് റെഡിമെയ്ഡ്
15.	6/1500,1501,1502,1503,1504	പ്രകാശ് സി	റിലയൻസ് റിട്ടെയിൽസ് ലിമിറ്റഡ്
16.	6/286,287,288	ശ്രീനിവാസ് സി ഉദയവാർ	ഭഗവതി ടെക്സ്റ്റൈൽസ്
17.	6/529,530,531,532,533	അബ്ദുൾ ബഷീർ പി എ	അമിഗോ മെൻസ് ക്ലബ്
18.	6/1071	അബ്ദുൾ ഗഫൂർ എം	ഭാരത് മെഷിൻ ടൂൾസ്
19.	6/1893	ബോം സിംഗ്	ദുർഗ്ഗ ജനറൽ സ്റ്റോർ

20.	6/327,328	ശശിധരൻ കെ	യു എസ് എസ് അസോസിയേറ്റ്സ്
21.	6/78	രാജേശ്വരി	പ്രണവി ഇന്റർപ്രൈസസ്
22.	6/1458	ബാലകൃഷ്ണ ഷെട്ടി	സ്റ്റാർ ഓൺലൈൻ
23.	6/1152	അബ്ദുൾ റഹിമാൻ സി ടി	Alfouse Plastic Complex
24.	6/1280	സച്ചിദാനന്ദൻ കെ	ക്വാളിറ്റി ലഞ്ച് ഹോം
25.	6/1487	പ്രകാശ് സി	റിലയൻസ് പ്രോജക്ട് & പ്രോപർട്ടി മാനേജ്മെന്റ് സർവ്വീസസ്
26.	6/282,283,284,285	പ്രശാന്ത് ടി	മാരുതി സുസുക്കി ഡ്രൈവിംഗ് സ്കൂൾ
27.	6/875	മുഹമ്മദ് അക്രം	ഗോൾഡൻ ജെൻസ് ബ്യൂട്ടി പാർലർ
28.	6/1166	വാമന മുളങ്കാട്	മാംഗ്ലൂർ ഇലക്ട്രിക്കൽ & വൈൻഡിംഗ്
29.	6/251	പ്രശാന്ത് കെ	റോയൽ ഓട്ടോ
30.	6/656	റീത്താമ്മ കെ സി	സോഫ്റ്റ് ടച്ച് ബ്യൂട്ടി പാർലർ & ഡിസൈനർ സ്റ്റുഡിയോ
31.	6/606	ഉമൈർ ടി എച്ച്	സീറ്റ് കവർ സെയിൽസ്
32.	6/419	രാജേന്ദ്ര കുമാർ	ന്യൂ കൈരളി ഫാഷൻ
33.	6/239,240	ഡോ. രമീന കെ	അരമന മെഡിക്കൽസ്
34.	6/1636	നിജേഷ് കുമാർ എം	സ്റ്റാർ അസോസിയേറ്റ്സ്
35.	6/1494,1495,1496,1497,1498,1499	പ്രകാശ് സി	റിലയൻസ് ഇൻഫോ ലിമിറ്റഡ്
36.	6/916	വിനായക് ഭാവ്നാനി	ചോള മൊബിലിറ്റി പ്രൈവറ്റ് ലിമിറ്റഡ്
37.	7/202/C,202/D	പ്രഭാവതി ബി	മജിഷ ട്രേഡിംഗ് കമ്പനി
38.	7/618	അബ്ദുൾ ജബ്ബാർ എം ടി	ഡ്രസ്സ് കോർണർ
39.	7/607	യൂസഫ് പി കെ	ഫാമിലി ഇലക്ട്രോണിക്ക്സ്

40.	7/688	സതീഷ് കുമാർ ജി	M/S Elstone Tea Estate Ltd Tea Powder Sales
41.	7/90/B	നസീർ എം എം	സ്പോർട്സ് ലൈൻ കാസറഗോഡ്
42.	7/686	കെ എ അബ്ദുൾ നസീർ	സിൽസില വെഡിംഗ് സെൻ്റർ
43.	7/92	ശ്രീകാന്ത് കെ	റോയൽ ക്രിയേഷൻസ്
44.	7/715/C,715/B9	നബീൽ ബാബു എം കെ	Edit Furniture
45.	9/9	കെ ഗണപതി ഷേണായി	ഷേണായി ഇലക്ട്രിക്കൽസ്
46.	9/661	കെ നരസിംഹ	വിഷ്ണു പ്രസാദ് ഓട്ടോ മൊബൈൽസ്
47.	9/142	പ്രദീപൻ കെ	ഷൈൻ ട്രേഡേഴ്സ്
48.	9/639A1	അഹമ്മദ് സാജദ്	ഡേ ടു ഡേ
49.	9/677	മൊഹിയുദ്ദീൻ ടി എം	സ്റ്റാർ സൂപ്പർ മാർക്കറ്റ്
50.	10/252	അബ്ദുൾ ഹസീസ്	ഹോട്ടൽ ഉദയ
51.	10/670	ഷബീർ എൻ എസ്	ഹാപ്പി ഹോളിഡേയ്സ് ടൂർ &ട്രാവൽസ്
52.	10/458,457	അഹമ്മദ് മാർക്കോസ്	പാർട്ടി ടൈം
53.	10/566	ലക്ഷ്മണ കെ	ഇന്ത്യൻ ഏജൻസീസ്
54.	10/380/A	പുരുഷോത്തമ കെ	ശ്രീ ഗണേശ് ഓട്ടോമൊബൈൽസ്
55.	10/919	മനോഹർ കെ	ഫോൺ കാമ്പസ്
56.	10/203	മുഹമ്മദ് ഹനീസ് വി ഐ	അൽ അമീൻ
57.	10/352	എം ശാന്തേരി ഷേണായി	എം ആർ എഫ് ടയർ സ്റ്റേഷൻ
58.	10/508/A	താഹിറ	എ എഫ് ഹോട്ടൽ
59.	11/	സി എ മുഹമ്മദ് കുഞ്ഞി	ഷുക്രിയ ഗ്രീൻ ഗാർഡൻ & നഴ്സറി

60.	11/163/A2	മുഹമ്മദ് ഷാഫി കെ എ	അറേബിയൻ പർദ്ദ
61.	11/96	അബ്ദുൾ റസാഖ് കെ എം	Fajva സ്റ്റോർസ്
62.	12/51	ഉമർ ഇ	ടെക്നോ ഇലക്ട്രിക്കൽസ്
63.	12/145	ഹനീഫ് എ	അബാക്കസ് കമ്പ്യൂട്ടർസ് സോഫ്റ്റ്‌വെയർ & ഹാർഡ്‌വെയർ സോല്യൂഷൻസ്
64.	13/78	അബ്ദുൾ ബിഷ്റത്ത് എം എ	ടാർജറ്റ് സെയിൽസ്
65.	13/243,244	മൊഹമ്മദ് പി എം	അറഫ ഏജൻസീസ്
66.	13/163	ഹാരിസ് വൈ	കെ ജി എൻ ഏജൻസീസ്
67.	15/213	ഫൈസൽ എം എ	ന്യൂ യൂത്ത് ഫെയ്സ്
68.	16/361	അബ്ദുൾ ഖാദർ എം എച്ച്	സ്വീറ്റ് ഷോപ്പ്
69.	16/228	മുഹമ്മദ് അഷ്റഫ് ബി എ	ജനറൽ സ്റ്റോർ
70.	16/160	ഖുർഷിദ് അഹമ്മദ് കുരിക്കൽ	സ്മാർട്ട് എന്റെർപ്രൈസസ്
71.	16/217	അബ്ദുൾ റഹിമാൻ ഇ എം	ക്ലാസിക്ക് ഹോം വർക്ക്
72.	16/153	അബ്ദുൾ ഹമീദ് ടി എ	ടി പി അബ്ദുൾ ഖാദർ ഹാജി & കോ
73.	17/488	അബ്ദുൽ കരീം എ എം	കൈരളി സ്റ്റീൽ & വുഡ് Industries
74.	17/455	മിഥുൻ രാജ് വിവി	ചലന ആർട്സ്
75.	17/5	മുഹമ്മദ് അഷ്റഫ്	ടി എം അലുമിനിയം
76.	17/184	വിനയ ചന്ദ്രൻ കെ പി	പി യു ബാറ്ററി വർക്ക്സ്
77.	17/450,451	ജോബി ടി എൽ	ന്യൂ ബെൻസ് ഓട്ടോ മൊബൈൽസ്

78.	17/75A,75B	മുഹമ്മദ് ഷാഫി എൻ എം	നാലപ്പാട്ട് ഫർണിച്ചർ
79.	17/121	രാജേഷ് കെ	ഹൈ ടച്ച്
80.	17/183	റിയാസ് ടി എ	സുറുമാസ് ബസാർ
81.	17/224	ഗോകുൽ ചന്ദ്രൻ പി വി	ഗ്ലോ ദി എക്കോ സ്മാർട്ട് വെൻച്ചർ
82.	17/88	ബിനു ചാക്കോ കെ സി	ലൂമിനർ ഇലക്ട്രിക്കൽ & പ്ലംബിംഗ്
83.	18/404	മുഹമ്മദ് കുഞ്ഞി കെ എ	മൗസ് ഹണ്ട്
84.	18/257	ബിജോയ് വി ജെ	ബി വുഡ്സ്
85.	18/881,882	ബി എസ് മഹേഷ് നായക്ക്	നായക്ക് ലൂബ്രിക്കേൻസ്
86.	18/403	മുഹമ്മദ് അഷ്റഫ് പി എസ്	പി എം എസ് ട്രേഡ്സ്
87.	18/674	കെ പി അംബു	ഫാർമലിങ്ക് ഹോൾസെയിൽ മെഡിക്കൽ ഡിസ്ട്രിബ്യൂട്ടേഴ്സ്
88.	18/307	മുഹമ്മദലി	മറിയാസ് ടെക്സ്റ്റൈയിൽസ്
89.	18/339B	ആശ എസ് എം	സിഗ്നേച്ചർ സലൂൺ
90.	18/333/A	ഇംത്തിയാസ് ഇരിയൽ മുഹമ്മദ്	എെസ് കോ എെസ്ക്രീം കഫേ
91.	18/230	മുഹമ്മദലി എം	കാസറഗോഡ് ഗ്യാസ് സപ്ലയേർസ് ഡിസ്ട്രിബ്യൂഷൻ ഓഫീസ്
92.	18/776	മുഹമ്മദ് ഷാഫി സി ടി	സി ടി എം ബ്രദേഴ്സ്
93.	18/249	രാജേഷ് എ	ഗാലക്സി കമ്മ്യൂണിക്കേഷൻസ്
94.	18/339/B9	ഹനീഫ അരമന, കെ എ അബ്ദുൾ കരീം	ഗോൾഡ് റിയാലിറ്റി

95.	18/407/A2	പ്രിജ്ഞ വി വി	വൈക എഡ്യുക്കേഷൻ സോല്യൂഷൻസ് ലിമിറ്റഡ്
96.	18/348	ധന്യ എസ് ആർ	എച്ച് എസ് ക്ലോത്തിംഗ്
97.	18/289/D	മുഹമ്മദ് ഹനീഫ് എ കെ	Aspiranto Global
98.	18/289/A20,289/A21	ഫാത്തിമത്ത് നയ്ഫ	Impress By Fast Print
99.	18/289/B25	അജീബ് കെ എ	എപി സ്റ്റോർ
100.	18/830,831	ടി എച്ച് മുഹമ്മദ് നൗഫൽ	സ്പോർട്സ് ഗാലറി
101.	19/924/A32, 924/A36	റിയാസ് കെ	മഹാമേള
102.	19/828	അഭിലാഷ് ഷെട്ടി, മല്ലിക എസ് ഷെട്ടി	ബ്യൂട്ടി സെന്റർ
103.	19/882	എ കെ റൗഫ്	എ കെ ഏജൻസീസ്
104.	19/833	ദാമോദരൻ എ	സൂര്യ മാർജിൻ ഫ്രീ
105.	19/924/A4, 924/A5	അസ്കർ ടി	മണി താലി എക്സ്
106.	19/46	ഇന്ദിര സി	ഇന്ദിര സ്റ്റോർ
107.	19/57	വനിത കെ	നാഗർകട്ട ഷോപ്പ്
108.	19/228	സക്കീർ അഹമ്മദ് പി	Spicy Shop
109.	19/600	ഷഫീക്ക് അഹമ്മദ്	DDC ലാബ്
110.	19/927	അഹമ്മദ് അജ്മൽ എ കെ	മാരുതി ഗ്രൂപ്പ് ഓഫ് കമ്പനീസ്
111.	19/924A10,924/A11	മുഹമ്മദ് അൻസാർ സി എച്ച്	ഷൂ പാലസ്
112.	20/400	അഹമ്മദലി എം എ	റിസ കളക്ഷൻ
113.	20/1017/A	സുമയ്യ	എവറസ്റ്റ് ചിക്കൻ സെന്റർ
114.	20/14	അഹമ്മദ് എം എ	ഡ്രീം ടെക്
115.	20/208/B	സർഫറാസ് എൻ എ	പുതിയപുര ഗോൾഡ്

116.	20/673,668	അബ്ദുൾ റഹിമാൻ എസ് കെ	Dglaze
117.	20/812	രാഗേഷ് സി	നന്ദൻ ഡൈ വർക്ക്സ്
118.	20/19	പി ബി ഫക്രുദീൻ	ബ്യൂ ഐസ്
119.	20/1060	സാഹിറ പി എം	ഡൗൺ ടൗൺ
120.	20/773	ഫയ്റൂസ് അബ്ദുള്ള	എം കെ കമ്പനി
121.	20/26	അസ്മ സി എം	സുഖ്വര വാച്ചസ്
122.	20/402	സുന്ദര കെ	കോഹിന്നൂർ ടൈലേർസ്
123.	20/399	അബ്ദുൾ ഹലീം എൻ കെ	പീപ്പിൾ സൈക്കിൾസ്
124.	20/126	ഹരീഷ് കെ	വീര ഹനുമാൻ ഇലക്ട്രിക്കൽസ്
125.	20/46	മുഹമ്മദ് അഷ്റഫ് ടി എ	Loveshe Fancy
126.	20/778	ഇസ്മയിൽ എൻ എം	എം ടെക്
127.	20/1017/1	സുമയ്യ	ഫ്രഷ് വേൾഡ്
128.	20/378	മുഹമ്മദ് അസ്ലം എ കെ	സ്റ്റേഷനറി & സ്വീറ്റ്സ്
129.	20/15	എം എസ് മൊയ്തു	Al Minar Forex Private Limited
130.	20/159	സി കെ ശ്രീവൽസം	ശ്രീസദൻ ആയൂർവേദ ശാല
131.	20/920	ബാബു സതീശൻ	കോട്ടയ്ക്കൽ ആയൂർവേദ ശാല ഏജൻസി
132.	20/2	സുധാകര പ്രഭു	കാനറ ഫ്ലവർ
133.	20/91/A11	ഹസ്സൻ ടി എസ്	ഫ്ലോഔട്ട് ക്ലോത്തിംഗ്
134.	20/893	ആർ പി ബഷീർ	Aarpee Associate
135.	20/1065/20	വിദ്യ ടി	റീന
136.	20/758	ഷഹബാൻ സമീം കെ എച്ച്	ബോംബേ റസ്റ്റോറന്റ്

137.	21/215,216,217	അബ്ദുൾ അർഷാദ് എ എച്ച്	Dizabo സൂപ്പർമാർക്കറ്റ്
138.	21/319	രാധ ടി	ടീ സ്റ്റാൾ
139.	21/349	രോഹിണി വി	ബീഡാ ബീഡി
140.	22/319	ടി കെ ഹമീദ്	സ്റ്റേഷനറി ഷോപ്പ്
141.	22/165	മുഹമ്മദ് സാജിർ എം	ബ്ലാക്ക് & വൈറ്റ്
142.	22//298,299	അബ്ദുൾ ബാസിൽ നിഷാദ്	എക്കോ ട്രൈഡ്ലിങ്ക്
143.	22/202	ഷൈക്ക് അബ്ദുൾ വഹാബ് എ െ എസ്	ഫേസ് ടോൺ
144.	23/175	ആയിഷത്ത് സാഹിറ	മറിയം ട്രേഡേഴ്സ്
145.	26/11	അബ്ദുൾ ഗഫൂർ എൻ എ	ഫ്രണ്ട്ലി മൈക്ക്സ് ലൈറ്റ്സ് & സൗണ്ട്സ്
146.	30/246	മുഹമ്മദ് ഷെറീഫ് പി കെ	ഒമാൻ
147.	30/297	വിജയ	വിജയ ഗോൾഡ് കവറിംഗ് വർക്ക്സ്
148.	31/250	അബ്ദുൾ സത്താർ	ജ്യൂ ഗാർഡൻ ബ്യൂട്ടി
149.	31/265	സുലൈമാൻ ടി എ	Tasco Enterprises
150.	31/355	അബൂബക്കർ ഹാജി	ജ്യൂസ് സെന്റർ
151.	31/426/A	സ്വാതി	ന്യൂ ഇമാജിംഗ് ഡിജിറ്റൽ സ്റ്റുഡിയോ ആന്റ് സെറോക്സ്
152.	31/239,240	മുഹമ്മദ് സയ്ദുൾ അൻസർ കെ എം	ഭാരത് സയന്റിഫിക്ക് Distributor
153.	32/784	സൈനുദ്ധീൻ കെ എ	ടുബാക്കോ മർച്ചന്റ്
154.	32/961,962,963,964,965	ഭവാനി കെ	കണ്ണൻസ് സിൽക്ക്സ് & സാരീസ്

155.	32/1927	സമീർ ബി എ	ലിയ കളക്ഷൻസ്
156.	32/610,611	ശ്രീജ എൻ, നന്ദിനി കെ, പ്രസീദ	ഫ്രഷ് മാർട്ട് ഇൻ സൂപ്പർ മാർക്കറ്റ്
157.	32/604	സജേഷ് പി വി, ശ്രീജ എൻ, രജീഷ രവീന്ദ്രൻ	ശ്രീ എസ് ആർ സിൽക്ക്സ്
158.	32/1603	ഹാഷിഫ് ഇ എ	Zenoura
159.	32/296	വിശാഖരാജ് ഷെട്ടി കെ, വിനയരാജ് ഷെട്ടി കെ	വി ആർ എസ് എന്റെർപ്രൈസസ്
160.	32/32/A16	അബ്ദുള്ള കെ എം	മൊബൈൽ സിറ്റി
161.	32/1621/C	ശ്യാമള ബി	ബ്രൈഡ് ലേഡീസ് ബ്യൂട്ടി പാർലർ
162.	32/2350/B19	ഫാത്തിമ ഷാനിബ എം എ	ഹാർഷ് ലേഡീസ് ഫാഷൻ വെയർ
163.	32/112	വസന്തൻ നായിക്ക്, വസന്ത നായിക്ക്	വസന്ത സ്റ്റോർസ്
164.	32/1280/K	മുഹമ്മദ് കുഞ്ഞി ഹാജി എൻ യു	ബിസ്മില്ല സ്റ്റോർസ്
165.	32/1410	മൊയ്തീൻ കുട്ടി എം	ഷൂ പാലസ്
166.	32/512	പ്രേമ കലാവതി	Goldsmith ഷോപ്പ്
167.	32/1438	വീണ	ഡിഫറന്റ് ടൈലറിംഗ് ഷോപ്പ്
168.	32/1610	അജ്മല്യ പി	ഫൈവ് ഫോർ യു റിയഷൻസ്
169.	32/400	നരസിംഹ അടിഗ ബി	അഡിഗ ജനറൽ സ്റ്റോർസ്
170.	32/1788/F	ഉദയ കുമാർ എം	പ്രിത്വി ക്രിയേഷൻസ്
171.	32/781	ഉല്ലാസ് വലിയകടപ്പുറം	ഫ്രണ്ട്സ് ഗോൾഡ് & സിൽവർ ജ്വലറി
172.	32/34/A	വസന്ത കെ	സ്റ്റൈൽ വെയർ

173.	32/447	ഹരികൃഷ്ണൻ സി പി	അഞ്ജന സ്റ്റുഡിയോ
174.	32/1270/L	ഹരിദാസ് കെ എം	ശ്രീഹരി ഏജൻസീസ്
175.	32/1391	മുഹമ്മദ് കുഞ്ഞി കെ എ	ജെ ജെ ബെഡ് സെന്റർ
176.	32/77	പുഷ്പ എസ്	റിൻഷിക
177.	32/13C	ബദറുദ്ധീൻ എം	ഷീ കളക്ഷൻസ്
178.	32/89	ഗുൽസർ ബീഗം	ഫാൻസി സ്റ്റോർ
179.	32/2386	മുഹമ്മദ് ഇല്ല്യാസ്	സുപ്രീം ഓട്ടോ മൊബൈൽസ്
180.	32/950	കെ ലോകനാഥ	കാസറഗോഡ് വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
181.	32/737	ചന്ദ്രഹാസ ബി	കരാവലി ഡിഷ് കെയർ സെന്റർ
182.	32/671	എ മുഹമ്മദ് മുസ്തഫ	സൗദ് ഇലക്ട്രോണിക്ക്സ്
183.	32/775	ജയൻ എം വി	സി വി ആർ ജ്വലറി
184.	32/619	മുനീർ ബാങ്കോട്	ട്രാവൽ എഡ് സെന്റർ
185.	32/1486	മുഹമ്മദ് ജി	സോറ കളക്ഷൻ
186.	32/1871,1872	മൊയ്തീൻ കുഞ്ഞി കെ എ	ന്യൂ ലൂമിനസ്
187.	32/1286,1287	മുഹമ്മദ് നാസ്സർ സി എ	E Docs ഓൺലൈൻ സർവ്വീസ്സ്
188.	32/600	സമീർ ഇർമു ഇബ്രാഹീം	ബ്ലൂ മൂൺ സിസ്റ്റം
189.	32/26	ഉദയ നായ്ക്ക് പി	സിറ്റി ഗേൾസ് ടൈലറിംഗ്
190.	32/955/A	അഹമ്മദ് കബീർ	റസീന സിൽക്ക്സ് റെഡിമെയ്ഡ്
191.	32/1515,1519	മുസ്തഫ എം	ടെക്സ് ടെയിൽസ് റെഡിമെയ്ഡ്
192.	32/10	പി കെ രാമചന്ദ്രൻ	കാന്റീൻ
193.	32/1657	മുഹമ്മദ് ഇസ്മയിൽ	കിസ്സ ഗോൾഡ് & സിൽവർ

194.	32/2467	സൈഫുദ്ധീൻ പി എം	3 Phase Electrical & Plumbing
195.	32/300	സംപ്രാന്ത് സായ് ഷെട്ടി	സായ് സർജിക്കൽസ്
196.	32/3	എം എസ് മുഹമ്മദ്	ഓൾഡ് സ്റ്റാപ്പ്
197.	32/1754	ഭരത് ബി	എ ബി എ നായക്ക്സ് ബേക്കറി
198.	32/2350/A5	ഹബീബ് എ കെ	ക്ലാസ്സിക്കോ കഫേ
199.	32/1098	പുരുഷോത്തമ കെ	ആശ റേസ്റ്റോറന്റ്
200.	32/2113	ഹരീഷ് ചന്ദ്ര എ	അന്നപൂർണേശ്വരി വൈഡിംഗ് വർക്ക്സ്
201.	32/1887/1	ടി എം അബ്ദുൾ നാസ്സർ	ഒലീവി കഫേ
202.	32/9	റോയ് ജോസഫ്	മൊനാർക്ക് ജ്വലറി
203.	32/2214	ചന്ദ്രശേഖര കെ	ഡിജിറ്റൽ ഇലക്ട്രോണിക്ക്സ്
204.	32/1620/B	ഹാരിസ് മുഹമ്മദ് കുഞ്ഞി	നഷ്വാൻ ജിം
205.	32/2262	സനിഫ എ എം	Mrs.36 Boutique
206.	34/290/B	റയ്ഹാന എം.കെ	ഡോ. റയ്ഹാന ആയൂർ കെയർ
207.	36/31	കുഞ്ഞമ്മ ആർ	ആർ ജെ ഷോപ്പ്
208.	36/320	സുമേശൻ എം	മാധവ സ്റ്റോർ
209.	37/129	നാരായണൻ ജി	സ്റ്റേഷനറി ഷോപ്പ്
210.	37/24/A	പി എ ശാന്തകുമാരി	കെറോസിൻ ബങ്ക്
211.	38/15	എസ് ബാബു	വിഭാ സ്റ്റോർസ്

2023-24 വർഷത്തിൽ IFTE & OS ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ 2024-25 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കിയതിന്റെ വിവരങ്ങളും, പുതുക്കിയിട്ടില്ലെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് നഗരസഭ പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഇല്ലെങ്കിൽ ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ 09.02.2026 ന് നൽകിയ 59/2024-25 ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയുടെ മുഖ്യ വരവിനമായ ലൈസൻസുമായി ബന്ധപ്പെട്ട ഫീസുകൾ കൃത്യമായി ഈടാക്കാതിരുന്നത് ഗൗരവമായി കാണേണ്ടതാണ്. മേൽ സൂചിപ്പിച്ച പ്രകാരം കുടിശ്ശിക വരുത്തിയ വ്യക്തികളിൽ നിന്നും കുടിശ്ശിക ലൈസൻസ് ഫീസ് ഈടാക്കി നഗരസഭയിലേക്ക് ഒടുക്ക് വരുത്തുവാൻ അടിയന്തിര നടപടികൾ

സ്വീകരിക്കേണ്ടതും, ആയതിന്റെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-26 മൊബൈൽ ടവറുകൾ -ചട്ടപ്രകാരമുള്ള ലൈസൻസ് എടുക്കുന്നില്ല.

2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും) ലൈസൻസ് നൽകൽ ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ഇനങ്ങൾ പട്ടിക 2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ക്രമ നമ്പർ 300 ആയി മൊബൈൽ ടവറുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. കാസറഗോഡ് നഗരസഭ പരിധിയിൽ സ്ഥിതി ചെയ്യുന്ന താഴെ പറയുന്ന മൊബൈൽ ടവറുകൾ 2024-2025 വർഷത്തിൽ ലൈസൻസ് എടുത്തിട്ടില്ല.

ക്രമ നമ്പർ	വാർഡ് നമ്പർ/കെട്ടിട നമ്പർ	ഓപ്പറേറ്റർ/ഉടമയുടെ പേര്
1.	26/89	ഇൻഡസ് ടവർ ലിമിറ്റഡ്
2.	3/459A	ടി.എൻ.എസ് ഐയർ
3.	6/716	കെ.എം.അബ്ദുള്ള, അബ്ദുൾ ഹമീദ്, എം അബൂബക്കർ
4.	10/732	റിലയൻസ് ഇൻഫോ കമ്മ്യൂണിക്കേഷൻ
5.	12/242A	സി.വി.സന്തോഷ് കുമാർ
6.	18/763B	ഡിഷ്നെറ്റ് വയർലെസ്സ് ലിമിറ്റഡ്
7.	20/1097A	ടി.എ. ജമീല
8.	21/92A	ബി.എസ്.എൻ.എൽ കണ്ണൂർ
9.	26/107	റിലയൻസ് ഇൻഫോ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ്
10.	27/13A	ഭാരതി എയർടെൽ ലിമിറ്റഡ്
11.	32/2007A	റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ്
12.	32/2034A	വയർലെസ്സ് ടി ടി ഇൻഫോ സർവീസ്

പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച വിവരങ്ങളും ലൈസൻസ് എടുക്കാത്ത പക്ഷം ഇതിന്മേൽ നഗരസഭ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (33/17.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കി നഗരസഭയിലേക്ക് ഒടുക്ക് വരുത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും, ആയതിന്റെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-27 സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 3(1) പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും, സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. ചട്ടം4(1) പ്രകാരം ആക്ട് പ്രാബല്യത്തിൽ വന്ന സമയത്ത് നിലവിലുണ്ടായിരുന്നതും ഇപ്പോഴും പ്രവർത്തിക്കുന്നതുമായതോ അല്ലെങ്കിൽ ആക്ട് നിലവിൽ വന്നതിനു ശേഷം പ്രവർത്തനം ആരംഭിച്ചിട്ടുള്ളതോ ആയതും രജിസ്റ്റർ ചെയ്തിട്ടില്ലാത്തതുമായ ഏതൊരു സ്വകാര്യ ആശുപത്രിയുടെയോ സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനത്തിന്റെയോ നടത്തിപ്പുകാരൻ ഈ ചട്ടങ്ങൾ നിലവിൽ വന്ന തീയതി മുതൽ 3 മാസക്കാലയളവിനുള്ളിൽ ചട്ടനങ്ങൾക്കനുസൃതമായി രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷ നൽകേണ്ടതാണ്. ചട്ടം 5(1) പ്രകാരം ഒരു മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സ്വകാര്യ ആശുപത്രിയുടെയോ സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി

പുതുക്കേണ്ടതും [ആയത് അഞ്ച് വർഷം കാലാവധി ഉണ്ടായിരിക്കുന്നതും] അപ്രകാരം പുതുക്കുന്നതിന് [കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന തോതിൽ] രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം 5-ാം നമ്പർ ഫോറത്തിൽ അപേക്ഷിക്കേണ്ടതുമാണ്.

2024-25 വർഷത്തെ സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ , കെ സ്മാർട്ടിൽ നിന്നും ലഭിച്ച ബന്ധപ്പെട്ട ലഡ്ജർ എന്നിവ പരിശോധിച്ചതിൽ പ്രസ്തുത കാലയളവിൽ വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് എടുത്തിട്ടുള്ള ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ നടത്തിയിട്ടുള്ളതായി കാണുന്നില്ല.

ക്രമ നം.	വാർഡ് നം	കെട്ടിട നം	സ്ഥാപനത്തിന്റെ വിവരങ്ങൾ (ലൈസൻസ് രജിസ്റ്റർ പ്രകാരം)
1.	10	904	WAE Danta Dental Clinic , Vidhyanagar
2.	18	790/B	Dia Life Special Clinic, Pulikunnu
3.	19	629	Al- Ameen Dento Care,
4.	20	95	Darul Hijama Ayurvedic Clinic,
5.	30	443	K S Abdulla Hospital
6.	32	2430,2431,2432,2433,2434	Dental Clinic, Kasaragod
7.	32	2107,2115	Manals Physiotherapy Clinic

8.	32	2104	Clinical Laboratory
9.	32	1797	Ramesh Clinical Lab & Dental X-Rays
10.	32	1815	Dental And Orthodontic Clinic
11.	32	2493	Shobha Dental Clinic
12.	9	626/A	First Neuro Comprehensive Neurosciences Center
13.	10	543	Shanti Dental Clinic
14.	6	1764/Q	Dr Nambiars Dental Centre And Face Clinic
15.	6	273	Trudent Dental Clinic
16.	6	1429	Dental Clinic
17.	6	1775	Vision Care Opticals & Eye Testing

18.	6	1224	Kamath Medical Centre
19.	6	1411	DDRC SRL Private Limited
20.	6	1886	Prime Ultra Sound Clinic And Diagnostic Lab
21.	6	1418	Shraddha Scans
22.	6	1135	Itty Ravi Vardhans Homeopatic Hospital
23.	6	1425	Maiya Eye Care Centre & Pharmacy
24.	6	231	Aramana Heart Center
25.	6	1858/D	Wintouch Multi Speciality Hospital
26.	6	1858/N	Seeds Of Innocence Ivf & Fertility Clinic Pvt. Ltd

27.	6	1694	TOOTH X DENTAL CLINIC

രജിസ്ട്രേഷൻ പുതുക്കാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നഗരസഭ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (57/09.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ പരിശോധന നടത്തി നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്നും എല്ലാ വർഷവും രജിസ്ട്രേഷൻ പുതുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. രജിസ്ട്രേഷനില്ലാതെ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത നിരക്കിൽ പിഴ സഹിതം രജിസ്ട്രേഷൻ ഫീസ് ഈടാക്കേണ്ടതാണ്.

<u>1-28 നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക യഥാസമയം പിരിച്ചെടുക്കുന്നില്ല – 19,64,293/- രൂപ കുടിശ്ശിക.</u>

നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർത്ത പ്രകാരം കെട്ടിടങ്ങളുടെ വാടക കുടിശ്ശികയുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	പേര്, മേൽവിലാസം	മാസവാടക+ ജി.എസ്.ടി	വാടക അടവാക്കാൻ ബാക്കിയുള്ള കാലയളവ്	കുടിശ്ശിക(ജി.എസ്.ടി ഉൾപ്പെടെ)
1.	KMC 6/1048	ധനുഷ്, മുള്ളൻഗോഡ് പുലിക്കുന്ന്	10165+1830	2024 ഡിസംബർ മുതൽ 2025മാർച്ച് വരെ	47980
2.	KMC 6/1062	സഞ്ജയൻ, നുള്ളിപ്പാടി	8192+1474	2025 മാർച്ച്	9666
3.	KMC 6/1072	താരിക്ക് അൻവർ പി.	8105+1458	2024 ജൂൺ മുതൽ 2025 മാർച്ച് വരെ	95630
New Bus Stand Ground Floor Stall					
4.	KMC 6/1030	വിശ്വാസ് S/O. ഭാസ്കർ റാവു നുള്ളിപാടി	7851+1413	2024 ഡിസംബർ മുതൽ 2025 മാർച്ച് വരെ	37056
5.	KMC 6/1032	കെ.എ ഇബ്രാഹിം S/O. അബ്ദുൾ ഖാദർ	10230+1842	2025 മാർച്ച്	12072
New Bus Stand First Floor Shops					
6.	KMC 6/1132	ഫാത്തിമത്ത് നസ്രിൻ സയ്യദ് പാലസ് കൃഷ്ണ മാർഗ്	5464+984	2024 ജൂലൈ മുതൽ 2025 മാർച്ച് വരെ	58032

7.	KMC 6/1133	ആയിഷത്ത് നെസ്ലയിൻ സയ്യദ് പാലസ്	5206+938	2024 ജൂലൈ മുതൽ 2025 മാർച്ച് വരെ	55296
8.	KMC 6/1079	ഇ ഐ മുഹമ്മദ് ചെങ്കള	4267+768	2024ഒക്ടോബർ മുതൽ 2025 മാർച്ച് വരെ	30210
9.	KMC 6/1081	സാദത്ത് കെ കെ പുളിക്കൽ കടവത്ത് തളങ്കര	5328+960	2024 സെപ്റ്റംബർ മുതൽ 2025 മാർച്ച് വരെ	44016
10.	KMC 6/1084	ടി.എം. നാസ്സർ S/O. മൊയ്തുക്കുഞ്ഞി	5206+936	2024 ആഗസ്റ്റ് മുതൽ 2025 മാർച്ച് വരെ	49136
11.	KMC 6/1085	കെ.എ അബ്ദുൾ ഷുക്കൂർ S/O. കെ.കെ.അബ്ദുള്ള ഹാജി തളങ്കര	4455+802	2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ	63084
12.	KMC 6/1090	ശാന്ത കേന്ദ്രീയ വിദ്യാലയ ക്വാർട്ടേഴ്സ് വിദ്യാനഗർ	5120+922	2024 ആഗസ്റ്റ് മുതൽ 2025 മാർച്ച് വരെ	36252
13.	KMC 6/1092	പി. രാഘവൻ S/O. കണ്ണൻ	4362+786	2025 മാർച്ച്	5148
14.	KMC 6/1093	ഖാലിദ് എ.കെ S/O. എ.എം ഖാലിദ്	4884+880	2024 ജൂലൈ മുതൽ 2025 മാർച്ച് വരെ	51876
15.	KMC 6/1094	ടി.എം അബ്ദുൾ റഹിമാൻ S/O. മുഹമ്മദ് നെല്ലിക്കുന്ന്	4644+836	2024 ജൂലൈ മുതൽ 2025 മാർച്ച് വരെ	49320
16.	KMC 6/1095	ഖാലിദ് എ.കെ S/O. കെ.എം ഖാലിദ്	6085+1096	2024 ജൂലൈ മുതൽ 2025 മാർച്ച് വരെ	64629
17.	KMC 6/1108	കെ.എ അബ്ദുൾ ഷുക്കൂർ ജമാലിയ മൻസിൽ നുള്ളിപാടി	2246+404	2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ	31800

18.	KMC 6/1109	കെ.കെ സാദത്ത്	2694+484	2024 സെപ്റ്റംബർ മുതൽ 2025 മാർച്ച് വരെ	22246
19.	KMC 6/1116	കെ.എ അബ്ദുൾ ഹാരിസ് S/O. അബ്ദുഖാദർ	2185+394	2024 ജനവരി മുതൽ 2025 മാർച്ച് വരെ	38685
20.	KMC 6/1118	എം. മുഹമ്മദ് കുഞ്ഞി വിദ്യാനഗർ	2302+414	2024ഒക്ടോബർ മുതൽ 2025 മാർച്ച് വരെ	16296
New Bus Stand Second Floor					
21.	-	സാബിർ അലി S/O. അബ്ദുൾ റഹിമാൻ തുരുത്തി	4410+794	2024 ജൂൺ മുതൽ 2025 മാർച്ച് വരെ	52040
22.	KMC 6/1123	ആയിഷ തൗഫീക്ക് മൻസിൽ	12915+2324	2024 ആഗസ്റ്റ് മുതൽ 2025 മാർച്ച് വരെ	121912
23.	KMC 6/1127	മുഹമ്മദ് ഡാനിഷ് സയ്യദ് മൻസിൽ അണങ്കൂർ	5460+982	2024 ജൂലൈ മുതൽ 2025 മാർച്ച് വരെ	57978
24.	KMC 6/1128	മുഹമ്മദ് യാസ്സിർ അൽതാഫ് കൃഷ്ണ നഗർ വിദ്യാനഗർ	9463+1704	2024 ജൂലൈ മുതൽ 2025 മാർച്ച് വരെ	100503
25.	KMC 6/1129	മുഹമ്മദ് ഇല്യാസ് നള്ളിപാടി	7796+1404	2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ	110400
26.	KMC 6/1131	എൻ വിശ്വാസ് നള്ളിപാടി	10472+1884	2024 ജൂലൈ മുതൽ 2025 മാർച്ച് വരെ	111204
27.	-	കെ.രമാദേവി D/O. നാരായണൻ എമ്പ്രാതിരി	5139+924	2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ	72756
28.	KMC 6/1140	പി.എ മുഹമ്മദ് കുഞ്ഞി ബിസ്മില്ല മൻസിൽ പുത്തിഗെ	5641+1016	2024 ജൂലൈ മുതൽ 2025 മാർച്ച് വരെ	59913

29.	KMC 6/1141	സി.എച്ച് രാമകൃഷ്ണൻ	5154+928	2025 ഫെബ്രുവരി,മാർച്ച്	12164
Fish Market Old Block Ground Floor					
30.	KMC 20/296	അബ്ദുൾ സലാം പർവീസ്	2032+366	2025 ഫെബ്രുവരി,മാർച്ച്	4796
Fish Market Old Block First Floor					
31.	KMC 20/309	ശ്രീമതി & ശ്രീധർ അടുക്കത്ത്ബയൽ	846+152	2024 സെപ്റ്റംബർ മുതൽ 2025 മാർച്ച് വരെ	6986
32.	KMC 20/317	എം. അബൂബക്കർ	507+92	2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ	7188
Fish Market New Block Ground Floor					
33.	KMC 20/326	ബി.എം അബ്ദുൾ റഹിമാൻ മൊഗ്രാൽ പുത്തൂർ	2731+492	2024 ജൂലൈ മുതൽ 2025 മാർച്ച് വരെ	29007
Fish Market New Block First Floor					
34.	KMC 20/330	അബ്ദുൾ മജീദ് S/O. മുഹമ്മദ് അടുക്കത്ത്ബയൽ	4363+786	2025 ഫെബ്രുവരി,മാർച്ച്	10298
Bunk					
35.	KMC 6/1343	അസ്സ കാസിം	390+70	2025 ജനവരി മുതൽ മാർച്ച് വരെ	1380
Old Bus Stand Ground Floor					
36.	KMC 32/1408	ടി.എ സുലൈമാൻ	26453+4762	2024 നവംബർ മുതൽ 2025 മാർച്ച് വരെ	156075
Old Bus Stand Bunk					
37.	KMC 32/1427	അസ്‌ലം	6997+1260	2024 ജൂലൈ മുതൽ 2025 മാർച്ച് വരെ	74313
38.	KMC 32/1428	അബ്ദുള്ള അൻവർ ചെമ്മനാട്	6144+1106	2024 സെപ്റ്റംബർ മുതൽ 2025 മാർച്ച് വരെ	50750
New Bus Stand New Bunk					
39.	KMC 6/1011	വന്ദിത്ത് ഷെട്ടി മധൂർ	8000+1440	2024ഒക്ടോബർ മുതൽ 2025 മാർച്ച് വരെ	56640
40*.	KMC 6/999	ലോഹിത്ത് കുമാർ പി	10500+1890	2024 ഡിസംബർ മുതൽ 2025	49560

		എടനീർ		മാർച്ച് വരെ	
ആകെ					**1964293/-**

* ന്യൂ ബസ് സ്റ്റാന്റ് ന്യൂ ബങ്കിലെ KMC 6/699 നമ്പർ മുറി വാടകയ്ക്ക് എടുത്ത ലോഹിത്ത് കുമാർ പി, എടനീർ എന്ന വ്യക്തി വാടകയിനത്തിൽ 10500 രൂപയും GST ഇനത്തിൽ 1890/- (CGST+SGST) രൂപയുമാണ് അടവാക്കേണ്ടിരുന്നത്. എന്നാൽ GST ഇനത്തിൽ 847 രൂപ മാത്രമാണ് അടവാക്കിവരുന്നത്. കുറഞ്ഞ നിരക്കിലുള്ള GST ഈടാക്കിയതിനുള്ള കാരണം വ്യക്തമാക്കേണ്ടതും GST 18% നിരക്കിൽ ഈടാക്കി അറിയിക്കേണ്ടതാണ്.

വാടകക്കാർ യഥാസമയം വാടക അടവാക്കാത്തതിനാൽ നഗരസഭയ്ക്ക് വാടകയിനത്തിൽ വൻനഷ്ടം ഉണ്ടാവുന്നു. കുടിശ്ശികയായി ലഭിക്കാനുള്ള തുക കുടിശ്ശികക്കാരിൽ നിന്നും നിയമാനുസൃത പലിശ സഹിതം പിരിച്ചെടുത്ത് തനതു ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. വാടകകുടിശ്ശിക ഒടുക്കാൻ തയ്യാറാകാത്ത ലൈസൻസികളുടെ മുറി പൂട്ടി സീൽ ചെയ്ത് പുനർലേലം ചെയ്യേണ്ടതും വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കേണ്ടതുമാണ്. കുടിശ്ശികകാർക്ക് വീണ്ടും മുറി വാടകയ്ക്ക് നൽകുന്നത് കൗൺസിലിന്റെ വീഴ്ചയാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിക്കുന്നു. വാടക ഈടാക്കാത്തതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 40/2024-25, തീയതി:17.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-29 വാടക പരിശോധന പൊതു അപാകതകൾ

നഗരസഭയുടെ തനത് വരുമാനത്തിലെ ഒരു പ്രധാന വിഹിതമാണ് കെട്ടിട വാടക വരവ്. 2024-25 സാമ്പത്തിക വർഷത്തെ കാസറഗോഡ് നഗരസഭയുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ വാടക രജിസ്റ്റർ, കരാറുകൾ, ബൈലോ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 567 പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭയുടെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിന് നിയമാനുസൃത ബൈലോ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ബൈലോയ്ക്ക് സർക്കാറിൽ നിന്നുള്ള അംഗീകാരം ലഭ്യമാക്കിയതായി കാണുന്നില്ല. സർക്കാറിൽ നിന്നും അംഗീകാരം ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2. <u>ലൈസൻസികളുമായി കൃത്യമായി കരാർ ചമയ്ക്കുന്നില്ല.</u>

2000ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ - ചട്ടം7(1) പ്രകാരം മുനിസിപ്പാലിറ്റിയുടെ സ്വന്തമായ കെട്ടിടങ്ങൾ ആക്ടിന്റെ 215-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന കാലയളവിലേക്ക് ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ പാട്ടത്തിനോ നൽകാവുന്നതാണ്. ഇപ്രകാരമുള്ള കൈമാറ്റം 2000ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം7(2) അനുബന്ധം III ലെ ഫാറം III ന് അനുയോജ്യമായിരിക്കേണ്ടതാണ്. 2024-25 വർഷത്തിൽ വാടക രജിസ്റ്റർ പ്രകാരം 280 ഓളം വാടകക്കാരിൽ നിന്നും 71 പേർ മാത്രമാണ് നഗരസഭയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്.ആയതിനാൽ വാടക രജിസ്റ്റർ പ്രകാരമുള്ള വാടകക്കാർ തന്നെയാണോ കടമുറികൾ ഉപയോഗിക്കുന്നതെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. യഥാസമയം വാടക കരാർ ചമയ്ക്കാത്തതു മൂലം നിബന്ധനകൾ/ വ്യവസ്ഥകൾ ലംഘിക്കുന്ന വാടകക്കാർക്കെതിരെ നഗരസഭയ്ക്ക് നിയമ നടപടികൾ സ്വീകരിക്കാൻ കഴിയാതെ വരും.കെട്ടിടമോ മുറിയോ ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും മുൻപ് മതിയായ നിബന്ധനകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ കരാറിൽ ഏർപ്പെടേണ്ടതാണ്.കൃത്യമായ കരാർ ഉടമ്പടികൾ ഇല്ലാതെ മുറികൾ വാടകയ്ക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (42,തീയതി:17.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.വാടക കരാർ ചമയ്ക്കാത്ത വാടകക്കാരുമായി മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കേണ്ടതാണ്.

3.<u>ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ വാടകയ്ക്ക് നൽകേണ്ടതാണ്.</u>

വാടക രജിസ്റ്റർ പ്രകാരം താഴെ പറയുന്ന മുറികൾ വാടകക്കാരില്ലാതെ ഒഴിഞ്ഞു കിടക്കുന്നു.

വാടക രജിസ്റ്റർ പ്രകാരം വാടകക്കാർ ഇല്ലാതെ ഒഴിഞ്ഞു കിടക്കുന്ന താഴെ പറയുന്ന കടമുറികൾക്ക് ടെണ്ടർ/ലേലം മുഖേന വാടകക്കാരെ കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഇല്ലെങ്കിൽ ആയതിന് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

ക്രമ നമ്പർ	കെട്ടിടം	വാർഡ് നമ്പർ	റൂം നമ്പർ
1.	ഓൾഡ് ബസ് സ്റ്റാൻ്റ് ഫസ്റ്റ് ഫ്ലോർ	32	1430(Sc/St), 1436
2.	ന്യൂ ബസ് സ്റ്റാൻ്റ് ന്യൂ ബങ്ക്	6	1006, 1005
3.	ഇൻഡ്രസ്റ്റിയൽ എസ്റ്റേറ്റ് ഷെഡ്	10	366/D1, 366/D2, 366/D4, 366/D6, 366 D7

മേൽ പരാമർശിച്ച മുറികൾ ടെണ്ടർ/ലേലം മുഖേന വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-30 അനധികൃതമായി വാടക മുറി കൈവശം വെക്കുന്നു - നഗരസഭ നടപടി സ്വീകരിച്ചിട്ടില്ല.

കെ-സ്മാർട്ട് ഫയൽ നം. 873356-2024

കാസറഗോഡ് നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള വ്യവസ്ഥകളും നിബന്ധനകളും (ബൈലോ) 22 പ്രകാരം നിശ്ചിത കാലാവധിക്കുള്ളിൽ ലൈസൻസുകാരൻ മരണപ്പെടുകയാണെങ്കിൽ അവരുടെ നിയമാനുസൃതമുള്ള അനന്തരാവകാശിക്കും അയാളുടെ അപേക്ഷ ലഭിക്കുന്ന പക്ഷം നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി കൈമാറ്റം ചെയ്തു കൊടുക്കുന്നതും ഇപ്രകാരമുള്ള അപേക്ഷകൾ ലൈസൻസുകാരൻ മരണപ്പെട്ട തീയതി മുതൽ 30 ദിവസങ്ങൾക്കകം സെക്രട്ടറിക്ക് നൽകേണ്ടതാണ്. എന്നാൽ മേൽ പരാമർശിച്ച ഫയൽ പരിശോധിച്ചതിൽ ലൈസൻസ് മാറ്റി നൽകുന്നതിന് യഥാസമയം അപേക്ഷ നൽകാതെ അനധികൃതമായി റൂമുകൾ കൈവശം വയ്ക്കുന്നുണ്ട്.ഫയൽ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള പഴയ ബസ് സ്റ്റാൻ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ KMC 32/1412 നമ്പർ മുറി മൊയ്തീൻ കുട്ടി എന്നവരുടെ പേരിലാണ്. ടിയാൾ 29.12.2022 ന് മരണപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ലൈസൻസ് ഫീസ് അവകാശം മകനായ മുഹമ്മദ് അജ്മീർ എം എന്നവരുടെ പേരിലേക്ക് മാറ്റി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നത് 15 മാസങ്ങൾക്ക്(25.03.2024) ശേഷം മാത്രമാണ്. നഗരസഭ ലൈസൻസികൾക്ക് അനുവദിച്ച റൂമുകൾ അനധികൃതമായി കൈവശം വയ്ക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കുവാൻ 17.01.2026 ന് നൽകിയ 39/25 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.നഗരസഭ ലൈസൻസികൾക്ക് കൈമാറിയ റൂമുകൾ അനധികൃതമായി കൈവശം വയ്ക്കുന്നത് കണ്ടെത്തുന്നതിന് പരിശോധനകൾ നടത്തേണ്ടതും അനധികൃത കൈവശക്കാർക്കെതിരെ തുടർ നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

1-31 ലൈബ്രറി സെസ്സ് കുടിശ്ശിക ലൈബ്രറി കൗൺസിലിലേക്ക് യഥാസമയം അടവാക്കുന്നില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-8 (Other Liabilities) പ്രകാരം Library Cess Payable (Code 3503001) ഇനത്തിൽ 99,92,705 രൂപ കുടിശ്ശികയായി നിൽക്കുന്നു.

മുന്നിരിപ്പ്	വരവ്	ചെലവ് (തിരിച്ചടവ്)	നീക്കിയിരിപ്പ്
7,039,214.81	2,953,490	0	99,92,705

മുൻവർഷത്തെ 7,039,214.81രൂപ തൻവർഷം ഈടാക്കിയ 2,953,490രൂപ ആകെ 99,92,705രൂപ നികുതിദായകരിൽ നിന്ന് ഈടാക്കിയിട്ടുണ്ടെങ്കിലും ഈടാക്കിയതിൽ യാതൊരു തുകയും ലൈബ്രറി കൗൺസിലിലേക്ക് അടവാക്കിയിട്ടില്ല. പിരിച്ചെടുത്ത ലൈബ്രറി സെസ്സ് യഥാസമയം ലൈബ്രറി കൗൺസിലിലേക്ക് അടവാക്കാതെ വൻതുക ബാധ്യതയായി നിലനിർത്തുന്നത് മുനിസിപ്പാലിറ്റിയുടെ സാമ്പത്തിക അച്ചടക്കത്തെ ബാധിക്കുന്ന വിഷയമാണ്.

സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് ഓരോ അർദ്ധ വർഷവും പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് തുക ഓരോ അർദ്ധവർഷം കഴിഞ്ഞ് 30 ദിവസത്തിനകം അടയ്ക്കേണ്ടതാണെന്ന് 29.12.2000 ലെ സർക്കുലർ നമ്പർ 17263/I3/ത.സ്വ.ഭ.വ, പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഈടാക്കിയ ലൈബ്രറി സെസ്സ് കൃത്യസമയത്ത് അടവാക്കിയിട്ടില്ലെങ്കിൽ 2% പിഴപ്പലിശ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്. എന്നാൽ 2024-25സാമ്പത്തിക വർഷത്തിൽ ലൈബ്രറി സെസ് ഇനത്തിൽ തുകയൊന്നും തന്നെ അടവാക്കിയിട്ടില്ല.

ലൈബ്രറി സെസ്സ് യഥാസമയം ലൈബ്രറി കൗൺസിലിൽ അടവാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ- 68/2024-25 തീയതി- 20.02.2026ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈബ്രറി സെസ്സ് യഥാസമയം ലൈബ്രറി കൗൺസിലിൽ അടവാക്കേണ്ടതാണ്.

1-32 KCWWF Cess സമയബന്ധിതമായി അടവാക്കുന്നില്ല.

നിർമ്മാണ ജോലിക്കിടെ ഉണ്ടാകുന്ന അപകടങ്ങൾ, വാർദ്ധക്യകാലം, ചികിത്സ എന്നിവയ്ക്കായി ആരംഭിച്ചതാണ് KCWWF. 1996 The Building And Other Construction Workers' Welfare Cess Act, ചട്ടങ്ങൾ (Rules 1998), കൂടാതെ കേരള സർക്കാർ പുറപ്പെടുവിച്ച വിവിധ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നിർമ്മാണ സെസ്സ് (Cess) കണക്കാക്കി ക്ഷേമനിധി ബോർഡിലേക്ക് അടവാക്കേണ്ടതുണ്ട്. കെട്ടിടത്തിന്റെ നിർമ്മാണ ചെലവിന്റെ (Construction Cost) 1% എന്ന അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ സെസ്സ് (Cess) തുക കണക്കാക്കുന്നത്. സെസ് പിരിച്ചെടുക്കുന്ന തദ്ദേശ സ്ഥാപനങ്ങളോ മറ്റ് സർക്കാർ ഓഫീസുകളോ ആ തുക ശേഖരിച്ച് 30 ദിവസത്തിനുള്ളിൽ കേരള കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് അടവാക്കേണ്ടതുണ്ട്. കൂടാതെ പിരിച്ചെടുത്ത തുകയുടെയും കൈമാറിയ തുകയുടെയും വിശദാംശങ്ങൾ മാസാമാസം ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർക്ക് (Assessing Officer) റിപ്പോർട്ട് ചെയ്യുകയും വേണം.

കാസറഗോഡ് നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ B8 ഷെഡ്യൂൾ (3503018) പ്രകാരം Recoveries Cess On KCWWF Payable എന്ന ഇനത്തിൽ 20,99,741 രൂപ അടവാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട ലെഡ്ജർ പരിശോധിച്ചതിൽ 2024 ജൂലൈ മാസം (ഉദാ: 08-07-2024, R-M140200-24007456 തുക 32390) 2024 സപ്തംബർ മാസം (ഉദാ: 11-11-2024 R-M140200-24017869, തുക 18765) വരെയുള്ള വരവ് 2025 മാർച്ച് 31 വരെയും അടവാക്കിയിട്ടില്ല. സമയബന്ധിതമായി അടവാക്കേണ്ട തുക അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വറിക്ക് (എൻക്വയറി നമ്പർ- 54/2024-25 തീയതി- 03.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട നിർമ്മാണ സെസ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് അടവാക്കി രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-33 ഓഡിറ്റ് റിക്കവറി അടവാക്കാതെ കൈവശം വെച്ചിരിക്കുന്നു.

3502018 Recoveries Payable-Audit Recovery 2023-24 വർഷം ഓഡിറ്റ് റിക്കവറിയായി പിരിച്ച 21,889/- രൂപ നാളിതുവരെയും സർക്കാരിലേക്ക് അടവാക്കാതെ കൈവശം വെച്ചിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ- 69/2024-25തീയതി- 20.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക സർക്കാരിലേക്ക് അടവാക്കി രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-34 തെരഞ്ഞെടുപ്പ് നിക്ഷേപം മുനിസിപ്പാലിറ്റി ഫണ്ടിൽ മുതൽക്കൂട്ടിയില്ല.

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 109 തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നിക്ഷേപങ്ങളെ കുറിച്ച് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത വകുപ്പിന് കീഴിൽ നടത്തിയ നിക്ഷേപം സെക്ഷൻ 201ലെ വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി അത് നടത്തിയ ആളിനോ അല്ലെങ്കിൽ അയാളുടെ നിയമപരമായ പ്രതിനിധിക്കോ തിരിച്ച് നൽകുകയോ അല്ലെങ്കിൽ മുനിസിപ്പാലിറ്റി ഫണ്ടിലേക്ക് കണ്ടുകെട്ടുകയോ ചെയ്യേണ്ടതാണ്. സെക്ഷൻ 201

ഉപവകുപ്പ് 2 പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചതിനുശേഷം കഴിയുന്നതുപെട്ടന്ന് നിക്ഷേപം തിരിച്ച് നൽകേണ്ടതാണ്. സെക്ഷൻ 201 ഉപവകുപ്പ് 4 പ്രകാരം സ്ഥാനാർത്ഥികൾ തെരഞ്ഞെടുക്കപ്പെടാതിരിക്കുകയും, സാധുവായ വോട്ടുകളുടെ ആകെ എണ്ണത്തിന്റെ 1/6 കവിയാതിരിക്കുകയുമാണെങ്കിൽ നിക്ഷേപം കണ്ടുകെട്ടുന്നതാണ് എന്നും വ്യവസ്ഥചെയ്തിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തെ കാസറഗോഡ് നഗരസഭയുടെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ഇലക്ഷൻ ഡെപ്പോസിറ്റുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

A) 2020-21 മുതൽ 2024-25 വരെ ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിലെ വരവ്-ചെലവ് നീക്കിയിരിപ്പ് തുകകളുടെ വിശദാംശം

വർഷം	മുന്നിരിപ്പ്	വരവ്	ചെലവ്	നീക്കിയിരിപ്പ്
2020-21	0	339,000	279,000	60,000
2021-22	60,000	10,000	0	70,000
2022-23	70,000	0	6,000	64,000
2023-24	64,000	0	0	64,000
2024-25	64,000	20,000	0	84,000

B) 2023-24 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റിൽ ഇലക്ഷൻ ഡെപ്പോസിറ്റ് നീക്കിയിരിപ്പ് B7 ഷെഡ്യൂളിൽ 64,000/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ കൃത്യത പരിശോധിക്കുന്നതിന് ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റിൽ 2020 ഡിസംബർ മാസം നടന്ന മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനായി സ്ഥാനാർത്ഥികൾ തെരഞ്ഞെടുപ്പ് നിക്ഷേപമായി കെട്ടിവച്ച തുകയിൽ അവകാശമുന്നയിക്കാത്ത തുകയുടെ നീക്കിയിരിപ്പാണ് ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടുള്ളത്. എന്നാൽ 2022-23ൽ 6,000 രൂപ തിരികെ നൽകിയതിന്റെ വിശദാംശം ലഭ്യമല്ലാത്തതിനാൽ ആയതിന്റെ നിയമപരമായ സാധുത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ആയത് പരിശോധിക്കുന്നതിനാവശ്യമായ രേഖകളും രജിസ്റ്ററുകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2024-25 സാമ്പത്തിക വർഷത്തെ ഈ ഇനത്തിൽ 20,000/- വരവ് ഉൾപ്പെടെ ബാലൻസ് ഷീറ്റിലെ B7 ഷെഡ്യൂളിൽ 84,000/- രൂപ നീക്കിയിരിപ്പുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (എൻക്വയറി നമ്പർ- 52/2024-25 തീയതി-03.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. വർഷങ്ങളായി കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ നഗരസഭ ഫണ്ടിൽ മുതൽ കൂട്ടാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ- 52/2024-25 തീയതി- 03.02.2026ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ നഗരസഭാഫണ്ടിൽ മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

1-35 ബെനെഫിഷ്യറി കോൺട്രിബ്യൂഷൻ ഈടാക്കി- പദ്ധതി പൂർത്തീകരിച്ചില്ല.

2022-23 ലെ (ഹെൽത്ത് ഓഫീസർ നിർവഹണം- Project No 162/2022-23 - വീടുകൾക്ക് ബയോബിൻ നൽകൽ പദ്ധതി) പദ്ധതിയുമായി ബന്ധപ്പെട്ട് പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം (1,80,000/- രൂപ) സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് B4ൽ ബെനെഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിലുള്ള തുകയായി നിലവിലും തുടർന്ന് വരുന്നു. വീടുകൾക്ക് ബയോബിൻ കൈമാറിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതും ആയതിന്റെ ഇൻവോയ്സ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് അറിയിക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ- 70/2024-25 തീയതി- 20.02.2026ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ പദ്ധതിയുടെ നിലവിലുള്ള അവസ്ഥ ഓഡിറ്റിനെ അറിയിക്കേണ്ടതും ബെനിഫിഷറി കോൺട്രിബ്യൂഷൻ ഇനത്തിൽ ഷെഡ്യൂൾ B-4 പ്രകാരമുള്ള മുഴുവൻ തുകയുടെയും (മേൽ പദ്ധതി ഉൾപ്പെടെ 43,10,632/- രൂപ) സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-36 ഫെസ്റ്റിവെൽ അഡ്വാൻസ് തുക ഈടാക്കിയില്ല.

ഫെസ്റ്റിവൽ അഡ്വാൻസ് 2023-24 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം 260,800/- രൂപ തിരികെ ഈടാക്കാനുള്ളതായി കാണിച്ചിട്ടുണ്ട്. 2024-25 വർഷത്തെ RP- R18-Advances Receivedൽ 48,000/- രൂപ തിരികെ ലഭിച്ചതായി കാണിക്കുന്നു.

തൻവർഷം RP- P23-Advances Made- Festival Advance To Employees 260,000/- രൂപ നൽകിയിട്ടുണ്ട്. തൻവർഷം ബാലൻസ് ഷീറ്റ് B-18- Festival Advance To Employees 0/- അഥവാ ഫെസ്റ്റിവെൽ അഡ്വാൻസ് ഈടാക്കാൻ ബാക്കിയില്ല എന്നാണ് കാണിച്ചിരിക്കുന്നത്. ഇത് വസ്തുതാ വിരുദ്ധമാണ്. അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം തന്നെ 2 റെഗുലർ ജീവനക്കാർ അഡ്വാൻസ് തിരിച്ചടവാക്കാൻ ബാക്കിയുള്ളതായി കാണിച്ചിട്ടുണ്ട്.

ക്രമ നമ്പർ	ജീവനക്കാരന്റെ പേര്/ ഉദ്യോഗപ്പേര്	മുൻകൂർ എടുത്ത തുക (രൂപ)	തിരിച്ചടവാക്കിയ തുക (രൂപ)
1.	ശ്രീ. സതീഷ് കുമാർ. കെ സീനിയർ ക്ലർക്ക്	20,000	0
2.	ശ്രീ. ആഷിഫലി. ബി.കെ ക്ലർക്ക്	15,000	0

രജിസ്റ്റർ പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ നൽകിയ ഫെസ്റ്റിവെൽ അഡ്വാൻസ് തുകകൾ നാളിതുവരെ ഈടാക്കിയിട്ടില്ലെന്ന് വ്യക്തമാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ- 66/2024-25 തീയതി- 20.02.2026ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കാൻ അവശേഷിക്കുന്ന ഫെസ്റ്റിവെൽ അഡ്വാൻസ് തുകകൾ ഈടാക്കി രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-37 വർദ്ധിച്ചു വരുന്ന പ്രൊവിഡന്റ് ഫണ്ട് ബാധ്യത.

ഷെഡ്യൂൾ B-8 ൽ Provident Fund Payable തുക 1,65,26,967 രൂപ ആയി ഉയർന്നിരിക്കുന്നു മുൻ വർഷം ഇത് 88,75,179 രൂപ ആയിരുന്നു. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിച്ചെടുക്കുന്ന പി.എഫ് തുക യഥാസമയം അടയ്ക്കാത്തതു കൊണ്ടാണോ ഈ ബാധ്യത ഇരട്ടിയായി വർദ്ധിച്ചത് എന്നത് സംബന്ധിച്ചും പി.എഫ് തുക കൃത്യമായി അടവാക്കാതിരിക്കുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ- 67/2024-25 തീയതി- 20.02.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പി.എഫ് തുക ട്രഷറിയിൽ ചെലാൻ വെച്ച് അടവാക്കേണ്ടതും വിഹിതം അർബൻ അഫേഴ്സ് ഡയറക്ടറെ അറിയിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-38 ജി.പി.എ.ഐ.എസ് സമയബന്ധിതമായി അടവാക്കുന്നില്ല.

ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്) ആയി ബന്ധപ്പെട്ട് സ.ഉ (അച്ചടി) നം.99/2024/ധന തീയതി.19/11/2024 ലെ Viii-ൽ 2025 വർഷത്തേയ്ക്കുള്ള പ്രീമിയം 2024 നവംബർ മാസത്തെ ശമ്പളത്തിൽ നിന്ന് ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാർ കിഴിവ് നടത്തി 2024 ഡിസംബർ 31 നകം ഇൻഷുറൻസ് & പെൻഷൻ ഫണ്ടിന് കീഴിൽ 8011-00-105-89 ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. ശൂന്യവേതനാവധിയിലുള്ളവർ, അന്യത്ര സേവനത്തിലായിരിക്കുന്നവർ, സസ്പെൻഷനിലുള്ളവർ, രീതിയിൽ മറ്റ് ഏതെങ്കിലും അവധിയിലുള്ളവർ, പേസ്ലിപ്പ് ലഭിക്കാത്ത കാരണത്താൽ ശമ്പളം ലഭിക്കാത്തവർ, മറ്റെന്തെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നിവർ 2024 ഡിസംബർ 31 - നകം സ്വന്തം നിലയ്ക്ക് പ്രീമിയം തുക ഡി.ഡി.ഒ മുഖാന്തരമോ, നേരിട്ടോ മേൽ പറഞ്ഞ ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു.

കാസറഗോഡ് നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ B8 ഷെഡ്യൂൾ (3502017) പ്രകാരം Recoveries Payable-GPAIS എന്ന ഇനത്തിൽ 67,600/-രൂപ അടവാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട് ട്രയൽ ബാലൻസ് പരിശോധിച്ചതിൽ Recoveries Payable-GPAIS മുന്നിരിപ്പായി 26600 രൂപ കാണിച്ചിട്ടുണ്ട്. ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി എന്ന ശീർഷകത്തിൽ ട്രഷറിയിൽ സമയബന്ധിതമായി അടവാക്കേണ്ട തുക അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. GPAIS സമയബന്ധിതമായി അടവാക്കാത്തപക്ഷം പിന്നീട് ഉണ്ടാവുന്ന കഷ്ടനഷ്ടങ്ങൾക്ക് സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതാണ്.

1-39 ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ലഭിച്ച തുക നഗരസഭാ ഫണ്ടിലേക്ക് അടക്കുന്നില്ല.

ഇ ടെണ്ടർ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോമിന്റെ വില സ്വീകരിക്കുന്നതിനായി നഗരസഭയിലെ മുനിസിപ്പൽ എഞ്ചിനീയറുടെ പേരിൽ കാസർഗോഡ് എസ്.ബി.ഐയിൽ ഒരു അക്കൗണ്ട് ഉണ്ട് (നം. 67211536921). ഈ അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് റിക്വിസിഷൻ (27 തീയതി: 29.12.2025) പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് നഗരസഭയുടെ തനത് വരുമാനമാണ്. ആയതിനാൽ ടെണ്ടർ ഫോമിന്റെ വിലയായി ഈ അക്കൗണ്ടിൽ വരവ് വരുന്ന തുകകൾ നഗരസഭയ്ക്ക് കൈമാറേണ്ടതാണ്. അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റും തുക നഗരസഭയ്ക്ക് കൈമാറിയതിന്റെ വിശദാംശവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-40 ജീവനക്കാരുടെ ജി.പി.എഫ് വരിസംഖ്യ അടവാക്കുന്നതിൽ കാലതാമസം

കെ- സ്മാർട്ട് ഫയൽ :- 1010835-2024, 1010839-2024

2011 ലെ ജനറൽ പ്രൊവിഡന്റ് ഫണ്ട് (കേരള) റൂൾസ് 13(3) പ്രകാരം ജനറൽ പ്രൊവിഡന്റ് ഫണ്ടിൽ അംഗങ്ങളായ ജീവനക്കാരുടെ ഓരോ മാസത്തെയും ശമ്പളത്തിൽ നിന്ന് വരിസംഖ്യ ഈടാക്കി അതാത് മാസം അഞ്ചാം തീയതിക്ക് മുമ്പായി ജി.പി.എഫ് അക്കൗണ്ടിലേക്ക് അടച്ചെങ്കിൽ മാത്രമെ ആ മാസം ഒന്നാം തീയതി മുതലുള്ള പലിശ ആ തുകക്ക് ലഭിക്കുകയുള്ളൂ. കാസറഗോഡ് നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തെ ജി.പി.എഫ് അടവാക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ജി.പി.എഫിൽ അംഗങ്ങളായ ജീവനക്കാരുടെ പ്രതിമാസ വരിസംഖ്യ, ശമ്പളത്തിൽ നിന്ന് ഈടാക്കി അടയ്ക്കുന്നതിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപെട്ടു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ശമ്പള മാസം	വരിസംഖ്യ	ജി.പി.എഫിൽ നിക്ഷേപിച്ച ചെക്ക് നം/ തീയതി
1.	2024 മാർച്ച്	35290	XY643291/22.05.2024
2.	2024 ഏപ്രിൽ	35290	XY643299/05.06.2024
3.	2024 മേയ്	36430	XY1330713/05.07.2024
4.	2024 ജൂൺ	37930	XY1330717/18.07.2024
5.	2024 ജൂലൈ	37930	XY1330730/19.08.2024
6.	2024 ആഗസ്റ്റ്	33960	XY1330741/27.09.2024
7.	2024 സെപ്റ്റംബർ	33960	769448/15.10.2024
8.	2024 ഒക്ടോബർ	33960	XY1330755/15.11.2024
9.	2024 നവംബർ	32330	XY1330765/19.12.2024
10.	2024 ഡിസംബർ	32330	XY1330775/15.01.2025
11.	2025 ജനുവരി	48440	XY1330794/14.02.2025
12.	2025 ഫെബ്രുവരി	48440	MB405561/13.03.2025

ജി.പി.എഫ് വരിസംഖ്യ അടക്കുന്നതിലെ കാലതാമസം മൂലം ജീവനക്കാർക്ക് പലിശ നഷ്ടം സംഭവിക്കുന്നു. മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (58/25, തീയതി: 09.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. സാമ്പത്തിക വർഷാവസാനം വരെ ജി.പി.എഫ് വരിസംഖ്യ അടക്കുന്നതിൽ

കാലതാമസമുണ്ടായിട്ടുണ്ട്. ജി.പി.എഫ് വരിസംഖ്യ ഇനത്തിൽ ഈടാക്കുന്ന തുകകൾ അതാത് മാസം 5-ാം തീയതിക്ക് മുമ്പായി ജി.പി.എഫ് അക്കൗണ്ടിലേക്ക് അടവാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-41 വക്കീൽ ഫീസ്- ആദായ നികുതി ടി.ഡി.എസ് ഈടാക്കുന്നില്ല.

2024-2025 വർഷത്തെ പേയ്മെന്റ് വൗച്ചറുകൾ പരിശോധിച്ചതിൽ കാസറഗോഡ് നഗരസഭയുടെ വിവിധ കേസുകൾക്കായി നിയമസഹായം, നിയമോപദേശം എന്നിവ ലഭ്യമാക്കുന്നതിനായി വക്കീൽ ഫീസ് ഇനത്തിൽ പീറ്റർ & കരുണാകർ ലോയർസിന് തുക അനുവദിച്ചിട്ടുണ്ട്. തുക നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കേസ് നമ്പർ	കെ-സ്മാർട്ട് ഫയൽ നമ്പർ	വക്കീൽ ഫീസ് ഇനത്തിൽ അനുവദിച്ച തുക	ചെക്ക് നമ്പർ/ തീയതി
OA 1136/2022	662352-2024	15000/-	499059/05.09.2024
WP(C) No.40935/2023	1713746-2024	7500/-	499059/05.09.2024
WP(C) No. 206/2022	1582365-2024	7500/-	499059/05.09.2024
OA 777/2024	1299800-2024	15000/-	499059/05.09.2024
ആകെ		45000/-	

1961 ലെ Income Tax Act Section 194J പ്രകാരം സാങ്കേതിക സേവനങ്ങൾ/ പ്രൊഫഷണൽ സേവനങ്ങൾ / റോയൽറ്റി എന്നിവയ്ക്ക് നൽകുന്ന തുക ഒരു സാമ്പത്തിക വർഷത്തിൽ 30000 രൂപയിൽ അധികരിക്കുകയാണെങ്കിൽ 10% നിരക്കിൽ ടി.ഡി.എസ് നടത്തേണ്ടതാണ്. എന്നാൽ വക്കീൽ ഫീസ് ഇനത്തിൽ അനുവദിച്ച തുകയിൽ നിന്ന് ആദായനികുതി ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വക്കീൽ ഫീസ് ഇനത്തിൽ അനുവദിച്ച തുകയിൽ നിന്ന് ആദായനികുതി ടി.ഡി.എസ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാകുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം,32/17.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വ്യക്തിയിൽ നിന്ന് ആദായനികുതി ടി.ഡി.എസ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-42 വിവിധ പ്രവൃത്തികൾക്കായി മുൻകൂർ കൈപ്പറ്റിയ തുകകൾ ക്രമീകരിച്ചിട്ടില്ല. ചെലവ് തടസ്സപ്പെടുത്തുന്നു.

2024-25 വർഷം താഴെ പറയുന്ന ഉദ്യോഗസ്ഥർക്ക് വിവിധ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി നൽകിയ മുൻകൂർ തുകകൾ നാളിതുവരെ ക്രമീകരിച്ചതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വൗച്ചർ നം/തീയതി	തുക	മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥൻ	ചെലവ് വിവരം
1	P-M 140200-2400048/ 04.05.2024 (ചെക്ക് നം. 262236/04.05.2024	20,000	ശ്രീ.നാരായണൻ പി.കെ ഓവർസിയർ	ആരോഗ്യകാര്യ സ്ഥിരം സമിതി ചെയർമാന്റെ റൂമിനകത്തെ ലൈറ്റ്, ബാത്ത് റൂം റിപ്പയർ എന്നിവയ്ക്ക് മുൻകൂർ നൽകിയത് ക്രമീകരിച്ചിട്ടില്ല.

2	P-M 140200-2400084/ 27.05.2024	22,500	ശ്രീ.നാരായണൻ പി.കെ ഓവർസിയർ	വൈസ് ചെയർപേഴ്സണിന്റെ റൂം അറ്റകുറ്റ പണി (അഡ്വാൻസ്)
3	P-M 140200-24000114/ 04.06.2024	47,500	ശ്രീ.നാരായണൻ പി.കെ ഓവർസിയർ	ടേക്ക് എ ബ്രേക്കിലേക്ക് വെള്ളം എത്തിക്കുന്നതിനുള്ള നടപടികൾക്കായി മുൻകൂർ തുക നൽകിയത്
4	P-M 140200-24000235/ 17.07.2024	6,700	ശ്രീ.നാരായണൻ പി.കെ ഓവർസിയർ	നഗരസഭ വൈസ് ചെയർമാന്റെ റൂമിലെ എസി റിപ്പയർ ചെയ്യുന്നതിന് തുക നൽകിയത്
5	P-M 140200-24000239/ 17.07.2024	2,800	ശ്രീ.നാരായണൻ പി.കെ ഓവർസിയർ	നഗരസഭ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സന്റെ റൂമിലെ എസി റിപ്പയർ ചെയ്യുന്നതിന് തുക നൽകിയത്
6	P-M 140200-24000300/ 06.08.2024	38,500	ശ്രീ.നാരായണൻ പി.കെ ഓവർസിയർ	2024 ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സ്റ്റോംഗ് റൂം നവീകരണ പ്രവൃത്തി
7	P-M 140200-24000335/ 14.08.2024	46,000	ശ്രീ.നാരായണൻ പി.കെ ഓവർസിയർ	സ്വാതന്ത്ര്യ ദിനാഘോഷം - നഗരസഭ സ്റ്റേഡിയം അറ്റകുറ്റപണികൾ
8	P-M 14020024000336/ 14.08.2024	40,000	ശ്രീ.നാരായണൻ പി.കെ ഓവർസിയർ	സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി സ്റ്റേഡിയത്തിലെ ബാത്ത് റൂം ടൈൽ റിപ്പയർ, ജിഐ പൈപ്പ് പെയിന്റിംഗ്,
9	P-M 140200-24000337/ 14.08.2024	49,500	ശ്രീ.നാരായണൻ പി.കെ ഓവർസിയർ	സ്വാതന്ത്ര്യ ദിനാഘോഷ ത്തിന്റെ ഭാഗമായി സ്റ്റേഡിയത്തിലെ പെയി ന്റിംഗ് വർക്ക്, പ്ലാസ്റ്ററിംഗ് എന്നിവ ചെയ്യുന്നതിന് നൽകിയത്.

10	P-M 140200-24000364/ 23.08.2024	49,000	ശ്രീ.നാരായണൻ പി.കെ ഓവർസിയർ	16-ാം വാർഡിൽ പച്ചക്കാട് സെക്കന്റ് ക്രോസ്സ് റോഡിന്റെ കെട്ട് തകർന്ന് വീണത് ശരിയാക്കുന്നതിന് തുക നൽകിയത്.
11	P-M 140200-24000387/ 04.09.2024	8,100	ശ്രീ.നാരായണൻ പി.കെ ഓവർസിയർ	തളങ്കര പടിഞ്ഞാറ് ലൈബ്രറി കെട്ടിടത്തിലെ ഇലക്ട്രിക് വർക്ക് ചെയ്യുന്നതിന് തുക നൽകിയത്.
12	P-M 140200-24000388/ 04.09.2024	49,900	ശ്രീ.നാരായണൻ പി.കെ ഓവർസിയർ	ടൗൺഹാൾ നവീകരണ പ്രവൃത്തി ചെയ്യുന്നതിന് തുക നൽകിയത്.
13	P-M 140200-24000477/ 30.09.2024	50,000	ശ്രീ.ഗംഗാധരൻ ജി Ist ഗ്രേഡ് ഓവർസിയർ	8-ാം വാർഡിൽ എം.ജി കോളനിയിലെ ബോർവെല്ലിന്റെ മോട്ടോർ കേടായത് സ്ഥാപിക്കുന്നതിന് തുക നൽകിയത്
14	P-M 140200-24000737/ 09.01.2025 (ചെക്ക് നം. 055357/09.01.2025)	18,000	ശ്രീ.ഗംഗാധരൻ ജി Ist ഗ്രേഡ് ഓവർസിയർ	വൈസ് ചെയർമാൻ ക്യാബിന് പുതിയ VIP കസേര വാങ്ങുന്നതിന് തുക നൽകിയത്
15	P-M 140200-24000725/ 07.01.2025 (ചെക്ക് നം. 055354/07.01.2025)	32,700	ശ്രീ.ഗംഗാധരൻ ജി Ist ഗ്രേഡ് ഓവർസിയർ	നഗരസഭയുടെ 26-ാം വാർഡിലെ ഓവുചാൽ നവീകരണത്തിന് തുക നല്കിയത്.
16	P-M 140200-24000735/ 09.01.2025 (ചെക്ക് നം. 055357/09.01.2025)	17,100	ശ്രീ.ഗംഗാധരൻ ജി Ist ഗ്രേഡ് ഓവർസിയർ	കൗൺസിൽ ഹാളിലെ 5 സോഫാ സെറ്റുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് തുക നൽകിയത്.
17	P-M 140200-24000790/ 23.01.2025 (ചെക്ക് നം. 524047/23.01.2025)	24,000	ശ്രീ.ഗംഗാധരൻ ജി Ist ഗ്രേഡ് ഓവർസിയർ	24-ാം വാർഡിലെ ഖാസിലൈൻ റഹമത്ത് നഗർ ചേരുമ്പ ഭഗവതി ക്ഷേത്രം റോഡിൽ പഴയ കോൺക്രീറ്റ് മാറ്റുന്നതിന് നൽകിയത്.

18	P-M 140200-24000785/ 23.01.2025 (ചെക്ക് നം. 524046/23.01.2025)	38,621	ശ്രീ.ഗംഗാധരൻ ജി Ist ഗ്രേഡ് ഓവർസിയർ	മുനിസിപ്പൽ സ്റ്റേഡിയത്തിലെ കൊടിമരം പെയിന്റ് ചെയ്യുന്നതിനും മറ്റ് അത്യാവശ്യ അറ്റകുറ്റ പണികൾ നടത്തുന്നതിന് തുക നൽകിയത്.
19	ചെക്കം നം. 313285/12.03.2025 വൗച്ചർ നം. P-M 140200-24000899	48,500	ശ്രീ.ഹരികൃഷ്ണൻ പി.കെ ഓവർസിയർ	എഞ്ചിനീയറിംഗ് വിഭാഗം-ഓഫീസിൽ കർട്ടനകൾ ഫിക്സ് ചെയ്യുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയർ കസേര മാറ്റി സ്ഥാപിക്കുന്നതിന് തുക നൽകിയത്.
20	ചെക്ക് നം. 017311/12.11.2024 P-M 140200-24000582	34,000	ശ്രീ.ഗംഗാധരൻ ജി Ist ഗ്രേഡ് ഓവർസിയർ	16-ാം വാർഡ് പച്ചകാട് അറഫ റോഡ് കവറിംഗ് സ്ലാബ്/ഡ്രൈനേജ്-റിപ്പയർ.
21	ചെക്ക് നം. 017325/22.11.2024 P-M 140200-24000605	47,518	ശ്രീ.ഗംഗാധരൻ ജി Ist ഗ്രേഡ് ഓവർസിയർ	7-ാം വാർഡ് അശോക് നഗർ പോലീസ് സ്റ്റേഷൻ സമീപം അടിയന്തിര പ്രവൃത്തിയെടുക്കുന്നതിനായി തുക നൽകിയത്
22	P-M 140200-24000565 ചെക്ക് നം. 017301/05.11.2024	43,739	ശ്രീ.ഗംഗാധരൻ ജി Ist ഗ്രേഡ് ഓവർസിയർ	നഗരസഭയിലെ CCTV ക്യാമറകൾ തകരാർ പരി ഹരിക്കുന്നതിനായി തുക നൽകിയത്
23	P-M 140200-24000606 ചെക്ക് നം. 017325/22.11.2024	7,640	ശ്രീ.ഗംഗാധരൻ ജി Ist ഗ്രേഡ് ഓവർസിയർ	ക്ഷേമ കാര്യ സമിതി ചെയർമാന്റെ റൂമിലെ സീലിംഗ് ലൈറ്റ്, മാറ്റി സ്ഥാപിക്കാൻ തുക നൽകിയത്.
24	P-M 140200-24000493 ചെക്ക് നം. 769738/08.10.2024	46,000	ശ്രീ.ഗംഗാധരൻ ജി Ist ഗ്രേഡ് ഓവർസിയർ	നഗരസഭ ബഡ്സ് സ്കൂൾ അറ്റകുറ്റ പ്രവൃത്തി ചെയ്യുന്ന തിന് തുക നൽകിയത്.
25	P-M 140200-24000494 ചെക്ക് നം. 769738/08.10.2024	14,200	ശ്രീ.ഗംഗാധരൻ ജി Ist ഗ്രേഡ് ഓവർസിയർ	നഗരസഭ ബഡ്സ് സ്കൂൾ അറ്റകുറ്റ പ്രവൃത്തി ചെയ്യുന്ന തിന് തുക നൽകിയത്.

26	P-M 140200-24000550 ചെക്ക് നം. 484373/30.10.2024	21,500	ശ്രീ.ഗംഗാധരൻ ജി Ist ഗ്രേഡ് ഓവർസിയർ	ചെയർമാന്റെ ക്യാബിനിലെ എ.സി റിപ്പയർ / ഉദ്ഘാടന സ്റ്റാന്റ് വാങ്ങുന്നതിന് തുക നൽകിയത്.
27	P-M 140200-24000551 ചെക്ക് നം. 484372/30.10.2024	45,000	ശ്രീ.ഗംഗാധരൻ ജി Ist ഗ്രേഡ് ഓവർസിയർ	നുള്ളിപ്പാടി ശ്മശാനത്തിന്റെ കേടായ മോട്ടോർ C – ചാനൽ മാറ്റി സ്ഥാപിക്കുന്നതിന് തുക നൽകിയത്.
28	P-M 140200-24000537 ചെക്ക് നം.484365/23.10.2024	15,000	ശ്രീ.ഗംഗാധരൻ ജി Ist ഗ്രേഡ് ഓവർസിയർ	വാർഡ് പുനർനിർണ്ണയ പ്രവൃത്തിയുടെ ചെലവിനായി - തുക നൽകിയത്.
29	P-M 140200-24000629 ചെക്ക് നം.502924/04.12.2024	50,000	ശ്രീ.ഗംഗാധരൻ ജി Ist ഗ്രേഡ് ഓവർസിയർ	നാലാം വാർഡിലെ ഗോളിതടി റോഡ് ബാക്കി ഭാഗം കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തിക്ക് തുക നൽകിയത്.
30	P-M 140200-24000657 ചെക്ക് നം.421486/09.12.2024	20,000	ശ്രീ.ഗംഗാധരൻ ജി Ist ഗ്രേഡ് ഓവർസിയർ	മൂന്നാം വാർഡിലെ ബോർവെൽ പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിന് തുക നൽകിയത്.
31	P-M 140200-24000698 ചെക്ക് നം.421506/21.12.2024	49,650	ശ്രീ.ഗംഗാധരൻ ജി Ist ഗ്രേഡ് ഓവർസിയർ	20-ാം വാർഡിലെ ഫോർട്ട് റോഡ് ജദീദ് റോഡ് സ്ട്രീറ്റിൽ ഡ്രൈനേജിന്റെ അടിയന്തിര പ്രവൃത്തിക്ക് തുക നൽകിയത്.
32	P-M 140200-24000696 ചെക്ക് നം.421506/21.12.2024	50,000	ശ്രീ.ഗംഗാധരൻ ജി Ist ഗ്രേഡ് ഓവർസിയർ	വനിത വിശ്രമ കേന്ദ്രത്തിന് സമീപം ബോർവെൽ നിന്നും കെട്ടത്തിലേക്ക് പൈപ് ലൈൻ വലിക്കുന്നതിന് തുക നൽകിയത്.
ആകെ		**10,53,668**		

എന്നാൽ മേൽ പ്രവൃത്തികൾ പൂർത്തീകരിച്ച് മുൻകൂർ തുക ക്രമീകരിച്ചതായി കാണുന്നില്ല. ആയത് ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 44/2024-25 തീയതി 20.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 99 പ്രകാരവും 10.07.2012ലെ സർക്കാർ ഉത്തരവ് (അച്ചടി) 390/2012/ധന പ്രകാരവും മുൻകൂർ അനുവദിച്ചിട്ടുള്ള വൗച്ചറുകൾ 3 മാസത്തിനുള്ളിൽ സെറ്റിൽ ചെയ്യേണ്ടതും അല്ലാത്ത പക്ഷം മുൻകൂർ കൈപ്പറ്റിയ തീയതി മുതൽ സെറ്റിൽ ചെയ്യുന്ന തീയതി വരെ പ്രതിവർഷം 18% പലിശ സഹിതം ഈടാക്കി സെറ്റിൽ ചെയ്യേണ്ടതുമാണ്. അഡ്വാൻസ് നൽകുന്ന തുകകൾ കൃത്യമായി ക്രമീകരിക്കപ്പെടുന്നുവെന്ന് നഗരസഭ ഉറപ്പ

വരുത്തേണ്ടതാണ്. ആയതിനാൽ മേൽ സൂചിപ്പിച്ചിട്ടുള്ള വിധം നാളിതുവരെ ക്രമീകരിച്ചിട്ടില്ലാത്ത തുകകൾ നിയമാനുസൃത പലിശ സഹിതം ബന്ധപ്പെട്ട ജീവനക്കാരിൽ നിന്ന് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ക്രമീകരിക്കുന്നത് വരെ മുൻകൂർ നൽകിയ തുക തടസ്സപ്പെടുത്തുന്നു.

1-43 നഗരസഭയിലെ റെഗുലർ ജീവനക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ എസ്.എൽ. ഐ. വിഹിതം ഈടാക്കുന്നു.

30.11.2021ലെ ജി.ഒ.(പി)നം.151/2021/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ എസ്.എൽ.ഐ വിഹിതം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം 01.02.2022 മുതൽ അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, പേഴ്സണൽ പേ, ഗ്രേഡ് പേ എന്നിവയുടെ ആകെ തുകയായ പ്രതിമാസ വരുമാനത്തിന്റെ 1.5% കണക്കാക്കി നൂറിന്റെ ഗുണിതമായി മുകളിലേക്ക് റൗണ്ട് ചെയ്ത തുകയാണ് എസ്.എൽ.ഐ പോളിസികളുടെ പ്രതിമാസ പ്രീമിയം. എന്നാൽ നഗരസഭയിൽ മാർച്ച് 2025 മാസത്തിൽ ജോലിചെയ്തിരുന്ന താഴെ പറയുന്ന റെഗുലർ ജീവനക്കാരിൽ നിന്നും കുറഞ്ഞനിരക്കിലാണ് എസ്.എൽ.ഐ. വിഹിതം ഈടാക്കിയതായി കാണുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം	ജീവനക്കാരന്റെ പേര്, തസ്തിക	അടിസ്ഥാന ശമ്പളം	ക്ഷാമബത്ത(@12%)	ആകെ തുക	എസ്.എൽ.ഐ വിഹിതം ഇനത്തിൽ ഈടാക്കിയ തുക	30.11.2021ലെ ജി.ഒ.(പി)നം.151/2021/ധന പ്രകാരം ഈടാക്കേണ്ട കുറഞ്ഞ എസ്.എൽ.ഐ വിഹിതം
1.	രമേശൻ സി, സൂപ്രണ്ട്	60,700	7,284	67,984	1,000	11,00
2.	സോജി, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്	57,900	6,948	64,848	900	1,000
3.	സനീഷ് പി, സീനിയർ ക്ലർക്ക്,	35,600	4,272	39,872	500	600
4.	ജനാർദ്ദനൻ കെ, ഡ്രൈവർ	33,800	4,056	37,856	500	600
5.	ചരൺ കുമാർ പി.ആർ ക്ലർക്ക്	33,800	4,056	37,856	500	600
6.	രാകേഷ് എം, ഓഫീസ് അറ്റൻഡന്റ്	32,000	3,840	35,840	500	600
7.	രഞ്ജിത്ത് കുമാർ സി.കെ റവന്യൂ ഇൻസ്പെക്ടർ	51,400	6,168	57,568	850	900
8.	ഉമേശൻ എസ്.കെ,	43,400	5,208	48,608	700	800

	സീനിയർ ക്ലർക്ക്					
9.	പി. സുന്ദര, ബിൽ കളക്ടർ	37,400	4,488	41,888	600	700
10.	പ്രമോദ് കുമാർ എൻ.കെ, സീനിയർ ക്ലർക്ക്	44,500	5,340	49,840	500	800
11.	രഞ്ജിത്ത് കുമാർ ഡി, സീനിയർ ക്ലർക്ക്	35,600	4,272	39,872	500	600
12.	സുധീർ ബാബു എം, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -I	70,000	8,400	78,400	1,000	1,200
13.	പ്രസാദ് കെ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II	53,900	6,468	60,368	900	1,000
14.	ചന്ദ്രാവതി കെ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II	56,500	6,780	63,280	900	1000
15.	ശോഭന കെ.വി, സീനിയർ ക്ലർക്ക്	53,900	6,468	60,368	500	1,000
16.	ഷറഫുദ്ദീൻ പലീലൊടി സീനിയർ ക്ലർക്ക്	35,600	4,272	39,872	500	600
17.	സന്തോഷ് കുമാർ പി, അക്കൗണ്ടന്റ്	55,200	6,624	61,824	900	1,000

ജീവനക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ എസ്.എൽഐ ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച ജീവനക്കാരിൽ 50 വയസ്സ് പൂർത്തിയാക്കാത്തവരെ അവരുടെ നിലവിലെ ശമ്പളം, ക്ഷാമബത്ത എന്നിവയുടെ 1.5% നിരക്ക് കണക്കാക്കി 100 ന്റെ ഗുണിതമായി മുകളിലോട്ട് റൗണ്ട് ചെയ്ത് നിജപ്പെടുത്തുമ്പോൾ കിട്ടുന്ന തുക വരുന്ന വിധം പുതിയ എസ്.എൽഐ പോളിസി എടുക്കേണ്ടതാണ്. ജീവനക്കാരുടെ ശമ്പളം, ഇൻക്രിമെന്റ്, പ്രമോഷൻ, ക്ഷാമബത്ത വർദ്ധനവ് എന്നിവ മൂലം മാറ്റം വരുന്ന ഘട്ടങ്ങളിൽ എസ്.എൽ.ഐ ബാധകമായ ജീവനക്കാരുടെ പ്രതിമാസം വരുമാനത്തിനനുസരിച്ച് പ്രീമിയം തുക പുതുക്കി നിശ്ചയിക്കേണ്ടതാണ്. മേൽ അപാകതയിൻമേലുള്ള തുടർനടപടി വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 47തിയതി 22.01.2026).

1-44 നഗരസഭയിലെ കണ്ടിജന്റ് വർക്കർമാരിൽ നിന്നും കുറഞ്ഞനിരക്കിൽ എസ്.എൽ. ഐ. വിഹിതം ഈടാക്കി.

30.11.2021ലെ ജി.ഒ.(പി)നം.151/2021/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ എസ്.എൽ.ഐ വിഹിതം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം 01.02.2022മുതൽ അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, പേഴ്സണൽ പേ, ഗ്രേഡ് പേ എന്നിവയുടെ ആകെ തുകയായ പ്രതിമാസ വരുമാനത്തിന്റെ 1.5% കണക്കാക്കി നൂറിന്റെ ഗുണിതമായി മുകളിലേക്ക് റൗണ്ട് ചെയ്ത തുകയാണ് എസ്.എൽ.ഐ പോളിസികളുടെ പ്രതിമാസ പ്രീമിയം. എന്നാൽ നഗരസഭയിൽ മാർച്ച് 2025 മാസത്തിൽ ജോലിചെയ്തിരുന്ന താഴെ പറയുന്ന കണ്ടിജന്റ് വർക്കർമാരിൽ നിന്നും കുറഞ്ഞനിരക്കിലാണ് എസ്.എൽ.ഐ വിഹിതം ഈടാക്കിയതായി കാണുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം	ജീവനക്കാരന്റെ പേര്, തസ്തിക	അടിസ്ഥാന ശമ്പളം	ക്ഷാമബത്ത (@12%)	ആകെ തുക	എസ്.എൽ.ഐ. വിഹിതം ഇനത്തിൽ ഈടാക്കിയ തുക	30.11.2021ലെ ജി.ഒ.(പി)നം.151/2021/ധന പ്രകാരം ഈടാക്കേണ്ട കുറഞ്ഞ എസ്.എൽ.ഐ വിഹിതം
1.	ശോഭ ടി, സാനിറ്റേഷൻ വർക്കർ	26,500	3,180	29,680	300	500
2.	സതീശൻ എൻ, സാനിറ്റേഷൻ വർക്കർ	26,500	3,180	29,680	300	500
3.	അരവിന്ദൻ കെ, സാനിറ്റേഷൻ വർക്കർ	26,500	3,180	29,680	300	500
4.	സുരേഷൻ.കെ, സാനിറ്റേഷൻ വർക്കർ	26,500	3,180	29,680	300	500
5.	അനിത കെ, സാനിറ്റേഷൻ വർക്കർ	26,500	3,180	29,680	300	500
6.	പുഷ്പാവതി.എ,	26,500	3,180	29,680	300	500

	സാനിറ്റേഷൻ വർക്കർ					
7.	സുധ സി.ബി, സാനിറ്റേഷൻ വർക്കർ	26,500	3,180	29,680	300	500
8.	രാധ.കെ, സാനിറ്റേഷൻ വർക്കർ	26,500	3,180	29,680	300	500

ജീവനക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ എസ്.എൽഐ ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച ജീവനക്കാരിൽ 50 വയസ്സ് പൂർത്തിയാക്കാത്തവരെ അവരുടെ നിലവിലെ ശമ്പളം, ക്ഷാമബത്ത എന്നിവയുടെ 1.5% നിരക്ക് കണക്കാക്കി 100ന്റെ ഗുണിതമായി മുകളിലോട്ട് റൗണ്ട് ചെയ്ത് നിജപ്പെടുത്തുമ്പോൾ കിട്ടുന്ന തുക വരുന്ന വിധം പുതിയ എസ്.എൽഐ പോളിസി എടുക്കേണ്ടതാണ്. ജീവനക്കാരുടെ ശമ്പളം, ഇൻക്രിമെന്റ്, പ്രമോഷൻ, ക്ഷാമബത്ത വർദ്ധനവ് എന്നിവ മൂലം മാറ്റം വരുന്ന ഘട്ടങ്ങളിൽ എസ്.എൽ.ഐ ബാധകമായ ജീവനക്കാരുടെ പ്രതിമാസം വരുമാനത്തിനനുസരിച്ച് പ്രീമിയം തുക പുതുക്കി നിശ്ചയിക്കേണ്ടതാണ്. മേൽ അപാകതയിൻമേലുള്ള തുടർനടപടി വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 48 തീയതി 22.01.2026).

<u>1-45 എക്സ്ഗ്രേഷ്യ പെൻഷണർക്ക് മെഡിക്കൽ അലവൻസ് അനുവദിച്ചു-അപാകത.</u>

കാസറഗോഡ് നഗരസഭയിൽ നിന്നും എക്സ്ഗ്രേഷ്യ പെൻഷൻ കൈപറ്റുന്ന ശ്രീ.ഉത്തമൻ വി എം, റിട്ടയർഡ് സാനിറ്റേഷൻ വർക്കർക്ക് മെഡിക്കൽ അലവൻസായി പ്രതിമാസ പെൻഷന്റെ കൂടെ 500/- രൂപ അനുവദിക്കുന്നുണ്ട്. സ.ഉ(അച്ചടി) നം.168/2021/ധന തീയതി: 08.12.2021 ലെ ഖണ്ഡിക നമ്പർ XIII പ്രകാരം എക്സ്ഗ്രേഷ്യ പെൻഷൻ / എക്സ്ഗ്രേഷ്യ കുടുംബപെൻഷൻ വാങ്ങുന്നവർക്ക് മെഡിക്കൽ അലവൻസിന് അർഹത ഉണ്ടായിരിക്കുന്നതല്ല. ആയതിനാൽ എക്സ്ഗ്രേഷ്യ പെൻഷണറായ ശ്രീ.ഉത്തമൻ വി എം-ന് പ്രതിമാസ പെൻഷന്റെ കൂടെ 500/- രൂപ മെഡിക്കൽ അലവൻസ് അനുവദിച്ചതിന് വിശദീകരണം ആവശ്യമാണ്. (ഓഡിറ്റ് എൻക്വയറി നം. 27 തീയതി 09.01.2026).

<u>1-46 രാമ ബെളിച്ചാട, റിട്ടയർഡ് സാനിറ്റേഷൻ വർക്കർക്ക് കമ്മ്യൂട്ട് ചെയ്ത പെൻഷൻ തുക പുനസ്ഥാപിച്ചു നൽകിയപ്പോൾ തെറ്റായി അധികം പെൻഷൻ അനുവദിച്ചു.</u>

കാസറഗോഡ് നഗരസഭയിൽ നിന്നും 30.11.2013ന് വിരമിച്ച ശ്രീ. രാമ ബെളിച്ചാട. സാനിറ്റേഷൻ വർക്കർക്ക് 04.12.2013ലെ LF.KM-1/214/2013 പെൻഷൻ വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ അംഗീകരിച്ചു നൽകിയിട്ടുണ്ട്. ഇത് പ്രകാരം ഇദ്ദേഹത്തിന്റെ ബേസിക് പെൻഷൻ 8,912/- രൂപയാണ്. ബേസിക് പെൻഷന്റെ 40% ഇദ്ദേഹം കമ്മ്യൂട്ട് ചെയ്തിട്ടുണ്ട്. ചെക്ക് നം. 849668/13.04.2015 പ്രകാരം ഇദ്ദേഹത്തിന് നഗരസഭയിൽ നിന്നും കമ്മ്യൂട്ടേഷൻ ഇനത്തിൽ 4,19,554/- രൂപ അനുവദിച്ചിട്ടുണ്ട്. ആയതിനുശേഷം ഇദ്ദേഹത്തിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 3,564/- രൂപ കുറവ് ചെയ്താണ് നൽകുന്നത്. 01.07.2019 മുതൽ ഇദ്ദേഹത്തിന്റെ പ്രതിമാസ ബേസിക് പെൻഷൻ GO(P)No. 168/2021/ഫിൻ തീയതി 08.12.2021 പ്രകാരം 24,750/- രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 04/2025 വരെ ഇദ്ദേഹത്തിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 3,564/- കുറവ് ചെയ്യുന്നത് തുടർന്നിട്ടുണ്ട്. 04/2025ൽ ഇദ്ദേഹത്തിന് പെൻഷൻ അനുവദിച്ചത് ചുവടെ പറയും പ്രകാരമാണ് (ചെക്ക് നം. 442348/02.05.2025).

Basic Pension	24,750
(+) DR (@ 15%)	3,713

(+) Medical Allowance:	500
Gross Amount	28,963
(-) Commutation Repayment	3,564
(-) MEDISEP	500
Net Paid	24,899

കമ്മ്യൂട്ടേഷൻ തുക പുനസ്ഥാപിച്ച് നൽകിയതിനെ തുടർന്ന് 5/2025 മുതൽ ഇദ്ദേഹത്തിന്റെ പ്രതിമാസ പെൻഷൻ തുകയിൽ നിന്നും 3,564/- രൂപ ഈടാക്കുന്നത് അവസാനിപ്പിച്ചിട്ടുണ്ട്. 5/2025 മുതൽ ഇദ്ദേഹത്തിന് നഗരസഭയിൽ നിന്നും പെൻഷൻ അനുവദിച്ചത് ചുവടെ പറയും പ്രകാരമാണ്. (ചെക്ക് നം. 562234/05.05.2025).

Basic Pension	28,314/- (24750+3564)
(+) DR (@ 15%)	4,247
(+) Medical Allowance:	500
Gross Amount	33,061
(-) MEDISEP	500
Net Paid	32,561

05/2025 മുതൽ പെൻഷൻ അനുവദിച്ചപ്പോൾ ബേസിക് പെൻഷൻ തുകയായ 24,750/- രൂപയുടെ കൂടെ തെറ്റായി 3,564/- രൂപ കൂട്ടിയാണ് കണക്കാക്കിയത്. യഥാർത്ഥത്തിൽ 5/2025 മുതൽ ഇദ്ദേഹത്തിന് അർഹതപ്പെട്ട ബേസിക് പെൻഷൻ 24,750/- രൂപയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. രാമബെളിച്ചാട-യ്ക്ക് അനുവദിക്കേണ്ട പെൻഷൻ തുക ചുവടെ പറയും പ്രകാരമാണ് വേണ്ടത്.

Basic Pension	24,750
(+) DR (@ 15%)	3,713
(+) Medical Allowance:	500
Gross Amount	28,963
(-) MEDISEP	500
Net Paid	28,463

കമ്മ്യൂട്ടേഷൻ റിസ്റ്റോർ ചെയ്തതിനുശേഷം 5/2025 മുതൽ ഇദ്ദേഹത്തിന് 3,564/- രൂപയും ആയതിന് കാലാകാലങ്ങളിൽ അനുവദിച്ച DR ഉം അധികമായി നൽകുന്നുണ്ട്. ഇപ്രകാരം 5/2025 മുതൽ 01/2026 വരെ (ഓഡിറ്റ് തീയതി വരെ) ഇദ്ദേഹത്തിന് ചുവടെ വിവരിക്കും വിധം 37,852/- രൂപ അധികം നൽകിയിട്ടുണ്ട്.

5/2025 മുതൽ 8/2025 വരെ (DR @ 15%)	(3564+535)X4 = 16,396
9/2025 മുതൽ 10/2025 വരെ(DR @ 18%)	(3564+642)X2=8,412
11/2025 മുതൽ 01/2026 വരെ (DR@ 22%)	(3564+784)X3=13,044
ആകെ അധികം നല്കിയത്	37,852

പെൻഷൻ ഇനത്തിൽ ശ്രീ രാമബെളിച്ചാട-യ്ക്ക് അധികം നൽകിയ 37,852/- രൂപ തിരികെ ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി പ്രകാരം പെൻഷൻ ഇനത്തിൽ ഇദ്ദേഹത്തിന് അധികം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 45 തീയതി 20.01.2026).

<u>1-47 ബാലകൃഷ്ണൻ പി, റിട്ടയർഡ് സാനിറ്റേഷൻ വർക്കർക്ക് കമ്മ്യൂട്ട് ചെയ്ത പെൻഷൻ തുക പുനസ്ഥാപിച്ച് നൽകിയപ്പോൾ തെറ്റായി അധികം പെൻഷൻ അനുവദിച്ചു.</u>

കാസറഗോഡ് നഗരസഭയിൽ നിന്നും 31.05.2012ന് വിരമിച്ച ശ്രീ. ബാലകൃഷ്ണൻ പി, സാനിറ്റേഷൻ വർക്കർക്ക് 25.07.2012ലെ LF.KM-2/185/2012 പെൻഷൻ വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ

അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഇത് പ്രകാരം ഇദ്ദേഹത്തിന്റെ ബേസിക് പെൻഷൻ 7,859/- രൂപയാണ്. ബേസിക് പെൻഷന്റെ 40% ഇദ്ദേഹം കമ്മ്യൂട്ട് ചെയ്തിട്ടുണ്ട്. ചെക്ക് നം. 558362/04.10.2014 പ്രകാരം ഇദ്ദേഹത്തിന് നഗരസഭയിൽ നിന്നും പെൻഷൻ കമ്മ്യൂട്ടേഷൻ ഇനത്തിൽ 3,69,994/- രൂപ അനുവദിച്ചിട്ടുണ്ട്. കമ്മ്യൂട്ടേഷൻ അനുവദിച്ചതിനുശേഷം ഇദ്ദേഹത്തിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 3,143/- രൂപ കുറവ് ചെയ്താണ് നൽകുന്നത്. 01.07.2019 മുതൽ ഇദ്ദേഹത്തിന്റെ പ്രതിമാസ ബേസിക് പെൻഷൻ GO(P)No.168/2021/ഫിൻ തീയതി 08.12.2021 പ്രകാരം 21,480/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. 3/2025 വരെ ഇദ്ദേഹത്തിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 3,143/- രൂപ കുറവ് ചെയ്യുന്നത് തുടർന്നിട്ടുണ്ട്. 03/2025ന് ഇദ്ദേഹത്തിന് നഗരസഭയിൽ നിന്നും പെൻഷൻ അനുവദിച്ചത് ചുവടെ പറയും പ്രകാരമാണ് (ചെക്ക് നം. 313273/01.03.2025).

Basic Pension	21,480
(+) DR (@ 12%)	2,577
(+) Medical Allowance	500
Gross Amount	24,557
(-) Commutation Repayment	3,143
(-) MEDISEP	500
Net Paid	20,914

കമ്മ്യൂട്ടേഷൻ തുക പുനസ്ഥാപിച്ച് നൽകിയതിനെ തുടർന്ന് 4/2025 മുതൽ ഇദ്ദേഹത്തിന്റെ പ്രതിമാസ പെൻഷൻ തുകയിൽ നിന്നും 3,143/- രൂപ ഈടാക്കുന്നത് അവസാനിപ്പിച്ചിട്ടുണ്ട്. 4/2025 മുതൽ ഇദ്ദേഹത്തിന് നഗരസഭയിൽ നിന്നും പെൻഷൻ അനുവദിച്ചത് ചുവടെ പറയും പ്രകാരമാണ്. (ചെക്ക് നം. 442348/02.05.2025).

Basic Pension	24,623 (21480+3143)
(+) DR (@ 15%)	3,693
(+) Medical Allowance	500
Gross Amount	28,816
(-) MEDISEP	500
Net Paid	28,316

04/2025മുതൽ പെൻഷൻ അനുവദിച്ചപ്പോൾ ബേസിക് പെൻഷൻ തുകയായ 21,480/- രൂപയുടെ കൂടെ തെറ്റായി 3,143/- രൂപ കൂട്ടിയാണ് കണക്കാക്കിയത്. യഥാർത്ഥത്തിൽ 4/2025 മുതൽ ഇദ്ദേഹത്തിന് അർഹതപ്പെട്ട ബേസിക് പെൻഷൻ 21,480/- രൂപയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ബാലകൃഷ്ണൻ പി-യ്ക്ക് അനുവദിക്കേണ്ട പെൻഷൻ തുക ചുവടെ പറയും പ്രകാരമാണ് വേണ്ടത്.

Basic Pension	21,480
(+) DR (@ 15%)	3,222
(+) Medical Allowance	500
Gross Amount	25,202
(-) MEDISEP	500
Net Paid	24,702

കമ്മ്യൂട്ടേഷൻ റിസ്റ്റോർ ചെയ്തതിനുശേഷം 4/2025 മുതൽ ഇദ്ദേഹത്തിന് 3,143/- രൂപയും ആയതിന് കാലാകാലങ്ങളിൽ അനുവദിച്ച DR ഉം അധികമായി നൽകുന്നുണ്ട്. ഇപ്രകാരം 4/2025 മുതൽ 01/2026 വരെ (ഓഡിറ്റ് തീയതി വരെ) ഇദ്ദേഹത്തിന് ചുവടെ വിവരിക്കും വിധം 36,998/- രൂപ അധികം നൽകിയിട്ടുണ്ട്.

4/2025 മുതൽ 8/2025 വരെ (DR @ 15%)	(3143+472)X5 = 18,075

9/2025 മുതൽ 10/2025 വരെ(DR @ 18%)	(3143+566)X2=7,418
11/2025 മുതൽ 01/2026 വരെ (DR@ 22%)	(3143+692)X3=11,505
ആകെ അധികം നല്കിയത്	36,998

പെൻഷൻ ഇനത്തിൽ ശ്രീ ബാലകൃഷ്ണൻ പി-യ്ക്ക് അധികം നൽകിയ 36,998/- രൂപ തിരികെ ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി പ്രകാരം പെൻഷൻ ഇനത്തിൽ ഇദ്ദേഹത്തിന് അധികം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 46 തീയതി 20.01.2026).

1-48 ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ Sanctioned Strengthനെക്കാളും കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്നു.

സർക്കാർ ഉത്തരവ് (കൈ) നം. 129/2025 തസ്വഭവ തീയതി 03.08.2025 പ്രകാരം കാസറഗോഡ് നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ Sanctioned Strength ആയ 9 എണ്ണത്തിൽ നിന്നും 3 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. എന്നാൽ നഗരസഭയുടെ 12/2025ലെ റഗുലർ ജീവനക്കാരുടെ ശമ്പള ബിൽ പ്രകാരം ചുവടെ ചേർക്കുന്ന 10 ജീവനക്കാർ ഓഫീസ് അറ്റൻഡന്റായി ജോലി ചെയ്യുന്നുണ്ട്.

ക്രമ നം.	പേര്	ജോലി ചെയ്യുന്ന വിഭാഗം
1	രാകേഷ് എം	ജനറൽ സെക്ഷൻ
2	മനേഷ് ഇ.പി	ജനറൽ സെക്ഷൻ
3	സുമിത്ത് കെ.വി	ജനറൽ സെക്ഷൻ
4	പ്രിഥ്നി വിജയ്.പി	ജനറൽ സെക്ഷൻ
5	ഷംസീന.കെ	ജനറൽ സെക്ഷൻ
6	മധുസൂദനൻ എ.എ	റവന്യൂ സെക്ഷൻ
7	ജിഷ്ണ.ടി.പി	റവന്യൂ സെക്ഷൻ
8	സരിത ടി.വി	റവന്യൂ സെക്ഷൻ
9	രാമകൃഷ്ണൻ വെമ്പിരിച്ചി	ഹെൽത്ത് സെക്ഷൻ
10	അപർണ്ണ ശശിധരൻ.കെ	ഹെൽത്ത് സെക്ഷൻ

സർക്കാർ ഉത്തരവ് പ്രകരാം കാസറഗോഡ് നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് തസ്തികകൾ നിലവിലെ 9 എണ്ണത്തിൽ നിന്ന് 3 എണ്ണം ഒഴിവാക്കി 6 എണ്ണമായി നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും നിലവിൽ 10 ഓഫീസ് അറ്റൻഡന്റുമാർ നഗരസഭയിൽ ജോലി ചെയ്യുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.

1). മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ Sanctioned Strength 9 ആണെങ്കിലും 10 ഓഫീസ് അറ്റൻഡന്റുമാർ നഗരസഭയിൽ ജോലി ചെയ്യുന്നുണ്ട്. അധികം ജീവനക്കാരെ നിയമിക്കുന്നതിന് സർക്കാരിൽ നിന്ന് പ്രത്യേക അനുമതി ലഭ്യമാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

2). Sanctioned Strengthനെക്കാളും അധികമായി ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമിതരായ ജീവനക്കാർക്ക് ശമ്പളം അനുവദിച്ചതിന് വിശദീകരണം ആവശ്യമാണ്.

3). സർക്കാർ ഉത്തരവ് (കൈ) നം. 129/2025 തസ്വഭവ തീയതി 03.08.2025 പ്രകാരം നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ Sanctioned Strength 6 ആയി ക്രമീകരിക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ട കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 51 തീയതി 03.02.2026). ഓഡിറ്റ് എൻക്വയറിയിൽ ക്രമ നം 1, 2, 3 ആയി പരാമർശിച്ച അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-49 നഗരസഭ ഏൽപ്പിച്ച വാർഷിക പദ്ധതികൾ ഒന്നും സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നടപ്പാക്കിയിട്ടില്ല.

2024-25 സാമ്പത്തിക വർഷത്തിൽ സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന 3 പദ്ധതികൾക്ക് (2 പുതിയത് + ഒരു സ്പിൽ ഓവർ) അംഗീകാരം ലഭിച്ചിരുന്നു.

ക്രമ നമ്പർ	പ്രൊജക്ട് നമ്പർ/ പേര്	അടങ്കൽ തുക/ ഫണ്ട്
1.	252/25, മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഫർണിച്ചർ നൽകൽ	വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) 396000
2.	15/25, മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ് നൽകൽ	വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) 600000
3.	21/25, മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഫർണീച്ചർ നൽകൽ	വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) 198000

കാസറഗോഡ് നഗരസഭയിലുള്ള മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ കുട്ടികളുടെ ഉന്നമനം ലക്ഷ്യമിടുന്നവയാണ് മേൽ പദ്ധതികൾ. എന്നാൽ മേൽ പറഞ്ഞ പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. മത്സ്യത്തൊഴിലാളി ക്ഷേമത്തിനായി ആവിഷ്കരിച്ച മേൽ പദ്ധതികൾ നടപ്പാക്കാത്തതിന്റെ കാരണം വിശദീകരിക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/25, തീയതി: 06.10.2025 – ന് മറുപടി ലഭ്യമാക്കിയിട്ടില്ല. DPC അംഗീകാരം ലഭിച്ചിട്ടും പദ്ധതികൾ നടപ്പിലാക്കാതിരുന്ന സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-50 അംഗീകരിച്ച പദ്ധതികൾ നടപ്പിലാക്കാത്തതുമൂലം 81,59,500 /- രൂപയുടെ പദ്ധതി വിഹിതം നഷ്ടപ്പെടുത്തി.

കാസറഗോഡ് നഗരസഭയിലെ 2024-25 വർഷം പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കേണ്ടിയിരുന്ന അംഗീകാരം ലഭിച്ച 10 പദ്ധതികളിൽ 8 പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. വിശദവിവരം ചുവടെ

ചേർക്കുന്നു.

ക്രമ നമ്പർ	പദ്ധതി നം/ പദ്ധതിയുടെ പേര്	അടങ്കൽ തുക	ചെലവഴിച്ച തുക
1	556/2024-25 (SO) പട്ടികജാതി കുടുംബങ്ങളുടെ ഭവന പുനരുദ്ധാരണ ധനസഹായം	36,00,000	0

2	555/2024-25 പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ	43,500	0
3	557/2024-25 പട്ടികജാതി കുടുംബങ്ങൾക്ക് സൗര ഗാർഹിക വിളക്ക് വാങ്ങൽ	90000+ 30000 =120000	0
4	139/2024-25 പട്ടികജാതി കുടുംബങ്ങളുടെ ഭവന പുനരുദ്ധാരണ ധനസഹായം (NEW)	15,00,000	0
5	45/2024-25 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകൽ .	2,00,000	0
6	146/2024-25 പട്ടികജാതി ഹോസ്റ്റൽ ചെലവുകൾ	7,96,000	0
7	147/2024-25 പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം	10,00000	0
8	148/2024-25 മിശ്രവിവാഹിതർക്ക് ധനസഹായം	9,00,000	0
	ആകെ	**81,59,500**	

മേൽപറഞ്ഞ പ്രകാരം 81,59,500 രൂപയുടെ 8 പദ്ധതികൾ നടപ്പിലാക്കാത്തത് വഴി SCP ഫണ്ട് Lapse ആക്കിയതിനും പട്ടികജാതി വിഭാഗത്തിന് ലഭിക്കേണ്ടിയിരുന്ന 81,59,500 രൂപയുടെ ധനസഹായം നഷ്ടപ്പെടുത്തിയതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (9/2024-25 തീയതി. 06/10/2025) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

<u>1-51 ക്യാൻസർ കെയർ പദ്ധതി – നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.</u>

2024-25 വർഷം കാസറഗോഡ് നഗരസഭയിലെ പദ്ധതി നം. 561/2024-25 (SO 520/2023-24) പ്രകാരം മെഡിക്കൽ ഓഫീസർ/സൂപ്രണ്ട്, ജനറൽ ആശുപത്രി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

<u>പദ്ധതിയുടെ വിശദാംശം</u>

ഫണ്ട് ഇനം	അടങ്കൽ തുക	ചെലവഴിച്ച തുക
ഹെൽത്ത് ഗ്രാന്റ്	205000	201625
ആകെ	**205000**	**201625**

<u>അപാകത</u>

1) കാസറഗോഡ് ജനറൽ ആശുപത്രിയിൽ വായ, സ്തനം, ഗർഭാശയം എന്നിവയ്ക്ക് ക്യാൻസർ കെയർ പദ്ധതിയിൽ ക്യാൻസർ കെയർ പ്രോഗ്രാം സംഘടിപ്പിക്കുന്നതിനായി പ്രൊജക്ട് നം. 561/2024-25 പ്രകാരം 2024-25 ൽ 2,01,625/- രൂപ (ഹെൽത്ത് ഗ്രാന്റ്) താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

ക്രമ നമ്പർ	ചെലവിനം	ചെലവ് തുക	സ്ഥാപനം	ബിൽ നം. തീയതി
1	റിഫ്രഷ്മെന്റ് ചാർജ്ജ്	22550	കഫേ ശ്രീ കാന്റീൻ	2097/25.02.2024 2098/28.02.2024 2099/13.03.2024

2	ബുക്സ് & സ്റ്റേഷനറി & പ്രിന്റിംഗ്	11075	മയൂര ബുക്സ് & സ്റ്റേഷനറി & റെയിൻ ഡിജിറ്റൽ പ്രിന്റിംഗ്	357/28.02.2024 361/24.02.2024 364/12.03.2024 74/11.03.2024
3	SB മെഡിക്കൽ ലാബ് റെഷ്യോ സാമ്പിൾ കളക്ഷൻ കിറ്റ്	84000	SB മെഡിക്കൽ ലബോറട്ടറി	നം. 10070 Date: Nil
4	SB മെഡിക്കൽ ലാബ് ലബോറട്ടറി എക്സാമിനേഷൻ ഫീ	30000	SB മെഡിക്കൽ ലബോറട്ടറി	10071 Date: Nil
5	SB മെഡിക്കൽ ലാബ് ഡിസ്പോസിബിൾ പഞ്ച് & ബയോപ്സി	24000	SB മെഡിക്കൽ ലബോറട്ടറി	10072 Date: Nil
6	സർജിക്കൽ ഐറ്റം പർച്ചേസ്	30000	കാസറഗോഡ് സർജിക്കൽ	HOBC5730 തീയതി 17/03/2024
	ആകെ	**201625**		

സ്റ്റോർ പർച്ചേസ് മാന്വൽ 2013 ജി.ഒ. (പി) നം.3/2013 എസ്.പി.ഡി തീയതി 21.06.2013 ലെ ഖണ്ഡിക 7.6, 7.31 പ്രകാരം എസ്റ്റിമേറ്റ് തുക 15,000/- രൂപയ്ക്ക് മുകളിൽ 1,00,000/- വരെയുള്ള വാങ്ങലുകൾ ക്വട്ടേഷന് ക്ഷണിക്കേണ്ടതാണ്. എന്നാൽ മേൽ ടേബിളിലെ ക്രമ നമ്പർ 3, 4, 5, 6 എന്നീ വാങ്ങലുകൾക്ക് സ്ഥാപനത്തെ തിരഞ്ഞെടുത്തത് സംബന്ധിച്ച് ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല. ക്വട്ടേഷൻ ക്ഷണിക്കാതെ 1,68,000/- രൂപയുടെ പർച്ചേസ് നടത്തിയതിനും ആയതിന്റെ സ്റ്റോക്ക്, ഇഷ്യൂ രജിസ്റ്റർ എന്നിവ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/2024-25 തീയതി 18.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

<u>1-52 പാലിയേറ്റീവ് പ്രവർത്തനങ്ങൾ സാർവ്വത്രികമാക്കൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.</u>

2024-25 സാമ്പത്തിക വർഷം സൂപ്രണ്ട് ജനറൽ ആശുപത്രി കാസറഗോഡ്, പാലിയേറ്റീവ് പ്രവർത്തനങ്ങൾ സാർവ്വത്രികമാക്കുന്നതിന് നഗരകാര്യ പ്രിൻസിപ്പിൾ ഡയറക്ടറുടെ 14.03.2024ലെ LSGD/PD/5562/2024-DPLD4 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പദ്ധതി നം. 563/2024-25 പ്രകാരം 24,00,000/- രൂപ ഭരണസമിതിയുടെ 29.03.2025ലെ 29/01 നമ്പർ തീരുമാന പ്രകാരം NHM State Mission ഡയറക്ടറുടെ അക്കൗണ്ടിലേക്ക് 24.03.2025ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. സ.ഉ(സാധാ)നം.1078/2023/LSGD തീയതി 20.05.2023 ഉത്തരവിലെ ഖണ്ഡിക 2-1 പ്രകാരം നിലവിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടത്തുന്ന അതേ ആരോഗ്യ സ്ഥാപനങ്ങൾ മുഖേനയാണ് നടപ്പാക്കേണ്ടതെങ്കിലും തുക NHMനാണ് കൈമാറിയിട്ടുള്ളത്. എന്നാൽ പ്രസ്തുത തുക മേൽ പദ്ധതിക്കായി ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 11/2024-25 തീയതി 19.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൂടാതെ 2024-25/ Implementing Officer Wise Expenditure Report ൽ (സുലേഖ സ്റ്റേറ്റ്മെന്റ്) ഈ ചെലവ് രേഖപ്പെടുത്തിയതായി കാണുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-53 സ്വയം തൊഴിലിന് ഇരുചക്ര വാഹന സബ്സിഡി; 8,304/- രൂപ അധികം നൽകി, ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടച്ചു.

2024-25 വർഷം കാസറഗോഡ് നഗരസഭയിലെ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി സ്വയംതൊഴിലിന് ഇരുചക്ര വാഹന സബ്സിഡി (നം. 481/2024-25) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സ്വയംതൊഴിലിന് ഇരുചക്ര വാഹന സബ്സിഡി (വ്യവസായം, സ്വയം തൊഴിൽ സംരംഭങ്ങൾ, വിപണന പ്രോത്സാഹനം) നൽകുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി രജനി.കെ W/O.Manikandan, Kasaba Beach, Kadappuram Kasaragod എന്നിവർക്ക് Tax Invoice VINp/1019 Dated 20/02/2024 (നമൻസ് ഓട്ടോ മൊബൈൽസ് നുള്ളിപ്പാടി കാസറഗോഡ്) ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുകയായ 50,000/- രൂപ 12.12.2024ന് ഗുണഭോക്താവിന്റെ Bank Account ലേക്ക് (40471101036011, KLGB 0040471) Transfer ചെയ്തിട്ടുണ്ട്. എന്നാൽ സ.ഉ(കൈ)നം. 115/2022/തസ്വഭവ തീയതി 28/05/2022 ഉത്തരവിലെ ഖണ്ഡിക 6.5.10 പ്രകാരം വാഹന വിലയുടെ എക്സ്ഷോറും വിലയും, ജി.എസ്.ടി യും ചേർത്ത തുകയുടെ 50 % തുകയാണ് (പരമാവധി 50000/- രൂപ) നൽകേണ്ടത്. എന്നാൽ GST കൂടി ഉൾപ്പെട്ട തുക EX Showroom വിലയായി കണക്കാക്കി ആയതിന്റെ കൂടെ Insurance, Tax & Registration, Extra Accessories മുതലായവയുടെ തുകയും കൂടി ചേർത്ത് മേൽ സ്ഥാപനത്തിന്റെ 6.2.2024ലെ 1258 നമ്പർ ബിൽ പ്രകാരം കണക്കാക്കിയ വിലയുടെ 50% തുക 50,000/- രൂപയിൽ പരിമിതപ്പെടുത്തിയാണ് സബ്സിഡി നൽകിയിട്ടുള്ളത്. ഇത് മേൽ പരാമർശിച്ച സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.5.10 നിർദ്ദേശത്തിന് വിരുദ്ധമാണ്. സബ്സിഡി മാർഗ്ഗ നിർദ്ദേശ പ്രകാരം ഗുണഭോക്താവിന് 41,696/- രൂപ സബ്സിഡി നൽകേണ്ടിയിരുന്നതിന് പകരം 50,000/- നൽകിയതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/24-25 തീയതി: 18.12.2025) സബ്സിഡി ഇനത്തിൽ അധികമായി കൈപ്പറ്റിയ 8,304/- രൂപ 02.03.2026 ലെ രസീതി നമ്പർ R-M140200-25028510 നമ്പർ പ്രകാരം നഗരസഭയിൽ ഒടുക്കിയിട്ടുണ്ടെന്ന് ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ 10.03.2026 ലെ IEOKSGDM/MP 481/2024-2025 -ാം നമ്പർ കത്ത് പ്രകാരം അറിയിക്കുകയും രസീതിയുടെ പകർപ്പ് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ടി തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്. ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ സബ്ഡിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-54 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ – മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല.

പ്രോജക്ട് നമ്പർ	14/2024-25
അടങ്കൽ തുക	3,00,000/- രൂപ
ചെലവ് തുക	3,00,000/- രൂപ
ഫണ്ട് ഇനം	മെയിന്റെനൻസ് ഫണ്ട് (റോഡിതരം)
ബിൽ റഫറൻസ് നമ്പർ/തീയതി	24200247000601265477/02.02.2025
ഇൻവോയിസ് നമ്പർ/തീയതി	PF-876, 16.12.2024

കാസറഗോഡ് നഗരസഭയിലെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി സ്ഥാപനത്തിൽ ചികിത്സ തേടുന്ന രോഗികൾക്ക് സൗജന്യമായി മരുന്ന് വിതരണം ചെയ്യുന്നതിന വേണ്ടി മരുന്ന് വാങ്ങുന്നതിനുള്ള പ്രോജക്ട് പ്രകാരം കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി ലിമിറ്റഡ് ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ (ഹോംകോ) അക്കൗണ്ടിലേക്ക് 3,00,000 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് (അക്കൗണ്ട് നമ്പർ:34306403911). എന്നാൽ പ്രസ്തുത മരുന്ന് സ്ഥാപനത്തിൽ ലഭ്യമാക്കിയതിന്റെ രേഖകളോ മെഡിസിൻ സ്റ്റോക്ക് രജിസ്റ്ററോ പരിശോധനയ്ക്ക്

ലഭ്യമാക്കുവാൻ നൽകിയ 07.07.2025 തീയതിയിലെ 05/2024-25 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 2,28,038/- രൂപയുടെ മരുന്നുകൾ 03.07.2025 ലഭിച്ചതായി മറുപടി ലഭ്യമാക്കി. അവശേഷിക്കുന്ന 71,962/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നതുവരെ 71,962/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-55 ഇൻഫർമേഷൻ കേരള മിഷൻ തുക നല്കൽ -വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

പ്രൊജക്ട് നമ്പർ	SO07/25
പ്രൊജക്ടിന്റെ പേര്	ഇൻഫർമേഷൻ കേരള മിഷൻ തുക നല്കൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
ഫണ്ട്	വികസന ഫണ്ട്
അടങ്കൽ തുക	2,50,000
ചെലവ് തുക	2,50,000
ബിൽ നം / തീയതി	24200247000101363299/21.02.2025

ഇൻഫോർമേഷൻ കേരള മിഷൻ പ്രവർത്തനഫണ്ടിനത്തിൽ വിഹിതം നല്കുന്നതിന് 2,50,000/- രൂപ IKM എക്സ്ക്യൂട്ടീവ് ഡയറക്ടർ ക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ചെലവിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (3/2024-25) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവഴിച്ച 2,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-56 K SMART -ഓഡിറ്റർ ലോഗിനിലെ പരിമിതികൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ കെ-സ്മാർട്ട് (Kerala Solution For Managing Administrative Reformation And Transformation) കേരളത്തിലെ എല്ലാ നഗരസഭകളിലും 2024 ജനുവരി 1 മുതൽ പ്രവർത്തിച്ചു വരുന്നു. കാസറഗോഡ് നഗരസഭയിൽ 01.01.2024 മുതൽ കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ പ്രവർത്തനമാരംഭിച്ചിട്ടുള്ളതാണ്. ഓഡിറ്റി സ്ഥാപനം ലഭ്യമാക്കിയ ഓഡിറ്റർ ലോഗിനിൽ ഓഡിറ്റിനാവശ്യമായ എല്ലാ പ്രിവിലേജുകളും ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റർ ലോഗിനിലെ പരിമിതികൾ ചുവടെ ചേർക്കുന്നു.

<u>1. തൊഴിൽ നികുതി പരിശോധന</u>

തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനോ, കളക്ട് ചെയ്യുന്നതിനോ നിലവിൽ കെ-സ്മാർട്ടിൽ ഒരു മൊഡ്യൂൾ തയ്യാറാക്കി നൽകിയിട്ടില്ല. നോട്ടീസുകൾ തയ്യാറാക്കുന്നതിനും പലിശ കണക്കാക്കുന്നതിനും കെ-സ്മാർട്ടിലോ മറ്റ് സോഫ്റ്റ്‌വെയർ മുഖേനയോ യാതൊരു സംവിധാനവും നിലവിലില്ല.

<u>2. എൻക്യാഷ് ചെയ്യാത്ത ചെക്കുകളുടെ വിവരങ്ങൾ ലഭ്യമല്ല</u>

ഇഷ്യൂ ചെയ്തതോ ലഭിച്ചതോ ആയ ചെക്കുകളിൽ പണമാക്കാത്ത ചെക്കുകളുടെയും കളക്ഷൻ ആകാത്ത ചെക്കുകളുടെയും നമ്പർ, തീയതി, തുക തുടങ്ങിയ വിശദമായ വിവരങ്ങൾ കെ-സ്മാർട്ടിലെ ഓഡിറ്റർ ലോഗിനിൽ ലഭ്യമല്ല. ചെക്ക് രജിസ്റ്ററുകളിൽ ചെക്ക് നമ്പറുകളുടെ ക്രമത്തിലോ കൃത്യമായ തീയതിയുടെ ക്രമത്തിലോ അല്ല ഉൾപ്പെടുത്തിയിരിക്കുന്നത്.

3. നഗരസഭയുടെ കീഴിലുള്ള വാടകക്കെട്ടിടങ്ങളുടെ വാടക അതാത് മാസം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചാലും കെ-സ്മാർട്ടിൽ വരവ് വെക്കാത്തതിനാൽ രസീത് ചെയ്യുന്ന തീയതി വരെ വാടക കുടിശ്ശികയായി കാണിക്കുന്നു.

4. ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ കൃത്യമായി ലഭ്യമല്ലാത്തതിനാൽ കാഷ് ബുക്കിലെ നീക്കിയിരിപ്പും ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം പരിശോധിച്ച് അംഗീകരിക്കാൻ കഴിയുന്നില്ല.

5. കെ-സ്മാർട്ടിലെ 'Business Facilitation' മൊഡ്യൂളിൽ IFTE&OS ലൈസൻസ്, ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ, ട്യൂട്ടോറിയൽ സ്ഥാപങ്ങളുടെ ലൈസൻസ് തുടങ്ങിയവയുടെ New, Renewal License, Renewal Pending List മുതലായ ലിസ്റ്റുകൾ ഓരോ വാർഡ് അടിസ്ഥാനത്തിൽ മാത്രമേ ലഭ്യമാകുന്നുള്ളൂ, All Wards സെലക്ട് ചെയ്യാനുള്ള ഓപ്ഷൻ ഉൾപ്പെടുത്തിയിട്ടില്ല.

6. Payment Search Option വഴി ഒരു തീയതി മുതൽ മറ്റൊരു തീയതി വരെയുള്ള വൗച്ചറുകളുടെ List കിട്ടും. ഈ List ൽ Bank Book പ്രകാരമുള്ള എല്ലാ വൗച്ചറുകളും വരുന്നില്ല. ഉദാഹരണമായി നഗരസഭയിലെ റെഗുലർ, കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം, വിവിധ ശമ്പള റിക്കവറികൾ എന്നിവയുമായി ബന്ധപ്പെട്ട് നടത്തിയ ചെലവുകളുടെ വൗച്ചറുകൾ Payment Search Option വഴി ലഭിക്കുന്ന ലിസ്റ്റിൽ വരുന്നില്ല. ആയതിനാൽ ഇപ്രകാരം ഒരു കാലയളവിലെ വൗച്ചറുകൾ സെർച്ച് ചെയ്ത് പരിശോധന നടത്തുമ്പോൾ ആ കാലയളവിൽ നഗരസഭ നടത്തിയ മുഴുവൻ വൗച്ചറുകളും List ൽ വന്നിട്ടുണ്ട് എന്ന് ഉറപ്പ് വരുത്താനാവില്ല. ഇത് കാരണം എല്ലാ വൗച്ചറുകളും പരിശോധിച്ചു എന്ന് ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല.

7. ഒരു കാലയളവിലെ വൗച്ചറുകൾ സെർച്ച് ചെയ്താൽ കിട്ടുന്ന Payment List ലെ Action Button ലെ View Option-ൽ പോയാൽ ആ പ്രത്യേക വൗച്ചറിന്റെ വിവരം മാത്രമല്ല ലഭിക്കുന്നത്. K SMART ആരംഭിച്ച തീയതി മുതൽ അന്നേ ദിവസം വരെയുള്ള ഫയലുകളുടെ Window ആണ് തുറന്നു വരുന്നത്. ഇതിൽ നിന്നും ഒരു പ്രത്യേക വൗച്ചർ പ്രകാരമുള്ള Payment ഫയൽ കിട്ടുന്നത് പ്രയാസം സൃഷ്ടിക്കുന്നു.

8. K SMART ൽ ചെലവുകളുമായി ബന്ധപ്പെട്ട വൗച്ചറുകളുടെ ഫയലിൽ അനുബന്ധ രേഖകളും ബില്ലുകളും അറ്റാച്ച് ചെയ്യുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

വൗച്ചർ നം/തീയതി	തുക	ചെലവ് വിവരം	റിമാർക്സ്
വൗച്ചർ നം. P-M 140200-24000029/ 24.04.2024	10,44,659	അസിസ്റ്റന്റ് എഞ്ചിനീയർ. KSEB Electrical Section, Kasaragod എന്നിവർക്ക് നൽകിയ തുക	ചെലവുമായി ബന്ധപ്പെട്ട കറണ്ട് ബില്ലുകൾ K SMART ൽ അറ്റാച്ച് ചെയ്തിട്ടില്ല.
വൗച്ചർ നം. P-M 140200-24000028/ 24.04.2024	2,10,064	അസിസ്റ്റന്റ് എഞ്ചിനീയർ KSEB Electrical Section Nellikkunnu നൽകിയ തുക	ചെലവുമായി ബന്ധപ്പെട്ട കറണ്ട് ബില്ലുകൾ K SMART ൽ അറ്റാച്ച് ചെയ്തിട്ടില്ല.
വൗച്ചർ നം. P-M 140200-24000027/ 24.04.2024	14,704	അസിസ്റ്റന്റ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി കാസറഗോഡിന് നൽകിയ തുക	ചെലവുമായി ബന്ധപ്പെട്ട വാട്ടർ ബില്ലുകൾ K SMART ൽ അറ്റാച്ച് ചെയ്തിട്ടില്ല.
വൗച്ചർ നം. P-M 140200-24000033/ 24.04.2024	13,500	അബ്ദുൾ സമീർ എന്നവർക്ക് മൈക്ക് അനൗൺസ്മെന്റ് ചാർജ് നൽകിയത്	ചെലവുമായി ബന്ധപ്പെട്ട രശീതി K SMART ൽ അറ്റാച്ച് ചെയ്തിട്ടില്ല.
വൗച്ചർ നം. P-M 140200-24000026/ 23.04.2024	203610	ശ്രീരാമ ബെളിച്ചാട, റിട്ടർഡ് സാനിറ്റേഷൻ വർക്കറുടെ ശമ്പള കുടിശ്ശിക 12/2013 മുതൽ 2/2024 വരെയുള്ള പെൻഷൻ കുടിശ്ശിക	ചെലവുമായി ബന്ധപ്പെട്ട Due Drawn Statement K SMART ൽ അറ്റാച്ച് ചെയ്തിട്ടില്ല.

		എന്നിവ നൽകിയത്.	
വൗച്ചർ നം. P-M 140200-24000106/ 28.05.2024	870914	അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ കാസറഗോഡ്	ചെലവുമായി ബന്ധപ്പെട്ട കറണ്ട് ബില്ലുകൾ K SMART ൽ അറ്റാച്ച് ചെയ്തിട്ടില്ല.
വൗച്ചർ നം. P-M 140200-24000105/ 28.05.2024	207059	അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ കാസറഗോഡ്	ചെലവുമായി ബന്ധപ്പെട്ട കറണ്ട് ബില്ലുകൾ K SMART ൽ അറ്റാച്ച് ചെയ്തിട്ടില്ല.
വൗച്ചർ നം. P-M 140200-24000048/ 04.05.2024	7800	സുനിൽ കെ എന്നവർക്ക് KL-14AB-4852 ISUZU വാഹനത്തിന്റെ ബാറ്ററി വാങ്ങിയതിന് നൽകിയത്.	ചെലവുമായി ബന്ധപ്പെട്ട ബില്ലുകൾ K SMART ൽ അറ്റാച്ച് ചെയ്തിട്ടില്ല.
വൗച്ചർ നം. P-M 140200-24000072/17.05.2024 വൗച്ചർ നം. P-M 140200-24000071/17.05.2024	319667 319667	GST Comissioner ക്ക് നൽകിയത്.	ചെലവുമായി ബന്ധപ്പെട്ട Tax Invoice K SMART ൽ അറ്റാച്ച് ചെയ്തിട്ടില്ല.
വൗച്ചർ നം. P-M 140200-24000103/28.05.2024 വൗച്ചർ നം. P-M 140200-24000104/28.05.2024	135787 135787	2024 മാർച്ച് മാസത്തെ GST തുക	ചെലവുമായി ബന്ധപ്പെട്ട Tax Invoice K SMART ൽ അറ്റാച്ച് ചെയ്തിട്ടില്ല.
വൗച്ചർ നം. P-M 140200-24000065/15.05.2024	51918	നഗരസഭയിലെ വിവിധ സർക്കാർ സ്കൂളുകളുടെ കറണ്ട്ബില്ല് KSEB Kasaragod സെക്ഷൻ, KSEB നെല്ലിക്കുന്ന് സെക്ഷൻ എന്നിവർക്ക് നൽകിയത്	ചെലവുമായി ബന്ധപ്പെട്ട കറണ്ട് ബില്ലുകൾ K SMART ൽ അറ്റാച്ച് ചെയ്തിട്ടില്ല.

വൗച്ചർ നം. P-M 140200-24000102/25.05.2024	521561	ശ്രീ കാർത്തികേയൻ റിട്ടയർ സാനിറ്റേഷൻ വർക്കറുടെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് ക്ലോസ്സ് ചെയ്ത തുക നൽകിയത് .	സാംങ്ഷൻ ഓർഡർ അറ്റാച്ച് ചെയ്തിട്ടില്ല.
വൗച്ചർ നം. P-M 140200-24000101/25.05.2024	9,70,000	ശ്രീമതി ചന്ദ്രാവതി കെ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സിന്റെ പ്രൊവിഡന്റ് ഫണ്ടിൽ നിന്നുള്ള NRA നൽകിയത്.	സാംങ്ഷൻ ഓർഡർ അറ്റാച്ച് ചെയ്തിട്ടില്ല.
വൗച്ചർ നം. P-M 140200-24000082/27.05.2024	10,90,865	3/2021 മുതൽ 01/2024 വരെയുള്ള പെൻഷൻ കുടിശ്ശിക ശ്രീ ഗോവിന്ദൻ എന്നവർക്ക് നൽകിയത്.	പെൻഷൻ വെരിഫിക്കേഷൻ റിപ്പോർട്ട്, Due Drawn Statement എന്നിവ അറ്റാച്ച് ചെയ്തിട്ടില്ല.
വൗച്ചർ നം. P-M 140200-24000174/24.06.2024	21662	നഗരസഭയിലെ വിവിധ സ്ഥാപനങ്ങളുടെ ഇന്ധന ചാർജ് Top Fuels, കാസറഗോഡ് നൽകിയത്.	ചെലവുമായി ബന്ധപ്പെട്ട ഇന്ധന ബില്ലുകൾ K SMART ൽ അറ്റാച്ച് ചെയ്തിട്ടില്ല.
വൗച്ചർ നം. P-M 140200-24000141/07.06.2024	266893	നഗരസഭയിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ 3/24ലെ ശമ്പളത്തിൽ നിന്നുള്ള പ്രൊവിഡന്റ് ഫണ്ട് വിഹിതം Urban Affairs Director ക്ക് നൽകിയത്	ചെലവുമായി ബന്ധപ്പെട്ട Schedule K SMART ൽ അറ്റാച്ച് ചെയ്തിട്ടില്ല.
വൗച്ചർ നം. P-M 140200-24000142/07.06.2024	286669	ജീവനക്കാരുടെ 3/24ലെ പെൻഷൻ, ഫാമിലി പെൻഷൻ എന്നിവ നൽകിയത്.	ചെലവുമായി ബന്ധപ്പെട്ട ബില്ല്

			K SMART ൽ അറ്റാച്ച് ചെയ്തിട്ടില്ല.

1-57 തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് വൈദ്യുത ലൈൻ നീട്ടൽ പദ്ധതിക്കായി കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമല്ല- തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി.

2024-2025 സാമ്പത്തിക വർഷം നഗരസഭയിലെ വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് വൈദ്യുത ലൈൻ നീട്ടൽ (പ്രൊജക്ട് നം 35/25) എന്ന പദ്ധതിക്കായി ചുവടെ പരാമർശിക്കും പ്രകാരം 10,56,357/- രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡിന് കൈമാറിയിട്ടുണ്ട്.

ബിൽ നമ്പർ/തീയതി	തുക	ഫണ്ട്
BRN 242002470001007686 18/10.10.2024	2,00,000/-	വികസന ഫണ്ട് (പൊതു വിഭാഗം)
BRN 24200247000100768621/10.10.2024	2,87,720/-	ധനകാര്യകമ്മീഷൻ അവാർഡ്
BRN 24200247000101720508/26.03.2025	5,68,637/-	
ആകെ	10,56,357/-	

പദ്ധതിയുടെ നിർവഹണം സംബന്ധിച്ച് കെ.എസ്.ഇ.ബിയും നഗരസഭാ സെക്രട്ടറിയും ഒപ്പിട്ട കരാറുടമ്പടി, കെ.എസ്.ഇ.ബി പദ്ധതി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങളും തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നു. ആയതിന് മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് വൈദ്യുത ലൈൻ നീട്ടൽ എന്ന പദ്ധതിക്കായി കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനായി ചെലവഴിച്ച 10,56,357/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 62 തീയതി 11.02.2026).

1-58 മരം മുറിക്കുന്നതിനായി ചെലവഴിച്ച തുക-രേഖകൾ ഹാജരാക്കിയില്ല.

2024-2025 സാമ്പത്തിക വർഷം നഗരസഭയിലെ വിവിധ പ്രദേശങ്ങളിലെ മരം മുറിക്കുന്നതിനായി ചുവടെ പറയും പ്രകാരം 2,95,000/- തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

വൗച്ചർ നം/തീയതി	തുക	ചെലവ് വിവരം
P-M 140200-24000018/ 20.04.2024 (ചെക്ക് നം. 262219/20.04.24)	80,000	താലൂക്ക് ആശുപത്രിയിലെ 14 മരങ്ങൾ മുറിച്ചുമാറ്റി നഗരസഭ നിർദ്ദേശിച്ച സ്ഥലത്തേക്ക് മാറ്റിയിട്ടതിന്റെ ചെലവായി ശ്രീ. അബ്ദുൾ നിസാർ എന്നവർക്ക് നൽകിയത്
വൗച്ചർ നം. P-M 140200-24000162/13.06.2024 (ചെക്ക് നം.266377/ 13.06.2024)	86,000	അന്ധവിദ്യാലയം, ഗവ. മുസ്ലീം വൊക്കേഷൻ ഹയർ സെക്കണ്ടറി സ്കൂൾ കാസറഗോഡ്, ജി.വി.എച്ച്.എസ് ഫോർ ഗേൾസ്, നെല്ലിക്കുന്ന് എന്നീ സ്ഥാപനങ്ങളിലെ മരങ്ങൾ മുറിച്ച് നീക്കിയതിന് ശ്രീ. അബ്ദുൾ നിസാർ എന്നവർക്ക് നൽകിയത്. (File No PH2-10871/2023)
വൗച്ചർ നം P-M 140200-24000231/09.07.2024 (ചെക്ക് നം. 266401/ 08.07.2024)	39,000	നഗരസഭ ഓഫീസ് കോമ്പൗണ്ട്, കോൺഫറൻസ് ഹാളിന് മുൻവശം, എം.ജി കോളനി എസ്.സി ഫ്ലാറ്റിലെ മരശിഖരങ്ങൾ മുറിച്ചുമാറ്റിയതിന് ശ്രീ. അബ്ദുൾ നിസാർ എന്നവർക്ക് നൽകിയത്

വൗച്ചർ നം P-M 140200-24000280/31.07.2024 (ചെക്ക് നം. 408053/ 31.07.2024)	90,000	കാസറഗോഡ് ജനറൽ ആശുപത്രി കോമ്പൗണ്ടിൽ കാന്റീൻ ഭാഗത്തേയും നായക്സ് റോഡ് ഭാഗത്തേയും കാസറഗോഡ് ജനറൽ ആശുപത്രി കോമ്പൗണ്ടിലെ മാവിന്റെ ശിഖരങ്ങൾ, നെൽക്കള കോളനിയിലെ നിർദ്ദിഷ്ട ഷട്ടിൽ കോർട്ട്, വോളിബോൾ കോർട്ട് എന്നിവ നിർമ്മിക്കുന്ന സ്ഥലത്തെ മരങ്ങൾ, കാസറഗോഡ് പള്ളം റോഡ് ജംഗ്ഷനിലെ മരത്തിന്റെ ശിഖരം എന്നിവ മുറിച്ച് മാറ്റുന്നതിനായി ശ്രീ. അബ്ദുൾ നിസാർ എന്നവർക്ക് നൽകിയത്
ആകെ	**2,95,000**	

ഈ ചെലവുമായി ബന്ധപ്പെട്ട ചുവടെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം. 29/2024-25, തിയതി. 09.01.2026 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

1) മരം മുറിച്ചുമായി ബന്ധപ്പെട്ട ഫയൽ, ക്വട്ടേഷൻ തുടങ്ങിയ വിവരങ്ങൾ

2) എത്ര മരങ്ങൾ മുറിച്ചുമാറ്റിയിട്ടുണ്ട്. ഈ മരങ്ങൾ വാല്യു ചെയ്ത് ലേലം നടത്തിയതിന്റെ വിവരങ്ങൾ

3) മരം മുറിച്ചതിന്റെ കൂലി നൽകിയതിൽ നിന്നും ആദായ നികുതി ഇനത്തിൽ എത്ര തുക ബില്ലിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കിയിട്ടുണ്ട്.

എന്നാൽ ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ട കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മരം മുറിക്കുന്നതിനായി ചെലവഴിച്ച 2,95,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-59 രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് യു.പി.എച്ച്.സി പുലിക്കുന്നിന് അനുവദിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല-ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നം.	566/25
ചെക്ക് നം/തീയതി	CO 32543317200/20.03.2025
ചെലവ് തുക	₹ 12,14,000/-
പദ്ധതിയുടെ പേര്	നഗരസഭ അർബൻ ഹെൽത്ത് സെന്ററി ലേക്ക് രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തലും ആയതിന്റെ ആവർത്തന ചെലവുകൾ

സർക്കാർ ഉത്തരവ് (സാധാ) നം. 1625/2023/തസ്വഭവ തീയതി 09.08.2023 പ്രകാരം പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച 2022-2023ലെ ഹെൽത്ത് ഗ്രാന്റിന്റെ കർമ്മ പദ്ധതിയും ഓരോ സ്കീമുകൾക്കും ആവശ്യമായ തുകയും അനുവദിച്ച് നൽകിയിട്ടുണ്ട്. ഇത് പ്രകാരം കാസറഗോഡ് നഗരസഭയ്ക്ക് 36.30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുകയിൽ നിന്നും അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, പുലിക്കുന്നിന് രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആയതിന്റെ പരിപാലനത്തിനുമായി 4 മാസത്തേക്കാവശ്യമായ 12,14,000/- രൂപ മുൻകൂറായി അനുവദിച്ചിട്ടുണ്ട്.

യു.പി.എച്ച്.സി പുലിക്കുന്നിന്റെ എച്ച്.എം.സി അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയ 12,14,000/- രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ്, ചെലവ് സ്റ്റേറ്റ്മെന്റുകളും വൗച്ചറുകളും മറ്റ് അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ആയവ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഹെൽത്ത് ഗ്രാന്റ് വിഹിതമായി ലഭിച്ച 36.30 ലക്ഷം രൂപയിൽ മേൽ ചെലവ് കിഴിച്ചുള്ള തുകയിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുവാനും എൻക്വയറി പ്രകാരം ആവശ്യപ്പെട്ടതിനും മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ യു.പി.എച്ച്.സി പുലിക്കുന്നിന് അനുവദിക്കുന്ന നടത്തിയി 12,14,000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 30 തീയതി.19.01.2026).

1-60 വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഗ്രാമീണ പഠന കേന്ദ്രത്തിന് അനുവദിച്ച തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി.

സർക്കാർ ഉത്തരവ് നം. 77/2023/തസ്വഭവ തീയതി 22.03.2023 പ്രകാരം തദ്ദേശ സ്ഥാപനങ്ങളിലെ വസ്തു നികുതി 01.04.2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം തദ്ദേശ സ്ഥാപനങ്ങളിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്വെയറിൽ ചേർക്കേണ്ടതുണ്ട്. ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാസറഗോഡ് നഗരസഭയിലെ എല്ലാവിധ കെട്ടിടങ്ങളുടെയും ഏരിയ അളന്ന് തിട്ടപ്പെടുത്തുന്നതിനായി ഗ്രാമീണ പഠനകേന്ദ്രം കരകുളം എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സ്ഥാപനവുമായി നഗരസഭ ധാരണാ പത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ ധാരണ പത്രത്തിന് തീയതി, നമ്പർ എന്നിവയൊന്നും ഇല്ല. ധാരണ പത്രത്തിലെ വ്യവസ്ഥ പ്രകാരം ഒരു കെട്ടിടത്തിന് 30/- രൂപ നഗരസഭ ഗ്രാമീണ പഠന കേന്ദ്രത്തിന് നൽകേണ്ടതാണ്. കൂടാതെ വസ്തു നികുതി പരിഷ്കരണത്തിനാവശ്യമായ ഡാറ്റാ എൻട്രി ചെയ്യുന്നതിനായി IKM സോഫ്റ്റ്വെയർ ക്രമീകരണം നടത്തി നഗരസഭയെ അറിയിക്കുന്ന മുറയ്ക്ക് ഗ്രാമീണ പഠന കേന്ദ്രം ഡാറ്റാ എൻട്രി നടത്തുന്നതാണ്. ധാരണാ പത്രം പ്രകാരം 3 മാസത്തിനകം പദ്ധതി പ്രവർത്തനം പൂർത്തീകരിക്കേണ്ടതാണ്.

വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട ഫീൽഡ് പരിശോധനയും കെട്ടിടങ്ങൾ അളന്ന് തിട്ടപ്പെടുത്തുന്നതിനുമായി 2024-2025 സാമ്പത്തിക വർഷം നഗരസഭ ചുവടെ വിവരിക്കും പ്രകാരം 3,00,000/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുകയും നികുതി ഒഴികെ ഗ്രാമീണ പഠന കേന്ദ്രത്തിന് നൽകിയിട്ടുമുണ്ട്.

വൗച്ചർ നം/തീയതി	ചെലവ് തുക	റിമാർക്സ്
P-M140200-24000366 തീ: 29.08.2024 (ചെക്ക് നം. 499047/29.08.2024)	1,50,000/-	ജിഎസ് ടിയായി 2,542/- രൂപയും ആദായ നികുതിയിനത്തിൽ 2,542/- രൂപയും ഈടാക്കിയ ശേഷം 1,44,916/- രൂപ ഗ്രാമീണ പഠന കേന്ദ്രത്തിന് നൽകി.
P-M140200-24000671 തീ:13.12.2024 (ചെക്ക് നം. 421493/13.12.2024)	1,50,000/-	ജിഎസ് ടി യായി 3,000/- രൂപയും ആദായ നികുതിയിനത്തിൽ 3,000/- രൂപയും ഈടാക്കിയ ശേഷം 1,44,000/- രൂപ ഗ്രാമീണ പഠന കേന്ദ്രത്തിന് നൽകി.
ആകെ	3,00,000/-	

ഇതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.

1. പദ്ധതി പ്രകാരം ഗ്രാമീണ പഠന കേന്ദ്രം എത്ര വീടുകളുടെ ഫീൽഡ് പരിശോധനയും അളവെടുപ്പും നടത്തിയിട്ടുണ്ട്?
2. പദ്ധതി പ്രകാരം സർവ്വെ പ്രവർത്തനങ്ങൾ നടത്തിയതിന്റെ Report /Data ഗ്രാമീണ പഠന കേന്ദ്രം നഗരസഭയെ ഏൽപ്പിച്ചിട്ടുണ്ടോ?
3. ഗ്രാമീണ പഠന കേന്ദ്രം 28.09.2024ലെ GPK/GEN/146/24 കത്ത് പ്രകാരം 18618 എണ്ണം കെട്ടിടങ്ങൾ അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടെന്ന് പറയുന്നുണ്ട്. ഇത്രയും കെട്ടിടങ്ങളുടെ സർവ്വേ വിവരം നഗരസഭയ്ക്ക് ഗ്രാമീണ പഠന കേന്ദ്രം കൈമാറിയിട്ടുണ്ടോ? കൂടാതെ ഇപ്രകാരം സർവ്വേ നടത്തിയ കെട്ടിടങ്ങളുടെ 10% എണ്ണം നഗരസഭയിലെ ഉദ്യോഗസ്ഥൻ നേരിട്ട് പരിശോധന നടത്തിയിട്ടുണ്ടോ?
4. ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ (K-SMART) പരിശോധിച്ചതിൽ നിന്നും നഗരസഭ 04.08.2025ലെ 1944006-2024 നമ്പർ കത്ത് മുഖേന പദ്ധതി പ്രകാരം പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തിയാക്കി തരുവാൻ ഗ്രാമീണ പഠന കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നഗരസഭയിലെ മുഴവൻ

കെട്ടിടങ്ങളുടെയും ഫീൽഡ് പരിശോധനയും അളവുകളുടെ പരിശോധനയും ഗ്രാമീണ പഠന കേന്ദ്രം നടത്തിയിട്ടുണ്ടോ?

5. ഗ്രാമീണ പഠന കേന്ദ്രം ഏരിയ അളന്ന് തിട്ടപ്പെടുത്തിയ കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുണ്ടോ?

6. ഗ്രാമീണ പഠന കേന്ദ്രത്തിന് തുകകൾ നൽകിയപ്പോൾ ഈടാക്കിയ GST ആദായ നികുതി എന്നിവ ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

7. നഗരസഭയിലെ കെട്ടിടങ്ങളുടെ Data Purification ന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

എന്നാൽ ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ട കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പദ്ധതിക്കായി ചെലവഴിച്ച 3,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 56 തീയതി 05.02.2026). ഓഡിറ്റ് എൻക്വയറിയിൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-61 മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി സ്ഥാപിക്കുന്ന ഇന്റർലോക്ക് ടൈലുകളുടെയും പ്രീകാസ്റ്റ് ടൈലിന്റെയും ഗുണനിലവാര പരിശോധനകൾ നടത്തുന്നില്ല.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

2024-2025 സാമ്പത്തിക വർഷം നഗരസഭ ചുവടെ പരാമർശിക്കുന്ന പദ്ധതികൾ പ്രകാരം ഇന്റർലോക്ക് പേവർ ബ്ലോക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം സ്ഥാപിച്ച ഇന്റർലോക്ക് ടൈലുകളുടെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ വിവരം വർക്ക് ഫയലിൽ ഇല്ല. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 06.04.2022 ലെ സർക്കുലർ നം.31/2022-ഫിൻ പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി സ്ഥാപിക്കുന്ന പേവർ ബ്ലോക്കുകളുടെ ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടത് പ്രവൃത്തിയുടെ മേൽനോട്ട ചുമതലയുള്ള എഞ്ചിനീയറുടെ ഉത്തരവാദിത്വമാണ്.

പ്രവൃത്തിയുടെ പേര്, പ്രോജക്ട് നം.	എസ്റ്റിമേറ്റ്	എം ബുക്ക് നം	കരാറുകാരന്റെ പേര്, ക്വാട്ട് ചെയ്ത തുക/ നിരക്ക്	പദ്ധതിക്കായി ചെലവഴിച്ച തുക, വൗച്ചർ നം, തീയതി.	പേവർ ബ്ലോക്കുകൾ സ്ഥാപിച്ചതിന്റ വിവരം		
					ഐറ്റം നം	അളവ്	തുക
വാർഡ് 10 പട്ടികജാതിക്കാർക്കുള്ള ട്രെയിനിംഗ് സെന്റർ നവീകരണം (പ്രോജ നം. 440/25)	₹ 4,00,000/- (EST/ 102543/2022)	ഇ എം ബുക്ക്	മുസ്തഫ ടി എ (APAC 338333/-)	₹ 398735/- (BRN222002470016015199O8 തീ28.03.2023 & ₹ 278951/- BRN24200247001601636799 തീ22.03.2025 ₹ 119784/-) ഫണ്ട്: വികസനഫണ്ട്- എസ്.സി.പി	11	91.269m², 60mm M-30ഇന്റർലോക്ക് ടൈൽ	1,17,311/-
വാർഡ് 10 നെൽക്കള അങ്കണവാടി നം 122 ഇന്റർലോക്കിംഗ് മേൽക്കൂര അറ്റകുറ്റ പ്രവൃത്തി (പ്രോജ നം. 423/25)	₹ 1,80,000/- (EST/ 24814 /2022)	ഇ എം ബുക്ക്	അഹമ്മദ് ഷഫീക്ക് ബി എ (APAC 151825/-)	₹ 152804/- (BRN24200247001600579628 തീ 24.08.2024) ഫണ്ട്: മെയിന്റനൻസ് ഫണ്ട്- റോഡിതരം	9	82.525m², 60mm M-30ഇന്റർലോക്ക് ടൈൽ	96,639/-

വാർഡ് 16 അണങ്കൂർ അങ്കണവാടി നം 118 ചുറ്റമതിൽ ഇന്റർലോക്ക് കളിസ്ഥലം നിർമ്മാണം (പ്രോജ നം. 472/25)	₹3,50,000/- (EST/ 24568/2022)	ഇ എം ബുക്ക്	മൊയ്തീൻ മെഹഫൂസ് (APAC296231/-)	₹ 248089/- (BRN24200247001600197218 തീ 09.05.2024) ഫണ്ട്: മെയിന്റനൻസ് ഫണ്ട്-റോഡിതരം	7	79.906m^2, 60mm M-30ഇന്റർലോക്ക് ടൈൽ	93,590/-
വാർഡ് 16 വിദ്യാനഗർ ആൺകുട്ടികളുടെ ഹോസ്റ്റൽ ഇന്റർലോക്ക് (പ്രോജ നം. 90/25)	₹1,70,000/- (EST/ 25263/2024)	ഇ എം ബുക്ക്	അബ്ദുള്ള കുഞ്ഞി കെ എ (APAC124672/-)	₹ 111891/- (BRN24200247001601262828 തീ 01.02.2025) ഫണ്ട്: വികസനഫണ്ട്-എസ്.സി.പി	2	103.629m^2, 60mm M-30ഇന്റർലോക്ക് ടൈൽ	1,03,940/-
ദേശീയ നഗര ഉപജീവന ദൗത്യം-തെരുവ് കച്ചവടക്കാരുടെ പുനരധിവാസം-ചന്ത നിർമ്മാണം (പ്രോജ നം. 328/25)	₹32,74,000/- (EST/ 2018/26775)	ഇ എം ബുക്ക്	മുഹമ്മദ് കുഞ്ഞി കെ എ (APAC2657314/-)	₹ 2761032/-(Bill Sanction Order134തീ 27.11.2024) ഫണ്ട്: കേന്ദ്രാവിഷ്കൃതഫണ്ട്	Extra Item 2	119.21m^2, 60mm M-30ഇന്റർലോക്ക് ടൈൽ	123492/-
വാർഡ് 26 നസ്രത്ത് മസ്ജിദ് സ്ട്രീറ്റ് ഇന്റർലോക്ക് പ്രവൃത്തി (പ്രോജ നം. 288/25)	₹5,00,000/- (EST/ 81744/2023)	ഇ എം ബുക്ക്	ഹസ്സൻ ഇൻസാഫ് (APAC411208/-)	₹ 381267/-(Bill Sanction Order186തീ 01.01.2025) ഫണ്ട്: ധനകാര്യ കമ്മീഷൻ അവാർഡ്	4	273.228m^2, 80mm M-30ഇന്റർലോക്ക് ടൈൽ	308545
ജി യു പി എസ് കാസറഗോഡ് പുനരുദ്ധാരണം (പ്രോജ നം. 151/25)	₹3,00,000/- (EST/ 30472/2024)	ഇ എം ബുക്ക്	ലത്തീഫ് എം എ (APAC243515/-)	₹ 280971/- (BRN24200247001601495442 തീ 11.03.2025) ഫണ്ട്: മെയിന്റനൻസ് ഫണ്ട്-റോഡിതരം	2	219.48m^2, 60mm M-30ഇന്റർലോക്ക് ടൈൽ	2,41,634/-
സർക്കാർ ജനറലാശുപത്രി അറ്റകുറ്റ പ്രവൃത്തി (പ്രോജ നം. 346/25)	13,50,000/- (EST/ 2022/13936)	169	ഇ ഐ മുഹമ്മദ് (APAC 1010017)	₹ 999713/- (BRN24200247001600579609 തീ 24.08.2024) ഫണ്ട്: മെയിന്റനൻസ് ഫണ്ട്-റോഡിതരം	3	360.438m^2, 80mm M-30ഇന്റർലോക്ക് ടൈൽ	3,89,497/-
ജി എൽ പി എസ് തെരുവത്ത് സ്കൂളിന്റെ നടപ്പാത	₹1,00,000/- (EST/ 106508/2024)	ഇ എം ബുക്ക്	അബ്ദുള്ള കുഞ്ഞി കെ എ (APAC71140/-)	₹ 83702/-Bill Sanction Order 425തീ 24.03.2025) ഫണ്ട്: തനത് ഫണ്ട്	3	270.086m^2, 80mm M-30ഇന്റർലോക്ക് ടൈൽ	65,409/-

ഇൻ്റർലോക്കിംഗ് (പ്രോജ നം. 628/25)							
വാർഡ് 15 കൊല്ലംപാടി ജുമാമസ്ജിദ് റോഡ് സൈഡ് ക്രോസ് റോഡ് നടപ്പാത ഇൻ്റർലോക്ക് (പ്രോജ നം. 427/25)	₹75,000/- (EST/ 64396/2023)	ഇ എം ബുക്ക്	അബ്ദുൾ റഹിമാൻ കളനാട് (APAC 62125/-)	₹ 68775/- (BRN24200247001601680348 തീ 24.03.2025) ഫണ്ട്: ധനകാര്യ കമ്മീഷൻ അവാർഡ്	2	48.413m^2, 80mm M-30ഇൻ്റർലോക്ക് ടൈൽ	55,493/-
ജി എം എൽ പി എസ് തളങ്കര അറ്റകുറ്റപണി (പ്രോജ നം. 447/25)	₹1,50,000/- (EST/ 58364/2023)	ഇ എം ബുക്ക്	ഹസ്സൻ ഇൻസാഫ് (APAC 124897/-)	₹ 118721/- (BRN24200247001601120855 തീ 03.01.2025) ഫണ്ട്: മെയിൻ്റനൻസ് ഫണ്ട്-റോഡിതരം	2.1	64.347m^2, 60mm M-30ഇൻ്റർലോക്ക് ടൈൽ	80,813/-
വിവിധ അങ്കണവാടികൾ നവീകരണം 119 നമ്പർ, 106 നമ്പർ (പ്രോജ നം. 168/25)	₹5,00,000/- (EST/ 107476/2024)	ഇ എം ബുക്ക്	മുഹമ്മദ് ഹാരിസ് എം എം (APAC402465/-)	₹ 437528/- (BRN24200247001601666293 തീ 24.03.2025) ഫണ്ട്: മെയിൻ്റനൻസ് ഫണ്ട്-റോഡിതരം	7	79.906m^2, 60mm M-30ഇൻ്റർലോക്ക് ടൈൽ	71,598/-

സി.പി.ഡബ്ല്യു.ഡി സ്പെസിഫിക്കേഷനുകൾ/ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് പ്രകാരം പേവർ ബ്ലോക്കുകളുടെ ഗുണനിലവാര പരിശോധനകൾ നടത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി സ്ഥാപിക്കുന്ന പേവർ ബ്ലോക്കുകളുടെ ഗുണനിലവാര പരിശോധന സി.പി.ഡബ്ല്യു.ഡി സ്പെസിഫിക്കേഷനുകൾ/ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് പ്രകാരമുള്ള ഗുണനിലവാര പരിശോധനകൾ നടത്താൻ നിർവഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയം എൽ.ഐ.ഡി ആൻ്റ് ഇ.ഡബ്ല്യു അധികാരികളുടെ ശ്രദ്ധയിൽ പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.15 തീയതി 29.12.2025).

1-62 മരാമത്ത് പ്രവൃത്തികളുടെ കരാർ ഒപ്പിടാൻ കരാർ തുകയ്ക്ക് ആനുപാതികമായ മൂല്യമുള്ള മുദ്രപ്പേപ്പർ ഉപയോഗിച്ചില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റൻ്റ് എഞ്ചിനീയർ.

31-3-2018 ൽ പ്രാബല്യത്തിൽ വന്ന 2018 കേരള ഫിനാൻസ് ആക്ട് പ്രകാരം മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് തയാറാക്കുന്ന കരാറുകൾക്ക് പ്രവൃത്തിയുടെ കരാർ തുകയ്ക്ക് ആനുപാതികമായി ഓരോ ആയിരം രൂപയ്ക്കും ഒരു രൂപാ നിരക്കിൽ ഏറ്റവും കുറഞ്ഞത് 200/-രൂപയുടെയും, പരമാവധി 1,00,000/- രൂപയുടെയും മുദ്ര പത്രം ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ നഗരസഭ 2024-2025 സാമ്പത്തിക വർഷം നടപ്പാക്കിയ ചെന്നിക്കര ഗ്യാസ് ക്രിമിറ്റോറിയത്തിൻ്റെ ഗ്യാസ് ചേമ്പറിൻ്റെ വാർഷിക അറ്റകുറ്റപ്രവൃത്തിയിൽപെടാത്ത പ്രവൃത്തികളുമായി ബന്ധപ്പെട്ട് തയാറാക്കിയ കരാറുടമ്പടിക്ക് പ്രവൃത്തിയുടെ കരാർ തുകയ്ക്ക് ആനുപാതികമായ മൂല്യമുള്ള മുദ്രപ്പേപ്പർ ഉപയോഗിച്ചിട്ടില്ല. സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ കുറവുവന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ.	കരാറുകാരൻ്റെ പേര്	കരാർ തുക	എഗ്രിമെൻറ് നം /തിയതി	കരാർ ഒപ്പിടാൻ ഉപയോഗിച്ച	കരാർഒപ്പി ടാൻ ഉപയോഗി ക്കേ	കുറവുള്ള മുദ്രപ്പേപ്പ റിൻ്റെ മൂല്യം

				മുദ്രപ്പേപ്പറിന്റെ മൂല്യം	ണ്ടിയിരുന്ന മുദ്രപ്പേപ്പറിന്റെ മൂല്യം	
ചെന്നിക്കര ഗ്യാസ് ക്രിമിറ്റോറിയത്തിന്റെ ഗ്യാസ് ചേമ്പറിന്റെ വാർഷിക അറ്റകുറ്റപ്രവൃത്തിയിൽ പെടാത്ത പ്രവൃത്തികൾ (പ്രോജക്ട് നം.428/25)	Techno Ring Enterprises, Kottayam	3,28,000/-	59/22-23 തീയതി 01.02.2023	200/-	330/-	130/-

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാർ ഒപ്പിടാൻ കുറഞ്ഞ തുകയുള്ള മുദ്ര പത്രം ഉപയോഗിക്കുന്നത് മൂലം സംസ്ഥാന സർക്കാരിന് വരുമാന നഷ്ടമുണ്ട്. ഇത്തരം വീഴ്ചകൾ ഒഴിവാക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്. 05.03.2025 -ലെ നം.18/2025/ധന സർക്കുലറിലെ നിർദ്ദേശം പാലിച്ച് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ കുറവുവന്ന തുക ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 24 തീയതി 29.12.2025).

<u>1-63 ചെന്നിക്കര ഗ്യാസ് ക്രിമിറ്റോറിയത്തിന്റെ ഗ്യാസ് ചേമ്പറിന്റെ വാർഷിക അറ്റകുറ്റപ്രവൃത്തിയിൽ പെടാത്ത പ്രവൃത്തികൾ – നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കി- ചെലവ് തടസ്സപ്പെടുത്തുന്നു.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രൊജക്ട് നമ്പർ	SO 428/25
പ്രൊജക്ടിന്റെ പേര്	ചെന്നിക്കര ഗ്യാസ് ക്രിമിറ്റോറിയത്തിന്റെ ഗ്യാസ് ചേമ്പറിന്റെ വാർഷിക അറ്റകുറ്റപ്രവൃത്തിയിൽ പെടാത്ത പ്രവൃത്തികൾ
അടങ്കൽ	₹ 3,30,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
കരാറുകാരൻ	M/S Techno Ring Enterprises, Kottayam
എഗ്രിമെന്റ് നമ്പർ	59/22-23 തീയതി 01.02.2023
ചെലവ് തുക	₹ 3,28,000/-
ബിൽ നം / തീയതി	BRN 242002470016009976З4/07.12.2024

ചെന്നിക്കര ഗ്യാസ് ക്രിമിറ്റോറിയത്തിലെ സ്പെഷ്യൽ റിപ്പയറിംഗ് പ്രവൃത്തികൾക്കായി നം. പി3/8192/22 തീയതി 22.12.2022 പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. ക്വട്ടേഷൻ പ്രകാരം റിപ്പയറിംഗ് പ്രവൃത്തികളുടെ അടങ്കൽ 3.3 ലക്ഷം രൂപയാണ്. ക്വട്ടേഷൻ നോട്ടീസിൽ എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യേണ്ടത് എന്നതിന്റെ ഇനം തിരിച്ചുള്ള വിവരങ്ങളൊന്നും പരാമർശിക്കാതെ ഗ്യാസ് ക്രിമിറ്റോറിയത്തിലെ സ്പെഷ്യൽ റിപ്പയറിംഗ് എന്ന ഒറ്റ ഇനം പ്രവൃത്തി മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിക്കായി ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തത് Techno Ring Enterprises, Kottayam എന്ന സ്ഥാപനമാണ്. 3,28,000/- രൂപയാണ് Techno Ring Enterprises ക്വാട്ട് ചെയ്ത തുക. Techno Ring Enterprises സമർപ്പിച്ച ക്വട്ടേഷന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

Sl No	Particulars	Amount
1	Changing Tank Top Cement Slab With 4mm MS Sheet	
2	Furnace Brick Rearranging And Leakage Removing	

3	Full Crematorium Gas Pipe Line Changing	
	Total (Including 18% GST)	3,28,000/-

പദ്ധതിക്കായി Techno Ring Enterprises സമർപ്പിച്ച 3,28,000/- രൂപയുടെ ക്വട്ടേഷൻ 17.01.2023 ലെ കൗൺസിൽ തീരുമാനം നമ്പർ 24 പ്രകാരം അംഗീകരിക്കുകയും 23.01.2023 ന് മേൽ സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയിട്ടുമുണ്ട്.

പ്രവൃത്തി നടപ്പാക്കിയതിന് Techno Ring Enterprises 3,28,000/ രൂപയുടെ ബിൽ നഗരസഭക്ക് നൽകിയിട്ടുണ്ട് (Tax Invoice No TR25 തീയതി 27.03.2023). സ്ഥാപനം സമർപ്പിച്ച ബില്ലിൽ Maintanance Work Of LPG Crematorium എന്ന് രേഖപ്പെടുത്തിയാണ് 18% GST ഉൾപ്പെടെ 3,28,000/-രൂപ കണക്കാക്കിയത്. ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭ Techno Ring Enterprises ന് നികുതികൾ കുറവ് ചെയ്ത് 3,14,100/- രൂപ അനുവദിച്ചിട്ടുണ്ട്.

ഈ പദ്ധതിക്കായി ചെലവഴിച്ച 3,28,000/ രൂപ ചുവടെ പരാമർശിക്കുന്ന അപാകതകൾ കാരണം ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1). ക്വട്ടേഷൻ നോട്ടീസിൽ എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യേണ്ടത് എന്നതിന്റെ ഇനം തിരിച്ചുള്ള വിവരങ്ങളൊന്നും പരാമർശിക്കാതെ ഗ്യാസ് ക്രിമിറ്റോറിയത്തിലെ സ്പെഷ്യൽ റിപ്പയറിംഗ് എന്ന ഒറ്റ ഇനം പ്രവൃത്തി മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. റിപ്പയറിംഗ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ് പ്രവൃത്തിയ്ക്കായി ക്വട്ടേഷൻ ക്ഷണിച്ചത്. ഗ്യാസ് ക്രിമിറ്റോറിയത്തിൽ ചെയ്യേണ്ടതായ മെയിന്റനൻസ് പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് ഈ മേഖലയിൽ വൈദഗ്ദ്യമുള്ള സാങ്കേതിക വിദഗ്ദർ സ്ഥലപരിശോധന നടത്തി തയ്യാറാക്കി, ആയതിന് അംഗീകാരം വാങ്ങിയ ശേഷമാണ് ഇനം തിരിച്ചുള്ള ക്വട്ടേഷൻ/ടെണ്ടർ ക്ഷണിക്കേണ്ടത്. നടപടിക്രമങ്ങൾ പാലിക്കാതെയാണ് പദ്ധതി നടപ്പാക്കിയത്.

2). Techno Ring Enterprises എന്തെല്ലാം പ്രവൃത്തികൾ ചെന്നിക്കര ഗ്യാസ് ക്രിമിറ്റോറിയത്തിലെ റിപ്പയറിംഗ് പ്രവൃത്തിക്കായി ചെയ്തിട്ടുണ്ട് എന്ന് സ്ഥാപനം നൽകിയ ബില്ലിൽ പരാമർശിക്കുന്നില്ല. വിശദമായ ബില്ല് തയ്യാറാക്കാതെ പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയത് എപ്രകാരമാണെന്നും സ്ഥാപനം ഹാജരാക്കിയ ബില്ലിന്റെ മാത്രം അടിസ്ഥാനത്തിൽ തുക അനുവദിച്ചത് എപ്രകാരമാണെന്നും വിശദീകരണം നൽകേണ്ടതാണ്.

3). Techno Ring Enterprises എന്തെല്ലാം മെയിന്റനൻസ് പ്രവൃത്തികൾ ചെന്നിക്കര ഗ്യാസ് ക്രിമിറ്റോറിയത്തിൽ ചെയ്തിട്ടുണ്ട് എന്നതിന്റെ അളവുകൾ പരിശോധിച്ചിട്ടില്ല. അളവുകൾ രേഖപ്പെടുത്താതെയും ആയത് ചെക്ക് മെഷർമെന്റ് നടത്താതെയുമാണ് പ്രവൃത്തിക്കായി തുക അനുവദിച്ചത്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി (നം. 23 തീയതി 29.12.2025) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-64 തുമ്പൂർമുഴി മാതൃക മാലിന്യസംസ്കരണ പ്ലാന്റുകൾ ഉപയോഗയോഗ്യമല്ലാതായി-പദ്ധതിക്കായി ചെലവഴിച്ച തുക പാഴായി

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി തുമ്പൂർമുഴി മാതൃകയിലുള്ള മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതാനായി ഓഡിറ്റ് ടീം നഗരസഭയിലെ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ സന്ദർശിക്കുകയുണ്ടായി. ഭൗതിക പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കടപ്പുറം ഹാർബർ പരിസരത്ത് നിർമ്മിച്ച തുമ്പൂർമുഴി മാതൃക മാലിന്യസംസ്കരണ പ്ലാന്റ് പൂർണ്ണമായും തകർന്ന് ഉപയോഗ ശൂന്യമായതിനാൽ പദ്ധതിക്കായി ചെലവഴിച്ച തുക പാഴ്ചെലവായി.

കാസറഗോഡ് നഗരസഭയിലെ കടപ്പുറം ഹാർബർ പരിസരത്ത് 2023-24, സാമ്പത്തിക വർഷം നഗരസഭ തുമ്പൂർമൊഴി മാതൃകയിലുള്ള ഒരു മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ചുറ്റും ലോഹ വലയമുള്ള 2 എയ്റോബിക്ക് ടാങ്കുകളുള്ള മാലിന്യ സംസ്കരണ സംവിധാനമാണ് സ്ഥാപിച്ചത്. ഇത് കൂടാതെ മാലിന്യ സംസ്കരണ പ്ലാന്റിനെ സംരക്ഷിക്കുന്നതിനായി ഷീറ്റ് റൂഫിട്ട ഒരു ഷെഡ്ഡും

നിർമ്മിച്ചിട്ടുണ്ട്. ഷെഡിന് ചുറ്റുമായി GI Chain Link Fabric Fencing ഉം പ്ലാന്റിന് അകത്തേക്ക് പ്രവേശിക്കുന്നതിനും GI വലകൊണ്ട് നിർമ്മിച്ച വാതിലും സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><td>പ്രോജക്റ്റ് നം.</td><td colspan="3">എസ് 388/24, 409/25 (കടപ്പുറം ഹാർബർ പരിസരത്ത് തുമ്പൂർമുഴി മാതൃക മാലിന്യസംസ്കരണ സംവിധാനം ഒരുക്കൽ)</td></tr>
<tr><td>അടങ്കൽ</td><td colspan="3">₹ 2,68,863/- (₹ 1,12,116/- ധനകാര്യ കമ്മീഷൻ അവാർഡ് + ₹ 94,102/- കേന്ദ്രാവിഷ്കൃതം + ₹ 62,645/- സംസ്ഥാനാവിഷ്കൃതം)</td></tr>
<tr><td>എസ്റ്റിമേറ്റ്</td><td colspan="3">₹ 2,68,700/- (EST NO: 2021/104832)</td></tr>
<tr><td>സാങ്കേതികാനുമതി</td><td colspan="3">₹ 2,68,700/- (TS No.80997/2021-2022)</td></tr>
<tr><td>കരാറുകാരൻ</td><td colspan="3">അബ്ദുള്ള കുഞ്ഞി</td></tr>
<tr><td>ക്വാട്ട് ചെയ്ത തുക</td><td colspan="3">എസ്റ്റിമേറ്റ് നിരക്ക്</td></tr>
<tr><td>എഗ്രിമെന്റ് നമ്പർ</td><td colspan="3">143/21-22 തീയതി 07.03.2022</td></tr>
<tr><td>എം. ബുക്ക് നം.</td><td colspan="3">112 & 151</td></tr>
<tr><td>ആകെ അളവ് മൂല്യം</td><td colspan="3">₹ 2,10,740/- (ജി.എസ്.ടി ഉൾപ്പെടെ 2,48,673/-)</td></tr>
<tr><td rowspan="5">കരാറുകാരന് നൽകിയ തുകയുടെ വിവരം</td><td>വൗച്ചർ നം, തീയതി.</td><td>ബിൽ തുക</td><td>കരാറുകാരന് നൽകിയ തുക</td></tr>
<tr><td>വൗച്ചർ നം 892 തീ: 10.01.2024</td><td>₹ 62,645/-</td><td>₹ 62,645/-</td></tr>
<tr><td>വൗച്ചർ നം 902 തീ: 10.01.2024</td><td>₹ 94,102/-</td><td>₹ 81,459/-</td></tr>
<tr><td>BRN 24200247001601566566 തീ:15.03.2025</td><td>₹ 91,926/-</td><td>₹ 91,926/-</td></tr>
<tr><td>ആകെ</td><td>₹ 2,48,673/-</td><td>₹ 2,36,030/-</td></tr>
</table>

ഓഡിറ്റിന്റെ ഭാഗമായി 18.02.2026ന് ഓഡിറ്റ് ടീം നഗരസഭയിലെ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ കടപ്പുറം ഹാർബർ പരിസരത്ത് നിർമ്മിച്ച തുമ്പൂർമൊഴി മാതൃകയിലുള്ള മാലിന്യ സംസ്കരണ പ്ലാന്റ് സന്ദർശിക്കുകയുണ്ടായി. പരിശോധനയിൽ പ്ലാന്റിന്റെ ഭാഗമായ 2 എയ്റോബിക് ടാങ്കുകളും പൂർണ്ണമായും തകർന്ന നിലയിൽ കാണാൻ കഴിഞ്ഞു. കൂടാതെ കടലിൽ നിന്നുള്ള ഉപ്പിന്റെ സാന്നിദ്ധ്യത്തിൽ പ്ലാന്റിനെ സംരക്ഷിക്കുന്നതിനായി നിർമ്മിച്ച

ഷെഡിന്റെ ഇരുമ്പ് തൂണുകളും, ഷീറ്റ് റൂഫും തുരുമ്പെടുത്ത് നശിക്കുകയാണ്. കൂടാതെ ഷെഡിന്റെ ചുറ്റും സ്ഥാപിച്ചിട്ടുള്ള GI ലോഹ വല തുരുമ്പെടുത്ത് പൊട്ടിപൊളിഞ്ഞിരിക്കുന്ന അവസ്ഥയിലാണുള്ളത്. വാതിൽ ഇളകി വീണ അവസ്ഥയിലാണ് ഉള്ളത്. നിലവിൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ പ്ലാന്റിനകത്തുള്ള സ്ഥലത്ത് കൂന്ന കൂടിയിരിക്കുന്നതായും പ്ലാന്റ് പൂർണ്ണമായും തകർന്ന് ഉപയോഗ ശൂന്യമായതിനാൽ പദ്ധതിക്കായി ചെലവഴിച്ച 2,48,673/- രൂപ പാഴ്ചെലവായിരിക്കുകയാണ്. സന്ദർശന സമയത്ത് ഓഡിറ്റ് ടീം പകർത്തിയ പ്ലാന്റിന്റെ ഫോട്ടോ ചുവടെ ചേർക്കുന്നു.

2. <u>കടപ്പുറം വാർഡ് 38 തുമ്പൂർമുഴി മാതൃക മാലിന്യസംസ്കരണ പ്ലാന്റ് പൂർണ്ണമായും തകർന്ന് ഉപയോഗ ശൂന്യമായതിനാൽ പദ്ധതിക്കായി ചെലവഴിച്ച തുക പാഴ്ചെലവായി.</u>

കാസറഗോഡ് നഗരസഭയിലെ കടപ്പുറം ഹാർബർ പരിസരത്ത് 2023-24 സാമ്പത്തിക വർഷം നഗരസഭ തുമ്പൂർമൊഴി മാതൃകയിലുള്ള ഒരു മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ചുറ്റും ലോഹ വലയമുള്ള 2 എയ്റോബിക്ക് ടാങ്കുകളുള്ള മാലിന്യ സംസ്കരണ സംവിധാനമാണ് സ്ഥാപിച്ചത്. ഇത് കൂടാതെ മാലിന്യ സംസ്കരണ പ്ലാന്റിനെ സംരക്ഷിക്കുന്നതിനായി ഷീറ്റ് റൂഫിട്ട ഒരു ഷെഡും നിർമ്മിച്ചിട്ടുണ്ട്. ഷെഡിന് ചുറ്റുമായി GI Chain Link Fabric Fencing ഉം പ്ലാന്റിന് അകത്തേക്ക് പ്രവേശിക്കുന്നതിനും GI വലകൊണ്ട് നിർമ്മിച്ച വാതിലും സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	എസ് 300/24, 463/25 (കടപ്പുറം 38-ാം വാർഡിൽ തുമ്പൂർമുഴി മാതൃക മാലിന്യസംസ്കരണ സംവിധാനം ഒരുക്കൽ)		
അടങ്കൽ	₹ 2,68,863/- (₹ 1,12,116/- ധനകാര്യ കമ്മീഷൻ അവാർഡ് + ₹ 94,102/- കേന്ദ്രാവിഷ്കൃതം + ₹ 62,645/- സംസ്ഥാനാവിഷ്കൃതം)		
എസ്റ്റിമേറ്റ്	₹ 2,68,700/- (EST NO: 2021/104834)		
സാങ്കേതികാനുമതി	₹ 2,68,700/- (TS No.77592/2021-2022)		
കരാറുകാരൻ	കെ.എ ശിഹാബുദ്ദീൻ		
ക്വാട്ട് ചെയ്ത തുക	എസ്റ്റിമേറ്റ് നിരക്ക്		
എഗ്രിമെന്റ് നമ്പർ	128/21-22 തീയതി 07.03.2022		
എം. ബുക്ക് നം.	173		
ആകെ അളവ് മൂല്യം	₹ 2,09496/- (ജി.എസ്.ടി ഉൾപ്പെടെ 2,47,205/-)		
കരാറുകാരന് നൽകിയ തുകയുടെ വിവരം	വൗച്ചർ നം, തീയതി.	ബിൽ തുക	കരാറുകാരന് നൽകിയ തുക
	വൗച്ചർ നം 887 തീ: 10.01.2024	₹ 62,645/-	₹ 62,645/-

	വൗച്ചർ നം 907 തീ: 10.01.2024	₹ 94,102/-	₹ 83,627/-
	BRN 242002470016015509 87 തീ:15.03.2025	₹ 90,458/-	₹ 90,458/-
	ആകെ	₹ 2,47,205/-	₹ 2,36,730/-

ഓഡിറ്റിന്റെ ഭാഗമായി 18.02.2026ന് ഓഡിറ്റ് ടീം നഗരസഭയിലെ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ കടപ്പുറം 38-ാം വാർഡിൽ നിർമ്മിച്ച ഉമ്പൂർമുഴി മാതൃക മാലിന്യസംസ്കരണ പ്ലാന്റ് സന്ദർശിക്കുകയുണ്ടായി. പരിശോധനയിൽ പ്ലാന്റിന്റെ ഭാഗമായ 2 എയ്റോബിക് ടാങ്കുകളും പൂർണ്ണമായും തകർന്ന നിലയിൽ കാണാൻ കഴിഞ്ഞു. കൂടാതെ കടലിൽ നിന്നുള്ള ഉപ്പിന്റെ സാന്നിദ്ധ്യത്തിൽ പ്ലാന്റിനെ സംരക്ഷിക്കുന്നതിനായി നിർമ്മിച്ച ഷെഡിന്റെ ഇരുമ്പ് തൂണുകളും, ഷീറ്റ് റൂഫും തുരുമ്പെടുത്ത് നശിക്കുകയാണ്. ഷെഡിന്റെ ചുറ്റും സ്ഥാപിച്ചിട്ടുള്ള GI ലോഹ വല തുരുമ്പെടുത്ത് പൊട്ടിപൊളിഞ്ഞിരിക്കുന്ന അവസ്ഥയിലാണുള്ളത്. വാതിൽ ഇളകി വീണ അവസ്ഥയിലാണ് ഉള്ളത്. നിലവിൽ പ്ലാന്റ് പൂർണ്ണമായും തകർന്ന് ഉപയോഗ ശൂന്യമായതിനാൽ പദ്ധതിക്കായി ചെലവഴിച്ച 2,47,205/- രൂപ പാഴ്ചെലവായിരിക്കുകയാണ്. സന്ദർശന സമയത്ത് ഓഡിറ്റ് ടീം പകർത്തിയ പ്ലാന്റിന്റെ ഫോട്ടോ ചുവടെ ചേർക്കുന്നു.

3. <u>വാർഡ് 36 ൽ പള്ളം തോടിനടുത്ത് ഉമ്പൂർമുഴി മാതൃക മാലിന്യസംസ്കരണ പ്ലാന്റ് ഉപയോഗിക്കുന്നില്ല.</u>

കാസറഗോഡ് നഗരസഭയിലെ വാർഡ് 36 ൽ പള്ളം തോടിനടുത്ത് 2023-24 സാമ്പത്തിക വർഷം നഗരസഭ ഉമ്പൂർമൊഴി മാതൃകയിലുള്ള ഒരു മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ചുറ്റും ലോഹ വലയമുള്ള 2 എയ്റോബിക്ക് ടാങ്കുകളുള്ള മാലിന്യ സംസ്കരണ സംവിധാനമാണ് സ്ഥാപിച്ചത്. ഇത് കൂടാതെ മാലിന്യ സംസ്കരണ പ്ലാന്റിനെ സംരക്ഷിക്കുന്നതിനായി ഷീറ്റ് റൂഫിട്ട ഒരു ഷെഡും നിർമ്മിച്ചിട്ടുണ്ട്. ഷെഡിന് ചുറ്റുമായി GI Chain Link Fabric Fencing ഉം പ്ലാന്റിന് അകത്തേക്ക് പ്രവേശിക്കുന്നതിനും GI വലകൊണ്ട് നിർമ്മിച്ച വാതിലും സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	എസ് 327/24, 402/25 (36-ാം വാർഡ് പള്ളം തോടിനടുത്ത് ഉമ്പൂർമുഴി മാതൃക മാലിന്യസംസ്കരണ സംവിധാനം ഒരുക്കൽ)
അടങ്കൽ	₹ 2,68,863/- (₹ 1,12,116/- ധനകാര്യ കമ്മീഷൻ അവാർഡ് + ₹ 94,102/- കേന്ദ്രാവിഷ്കൃതം + ₹ 62,645/- സംസ്ഥാനാവിഷ്കൃതം)

എസ്റ്റിമേറ്റ്	₹ 2,68,700/- (EST NO: 2021/104828)		
സാങ്കേതികാനുമതി	₹ 2,68,700/- (TS No.79373/2021-2022)		
കരാറുകാരൻ	കെ.എ ശിഹാബുദ്ദീൻ		
ക്വാട്ട് ചെയ്ത തുക	എസ്റ്റിമേറ്റ് നിരക്ക്		
എഗ്രിമെന്റ് നമ്പർ	130/21-22 തീയതി 07.03.2022		
എം. ബുക്ക് നം.	185		
ആകെ അളവ് മൂല്യം	₹ 2,10,606/- (ജി.എസ്.ടി ഉൾപ്പെടെ 2,48,515/-)		
കരാറുകാരന് നൽകിയ തുകയുടെ വിവരം	വൗച്ചർ നം, തീയതി.	ബിൽ തുക	കരാറുകാരന് നൽകിയ തുക
	വൗച്ചർ നം 888 തീ: 10.01.2024	₹ 62,645/-	₹ 62,645/-
	വൗച്ചർ നം 909 തീ: 10.01.2024	₹ 94,102/-	₹ 83,572/-
	BRN 24200247001601550995 തീ:15.03.2025	₹ 91,768/-	₹ 91,768/-
	ആകെ	₹ 2,48,515/-	₹ 2,37,985/-

ഓഡിറ്റിന്റെ ഭാഗമായി 18.02.2026ന് ഓഡിറ്റ് ടീം നഗരസഭയിലെ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ വാർഡ് 36 ൽ പള്ളം തോടിനടുത്ത് നിർമ്മിച്ച തുമ്പൂർമുഴി മാതൃക മാലിന്യസംസ്കരണ പ്ലാന്റ് സന്ദർശിക്കുകയുണ്ടായി. പരിശോധനയിൽ പ്ലാന്റിന്റെ ഭാഗമായ 2 എയ്റോബിക് ടാങ്കുകളിൽ ഒന്നിൽ കരിയിലകൾ നിറച്ച നിലയിലും രണ്ടാമത്തെ പ്ലാന്റ് ഒഴിഞ്ഞു കിടക്കുന്നതായും കാണാൻ കഴിഞ്ഞു. കൂടാതെ പ്ലാന്റിനെ സംരക്ഷിക്കുന്നതിനായി നിർമ്മിച്ച ഷെഡിന്റെ ചുറ്റും സ്ഥാപിച്ചിട്ടുള്ള GI ലോഹ വല തുരുമ്പെടുത്ത് തുടങ്ങിയിട്ടുണ്ട്. പ്ലാന്റ് നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. പ്ലാന്റ് വിനിയോഗിക്കാതെ നിലവിലെ അവസ്ഥയിൽ തുടർന്നാൽ വൈകാതെ പ്ലാന്റ് പൂർണ്ണമായും തകർന്ന് ഉപയോഗ ശൂന്യമായി പദ്ധതിക്കായി ചെലവഴിച്ച പണം പാഴ്ചെലവായി മാറും. പ്ലാന്റിന്റെ പ്രവർത്തനം ഫലപ്രദമാക്കുന്നതിന് ജനകീയകമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഇക്കാര്യം അടിയന്തിര പ്രാധാന്യത്തോടെയുള്ള തുടർ നടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. സന്ദർശന സമയത്ത് ഓഡിറ്റ് ടീം പകർത്തിയ പ്ലാന്റിന്റെ ഫോട്ടോ ചുവടെ ചേർക്കുന്നു.

4. <u>ജനറൽ ആശുപത്രി പരിസരത്ത് നിർമ്മിച്ച തുമ്പൂർമുഴി മാതൃക മാലിന്യസംസ്കരണ പ്ലാന്റ്-സംഭരണശേഷി അപര്യാപ്തം.</u>

നഗരസഭ ജനറൽ ആശുപത്രി പരിസരത്ത് 2023-24 സാമ്പത്തിക വർഷം നഗരസഭ തുമ്പൂർമൊഴി മാതൃകയിലുള്ള ഒരു മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ചുറ്റും ലോഹ വലയമുള്ള 2 എയ്റോബിക്ക് ടാങ്കുകളുള്ള മാലിന്യ സംസ്കരണ സംവിധാനമാണ് സ്ഥാപിച്ചിട്ടുള്ളത്. ഇത് കൂടാതെ മാലിന്യ സംസ്കകരണ പ്ലാന്റിനെ സംരക്ഷിക്കുന്നതിനായി ഷീറ്റ് റൂഫിട്ട ഒരു ഷെഡും നിർമ്മിച്ചിട്ടുണ്ട്. ഷെഡിന് ചുറ്റുമായി GI Chain Link Fabric Fencing ഉം പ്ലാന്റിന് അകത്തേക്ക് പ്രവേശിക്കുന്നതിന് GI വലകൊണ്ട് നിർമ്മിച്ച് വാതിലും സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	എസ് 368/24, 383/25 (നഗരസഭ ജനറൽ ആശുപത്രി പരിസരത്ത് തുമ്പൂർമുഴി മാതൃക മാലിന്യസംസ്കരണ സംവിധാനം ഒരുക്കൽ)		
അടങ്കൽ	₹ 2,68,863/- (₹ 1,12,116/- ധനകാര്യ കമ്മീഷൻ അവാർഡ് + ₹ 94,102/- കേന്ദ്രാവിഷ്കൃതം + ₹ 62,645/- സംസ്ഥാനാവിഷ്കൃതം)		
എസ്റ്റിമേറ്റ്	₹ 2,68,700/- (EST NO: 2021/104828)		
സാങ്കേതികാനുമതി	₹ 2,68,700/- (TS No.79373/2021-2022)		
കരാറുകാരൻ	കെ.എ ശിഹാബുദ്ദീൻ		
ക്വാട്ട് ചെയ്ത തുക	എസ്റ്റിമേറ്റ് നിരക്ക്		
എഗ്രിമെന്റ് നമ്പർ	127/21-22 തീയതി 07.03.2022		
എം. ബുക്ക് നം.	177		
ആകെ അളവ് മൂല്യം	₹ 2,05,344/- (ജി.എസ്.ടി ഉൾപ്പെടെ 2,42,306/-)		
കരാറുകാരന് നൽകിയ തുകയുടെ വിവരം	വൗച്ചർ നം, തീയതി.	ബിൽ തുക	കരാറുകാരന് നൽകിയ തുക
	വൗച്ചർ നം 939	₹ 62,645/-	₹ 62,645/-

	തീ: 22.01.2024		
	വൗച്ചർ നം 906 തീ: 10.01.2024	₹ 94,102/-	₹ 83,837/-
	BRN 242002470016015509 81 തീ:15.03.2025	₹ 85,559/-	₹ 85,559/-
	ആകെ	₹ 2,42,306/-	₹ 2,32,041/-

ഓഡിറ്റിന്റെ ഭാഗമായി 18.02.2026ന് ഓഡിറ്റ് ടീം നഗരസഭയിലെ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ ജനറൽ ആശുപത്രി പരിസരത്ത് നിർമ്മിച്ച തുമ്പൂർമുഴി മാതൃക മാലിന്യസംസ്കരണ പ്ലാന്റ് സന്ദർശിക്കുകയുണ്ടായി. പരിശോധനയിൽ പ്ലാന്റ് ഉപയോഗിക്കുന്നതായി കാണാൻ കഴിഞ്ഞു. നഗരസഭയുടെ വിവിധ പ്രദേശങ്ങളിൽ തുമ്പൂർമുഴി മാതൃക മാലിന്യസംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനായി ഏകീകൃത മാതൃകയിലുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. തൻമൂലം ജനറൽ ആശുപത്രി പരിസരത്ത് സ്ഥാപിച്ച പ്ലാന്റിന്റെ സംഭരണശേഷി മറ്റ് സ്ഥലങ്ങളിൽ സ്ഥാപിച്ച പ്ലാന്റിന്റെ സംഭരണശേഷിയും സമാനമാണ്. ആയതിനാൽ താരതമ്യേന കൂടിയ അളവിൽ ജൈവ മാലിന്യം കൈകാര്യം ചെയ്യുന്ന ഈ സ്ഥാപനത്തിനായി നിർമ്മിച്ച പ്ലാന്റിന്റെ സംഭരണശേഷി കുറവാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. സന്ദർശന സമയത്ത് ഓഡിറ്റ് ടീം പകർത്തിയ പ്ലാന്റിന്റെ ഫോട്ടോ ചുവടെ ചേർക്കുന്നു.



ഇതുകൂടാതെ പ്രോജക്ട് നം. 336/25 പ്രകാരം 2,48,764/- രൂപ ചെലവഴിച്ച് നഗരസഭാ ഓഫീസ് പരിസരത്ത് നിർമ്മിച്ച തുമ്പൂർമുഴി മാതൃക മാലിന്യസംസ്കരണ പ്ലാന്റും പ്രോജക്ട് നം. 467/25 പ്രകാരം 2,48,738- രൂപ ചെലവഴിച്ച് സന്ധ്യാരാഗം ഓഡിറ്റോറിയം പരിസരത്ത് നിർമ്മിച്ച തുമ്പൂർമുഴി മാതൃക മാലിന്യസംസ്കരണ പ്ലാന്റും ഓഡിറ്റ് ടീം സന്ദർശിക്കുകയുണ്ടായി. പരിശോധനയിൽ പ്ലാന്റുകൾ ഉപയോഗിക്കുന്നതായി കാണാൻ കഴിഞ്ഞു. ജൈവ മാലിന്യവും കരിയിലയും പ്ലാന്റിൽ നിറച്ചിരിക്കുന്ന അവസ്ഥയിലാണ് കാണാൻ കഴിഞ്ഞത്. എയ്റോബിക് കമ്പോസ്റ്റിങ്ങ് രീതിയിൽ ജൈവമാലിന്യങ്ങൾ ഫലപ്രദമായി വിഘടിപ്പിക്കണമെങ്കിൽ സൂക്ഷ്മാണു ലായനി തളിക്കേണ്ടതുണ്ട്. എന്നാൽ നഗരസഭാ ഓഫീസ് പരിസരത്തും സന്ധ്യാരാഗം ഓഡിറ്റോറിയം പരിസരത്തും നിർമ്മിച്ച തുമ്പൂർമുഴി മാതൃക മാലിന്യസംസ്കരണ പ്ലാന്റുകളിൽ സൂക്ഷ്മാണു ലായനി തളിക്കുന്നില്ല. ആയതിനാൽ ഈ പ്ലാന്റുകളിലെ മാലിന്യങ്ങൾ വിഘടിച്ച് വളമാകുന്നില്ല. നിലവിൽ ഈ പ്ലാന്റുകളുടെ ചുമതലയുള്ളവർക്ക് മതിയായ പരിശീലനം നൽകി ഫലപ്രദമായി മാലിന്യസംസ്കരണം നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കണം.

മേൽ പരാമർശിച്ച ഉന്നൂർമൊഴി മാതൃകയിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വർക്ക് ഫയൽ പരിശോധിച്ചതിൽ പ്ലാന്റുകളുടെ സംരക്ഷണവും പരിപാലനവും ആരെയും ചുമതലപ്പെടുത്തിയതായികാണുന്നില്ല. അതുപോലെ തന്നെ ശാസ്ത്രീയമായ രീതിയിൽ എയ്റോബിക് കമ്പോസ്റ്റിങ്ങ് രീതിയിൽ ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട് ആർക്കെങ്കിലും പരിശീലനം നൽകിയതിന്റെ വിവരവും ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഈ സാഹചര്യത്തിൽ ഓഡിറ്റ് എൻക്വയറി മുഖേന പദ്ധതികളുടെ നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറോട് പ്ലാന്റുകളുടെ സംരക്ഷണവും പരിപാലനവും ആരെയാണ് ചുമതലപ്പെടുത്തിയത് എന്നത് സംബന്ധിച്ചും ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട് ആർക്കെങ്കിലും പരിശീലനം നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്ലാന്റുകളുടെ സംരക്ഷണവും പരിപാലനവും ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ പരിശീലനം നൽകാത്തതുമാണ് ഈ പദ്ധതിയുടെ പരാജയകാരണമായത്. (ഓഡിറ്റ് എൻക്വയറി നം. 20 തീയതി 29.12.2025).

1-65 നഗരസഭാ പരിധിയിലെ നാഗരകട്ടെ, കൊറക്കോട് എന്നീ കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണത്തിനും നവീകരണത്തിനുമുള്ള പ്രവൃത്തി-ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും കാര്യമായ വ്യതിയാനം- എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്തിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

പ്രോജക്ട് നം.	366/25 (നഗരസഭാ പരിധിയിലെ കുടിവെള്ള സ്രോതസ്സുകളുടെ കണ്ടെത്തൽ സംരക്ഷണം നവീകരണം)		
അടങ്കൽ	₹ 2,50,000/- (ധനകാര്യ കമ്മീഷൻ അവാർഡ്)		
എസ്റ്റിമേറ്റ്	₹ 2,50,000/- (EST No.2021/1216)		
സാങ്കേതികാനുമതി	₹ 2,50,000/- (TS No. 3977/2021-2022 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കാസറഗോഡ് നഗരസഭ).		
എം. ബുക്ക് നം.	166		
ആകെ അളവ് മൂല്യം	₹ 2,06,961/-		
കരാറുകരാൻ	ഷാഹുൽ ഹമീദ് ഹൈനാർ		
ക്വോട്ട് ചെയ്ത നിരക്ക്	എസ്റ്റിമേറ്റ് നിരക്ക്		
എഗ്രിമെന്റ് നം	14/2021-22 തീ.08.09.2021		
കരാറുകാരന് നൽകിയ തുകയുടെ വിവരം.	ബിൽ നം/തീയതി.	ബിൽ തുക	കരാറുകാരന് നൽകിയ തുക
	BRN. 24200247001601109690 തീ. 30.12.2024	₹ 2,44,214/-	₹ 2,35,934/-

നഗരസഭാ പരിധിയിലെ നാഗരകട്ടെ, കൊറക്കോട് എന്നീ കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിച്ച് നവീകരിക്കുന്നതിനുള്ള പദ്ധതി 2020-2021വർഷത്തിൽ നഗരസഭ തയ്യാറാക്കിയിരുന്നു. 2016 ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (DSR 2016) പ്രകാരം PRICE സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് പദ്ധതിയുടെ എസ്റ്റിമേറ്റ്

തയ്യാറാക്കിയത്. എസ്റ്റിമേറ്റിൽ അനുവദിച്ച കോസ്റ്റ് ഇൻഡക്സ് 32.04% ആണ്. പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ചുവടെ പരാമർശിക്കുന്ന 22 ഇനം പ്രവൃത്തികളാണുണ്ടായിരുന്നത്.

Item No	Description	Quantity	Rate	Amount
	1. Renovation To Nagarekatte Drinking Water Source			
1.01	Providing And Placing Polyethylene Water Storage Tank (Code 18.48)	2000.00 Ltr	9.57/Lt	19140.00
1.02	Providing And Fixing PVC Pipe 50mm Dia 6Kgf/Cm^2 (Code 50.18.9.6.2)	99.00 Meter	185.19/M	18333.81
1.03	Providing And Fixing PVC Pipe 25mm Dia 10Kgf/Cm^2 (Code 50.18.9.3.2)	10.00 Meter	161.67/M	1616.7
1.04	Providing And Fixing Gun Metal Gate Valve (Code 18.17.4)	1.00 Each	990.17/E	990.17
1.05	Providing And Fixing CP Brass Bib Cock (Code 18.49.1)	5.00 Each	490.49/E	2453.95
1.06	Providing And Fixing GI Pipes 25mm Dia Nominal Bore (Code 18.12.3)	7.80 Meter	271.8/M	2120.04
1.07	Providing And Fixing PVC Pipe 63mm Dia 6Kgf/Cm^2 (Code 50.18.9.17.1)	5 Meter	227.81/M	1139.05
1.08	Providing And Fixing Gun Metal Non Retun Valve (Code 18.19.4.1)	1.00 Each	1304.16/E	1304.16

1.09	Earth Work In Excavation By Mechanical Means (Code 2.6.1)	0.090 Cum	166.30/Cum	14.97
1.10	Providing And Laying Cement Concrete Up To Plinth Level 1:2:4 (Code 4.1.4)	0.135 Cum	7117.55/Cum	960.87
1.11	Steel Work (Code 10.16.1)	198.00 Kg	119.17/Kg	23595.66
1.12	Providing And Laying Cement Concrete Up To Plinth Level 1:2:4 (Code 4.1.3)	0.036 Cum	7238.37/Cum	260.58
1.13	Centering And Shuttering (Code 4.3.1)	0.640sqm	256.09/Sqm	163.90
	2.At Korakkode			
2.01	Providing And Fixing MS Grills (Code 9.48.2)	209.442 Kg	148.48/Kg	31097.95
2.02	Pumping Or Bailing Out Water (Code 50.2.3.1)	9.00 Hrs	190.60/Hr	1715.40
2.03	Providing And Laying RCC Up To Plinth Level 1:1.5:3 (Code 5.1.2)	0.848 Cum	8206.75/Cum	6959.32
2.04	Centering And Shuttering (Code 5.9.12)	7.201sqm	280.19/Sqm	2017.65
2.05	Earth Work In Excavation By Mechanical Means (Code 2.6.1)	20.772 Cum	166.30/Cum	3454.38
2.06	Extra For Every Additional Lift 1.5 M Or Part (Code 2.26.1)	20.772 Cum	68.33/Cum	1419.35
2.07	Steel Reinforcement For RCC Work (Code 5.22.6)	50.868 Kg	74.73/Kg	3801.37
2.08	Engaging Man Mazdoor For Errecting RCC Ring	6.00 Each	919.94/E	5519.64

	(OD1175682/2021-2022)			
2.09	12 Mm Cement Plaster 1:4 (Code 13.1.1)	21.899 Sqm	228.36/Sqm	5000.86
	LS For 1.5 HP Motor	2 Nos	45000/Nos	90000.00
	Amount Reserved For GST			26769.57
	Lump Sum For Rounding			150.66
	Total (Rounded)			250000.00

ഈ പ്രവൃത്തിയ്ക്കായി കുറഞ്ഞ തുക 'ക്വോട്ട്' ചെയ്ത കരാറുകാരനായ ശ്രീ. ഷാഹുൽ ഹമീദ് സമർപ്പിച്ച ടെണ്ടർ ഭരണസമിതി തീരുമാനം നം.1/01 തീയതി 05.08.2021 പ്രകാരം അംഗീകരിക്കുകയും പ്രവൃത്തി ചെയ്യാനുള്ള വർക്ക് ഓർഡർ (നം. പി3-635/21 തീ 08.09.2021) നല്കുകയുമുണ്ടായി. വർക്ക് ഓർഡർ പ്രകാരവും പ്രവൃത്തിയുടെ കരാറുടമ്പടി (നമ്പർ.14/2021-22 തീ.08.09.2021) പ്രകാരവും പ്രവൃത്തി 3 മാസത്തിനകം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ കരാറുകാരൻ യഥാസമയം പ്രവൃത്തി ആരംഭിച്ചിട്ടില്ല. പിന്നീട് കരാറുകാരൻ പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപായി ആകെ അടങ്കൽ തുകയിൽ മാറ്റം വരാതെ എസ്റ്റിമേറ്റ് പുതുക്കുകയുണ്ടായി. എം ബുക്ക് പ്രകാരം പ്രവൃത്തി ആരംഭിച്ചത് 15.03.2023 നാണ്. പുതുക്കിയ എസ്റ്റിമേറ്റിൽ ഒറിജിനൽ എസ്റ്റിമേറ്റിലുണ്ടായിരുന്ന 1.01, 1.02, 1.03 എന്നിവ ഒഴികെയുള്ള മറ്റെല്ലാ പ്രവൃത്തികളും ഒഴിവാക്കി പകരം 5 പുതിയ Extra Items ഉൾപ്പെടുത്തുകയുമാണുണ്ടായത്. പ്രവൃത്തിയുടെ അളവ് പുസ്തകം പ്രകാരം ചെയ്ത പ്രവൃത്തിയുടെ വിവരം ചുവടെ ചേർക്കുന്നു.

Item No	Description	Quantity	Rate	Amount
	1. Renovation To Nagarekatte Drinking Water Source			
1.01	Providing And Placing Polyethylene Water Storage Tank (Code 18.48)	2000.00 Ltr	9.57/Lt	19140.00
1.02	Providing And Fixing PVC Pipe 50mm Dia 6Kgf/Cm^2 (Code 50.18.9.6.2)	142.15 Meter	185.19/M	26324.75
1.03	Providing And Fixing PVC Pipe 25mm Dia 10Kgf/Cm^2 (Code 50.18.9.3.2)	2.50 Meter	161.67/M	404.20

	Item Nos 1.04 To 1.13	Not Required	--	0.00
E1.01	Providing And Fixing PTMT Bib Cock (Code 18.54.4)	1 Nos	150.20/Nos	150.20
E1.02	Providing And Fixing PVC Pipe 40mm Dia 6Kgf/Cm^2 (Code 50.18.5.1)	8.90 Meter	217.27/M	1933.70
E1.03	Structural Steel Work (Code 10.2)	364.89 Kg	89.26/Kg	32570.10
E1.04	Providing And Fixing GI Pipes 50mm Dia Nominal Bore (Code 18.12.6)	5 Meter	452.5/M	2262.50
	2.At Korakkode			
	Item Nos 2.01 To 2.09	Not Required	--	0.00
E2.01	Providing And Fixing PVC Pipe 40mm Dia 6Kgf/Cm^2 (Code 50.18.5.1)	152.80 Meter	217.27/M	33198.90
	Providing And Fixing 1.5 HP Motor (As Per Bills)	2 Nos	37988.35/Nos	75976.70
	ELC, Meter Box And Accessories	1 Unit	15000.00	15000.00
	Total Value Of Work Done			206961
	(+) GST @ 12%			24835.00
	Grand Total			231796.00
	(-) GST @ 2%			4140.00

	(-) IT @ 1%			2070.00
	(-) WWF @ 1%			2070.00
	Net Amount			223516.00

പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റിലുണ്ടായിരുന്ന ഏതാണ്ട് മുഴുവൻ ഇനങ്ങളും ഒഴിവാക്കിയാണ് പ്രവൃത്തി നടപ്പാക്കിയത്. Kerala Public Work Department Manual-ലെ Section 1601.1.4 പ്രകാരം ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചശേഷം പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപായി എസ്റ്റിമേറ്റിൽ കാര്യമായ വ്യതിയാനം വരുത്തുന്നുണ്ടെങ്കിൽ ഒറിജിനൽ എസ്റ്റിമേറ്റ് റദ്ദാക്കി പകരം റീക്കാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയാണ് പ്രവൃത്തി നടപ്പാക്കേണ്ടത്. എന്നാൽ ഈ വ്യവസ്ഥ പാലിക്കാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് നഗരസഭാ പരിധിയിലെ കുടിവെള്ള സ്രോതസ്സുകളുടെ കണ്ടെത്തൽ സംരക്ഷണം നവീകരണം എന്ന പ്രവൃത്തി നടപ്പാക്കിയത്. നടപടിക്രമങ്ങൾ പാലിക്കാതെ പ്രവൃത്തി നടപ്പാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.16തീ: 29.12.2025).

ഈ പ്രവൃത്തിയുടെ വർക്ക് ഓർഡർ/കരാർ പ്രകാരം പ്രവൃത്തി 3 മാസത്തിനകം പൂർത്തീകരിക്കേണ്ടതാണ്. അതായത് കരാറുകാരൻ പ്രവൃത്തി 07.12.2021-നകം പൂർത്തീകരിക്കാൻ ബാധ്യസ്ഥനാണ്. എന്നാൽ കരാറുടമ്പടി പ്രകാരം കരാറുകാരൻ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഒരു പ്രവൃത്തിയുടെ കരാറുകാരന് പ്രവൃത്തി കരാറുടമ്പടി പ്രകാരമുള്ള സമയക്രമം പാലിച്ച് പൂർത്തീകരിക്കാൻ സാധിക്കുന്നില്ലെങ്കിൽ Kerala Public Work Department Manual-ലെ Section 2112 (G.O.(Ms)No.19/2025/PWD Dated 03.03.2025) പ്രകാരം കരാർ കാലാവധി അവസാനിക്കുന്നതിന് കുറഞ്ഞത് 2 ആഴ്ച മുമ്പെങ്കിലും കരാറുകാരൻ പൂർത്തീകരണ കാലാവധി നീട്ടികിട്ടുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ പ്രവൃത്തിയുടെ വർക്ക് ഫയൽ പരിശോധിച്ചതിൽ നിന്നും കരാറുകാരൻ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടികിട്ടുന്നതിന് അപേക്ഷ നൽകിയിട്ടില്ല എന്ന് കാണുന്നു. കൂടാതെ കരാറുകാരന് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടിനൽകിയതുമായി ബന്ധപ്പെട്ട രേഖകൾ/ സപ്ലിമെന്ററി എഗ്രിമെന്റ് എന്നിവയൊന്നും വർക്ക് ഫയലിൽ ഇല്ല. കരാറുകാരൻ സമയക്രമം പാലിച്ച് പ്രവൃത്തി പൂർത്തീകരിക്കാത്തതിന് ഫൈൻ ഇനത്തിൽ തുകയൊന്നും ഈടാക്കിയിട്ടില്ല. ഈ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.16തീ: 29.12.2025).

നടപടിക്രമങ്ങൾ പാലിക്കാതെ പ്രവൃത്തി നടപ്പാക്കിയതിനും കരാറുകാരനിൽ നിന്നും ഫൈൻ ഇനത്തിൽ തുകയൊന്നും ഈടാക്കാത്തതിനും വിശദീകരണം നൽകേണ്ടതാണ് .

1-66 തെരുവ് കച്ചവടക്കാരുടെ പുനരധിവാസം-പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർ പ്രവർത്തനം ആവശ്യമാണ്.

ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതി പ്രകാരം കാസറഗോഡ് നഗരസഭയിലെ തെരുവ് കച്ചവടക്കാരെ പുനരധിവാസിപ്പിക്കുന്നതിനായി 27.61 ലക്ഷം രൂപ ചെലവഴിച്ച് കാസറഗോഡ് പുതിയ ബസ്റ്റാന്റിൽ ഒരു ചന്ത നിർമ്മിച്ചിട്ടുണ്ട്. 2025 ആഗസ്റ്റ് മാസത്തിൽ കാസറഗോഡ് പുതിയ ബസ്റ്റാന്റ് പരിസരത്ത് തെരുവ് കച്ചവടം നടത്തിയിരുന്ന 28 പേരെ ഈ കെട്ടിടത്തിൽ പുനരധിവസിപ്പിച്ചിരുന്നു.

ഓഡിറ്റിന്റെ ഭാഗമായി 18.02.2026ന് ഓഡിറ്റ് ടീം നഗരസഭയിലെ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ പദ്ധതി പ്രകാരം തെരുവ് കച്ചവടക്കാരെ പുനരധിവാസിപ്പിക്കുന്നതിനായി നിർമ്മിച്ച ചന്ത സന്ദർശിക്കുകയുണ്ടായി. ഭൂരിഭാഗം കടകളും അടഞ്ഞു കിടക്കുന്നതായി ഭൗതിക പരിശോധനയിൽ കാണാൻ കഴിഞ്ഞു. ബസ്റ്റാന്റിനോട് അഭിമുഖമായി നിർമ്മിച്ച കടകളിൽ 3 എണ്ണം മാത്രമാണ് തുറന്ന് പ്രവർത്തിക്കുന്നതായി കാണാൻ കഴിഞ്ഞത്. ഭൗതിക പരിശോധന സമയത്ത് ഹാജരായിരുന്ന കച്ചവടക്കാരോട് ഭൂരിഭാഗം കടകളും അടഞ്ഞു കിടക്കുന്നതിന്റെ കാരണം അന്വേഷിച്ചതിൽ നിന്നും ജനങ്ങൾ വരാത്ത ഭാഗത്താണ് കടമുറികൾ നിർമ്മിച്ചിരിക്കുന്നത് എന്ന് അറിയാൻ കഴിഞ്ഞു. കടമുറികൾക്കു മുമ്പിലുള്ള ബസ്റ്റാന്റിലെ സ്ഥലത്ത് ബസ്സുകൾ മണിക്കൂറുകളോളം പാർക്ക് ചെയ്യുന്നത് ഈ ഭാഗത്തേക്കുള്ള കാഴ്ച മറക്കുന്നതിനും ജനങ്ങൾ വരുന്നതിനും തടസ്സമാകുന്നുണ്ട്. തെരുവ് കച്ചവടക്കാരെ പുനരധിവാസിപ്പിക്കുന്നതിനായി നിർമ്മിച്ച ചന്ത സ്ഥിതിചെയ്യുന്നത് പുതിയ ബസ്റ്റാന്റിലെ ജന സഞ്ചാരം കുറഞ്ഞ

ഭാഗത്താണ്. ഈ ഭാഗത്തേക്ക് കൂടുതൽ ജനങ്ങൾ വരുന്നരീതിയിൽ ബസ്സ്റ്റാന്റിലെ ക്രമീകരണങ്ങൾ മാറ്റിയാൽ മാത്രമേ നിലവിൽ പുനരധിവാസിപ്പിച്ച കച്ചവടക്കാരുടെ പ്രശ്നം പരിഹാരിക്കാൻ സാധിക്കുകയുള്ളൂ. അല്ലാത്ത പക്ഷം വൻതുക ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം നിഷ്ക്രിയ ആസ്ഥിയായി മാറും. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. സന്ദർശന സമയത്ത് ഓഡിറ്റ് ടീം പകർത്തിയ തെരുവ് കച്ചവടക്കാരെ പുനരധിവാസിപ്പിക്കുന്നതിനായി നിർമ്മിച്ച ചന്തയുടെ ഫോട്ടോ ചുവടെ ചേർക്കുന്നു.



<u>1-67 ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് പ്രകാരം തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾ നടത്തിയത്- അപാകത.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

2024-2025 സാമ്പത്തിക വർഷം മുനിസിപ്പൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കാസറഗോഡ് നഗരസഭയിലേക്ക് തെരുവ് വിളക്കുകൾ ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് (എ.എം.സി) പ്രകാരം റിപ്പയർ ചെയ്യുന്നതിനുള്ള പദ്ധതി (പ്രൊജക്ട് നം.297/25 -സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റ പ്രവൃത്തി) നടപ്പാക്കിയിട്ടുണ്ട്.

2023-2024 സാമ്പത്തിക വർഷം ബഹുവർഷ പ്രൊജക്ടായി (നം.141/24) നടപ്പാക്കുന്നതിന് രൂപീകരിച്ച ഈ പദ്ധതിയുടെ അടങ്കൽ 30 ലക്ഷം രൂപയായിരുന്നു. പ്രൊജക്ട് പ്രകാരം തനത് ഫണ്ട് ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. 2023-2024 സാമ്പത്തിക വർഷം പദ്ധതിക്കായി 10 ലക്ഷം രൂപ വകയിരുത്തിയെങ്കിലും പദ്ധതി തൻവർഷം നടപ്പാക്കിയിട്ടില്ല. തുടർന്ന് 2024-2025 സാമ്പത്തിക വർഷത്തിൽ പദ്ധതി നടപ്പാക്കുകയാണുണ്ടായത്. 27.02.2025ലെ ഭരണസമിതി തീരുമാനം നം. 21/1 പ്രകാരം പദ്ധതിയുടെ അടങ്കൽ തനത് ഫണ്ടിൽ നിന്നും 10 ലക്ഷം കൂടി വർദ്ധിപ്പിച്ച് ആകെ 40 ലക്ഷം രൂപയാക്കിയിട്ടുണ്ട്.

ഇ ടെൻഡർ മുഖേന നടപ്പാക്കിയ ഈ പ്രവൃത്തിയ്ക്കായി കുറഞ്ഞതുക 'ക്വോട്ട്' ചെയ്ത PWD ഇലക്ട്രിക്കൽ കരാറുകാനായ ശ്രീ. ഹാരിസ് ടി എ -യുടെ ടെണ്ടർ ഭരണസമിതി തീരുമാനം നം.6 തീയതി 20.03.2024 പ്രകാരം അംഗീകരിക്കുകയുണ്ടായി. L1 കരാറുകാരനായ ശ്രീ. ഹാരിസ് ടി എ പ്രവൃത്തിക്കായി 'ക്വോട്ട്' ചെയ്ത നിരക്ക് ചുവടെ ചേർക്കുന്നു.

Item No	Description	Quantity	Rate	Amount
1	Supply And Replacing Of LED Bulb 25W Or Nearest Wattage In Place Of Damaged Existing Street Light Case Good Quality And Guarenteed.	1 Nos	390.00	390.00
2	Supply And Replacing Of LED Bulb 45W Or Nearest Wattage In Place Of Damaged Existing Street Light Case Good Quality And Guarenteed.	1 Nos	820.00	820.00
3	Supply And Replacing Of Heavy Duty B22 Bulb Holder Suitable For Existing Street Light Case	1 Nos	140.00	140.00

	Weather And Heat Proof.			
4	Supply And Replacing Of 5 To 32 Amps C Curve Or Nearest Value MCB For Single Phase Street Light Controll Box With Good Quality And Guarentee. Single Pole	1 Nos	300.00	300.00
5	Supply And Replacing Of 5 To 32 Amps C Curve Or Nearest Value MCB For Single Phase Street Light Controll Box With Good Quality And Guarentee. Double Pole	1 Nos	300.00	300.00
6	Supply And Replacing Of 25Amps Volt Up To 300mA ELCB For Street Light Controll Box With Guarentee And ISI	1 Nos	500.00	500.00
7	Supply And Replacing Of 40Amps Volt Up To 300mA ELCB For Street Light Controll Box With Guarentee And ISI	1 Nos	750.00	750.00
8	Supply And Fixing Following Size Of B Class 25mm Dia 60cm Long GI Pipe Bend To Shape /Cut And Welding To Shape And Fixing The Same To Electric Post Etc	1 Nos	360.00	360.00
9	Supply And Fixing Following Size Of B Class 32mm Dia 60cm Long GI Pipe Bend To Shape /Cut And Welding To Shape And Fixing The Same To Electric Post Etc	1 Nos	420.00	420.00
10	Charges For Checking Street Light Fitting On A Pole Of 7 M Height Using Ladder	1 Nos	210.00	210.00
11	Supply And Connecting Of Weather Proof 2 Core 4 Sqmm Aluminium Conductor Cable	1 Meter	25.00	25.00
12	Supplying, Installation, Testing And Commissioning Of Astronomical Time Switch	1 Nos	1000.00	1000.00

13	Supply And Fixing Of Batten Holder Suitable For LED Bulb On Existing Light Fitting	1 Nos	10.00	10.00
		Total	**5225.00**	**5225.00**

പ്രവൃത്തിയുടെ കരാറുകാരനുമായി ഏർപ്പെടുന്നതിന് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ 13.03.2024 ന് കരാർ ഉടമ്പടി (നം. 80/23-24 തീ.13.03.2024) തയ്യാറാക്കുകയുണ്ടായി. എന്നാൽ ഇപ്രകാരം തയ്യാറാക്കിയ കരാറുടമ്പടിയിൽ കരാറുകാരൻ ഒപ്പ് വെച്ചിട്ടില്ല. തുടർന്ന് അന്നുതന്നെ കരാറുകാരന് പ്രവൃത്തി ചെയ്യാനുള്ള വർക്ക് ഓർഡർ നല്കുകയുമുണ്ടായി. വർക്ക് ഓർഡർ പ്രകാരം ഒരു വർഷമാണ് പ്രവൃത്തിയുടെ കാലാവധി.

തെരുവ് വിളക്കുകളുടെ അറ്റകുറ്റ പ്രവൃത്തിയുമായി ബന്ധപ്പെട്ട് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ചുവടെ വിവരിക്കും പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

സാമ്പത്തിക വർഷം	2024-2025		2025-2026
ബില്ലിന്റെ വിവരം	ഒന്നാമത്തെ പാർട്ട് ബിൽ	രണ്ടാമത്തെ പാർട്ട് ബിൽ	അന്തിമ ബിൽ
ചെയ്ത പ്രവൃത്തിയുടെ തുക	1518515.00	1045827.50	874145.00
(+) 18% GST	273333.00	188248.95	157346.00
ആകെ (Gross Amount)	1791848.00	1234076.45 Limitted To 1208152.00 (1, 2 എന്നീ പാർട്ട് ബിൽ തുക ആകെ അടങ്കൽ തുകയായ 30 ലക്ഷത്തിൽ അധികരിച്ചതിനാൽ 1208152/- രൂപയ്ക്ക് പരിമിതപ്പെടുത്തി)	1031491.00 Limitted To 1000000.00 (ആകെ അടങ്കൽ തുകയായ 40 ലക്ഷത്തിന് പരിമിതപ്പെടുത്തി)
(-) ആദായ നികുതി @1%	15185.00	10458.00	8741.00
(-) ജി.എസ്.ടി @1%	30370.00	20918.00	17484.00

(-)നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം @1%	15185.00	10458.00	8741.00
(-) റിട്ടൻഷൻ @ 2.5%	37963.00	26145.00	0.00
(-) സ്ക്രാപ്പ് (Scrap Value)	1820.00	3598.00	2450.00
കരാറുകാരന് നല്കിയ തുക (Net Amount)	1691325.00	1136575.00	962584.00
ചെക്ക് നമ്പർ/ തീയതി	009668/27.09.2024	031753/25.03.2025	Bill Sanction Order No.T-M140200-25000097/21.08.2025

നഗരസഭയിലെ തെരുവ് വിളക്കുകൾ ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് (എ.എം.സി) പ്രകാരം റിപ്പയർ ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കിയപ്പോൾ അടങ്കൽ തുക 30 ലക്ഷം രൂപയായിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ പദ്ധതിക്കായി ടെണ്ടർ ക്ഷണിക്കുകയും കരാറുകാരനുമായി ഏർപ്പെടുന്നതിന് എഗ്രിമെന്റ് തയ്യാറാക്കുകയുമുണ്ടായി. എന്നാൽ പിന്നീട് നഗരസഭാ ചെയർമാൻ, നഗരസഭാ സെക്രട്ടറി, മുനിസിപ്പൽ എഞ്ചിനീയർ, പ്രവൃത്തിയുടെ കരാറുകാരൻ എന്നിവർ ചെയർമാന്റെ കാബിനിൽ യോഗം ചേർന്നതായും പ്രസ്തുത യോഗത്തിൽ നിലവിലെ എ.എം.സി തുക 30 ലക്ഷം രൂപയാണെന്നും കരാറുകാരന് ഒന്നാമത്തെ പാർട്ട് ബില്ല് പ്രകാരം 17,91,848/- രൂപ അനുവദിച്ചതായും ആയതിനുശേഷം 09.07.2024 മുതൽ 23.01.2025 വരെ ഉദ്ദേശം 17,01,560/-പ്രവൃത്തി പൂർത്തീകരിച്ചതായി കണക്കാക്കിയിട്ടുണ്ടെന്നും എ.എം.സി തുടർന്ന് നടത്തിക്കുവാൻ കരാറുകാരന് ബുദ്ധിമുട്ട് ഉണ്ടെന്നും കരാറുകാരൻ നാളിതുവരെ 34,93,408/-രൂപയുടെ പ്രവൃത്തി നടത്തിയതായി അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ കരാറുകാരന്റെ പരാതി പരിഹരിക്കുന്നതിനും തുടർനടത്തിപ്പിനുമായി 10 ലക്ഷം രൂപ കൂടി അധികമായി പദ്ധതിക്കായി കണക്കാക്കുന്നതിനും മീറ്റിംഗിൽ തീരുമാനിക്കുകയുമുണ്ടായിയെന്നും 23.01.2025ന് ശ്രീ.ശ്രീജിത്ത് ടി എം (ഓവർസിയർ ഗ്രേഡ്-I), നഗരസഭയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 27.02.2025 ലെ കൗൺസിൽ തീരുമാനം നമ്പർ 21/1 പ്രകാരം 10 ലക്ഷം രൂപ അധികമായി തനത് ഫണ്ടിൽ നിന്നും പദ്ധതിക്കായി അനുവദിക്കുന്നതിന് അംഗീകാരം നൽകുകയുണ്ടായി.

ഈ പദ്ധതിയുടെ ഫയലും അനുബന്ധരേഖകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ഈ പദ്ധതിയുടെ കരാറുകാരന് തുക അനുവദിച്ചതുമായി ബന്ധപ്പെട്ട് 3 വാല്യങ്ങളുള്ള അക്കൗണ്ടസ് രജിസ്റ്റർ, വാർഡ് കൗൺസിലർമാരുടെ ലെറ്റർ പാഡിലുള്ള സാക്ഷ്യപത്രം, കരാറുകാരൻ ബൾബ്, ഹോൾഡർ, വയർ തുടങ്ങിയവ സമാഹരിച്ചതിന് TEE YEA Electrical Engineering, Diduppa, Bevunje, Thekkil Ferry (PO), Kasaragod എന്ന സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയ്സുകൾ എന്നിവയാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പരിശോധനയ്ക്ക് ലഭ്യമാക്കിയ അക്കൗണ്ടസ് രജിസ്റ്റർ ഓരോ വാല്യത്തിലും 38 വാർഡുകൾക്കും ഓരോ പേജ് വീതം നീക്കി വെച്ചിട്ടുണ്ട്. ഓരോ വാർഡിനായി നീക്കി വെച്ച പേജുകളിൽ Post No, 50 Watts, 25 Watts, Holder, Cable എന്നിങ്ങനെ വിവിധ കോളങ്ങളായി തിരിച്ചിട്ടുണ്ട്. ഈ രജിസ്റ്ററിൽ കരാറുകാരൻ പോസ്റ്റ് നമ്പറിനു നേരെയുള്ള കോളങ്ങളിൽ 50 Watts, 25 Watts, Holder എന്നിവയിൽ ടിക്ക് മാർക്ക് രേഖപ്പെടുത്തുകയും Cable കോളത്തിൽ

കേബിളിന്റെ നീളം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓരോ പേജിന്റെയും അവസാന ഭാഗത്ത് വാർഡ് കൗൺസിലർ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാല്യം 1-ൽ വാർഡ് 4, 12, 18, 20, 21, 23, 24, 31, 36, വാല്യം 3-ൽ വാർഡ് 23, 35 എന്നിവയിൽ വാർഡ് കൗൺസിലർ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വാല്യം 2-ൽ വാർഡ് 14 വാല്യം 3-ൽ വാർഡ് 15, 17, 22, 26, 30 എന്നിവയിൽ No Works Executed എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ പദ്ധതിയുടെ കരാറുകാരന് തുക അനുവദിച്ചതുമായി ബന്ധപ്പെട്ട് 3 വാല്യങ്ങളുള്ള അക്കൗണ്ടസ് രജിസ്റ്ററിൽ ടിക്ക് മാർക്ക് രേഖപ്പെടുത്തിയിരിക്കുന്ന 50 Watts, 25 Watts, Holder, Cable തുടങ്ങിയവ സമാഹരിച്ചതിന് TEE YEA Electrical Engineering, Diduppa, Bevunje, Thekkil Ferry (PO), Kasaragod എന്ന സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയ്സുകൾ ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള ടാക്സ് ഇൻവോയ്സുകളിൽ കരാറുകാരനായ HARIS T.A ഒപ്പ് വച്ചിട്ടുണ്ട്. കൂടാതെ അക്കൗണ്ടസ് രജിസ്റ്റർ വാല്യം-1 ൽ രേഖപ്പെടുത്തിയിരിക്കുന്ന ടാക്സ് ഇൻവോയ്സുകളിൽ ശ്രീ. നാരായണൻ പി കെ (ഓവർസിയർ ഗ്രേഡ്-2) ഉം അക്കൗണ്ടസ് രജിസ്റ്റർ വാല്യം-2 ൽ രേഖപ്പെടുത്തിയിരിക്കുന്ന ടാക്സ് ഇൻവോയ്സുകളുടെ പുറകിൽ ശ്രീ.ശ്രീജിത്ത് ടി എം
(ഓവർസിയർ ഗ്രേഡ്-I) ഉം ഒപ്പ് വച്ചിട്ടുണ്ട്. എന്നാൽ അക്കൗണ്ടസ് രജിസ്റ്റർ വാല്യം-3 ൽ രേഖപ്പെടുത്തിയിരിക്കുന്ന ടാക്സ് ഇൻവോയ്സുകളിൽ കരാറുകാരൻ മാത്രമാണ് ഒപ്പ് വച്ചിട്ടുള്ളത്.

കരാറുകാരൻ സമർപ്പിച്ച ടാക്സ് ഇൻവോയ്സുകളിൽ നമ്പർ, തീയതി എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. ടാക്സ് ഇൻവോയ്സുകൾ മാന്വലായി (കൈകൊണ്ട് എഴുതി) തയ്യാറാക്കിയതാണ്. ടാക്സ് ഇൻവോയ്സുകളിൽ വാർഡ് നമ്പർ രേഖപ്പെടുത്തി 45 Watts LED Bulb, 25 Watts LED Bulb, Holder, Service Wire 4mm, Clamp, Labour Charge എന്നിങ്ങനെയുള്ള ഇനങ്ങൾ, എണ്ണം, നിരക്ക്, തുക എന്നിവ കാണിച്ചിട്ടുണ്ട്. കൂടാതെ ആകെ തുകയും ടാക്സ് ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. CGST, SGST ഇനത്തിലുള്ള തുകകൾ ടാക്സ് ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടില്ല. ടാക്സ് ഇൻവോയ്സിൽ രേഖപ്പെടുത്തിയിരിക്കുന്ന ജി.എസ്.ടി നമ്പർ 32AIXPH0915N1ZY എന്നതാണ്. GST വകുപ്പിന്റെ വെബ് സൈറ്റിൽ നിന്നും ലഭിക്കുന്ന വിവരമനുസരിച്ച് ജി.എസ്.ടി നമ്പർ 32AIXPH0915N1ZY എന്നത് HARIS T.A (ഈ പ്രവൃത്തിയുടെ കരാറുകാരൻ), എന്നവർക്ക് Works Contract രജിസ്ട്രേഷനുള്ള ജി.എസ്.ടി നമ്പർ ആണ്. ജി.എസ്.ടി രജിസ്ട്രേഷൻ പ്രകാരം ഇദ്ദേഹത്തിന് SWITCHES HAVING RATING UPTO 15 AMPS REWIREABLE (HSN 85351010), SWITCHES HAVING RATING UPTO 15 AMPS REWIREABLE (HSN 85361010), WIRE ROPES, BLACK (HSN 73121010), CEMENT CLINKERS (HSN 25231000), PROCESSED (WHITE) (HSN 25051011) എന്നിവയുടെ Dealing In Goods And Services നടത്താവുന്നതാണ്. GST വകുപ്പിന്റെ വെബ് സൈറ്റിൽ നിന്നും ലഭിക്കുന്ന വിവരമനുസരിച്ച് 45 Watts LED Bulb, 25 Watts LED Bulb എന്നിവയുടെ Dealing In Goods And Services നടത്താൻ ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ല.

കരാറുകാരൻ സമർപ്പിച്ച ടാക്സ് ഇൻവോയ്സുകളിൽ ചിലതിൽ Clamp എന്ന് രേഖപ്പെടുത്തി 450/- രൂപ നിരക്കിൽ തുക കാണിച്ചിട്ടുണ്ട്. എന്നാൽ കരാറുകാരൻ പ്രവൃത്തിക്കായി 'ക്വോട്ട്' ചെയ്ത സാധനങ്ങളുടെ ലിസ്റ്റിൽ Clamp എന്നൊരിനത്തിന്റെ നിരക്ക് ഉൾപ്പെടുന്നില്ല.

പരിശോധനയ്ക്ക് ലഭ്യമാക്കിയ വാർഡ് കൗൺസിലർമാരുടെ ലെറ്റർ പാഡിലുള്ള സാക്ഷ്യപത്രത്തിൽ എന്റെ വാർഡിൽ എൽ.ഇ.ഡി എ.എം.സി പ്രവത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്ന ഒറ്റവരിമാത്രമാണുള്ളത്.

ഈ പദ്ധതിയുടെ കരാറുകാരന് തുക അനുവദിച്ചതുമായി ബന്ധപ്പെട്ട് 3 വാല്യങ്ങളുള്ള അക്കൗണ്ടസ് രജിസ്റ്ററിൽ 50 Watts ബൾബ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കരാറുകാരൻ സമർപ്പിച്ച ടാക്സ് ഇൻവോയ്സുകളിൽ 45 Watts LED Bulb എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഈ പദ്ധതിയുടെ കരാറുകാരന് തുക അനുവദിച്ചതുമായി ബന്ധപ്പെട്ട് 3 വാല്യങ്ങളുള്ള അക്കൗണ്ടസ് രജിസ്റ്ററിൽ പല കോളങ്ങളും പെൻസിൽ ഉപയോഗിച്ചാണ് എഴുതിയിരിക്കുന്നത്. കൂടാതെ അക്കൗണ്ടസ് രജിസ്റ്ററുകൾ ഉത്തരവാദിയായ ഉദ്യോഗസ്ഥന്മാർ ആരുംതന്നെ സാക്ഷ്യപ്പെടുത്തുകയോ ആയതിലെ രേഖപ്പെടുത്തലുകൾ പരിശോധിക്കുകയോ ചെയ്തതായി കാണുന്നില്ല.

കരാറുകാരൻ സമർപ്പിച്ച ടാക്സ് ഇൻവോയ്സുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളിൽ പിശകുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) അക്കൗണ്ടസ് രജിസ്റ്റർ വാല്യം-1 ൽ, വാർഡ് 4 എന്ന പേജിൽ രേഖപ്പെടുത്തിയിരിക്കുന്ന ടാക്സ് ഇൻവോയ്സിൽ Holder, 18 എണ്ണത്തിന് 140/- രൂപ നിരക്കിൽ 2970/- രൂപയാണ് കരാറുകാരൻ കാണിച്ചിരിക്കുന്നത്. എന്നാൽ 18 എണ്ണം Holder-ന് 140/- രൂപ നിരക്കിൽ 2520/- രൂപയാണ് വേണ്ടത്.

2) അക്കൗണ്ടസ് രജിസ്റ്റർ വാല്യം-1 ൽ, വാർഡ് 6 എന്ന പേജിൽ രേഖപ്പെടുത്തിയിരിക്കുന്ന ടാക്സ് ഇൻവോയ്സിൽ 25 Watts LED Bulb, 8 എണ്ണത്തിന് 390/- രൂപ നിരക്കിൽ 3510/- രൂപയാണ് കരാറുകാരൻ കാണിച്ചിരിക്കുന്നത്. എന്നാൽ 8 എണ്ണം 25 Watts LED Bulb -ന് 390/- രൂപ നിരക്കിൽ 3120/- രൂപയാണ് വേണ്ടത്.

3) അക്കൗണ്ടസ് രജിസ്റ്റർ വാല്യം-1 ൽ, വാർഡ് 15 എന്ന പേജിൽ രേഖപ്പെടുത്തിയിരിക്കുന്ന ടാക്സ് ഇൻവോയ്സിൽ 45 Watts LED Bulb, 20 എണ്ണത്തിന് 820/- രൂപ നിരക്കിൽ 17180/- രൂപയാണ് കരാറുകാരൻ കാണിച്ചിരിക്കുന്നത്. എന്നാൽ 20 എണ്ണം 45 Watts LED Bulb -ന് 820/- രൂപ നിരക്കിൽ 16400/- രൂപയാണ് വേണ്ടത്.

4) അക്കൗണ്ടസ് രജിസ്റ്റർ വാല്യം-1 ൽ, വാർഡ് 19 എന്ന പേജിൽ രേഖപ്പെടുത്തിയിരിക്കുന്ന ടാക്സ് ഇൻവോയ്സിൽ 45 Watts LED Bulb, 32 എണ്ണത്തിന് 820/- രൂപ നിരക്കിൽ 27535/- രൂപയാണ് കരാറുകാരൻ കാണിച്ചിരിക്കുന്നത്. എന്നാൽ 32 എണ്ണം 45 Watts LED Bulb -ന് 820/- രൂപ നിരക്കിൽ 26240/- രൂപയാണ് വേണ്ടത്.

5) അക്കൗണ്ടസ് രജിസ്റ്റർ വാല്യം-1 ൽ, വാർഡ് 19 എന്ന പേജിൽ രേഖപ്പെടുത്തിയിരിക്കുന്ന ടാക്സ് ഇൻവോയ്സിൽ Holder, 8 എണ്ണത്തിന് 140/- രൂപ നിരക്കിൽ 1295/- രൂപയാണ് കരാറുകാരൻ കാണിച്ചിരിക്കുന്നത്. എന്നാൽ 8 എണ്ണം Holder-ന് 140/- രൂപ നിരക്കിൽ 1120/- രൂപയാണ് വേണ്ടത്.

6) അക്കൗണ്ടസ് രജിസ്റ്റർ വാല്യം-1 ൽ, വാർഡ് 25 എന്ന പേജിൽ രേഖപ്പെടുത്തിയിരിക്കുന്ന ടാക്സ് ഇൻവോയ്സിൽ 45 Watts LED Bulb, 43 എണ്ണത്തിന് 820/- രൂപ നിരക്കിൽ 37360/- രൂപയാണ് കരാറുകാരൻ കാണിച്ചിരിക്കുന്നത്. എന്നാൽ 43 എണ്ണം 45 Watts LED Bulb -ന് 820/- രൂപ നിരക്കിൽ 35260/- രൂപയാണ് വേണ്ടത്.

7) അക്കൗണ്ടസ് രജിസ്റ്റർ വാല്യം-1 ൽ, വാർഡ് 32 എന്ന പേജിൽ രേഖപ്പെടുത്തിയിരിക്കുന്ന ടാക്സ് ഇൻവോയ്സിൽ 25 Watts LED Bulb, 5 എണ്ണത്തിന് 390/- രൂപ നിരക്കിൽ 700/- രൂപയാണ് കരാറുകാരൻ കാണിച്ചിരിക്കുന്നത്. എന്നാൽ 5 എണ്ണം 25 Watts LED Bulb -ന് 390/- രൂപ നിരക്കിൽ 1950/- രൂപയാണ് വേണ്ടത്.

9) അക്കൗണ്ടസ് രജിസ്റ്റർ വാല്യം-1 ൽ, വാർഡ് 38 എന്ന പേജിൽ രേഖപ്പെടുത്തിയിരിക്കുന്ന ടാക്സ് ഇൻവോയ്സിൽ Holder, 4 എണ്ണത്തിന് 140/- രൂപ നിരക്കിൽ 860/- രൂപയാണ് കരാറുകാരൻ കാണിച്ചിരിക്കുന്നത്. എന്നാൽ 4 എണ്ണം Holder-ന് 140/- രൂപ നിരക്കിൽ 560/- രൂപയാണ് വേണ്ടത്.

പ്രവൃത്തിയുടെ കരാറുകാരനുമായി ഏർപ്പെടുന്നതിന് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ 13.03.2024ന് ഉടമ്പടി (നം. 80/23-24 തീ.13.03.2024) തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം തയ്യാറാക്കിയ ഉടമ്പടിയിൽ കരാറുകാരൻ ഒപ്പ് വച്ചിട്ടില്ല. ഉടമ്പടിയിൽ കരാറുകാരന്റെ ഒപ്പ്, പേര്, മേൽവിലാസം എന്നിവ രേഖപ്പെടുത്തിയിട്ടില്ല (ഈ ഭാഗം Blank ആണ്). കൂടാതെ സാക്ഷികളുടെ പേര്, മേൽവിലാസം, ഒപ്പ് എന്നിവയും എഗ്രിമെന്റിൽ രേഖപ്പെടുത്തിയിട്ടില്ല (ഈ ഭാഗം Blank ആണ്). അസിസ്റ്റന്റ് എഞ്ചിനീയർ മാത്രമാണ് എഗ്രിമെന്റിൽ ഒപ്പ് വെച്ചിട്ടുള്ളത്. എഗ്രിമെന്റിലെ 1-ാമത്തെ വ്യവസ്ഥയിൽ പദ്ധതിയുടെ അടങ്കൽ തുക കാണിച്ചിട്ടില്ല. (ഈ ഭാഗം Blank ആണ്). ഇത്തരത്തിൽ ഉത്തരവാദപ്പെട്ടവരുടെ അലംഭാവം ആന്വൽ മെയിന്റനൻസ് കോൺട്രാക്ടിന്റെ പ്രധാന ഭാഗമായ കോൺട്രാക്ട് എഗ്രിമെന്റ് ദുർബലപ്പെടാനിടയാക്കി. ഇത് ഗുരുതരമായൊരു അപാകതയാണ്.

എഗ്രിമെന്റിലെ 2-ാമത്തെ വ്യവസ്ഥയനുസരിച്ച് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം കരാറുകാരൻ പ്രവൃത്തി ചെയ്യേണ്ടതാണ്, കൂടാതെ 15-ാമത്തെ വ്യവസ്ഥയനുസരിച്ച് എഞ്ചിനീയർ, മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ, വിദഗ്ധ സമിതി അംഗങ്ങൾ എന്നിവർക്ക് പദ്ധതിയുടെ മേൽനോട്ടം നടത്താവുന്നതാണ്. എന്നാൽ ഇത്തരത്തിലുള്ള മേൽനോട്ടം നടത്തിയതിന്റെ രേഖകളൊന്നും ഫയലിൽ ഇല്ല.

പ്രവൃത്തിയുടെ കരാറുകാരനുമായി ഏർപ്പെടുന്നതിനായി നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ കരാർ ഉടമ്പടിയിലെ മിക്ക വ്യവസ്ഥകളും മരാമത്ത് പ്രവൃത്തികൾക്ക് ബാധകമായവയാണ്. ഒരു ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് (എ.എം.സി) കരാർ ഉടമ്പടിയ്ക്കാവശ്യമായ തരത്തിലുള്ള എഗ്രിമെന്റല്ല കരാറുകാരനുമായി ഒപ്പുവെക്കുന്നതിന് തയ്യാറാക്കിയത്. കരാർ ഉടമ്പടിയിൽ എ.എം.സി എത്ര തുകയ്ക്കാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. കരാറുകാരനുമായി എ.എം.സിലേർപ്പെടുന്ന സമയത്ത് 30 ലക്ഷം രൂപയാണ് പദ്ധതിയുടെ അടങ്കൽ. 30 ലക്ഷം രൂപയുടെ ആന്വൽ മെയിന്റനൻസ് കോൺട്രാക്ടാണ് എന്നത് എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്യാതിരുന്നത് പിന്നീട് 10 ലക്ഷം രൂപ കൂടി കരാറുകാരന് നൽകാനിടയാക്കി. ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് തുക കാണിക്കാതെ എഗ്രിമെന്റ് തയ്യാറാക്കിയത് ഗുരുതരമായ പിഴവാണ്. 30 ലക്ഷം രൂപയുടെ പദ്ധതി ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തിക്കായി 30 ലക്ഷം രൂപയുടെ റിപ്പയർ പ്രവൃത്തികൾ പൂർത്തിയാക്കിയാൽ ആ വിവരം രേഖാമൂലം നഗരസഭയെ അറിയിക്കേണ്ടതുണ്ട്. തുടർന്ന് നഗരസഭയുടെ അനുമതി ലഭിച്ച് എ.എം.സി കരാർ പുതുക്കിയതിനുശേഷമേ കരാറുകാരന് പദ്ധതി തുടരാൻ അവകാശമുള്ളൂ. എന്നാൽ കരാറുകാരൻ 30 ലക്ഷം രൂപയുടെ പദ്ധതി പൂർത്തിയാക്കിയതായി നഗരസഭയ്ക്ക് അറിയിപ്പൊന്നും നൽകിയിട്ടില്ല. എന്നുമാത്രമല്ല എ.എം.സി കരാർ

പുതുക്കാതെ കരാറുകാരൻ റിപ്പയർ പ്രവൃത്തികൾ തുടരുകയാണുണ്ടായത്. ഒടുവിൽ പദ്ധതി 40 ലക്ഷം രൂപയിൽ അവസാനിപ്പിക്കുയുണ്ടായി.

പദ്ധതിയുമായി ബന്ധപ്പെട്ട് കരാറുകാരൻ നടപ്പാക്കിയ ചെലവുകളുടെ വിലയിരുത്തൽ യഥാസമയം നടത്താതാണ് കരാറുകാരൻ അടങ്കൽ തുകയിൽ അധികരിച്ച് പ്രവൃത്തി ചെയ്യാനിടയാക്കിയത്. പദ്ധതി നടത്തിപ്പിൽ ഉദ്യോഗസ്ഥതലത്തിലുള്ള മേൽനോട്ടം ഉണ്ടായിട്ടില്ല. പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയതുമായി ബന്ധപ്പട്ട രേഖകൾ/റിപ്പോർട്ടുകൾ എന്നിവ ഫയലിൽ ഇല്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെരുവ് വിളക്കുകളുടെ റിപ്പയറിംഗും മെയിന്റനൻസും നടത്തുന്നതുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗ രേഖ സർക്കുലർ നം 3055/ഡി.എ3/2011/തസ്വഭവ തീയതി 15.09.2011 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നഗരസഭയിലെ തെരുവ് വിളക്കുകൾ ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് (എ.എം.സി) പ്രകാരം റിപ്പയർ ചെയ്യുന്നതിനുള്ള പദ്ധതി നടപ്പാക്കിയപ്പോൾ സർക്കുലറിലെ പല സുപ്രധാന നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല.

സർക്കുലർ പ്രകാരം മെയിന്റനൻസ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന സാമഗ്രികൾ ISO നിലവാരത്തിലുള്ളതും അവയുടെ നിരക്ക് കെ.എസ്.ഇ.ബിയുടെ നിരക്കിനേക്കാളും അധികരിക്കാൻ പാടില്ലാത്തതുമാണ്. എന്നാൽ കരാറുകാരൻ പ്രവൃത്തിക്കായി ഉപയോഗിക്കുന്ന സാമഗ്രികൾക്കായി 'ക്വോട്ട്' ചെയ്ത നിരക്ക് കെ.എസ്.ഇ.ബിയുടെ നിരക്കുമായി താരതമ്യം നടത്തിയിട്ടില്ല. കൂടാതെ പ്രവൃത്തിക്കായി ഉപയോഗിക്കുന്ന സാമഗ്രികളുടെ ഗുണനിലവാരവും ഉറപ്പാക്കിയിട്ടില്ല.

സർക്കുലറിലെ 2 (ബി) വ്യവസ്ഥ പ്രകാരം തെരുവ് വിളക്കുകളിൽ ഉറപ്പിക്കപ്പെടുന്ന വസ്തുക്കളുടെ മാതൃക, സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്രദേശം തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും കെ.എസ്.ഇ.ബിയിലെയും അധികാരികൾ സംയുക്ത പരിശോധന നടത്തുകയും ആയത് സംബന്ധിച്ച് ടെണ്ടർ രേഖകളിൽ വ്യക്തമായി പരാമർശിച്ചിരിക്കേണ്ടതുമാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ നഗരസഭയിലെ തെരുവ് വിളക്കുകൾ എ.എം.സി പ്രകാരം റിപ്പയർ ചെയ്യുന്നതിനുള്ള പദ്ധതിയുടെ ഫയൽ ടെണ്ടർ രേഖകൾ എന്നിവ പരിശോധിച്ചതിൽ നഗരസഭയിലെയും കെ.എസ്.ഇ.ബിയിലെയും ഉത്തരവാദപ്പെട്ട ജീവനക്കാർ സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകൾ/വിവരങ്ങൾ ഇല്ല.

സർക്കുലറിലെ 2 (സി) വ്യവസ്ഥ പ്രകാരം തെരുവ് വിളക്കുകളുടെ സ്പെയർ പാർട്ടുകൾ വാങ്ങിയതിന്റെ ചെലവ് കരാറുകാരന് ആയതിന്റെ ശരിയായ തെളിവുകൾ ഹാജരാക്കിയാൽ തദ്ദേശസ്വയംഭരണ സ്ഥാപനം നൽകേണ്ടതാണ്. എന്നാൽ നഗരസഭയിലെ തെരുവ് വിളക്കുകൾ എ.എം.സി പ്രകാരം റിപ്പയർ ചെയ്തതിന്റെ തുക കരാറുകാരന് അനുവദിക്കുമ്പോൾ കേടായ ഉപകരണങ്ങൾ നഗരസഭയ്ക്ക് തിരികെ നൽകിയതിന്റെ വിവരങ്ങളില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധന നടത്തി കേടായ ഉപകരണങ്ങൾ മാറ്റിസ്ഥാപിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച റിപ്പോർട്ടുകളൊന്നും ഫയലിൽ ലഭ്യമല്ല. കൂടാതെ കരാറുകാരൻ ഹാജരാക്കിയ ബില്ല് ശരിയായ രീതിയിൽ ഉള്ളതല്ല.

സർക്കുലറിലെ 2 (ഡി) വ്യവസ്ഥ പ്രകാരം കരാറുകാരൻ മുൻപരിചയ സർട്ടിക്കറ്റിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ സ്പെയർ പാർട്ടുകൾ വാങ്ങിയതിന്റെ ചെലവ് കരാറുകാരന് ആയതിന്റെ ശരിയായ തെളിവുകൾ ഹാജരാക്കിയാൽ തദ്ദേശസ്വയംഭരണ സ്ഥാപനം നൽകേണ്ടതാണ്. എന്നാൽ പദ്ധതിയുടെ ഫയൽ, ടെണ്ടർ രേഖകൾ എന്നിവ പരിശോധിച്ചതിൽ കരാറുകാരൻ മുൻപരിചയ സർട്ടിക്കറ്റ് ഹാജരാക്കിയതിന്റെ രേഖകൾ/വിവരങ്ങൾ ഇല്ല. കൂടാതെ ടെണ്ടർ രേഖകൾ പ്രകാരം കരാറുകാരൻ ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് ലൈസൻസുള്ള (സി ക്ലാസ്സ്) അംഗീകൃത കരാറുകാരനായിരിക്കണം എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും കരാറുകാരൻ സി ക്ലാസ്സ് ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് ലൈസൻസ് ഹാജരാക്കിയതിന്റെ രേഖകൾ/വിവരങ്ങൾ ഫയലിൽ ഇല്ല.

സർക്കുലറിലെ 2 (ഇ) വ്യവസ്ഥ പ്രകാരം കരാർ ലഭിക്കുന്നയാൾ ആകെ കരാർ തുകയുടെ 10% സെക്യൂരിറ്റി ഡിപ്പോസിറ്റായി നൽകേണ്ടതാണ്. ഈ പ്രവൃത്തിയിൽ കരാറുകാരൻ ആകെ അടങ്കൽ തുകയായ 30 ലക്ഷം രൂപയുടെ 10% ആയ 3 ലക്ഷം രൂപ സെക്യൂരിറ്റി ഡിപ്പോസിറ്റായി നൽകേണ്ടതുണ്ട്. എന്നാൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ സെക്യൂരിറ്റി ഡിപ്പോസിറ്റായി തുക ഈടാക്കിയതായി രേഖകളില്ല. (പ്രവൃത്തിയുടെ കരാറുകാരനുമായി ഏർപ്പെടുന്നതിനായി നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ കരാർ ഉടമ്പടിയിലെ വ്യവസ്ഥ നമ്പർ 3 പ്രകാരം 90,000/- രൂപ ജാമ്യ നിക്ഷേപമായി കരാറുകാരൻ നഗരസഭയ്ക്ക്

നൽകിയിരിക്കുന്ന എന്ന് പരാമർശിക്കുന്നുണ്ടെങ്കിലും പദ്ധതിയുടെ ഫയലിൽ സെക്യൂരിറ്റി ഡിപ്പോസിറ്റായി തുക ഈടാക്കിയതിന്റെ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല).

സർക്കുലറിലെ 2 (ജി) വ്യവസ്ഥ പ്രകാരം എ.എം.സി കരാറിലെ വ്യവസ്ഥകൾക്കനുസരിച്ച് സ്ഥാപിക്കപ്പെടുന്ന എല്ലാ സംഗതികളും പ്രവർത്തനനിരതമാണോയെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരികളും കരാറുകാരനും ഉറപ്പുവരുത്തേണ്ടതും ഇതുസംബന്ധിച്ച് സ്ഥാപനത്തിന്റെയും കെ.എസ്.ഇ.ബിയുടെയും ബന്ധപ്പെട്ട അധികാരികളും കരാറുകാരനും കരാറിന്റെ പ്രാരംഭഘട്ടം മുതൽ സംയുക്ത പരിശോധന നടത്തേണ്ടതുമാണ്. എന്നാൽ നഗരസഭയിലെ തെരുവ് വിളക്കുകൾ എ.എം.സി പ്രകാരം റിപ്പയർ ചെയ്യുന്നതിനുള്ള പദ്ധതിയുടെ ഫയൽ ടെണ്ടർ രേഖകൾ എന്നിവ പരിശോധിച്ചതിൽ കരാറുകാരനും നഗരസഭയുടെയും കെ.എസ്.ഇ.ബിയുടെയും ഉത്തരവാദപ്പെട്ട ജീവനക്കാർ സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകൾ/വിവരങ്ങൾ ഇല്ല.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കരാറുകാരന് തുക അനുവദിച്ചപ്പോൾ 7,868/-രൂപ സ്ക്രാപ്പ് (Scrap Value) ആയി കിഴിവ് വരുത്തിയിട്ടുണ്ട്. റിപ്പയർ ചെയ്യുമ്പോൾ ലഭിക്കുന്ന പുനരുപയോഗയോഗ്യമല്ലാത്ത വസ്തുക്കൾ കരാറുകാരൻ നഗരസഭയിൽ തിരികെ ഏൽപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന സ്ക്രാപ്പ് വസ്തുക്കളുടെ വിവരം ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സ്ക്രാപ്പ് വസ്തുക്കൾ ലേലം ചെയ്ത് തുക തനത് ഫണ്ടിൽ അടക്കേണ്ടതുമാണ്. എന്നാൽ ഈ പ്രവൃത്തിയിൽ സ്ക്രാപ്പ് വസ്തുക്കൾ കരാറുകാരന് നൽകുകയാണുണ്ടായത്. സ്ക്രാപ്പ് വസ്തുക്കളുടെ അളവ് വിവരം, അവയുടെ മൂല്യം കണക്കാക്കിയത് എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും ഫയലിൽ ഇല്ല. പദ്ധതിയുടെ എഗ്രിമെന്റിൽ സ്ക്രാപ്പ് വസ്തുക്കളുടെ കൈകാര്യം സംബന്ധിച്ച് വ്യവസ്ഥ ചെയ്യാതിരുന്നത് ഗുരുതരമായ അപാകതയാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 78 തീയതി 25.02.2026).

നഗരസഭയിലേക്ക് തെരുവ് വിളക്കുകൾ ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് (എ.എം.സി) പ്രകാരം റിപ്പയർ ചെയ്യുന്നതിനുള്ള പദ്ധതി നടത്തിപ്പിലെ അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യമാണ്. പദ്ധതിക്കായി 2024-2025 സാമ്പത്തിക വർഷം ചെലവഴിച്ച 30,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-68 റീ പെയിന്റിംഗ് പ്രവൃത്തിക്ക് വ്യത്യസ്ഥ നിരക്കുള്ള സ്പെസിഫിക്കേഷൻ അനുവദിച്ചു.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

പ്രോജക്ട് നം.	എസ്.ഒ 410/25 (സർക്കാർ ഫിഷറീസ് സ്കൂൾ അറ്റകുറ്റ പ്രവൃത്തി)		
അടങ്കൽ	₹ 8,00,000/- (മെയിന്റനൻസ് ഫണ്ട് -റോഡിതരം)		
എസ്റ്റിമേറ്റ്	₹ 8,00,000/- (EST NO: 2021/27800)		
സാങ്കേതികാനുമതി	₹ 8,00,000/- (TS No 60396/2021-2022(അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കാസറഗോഡ് മുനിസിപാലിറ്റി).		
കരാറുകാരൻ	മുഹമ്മദ് ഹാരിസ് എം എം		
ക്വാട്ട് ചെയ്ത തുക	₹ 5,65,429/-		
എഗ്രിമെന്റ് നമ്പർ	146/21-22 Dated 09.03.2022		
എം. ബുക്ക് നം.	47/21 & 255/23-24		
ആകെ അളവ് മൂല്യം	₹ 559749/-/-		
കരാറുകാരന് നൽകിയ തുകയുടെ	ബിൽ നം, തീയതി.	ബിൽ തുക	കരാറുകാരന് നൽകിയ

വിവരം			തുക
	BRN 222002470016000722224/05.05.2022	₹ 4,47,794/-	₹ 4,21,807/-
	BRN 242002470016006913326/23.09.2024	₹ 1,37,230/-	₹ 1,32,330/-
	BRN 242002470016011383331/06.01.2025	₹ 44,139/-	₹ 42,643/-
	ആകെ	₹ 6,29,163/-	₹ 5,96,780/-

സർക്കാർ ഫിഷറീസ് സ്കൂൾ അറ്റകുറ്റ പ്രവൃത്തികളുള്ള പദ്ധതി നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ 2024-2025 സാമ്പത്തിക വർഷം നടപ്പാക്കിയിരുന്നു. ഈ പദ്ധതിക്കായി PRICE സോഫ്റ്റ്വെയർ മുഖേനയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എസ്റ്റിമേറ്റിൽ അനുവദിച്ച കോസ്റ്റ് ഇൻഡക്സ് 33.05% ആണ്. പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആകെ 4 ഭാഗങ്ങളുണ്ട്. ടോയ്‌ലറ്റ് ബ്ലോക്ക് നം.1 ന്റെ റിപ്പയർ പ്രവൃത്തിയുടെ ഭാഗത്തിൽ 6 ഇനം പ്രവൃത്തികളും ടോയ്‌ലറ്റ് ബ്ലോക്ക് നം.2 ന്റെ റിപ്പയർ പ്രവൃത്തിയുടെ ഭാഗത്തിൽ 5 ഇനം പ്രവൃത്തികളും കിച്ചൻ ഷെഡ്ഡ് റിപ്പയർ പ്രവൃത്തിയുടെ ഭാഗത്തിൽ 9 ഇനം പ്രവൃത്തികളും സ്കൂൾ ബ്ലോക്ക് 2-ന്റെ റിപ്പയർ പ്രവൃത്തിയുടെ ഭാഗത്തിൽ 13 ഇനം പ്രവൃത്തികളും എസ്റ്റിമേറ്റിൽ ഉൾപ്പെടുന്നുണ്ട്.

ടോയ്‌ലറ്റ് ബ്ലോക്ക് നം.1 ന്റെ റിപ്പയർ, ടോയ്‌ലറ്റ് ബ്ലോക്ക് നം.2 ന്റെ റിപ്പയർ എന്നീ ഭാഗങ്ങളിലെ ഒന്നാമത്തെ ഇനം പ്രവൃത്തി Removing White Or Colour Wash By Scraping And Sand Preparing The Surface Smooth Including Necessary Repairs To Scratches (Code 13.88) എന്നതാണ്. എസ്റ്റിമേറ്റിൽ 16.43/Sqm എന്ന നിരക്കാണ് ഈ ഇനത്തിന് അനുവദിച്ചത്.

ടോയ്‌ലറ്റ് ബ്ലോക്ക് നം.1 ന്റെ റിപ്പയർ, ടോയ്‌ലറ്റ് ബ്ലോക്ക് നം.2 ന്റെ റിപ്പയർ എന്നീ ഭാഗങ്ങളിലെ രണ്ടാമത്തെ ഇനം പ്രവൃത്തി Finishing Walls With Water Proofing Cement Paint Of Required Shade: New Work (Two Or More Coats Applied @3.84 Kg/10sqm) (Code 13.44.1) എന്നതാണ്. (ഒന്നാമത്തെ ഇനം പ്രവൃത്തിയായ Scraping നടത്തിയ പ്രതലത്തിലാണ് രണ്ടാമത്തെ ഇനം പ്രവൃത്തിയായ Water Proofing Cement Paint ചെയ്യുന്നത്) എസ്റ്റിമേറ്റിൽ 105.38/Sqm എന്ന നിരക്കാണ് ഈ ഇനത്തിന് അനുവദിച്ചത്.

ഈ പ്രവൃത്തിയിൽ Scraping നടത്തിയ പ്രതലത്തിനുമുകളിൽ Water Proofing Cement Paint ചെയ്യുന്നതിന് പുതുതായി ഒരു പ്രതലത്തിൽ പെയിന്റ് (New Work) ചെയ്യുന്നതിനുള്ള നിരക്കാണ് കണക്കാക്കിയിരിക്കുന്നത്. തൻ വർഷം നഗരസഭ നടപ്പാക്കിയ സമാനമായ പ്രവൃത്തികളിൽ Scraping പ്രവൃത്തി (Removing White Or Colour Wash By Scraping And Sand Preparing The Surface Smooth Including Necessary Repairs To Scratches) നടത്തിയ പ്രതലത്തിനുമുകളിൽ പെയിന്റ് ചെയ്യുന്നതിന് പഴയ ഒരു പ്രതലത്തിൽ പെയിന്റ് Finishing Walls With Water Proofing Cement Paint Of Required Shade: Old Work (One Or More Coats Applied @ 2.20 Kg/10 Sqm) Over Priming Coat Of Primer Applied @ 0.80 Litrs/10 Sqm Complete Including Cost Of Priming Coat) ചെയ്യുന്നതിനുള്ള നിരക്കാണ് കണക്കാക്കിയിരിക്കുന്നത്. പഴയ പ്രതലത്തിൽ പെയിന്റ് ചെയ്യുന്നതിനുള്ള പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ 100.75/Sqm എന്ന നിരക്കാണ് കണക്കാക്കിയത്. ചില പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1). GFUPS അടുക്കത്ത് വയൽ പുനരുദ്ധാരണം (പ്രോജക്ട് നം. 150/25) എന്ന പ്രവൃത്തിയിൽ ഐറ്റം നം.3 പ്രകാരം Scraping നടത്തിയ 225.28 M^2 പ്രതലത്തിൽ ഐറ്റം നം.4 പ്രകാരം പെയിന്റ് ചെയ്യുന്നതിന് Old Work-ന്റെ നിരക്കാണ് അനുവദിച്ചത്.

2). വാർഡ് 36ൽ ഹെൽത്ത് സെന്റർ അറ്റകുറ്റ പ്രവൃത്തി (പ്രോജക്ട് നം.232/25) എന്ന പ്രവൃത്തിയിൽ ഐറ്റം നം.2 പ്രകാരം Scraping നടത്തിയ 256.544 M^2 പ്രതലത്തിൽ ഐറ്റം നം.3 പ്രകാരം പെയിന്റ് ചെയ്യുന്നതിന് Old Work-ന്റെ

നിരക്കാണ് അനുവദിച്ചത്.

3). 99-ാം നമ്പർ അങ്കണവാടി നവീകരണം (പ്രോജക്റ്റ് നം. 403/25) എന്ന പ്രവൃത്തിയിൽ ഐറ്റം നം.8 പ്രകാരം Scraping നടത്തിയ 233.585 M^2 പ്രതലത്തിൽ ഐറ്റം നം.9 പ്രകാരം പെയിന്റ് ചെയ്യുന്നതിന് Old Work-ന്റെ നിരക്കാണ് അനുവദിച്ചത്.).

സർക്കാർ ഫിഷറീസ് സ്കൂൾ അറ്റകുറ്റ പ്രവൃത്തികളുള്ള പദ്ധതിയിൽ Water Proofing Cement Paint ചെയ്യുന്നതിന് കൂടിയ നിരക്കുള്ള സ്പെസിഫിക്കേഷൻ അനുവദിച്ചതിന്റെ കാരണം വിശദമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 21, തീയതി 29.12.2025). മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

1-69 നഗരസഭാ മത്സ്യചന്തയിൽ ആധുനിക ശുചിത്വ കോംപ്ലക്സ് നിർമ്മാണം-പദ്ധതി ലക്ഷ്യം കൈവരിക്കാതെ പാതിവഴിയിൽ നിർത്തി.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

പ്രൊജക്റ്റ് നം.	എസ് 202/22, 103/23, 372/24 & 458/25 (നഗരസഭാ മത്സ്യചന്തയിൽ ആധുനിക ശുചിത്വ കോംപ്ലക്സ് നിർമ്മാണം)		
അടങ്കൽ	₹ 20,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ്)		
എസ്റ്റിമേറ്റ്	₹ 20,00,000/- (EST NO: 2020/107145)		
സാങ്കേതികാനുമതി	₹ 20,00,000/- (TS No. 94706/2021-2022)		
കരാറുകാരൻ	കെ.എ ഫൈസൽ		
ക്വാട്ട് ചെയ്ത തുക	₹ 15,12,394/-		
എഗ്രിമെന്റ് നമ്പർ	27/22-23 Dated 13.10.2022		
എം. ബുക്ക് നം.	61/21		
ആകെ അളവ് മൂല്യം	₹4,67,209/- (പാർട്ട് ബിൽ)		
കരാറുകാരന് നൽകിയ തുകയുടെ വിവരം	വൗച്ചർ നം, തീയതി.	ബിൽ തുക	കരാറുകാരന് നൽകിയ തുക
	BRN 24200247001600984891/05.12.2024	₹ 4,50,000/-	₹4,19,632/-
	BRN 24200247001601066263/19.12.2024	₹ 50,000/-	₹ 50,000/-
	Sanction Order No. 164/19.12.2024	₹ 51,307/-	₹ 51,307/-
	ആകെ	₹ 5,51,307/-	₹ 5,20,939/-

നഗരസഭയിലെ മത്സ്യമാർക്കറ്റിൽ ആധുനിക ശുചിത്വ കോംപ്ലക്സ് നിർമ്മാണത്തിനും പാർശ്വ ഭിത്തി സംരക്ഷണ പ്രവൃത്തികൾക്കുമായി 2021-2022 സാമ്പത്തിക വർഷത്തിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്കായി DSR 2018 (Cost Index 33.05%) അടിസ്ഥാനമാക്കി 20 ലക്ഷം രൂപ അടങ്കലുള്ള എസ്റ്റിമേറ്റ് PRICE സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ടോയ്ലറ്റ് നിർമ്മാണം (Toilet), പാർശ്വ ഭിത്തി സംരക്ഷണ പ്രവൃത്തി (Retaining Wall For Side Protection), നിലവിലുള്ള വാട്ടർ ടാങ്കിൽ നിന്നും ജലവിതരണം (Water Supply From Existing Tank) എന്നിങ്ങനെ മൂന്ന് ഭാഗങ്ങളുണ്ട്. ടോയ്ലറ്റ് നിർമ്മാണ പ്രവൃത്തിക്ക് 46 ഇനങ്ങളും പാർശ്വ ഭിത്തി സംരക്ഷണ പ്രവൃത്തിക്ക് 9 ഇനങ്ങളും ജലവിതരണ പ്രവൃത്തിക്ക് 3 ഇനങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുന്നുണ്ട്. പദ്ധതി പ്രകാരം 7 ടോയ്ലറ്റുകൾ ഉൾപ്പെടുന്ന ശുചിത്വ കോംപ്ലക്സാണ് നിർമ്മിക്കാൻ ലക്ഷ്യമിട്ടത്.

ഇ ടെൻഡർ മുഖേന നടപ്പാക്കിയ ഈ പ്രവൃത്തിയ്ക്കായി കുറഞ്ഞ തുക 'ക്വോട്ട്' ചെയ്ത കരാറുകാരനായ ശ്രീ.കെ.എ ഫൈസൽ-ന്റെ ടെണ്ടർ ഭരണസമിതി തീരുമാനം നം.1 തീയതി 10.08.2022 പ്രകാരം അംഗീകരിക്കുകയുണ്ടായി. തുടർന്ന് കരാറുകാരന് പ്രവൃത്തി ചെയ്യാനുള്ള വർക്ക് ഓർഡർ (നം.പി3-11229/21 തീയതി 13.10.2022) നല്കുകയുമുണ്ടായി.

പ്രവൃത്തിയുടെ കരാറുകാരനുമായി നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ 13.10.2022 ന് കരാർ ഉടമ്പടി വച്ചിട്ടുണ്ട്. കരാറുടമ്പടി പ്രകാരം കരാറുകാരൻ 12.04.2023 നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. വർക്ക് ഫയൽ പ്രകാരം 13.10.2022 ന് കരാറുകാരന് സൈറ്റ് ഏറ്റെടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം 01.02.2023 ന് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 21.03.2023-നു ശേഷം പ്രവൃത്തി നടന്നിട്ടില്ല. പ്രവൃത്തിയുടെ ഫസ്റ്റ് & പാർട്ട് ബിൽ പ്രകാരം കരാറുകാരന് ചുവടെ പറയും പ്രകാരം 5,20,939/- രൂപ അനുവദിച്ചിട്ടുണ്ട്.

Item No	Description	Quantity	Rate	Amount
	1.Toilet			
1.1	Earth Work Excavation By Mechanical Means (Code 2.6.1)	55.049 Cum	177.91/Cum	9793.77
	2. Retaining Wall For Side Protection			
2.1	Earth Work Excavation By Mechanical Means (Code 2.8.1)	17.28 Cum	246.83/Cum	4265.22
2.2	Dry Rubble Masonry (Code 60.7.1)	17.28 Cum	2902.25/Cum	50150.88
2.3	R R Masonry With Hard Stone In CM 1:6 (Code 7.1.1)	59.15 Cum	5988.84/Cum	354239.89
2.4	Centering And Shuttering (Code 5.9.2)	5.3 Sqm	596.16/Sqm	3159.65
2.5	Providing And Laying RCC Up To	2.056 Cum	7139.01/Cum	14677.80

	Plinth Level 1:2:4 (Code 5.1.3)			
2.6	Steel Reinforcement For RCC Work (Code 5.22.6)	170.78 Kg	81.71/Kg	13954.43
2.7	Laterate Masonry In CM 1:6 For Super Structure (OD 1351816/2021-2022)	3.01 Cum	5132.32/Cum	15448.28
2.8	12 Mm Cement Plastering (Code 13.1.1)	Not Executed	--	0.00
2.9	Providing And Fixing PVC Pipe 75mm Dia 4Kgf/Cm^2 (OD1426281/2021-2022)	16.25 Meter	93.47/M	1518.89
	Total Value Of Work Done			467208.81
	Total Value (Rounded)			467209/-
	(+) 18% GST			84098/-
	Total			551307/-
	(-) Retension @ 2.5%			11680/-
	(-) IT @ 1%			4672/-
	(-) KCWWF @ 1%			4672/-
	(-) GST @ 2%			9344/-
	Net Amount Paid			520939/-

പാർട്ട് ബിൽ പ്രകാരം കരാറുകാരൻ പാർശ്വ ഭിത്തി സംരക്ഷണ പ്രവൃത്തി (Retaining Wall For Side Protection) മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്.

പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം 20 തീയതി 29.12.2025 മുഖേന നിർവഹണോദ്യോഗസ്ഥനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

1). കരാറുകാരൻ 21.03.2023-ന ശേഷം പ്രവൃത്തി നടന്നിട്ടില്ല. കരാറുകാരൻ പദ്ധതി പാതിവഴിയിൽ ഉപേക്ഷിക്കാനുള്ള കാരണമെന്താണ്?

2). പദ്ധതി പൂർത്തിയാക്കാൻ കരാറുകാരനോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ? കരാറുകാരനെതിരെ സ്വീകരിച്ച മറ്റ് നടപടികളുടെ വിവരം.

3). 2 വർഷത്തിലേറെയായി മുടങ്ങികിടക്കുന്ന പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിവരം.

4). പദ്ധതിയുടെ ഫസ്റ്റ് & പാർട്ട് ബിൽ പ്രകാരം ചെയ്ത പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ, എസ്റ്റിമേറ്റ് പ്രകാരമുള്ള അവശേഷിക്കുന്ന പ്രവൃത്തികൾ ചെയ്യാതെ ഈ പദ്ധതി അവസാനിപ്പിക്കുവാൻ നഗരസഭാ കൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റിന്റെ ഭാഗമായി 20.02.2026ന് ഓഡിറ്റ് ടീം നഗരസഭയിലെ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ പദ്ധതി പ്രകാരം നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി മത്സ്യമാർക്കറ്റ് സന്ദർശിക്കുകയുണ്ടായി. കരിങ്കല്ലുപയോഗിച്ചുള്ള പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തി നടത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ അളവ് പുസ്തകം പ്രകാരം 01.03.2023 ന് കരിങ്കല്ലുപയോഗിച്ചുള്ള പാർശ്വഭിത്തിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എന്നാൽ കരിങ്കല്ലുപയോഗിച്ച് നിർമ്മിച്ച പാർശ്വഭിത്തിയുടെ ഒരു ഭാഗത്തെ കല്ലുകൾ പുറത്തേക്ക് തള്ളിവരാൻ തുടങ്ങിയിട്ടുണ്ട്. പല ഭാഗങ്ങളിലും കല്ലുകളെതമ്മിൽ ബന്ധിപ്പിക്കുന്നതിനായി നടത്തിയ സിമന്റ് മിശ്രിതം ഇളകി ദ്വാരം വീണിട്ടുണ്ട്. കൂടാതെ കരിങ്കല്ലുപയോഗിച്ച് നിർമ്മിച്ച പാർശ്വഭിത്തിക്ക് 10 സെ.മി കനത്തിൽ നൽകിയ മിഡിൽ ബെൽറ്റ് ലെവലിൽ അല്ല ചെയ്തിരിക്കുന്നത്. മിഡിൽ ബെൽറ്റ് പല സ്ഥലത്തും കയറിയും ഇറങ്ങിയുമാണ് നിർമ്മിച്ചിരിക്കുന്നത്, മാത്രവുമല്ല ചില ഭാഗങ്ങളിൽ മിഡിൽ ബെൽറ്റിന് 10 സെ.മി കനം ഇല്ല. മറ്റു ചില ഭാഗങ്ങളിൽ മിഡിൽ ബെൽറ്റ് നൽകിയതായി കാണുന്നുമില്ല. പ്ലിന്ത് ലെവലിൽ നിന്നും ഏതാണ്ട് 1.5 മീറ്റർ ഉയരത്തിലാണ് മിഡിൽ ബെൽറ്റ് നൽകിയതായി കാണാൻ കഴിയുന്നത്. മിഡിൽ ബെൽറ്റിന് മുകളിൽ ഏതാണ്ട് 3 മീറ്റർ ഉയരത്തിൽ വീണ്ടും കരിങ്കല്ലുപയോഗിച്ച് പാർശ്വഭിത്തി നിർമ്മിച്ചിട്ടുണ്ട്. ആയതിനുമുകളിൽ 10 സെ.മി കനത്തിൽ ടോപ്പ് ബെൽറ്റ് നിർമ്മിച്ചിട്ടുമുണ്ട്. ടോപ്പ് ബെൽറ്റിന് മുകളിൽ ഏതാണ്ട് 1 മീറ്റർ ഉയരത്തിൽ ചെങ്കല്ല് ഉപയോഗിച്ച് മതിലും നിർമ്മിച്ചിട്ടുണ്ട്. മിഡിൽ ബെൽറ്റിനും ടോപ്പ് ബെൽറ്റിനും ഇടയിൽ ഏതാണ്ട് 3 മീറ്റർ ഉയരത്തിൽ കരിങ്കല്ലുപയോഗിച്ച് പാർശ്വഭിത്തി നിർമ്മിച്ചിട്ടുണ്ട്. ഇത്രയും വലിയ അകലത്തിനിടയിൽ ഒരു RCC ബെൽറ്റുകൂടി നൽകിയിരുന്നെങ്കിൽ പാർശ്വഭിത്തിക്ക് കൂടുതൽ ദൃഢത ലഭിക്കുമായിരുന്നു. മത്സ്യമാർക്കറ്റിലേക്ക് വാഹനങ്ങൾ കടന്നുപോകുന്ന റോഡിന്റെ ഒരു വശത്താണ് പാർശ്വഭിത്തി നിർമ്മിച്ചിട്ടുള്ളത്. അതിനാൽതന്നെ ഭാരം കൂടിയ വാഹനങ്ങൾ കടന്നുപോകുമ്പോൾ പാർശ്വഭിത്തിക്ക് കൂടുതൽ ഭാരവാഹകശേഷി (Load Bearing Capacity) ആവശ്യമാണ്. ഈ സാഹചര്യവും മിഡിൽ ബെൽറ്റിനും ടോപ്പ് ബെൽറ്റിനും ഇടയിൽ മറ്റൊരു ബെൽറ്റ് അനിവാര്യമാക്കുകയാണ്.

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം പ്രകാരം ഇനം 2.3 ആയി ചെയ്തിരിക്കുന്ന കരിങ്കല്ലുപയോഗിച്ചുള്ള പാർശ്വഭിത്തി (R R Masonry With Hard Stone In CM 1:6) നിർമ്മാണം നടത്തിയത് 1:6 (1 ചട്ടി സിമന്റിന് 6 ചട്ടി മണൽ) എന്ന അനുപാതത്തിലുള്ള മിശ്രിതം ഉപയോഗിച്ചാണ്. എന്നാൽ ഭൗതിക പരിശോധനയിൽ കല്ലുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന സിമന്റ് മിശ്രിതം പല ഭാഗങ്ങളിലും ഇളകി ദ്വാരം വീണതായി കാണാൻ കഴിഞ്ഞു. 2023 മാർച്ച് മാസത്തിൽ നിർമ്മിച്ച മതിലിന്റെ സിമന്റ് മിശ്രിതം മൂന്ന് വർഷത്തിനകംതന്നെ ഇളകിതുടങ്ങിയത് ശരിയായ അനുപാതത്തിലുള്ള മിശ്രിതം ഉപയോഗിക്കാത്തതിനാലാണെന്ന് മനസ്സിലാക്കാവുന്നതാണ്. ആയത് മതിലിന്റെ ദൃഢതയെ ബാധിക്കുന്ന വിഷയമാണ്.

ഭൗതിക പരിശോധനയിൽ കണ്ട കാര്യങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. പാർശ്വഭിത്തി നിർമ്മാണ പ്രവൃത്തി സംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യമാണ്. സന്ദർശന സമയത്ത് ഓഡിറ്റ് ടീം പകർത്തിയ മതിലിന്റെ ഫോട്ടോ ചുവടെ ചേർക്കുന്നു.

ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ട കാര്യങ്ങളിൽ വിശദീകരണം നൽകേണ്ടതാണ്. പദ്ധതി ഭാഗികമായി നടപ്പാക്കി ഉപേക്ഷിച്ചതിനാലും ഭൗതിക പരിശോധനയിൽ നിർമ്മാണ പ്രവൃത്തിയിൽ അപാകതകൾ കാണാൻ കഴിഞ്ഞതിനാലും പദ്ധതിക്കായി ചെലവഴിച്ച 5,51,307/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>1-70 റഹ്മത്ത് നഗർ ബിലാൽ നഗർ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി- യഥാർത്ഥ ആവശ്യം പരിഗണിക്കാതെ ഫണ്ട് ലഭ്യതയടിസ്ഥാനമാക്കി നടപ്പാക്കി.</u>

2024-2025 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി റഹ്മത്ത് നഗർ ബിലാൽ നഗർ റോഡ് പുനരുദ്ധാരണം (പ്രോജക്ട് നമ്പർ 331/25) എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2018ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (DSR 2018 With Cost Index 33.05%) പ്രകാരം PRICE-3 സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് (EST No 29995/2023) തയ്യാറാക്കിയത്. എസ്റ്റിമേറ്റിൽ Providing Plain Cement Concrete For Road Work CC 1:2:4 (Code 75.8.1) എന്ന ഇനം പ്രവൃത്തിമാത്രമാണുണ്ടായിരുന്നത്. എസ്റ്റിമേറ്റ് പ്രകാരം ഈ റോഡിന്റെ 0/035km മുതൽ 0/106km വരെയുള്ള ഭാഗം 10 Cm കനത്തിൽ കോൺക്രീറ്റ് ചെയ്യുന്നതിനുള്ള പ്രവൃത്തിക്ക് 1,20,000/- രൂപ വകയിരുത്തിയത്. എന്നാൽ റോഡിന്റെ ഉപരിതലത്തിൽ കൂടുതൽ കേടുപാടുകൾ ഉള്ളതായി ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് 15 Cm കനത്തിൽ കോൺക്രീറ്റ് ചെയ്യുന്നതിനായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയുണ്ടായി. ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരമുള്ള അടങ്കൽ തുകയായ 1,20,000/- രൂപയ്ക്ക് പരിമിതപ്പെടുത്തിയാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ചെയിനേജ് 0/035km മുതൽ 50 മീറ്റർ നീളത്തിലാണ് പ്രവൃത്തി നടപ്പാക്കിയത്. റോഡ് കോൺക്രീറ്റിംഗ് നടത്തേണ്ട പ്രതലത്തിന്റെ കനം കൂട്ടിയതിനാൽ 1,20,000/- രൂപയുടെ പ്രവൃത്തി ചെയ്യുന്നതിനായി റോഡിന്റെ നീളത്തിൽ കുറവ് വരുത്തിയാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം 71 മീറ്റർ നീളത്തിൽ റോഡ് കോൺക്രീറ്റ് ചെയ്യാനുണ്ടായിരുന്നത്. എന്നാൽ അടങ്കൽ തുകയിൽ പരിമിതപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 50 മീറ്റർ നീളത്തിൽ മാത്രമാണ് പ്രവൃത്തി നടപ്പാക്കിയത്. യഥാർത്ഥ ആവശ്യം പരിഗണിക്കാതെ ഫണ്ട് ലഭ്യതയടിസ്ഥാനമാക്കി പദ്ധതി നടപ്പാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.22 തീ: 18.12.2025).

നഗരസഭ തൻവർഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കിയ എല്ലാ മരാമത്ത് പ്രവൃത്തികളിലും ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ആകെ അടങ്കൽ തുകയിൽ മാറ്റമില്ലാതെയാണ് പദ്ധതി പൂർത്തിയാക്കിയത്. അതായത് പദ്ധതികൾ തയ്യാറാക്കുന്നത് യഥാർത്ഥ ആവശ്യം പരിഗണിച്ചല്ല, മറിച്ച് ഫണ്ട് ലഭ്യതയടിസ്ഥാമാക്കിയാണ്.

പദ്ധതികൾ തയ്യാറാക്കേണ്ടത് യഥാർത്ഥ ആവശ്യം പരിഗണിച്ചായിരിക്കണം. ലഭ്യമായ ഫണ്ടുകൾ വാർഡ് അടിസ്ഥാനത്തിൽ വിഭജിച്ച് പദ്ധതികൾ തയ്യാറാക്കുന്നത് പദ്ധതികളുടെ ഫലപ്രാപ്തിയെയും ഉദ്ദേശ്യ ലക്ഷ്യങ്ങളെയും സാരമായി ബാധിക്കും. വാർഡ് അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന പ്രവണത ഒഴിവാക്കി നഗരസഭയെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും സുപ്രധാന പങ്ക് വഹിക്കാൻ കഴിയുന്ന വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഇക്കാര്യത്തിലാവശ്യമാണ്.

<u>1-71 ഷീ ലോഡ്ജ് പ്രവർത്തനക്ഷമമായില്ല.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

നഗരസഭയുടെ സമീപത്തായി 2023 വർഷത്തിൽ നിർമ്മിച്ച ഷീ ലോഡ്ജ് നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല. 2024-2025 സാമ്പത്തിക വർഷം ചുവടെ പരാമർശിക്കുന്ന പദ്ധതികൾ പ്രകാരം 7,71,914/-രൂപ ഷീ ലോഡ്ജിനായി നഗരസഭ ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട് നമ്പർ	അടങ്കൽ തുക, ഫണ്ട്	ചെലവഴിച്ച തുക	ബിൽ നമ്പർ / തീയതി
287/25 – ഷീ ലോഡ്ജിന് ചുറ്റുമതിലും ഗേറ്റ് നിർമ്മാണം	1100200 വികസന ഫണ്ട് -പൊതു വിഭാഗം	665723/-	BRN 24200247001601695160 തീ:25.03.2025 (പാർട്ട് ബിൽ)
204/23 & 473/25- ഷീ ലോഡ്ജ് കൺസ്ട്രക്ഷൻ രണ്ടാം ഘട്ടം	500000 വികസന ഫണ്ട്-പൊതു വിഭാഗം	1,06,191/-	BRN24200247001600579617 തീ:24.08.2024 (അന്തിമ ബിൽ)
ആകെ ചെലവ്		7,71,914/-	

ഓഡിറ്റിന്റെ ഭാഗമായി 20.02.2026ന് ഓഡിറ്റ് ടീം നഗരസഭയിലെ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ ഷീ ലോഡ്ജിനായി നിർമ്മിച്ച കെട്ടിടം സന്ദർശിക്കുകയുണ്ടായി. പരിശോധനയിൽ കെട്ടിടം അടഞ്ഞുകിടക്കുന്നതായി കാണാൻ കഴിഞ്ഞു. കെട്ടിടം ഉപയോഗിക്കുന്നില്ല. ചുറ്റുമതിലിന്റെയും ഗേറ്റിന്റെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കെട്ടിടത്തിന്റെ പെയിന്റിംഗ് പ്രവൃത്തി നടത്തിയിട്ടുണ്ട്. കെട്ടിടത്തിന്റെ തറ ടൈൽ പാകുന്ന പ്രവൃത്തിയും മുറ്റം ഇന്റർലോക്ക് ചെയ്യുന്ന പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്. കെട്ടിടത്തിന്റെ അകം തുറന്ന് പരിശോധിച്ചതിൽ താഴത്തെ മുറിയിലെ ഒരു ജനൽ പാളിയുടെ കട്ടിള പൊളിഞ്ഞ് തുടങ്ങിയതായി കാണാൻ കഴിഞ്ഞു. കെട്ടിടത്തിനകവും വരാന്തയും പൊടിമൂടികിടക്കുന്ന അവസ്ഥയിലാണുള്ളത്. ഷീ ലോഡ്ജിന്റെ നിർമ്മാണ പ്രവർത്തനം വർഷങ്ങളായി തുടരുന്നതിനാൽ കെട്ടിടം ഉപയോഗ്യയോഗ്യമാകുന്നതിന് മുമ്പുതന്നെ കേടുപാടുകൾ വന്നു തുടങ്ങി. കെട്ടിടത്തിന്റെ പൊളിഞ്ഞ ജനൽ പാളി കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ മാറ്റി സ്ഥാപിക്കേണ്ടതാണ്. പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് നഗരസഭ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. (കാസറഗോഡ് മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക നമ്പർ 1-70ലെ ഷീ ലോഡ്ജ് സംബന്ധിച്ച പരാമർശം കൂടി കാണുക). (ഓഡിറ്റ് എൻക്വയറി നം. 75 തീയതി 24.02.2026).

<u>1-72 റിവൈസ്ഡ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അംഗീകാരം വാങ്ങുമ്പോൾ പൊതുമരാമത്ത് മാനുവലിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.</u>

Kerala Public Work Department Manual-ലെ Section 1601.1.6 ലെ വ്യവസ്ഥകൾ പ്രകാരം ഒരു മരാമത്ത് പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം നിർവ്വഹണം നടന്നുകൊണ്ടിരിക്കെ ചുവടെ ചേർക്കുന്ന സാഹചര്യങ്ങളിൽ ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാവുന്നതാണ്.

1601.1.6. റിവൈസ്ഡ് എസ്റ്റിമേറ്റ്

താഴെ പറയുന്ന സാഹചര്യങ്ങളിൽ ഒരു റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും അതിന് അംഗീകാരം (Sanction) വാങ്ങുകയും ചെയ്യേണ്ടതുണ്ട്.

1. *പുതുക്കിയ ഭരണാനുമതി നേടേണ്ട വിധത്തിൽ അംഗീകരിക്കപ്പെട്ട എസ്റ്റിമേറ്റിൽ ഒഴിവാക്കലുകളോ കൂട്ടിച്ചേർക്കലുകളോ മാറ്റങ്ങൾ വരുത്തുകയോ ചെയ്യേണ്ടി വരുമ്പോൾ.*
2. *അംഗീകരിക്കപ്പെട്ട ഡിസൈനിൽ നിന്ന് പ്രധാനപ്പെട്ട സ്ട്രക്ചറൽ മാറ്റങ്ങൾ ഉണ്ടാവുക*
3. *സാങ്കേതികാനുമതി തുകയെക്കാൾ 5% ത്തിൽ അധികം ചെലവ് വർദ്ധിക്കുക.*

പ്രവൃത്തി പൂർത്തിയാകുന്നത് വരെയോ അല്ലെങ്കിൽ അവസാന ഘട്ടത്തിൽ എത്തുന്നതുവരെയോ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കാൻ കാത്തുനിൽക്കാൻ പാടില്ല. മുകളിൽ പറഞ്ഞിരിക്കുന്ന സാഹചര്യങ്ങൾ ഉണ്ടാകുമെന്ന് എപ്പോൾ ബോധ്യപ്പെടുന്നുവോ, അപ്പോൾ തന്നെ (ജോലി നടന്നുകൊണ്ടിരിക്കെത്തന്നെ) അത് തയ്യാറാക്കി അനുമതി വാങ്ങേണ്ടതാണ്.

പൊതുമരാമത്ത് മാനുവലിലെ വ്യവസ്ഥകൾ പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റുകൾ കാലതാമസം കൂടാതെ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. പ്രവൃത്തി പൂർത്തിയായതിനു ശേഷമോ, നിർമ്മാണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനുശേഷമോ റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകാൻ പാടില്ല. എന്നാൽ PRICE-3 സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരം അനുസരിച്ച് കാസറഗോഡ് നഗരസഭയിൽ 2024-2025 സാമ്പത്തിക വർഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ ഈ വ്യവസ്ഥ പാലിച്ചിട്ടില്ല എന്ന് കാണുന്നു. പല പ്രവൃത്തികളിലും റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം പുതുതായി കൂട്ടിച്ചേർത്ത Extra Items-ന്റെ അളവുകൾ E Mbook-ൽ രേഖപ്പെടുത്തുകയും ആയത് ചെക്ക് മെഷർമെന്റ് ചെയ്തതിനു ശേഷമാണ് റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകിയിരിക്കുന്നത്. ഇപ്രകാരം പ്രവൃത്തി പൂർത്തിയായതിനു ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകിയ ചില പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ.	എസ്റ്റിമേറ്റ് നമ്പർ	റിവൈസ്ഡ് എസ്റ്റിമേറ്റ് Creat ചെയ്ത തീയതി	റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ച തീയതി	റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകാരിച്ച തീയതി	E Mbook പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച (Extra Items ഉൾപ്പെടെ) തീയതി	ബിൽ നം/തീയതി
ടൗൺ ഹാൾ സെപ്റ്റിക്ക് ടാങ്ക് പുനരുദ്ധാരണ പ്രവൃത്തി (പ്രോജക്ട് നമ്പർ 404/25).	LSGD/CELSGD/EST/24003/2023_5_1_1 /RE 1	16.07.2023 (Jomon.T.P (Assistant Engineer)	26.03.2025 (RAHUL A P Assistant Engineer)	26.03.2025 (Prasseja R Assistant Executive Engineer)	29.03.2024	Bill Requisition No.30224201240182/28.03.2025 (Gross Amount ₹ 170759/- Net Amount ₹ 158800/-)
വാർഡ് 24, പട്ടേൽ ക്രോസ് റോഡ് മുതൽ ഖാസി ലൈൻ റോഡ് ഡ്രൈനേജ് പ്രവൃത്തി (പ്രോജക്ട് നമ്പർ 441/25).	LSGD/CELSGD/EST/47895/2022_5_1_1/RE 1	19.10.2023 (Anil Kumar P V Assistant Engineer)	13.01.2025 (RAHUL A P Assistant Engineer)	18.02.2025 (Prasseja R Assistant Executive Engineer)	23.01.2025	24200247001601536268/14.03.2025 (Gross Amount ₹ 374808/- Net Amount ₹ 355115/-)
ഷീ ലോഡ്ജ് രണ്ടാംഘട്ടം നിർമ്മാണം (പ്രോജക്ട് നമ്പർ 473/25).	**LSGD/CELSGD/EST/101473/2022_5_1_1/RE 1**	23.03.2023 (Jomon.T.P (Assistant Engineer)	14.02.2024 (Anil Kumar P V Assistant Engineer1)	26.03.2024 DILEESH N D, Assistant Executive Engineer)	11.03.2024	24200247001600579617/24.05.2024 (Gross Amount ₹ 106191/- Net Amount ₹ 102591/-)
വാർഡ് 3, അങ്കണവാടി കെട്ടിടം അറ്റകുറ്റ പ്രവൃത്തി (പ്രോജക്ട് നമ്പർ 225/25).	LSGD/CELSGD/EST/24620/2022_5_1_1/RE 2	29.12.2023 (Anil Kumar P V Assistant Engineer)	24.03.2025 (RAHUL A P, Assistant Engineer1)	26.03.2025 18.02.2025 (Prasseja R Assistant Executive Engineer)	07.03.2025	24200247001601721846/26.03.2025 (Gross Amount ₹ 289934/- Net Amount ₹ 276001/-)
വാർഡ്-17, ചെന്നിക്കര അങ്കണവാടി ഗ്രൈണ്ട് നവീകരണം (പ്രോജക്ട്	LSGD/CELSGD/EST/29968/2023_5_1_1/RE 1	20.12.2024 (RAHUL A P, Assistant Engineer1)	28.12.2024 (RAHUL A P, Assistant Engineer1)	01-01-2025 DILEESH N D, Assistant Executive Engineer)	03.10.2024	24200247001601165302/13.01.2025 (Gross Amount ₹ 191763/- Net Amount ₹ 184936/-)

നമ്പർ 414/25).						

നടപടിക്രമങ്ങൾ പാലിക്കാതെ പ്രവൃത്തി പൂർത്തിയായതിനു ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.19 തീ: 29.12.2025).

1-73 പാങ്ങോട് ആശ്രയ കോളനി ഡ്രൈനേജും കവറിംഗ് സ്ലാബും നിർമ്മാണ പ്രവൃത്തി-ജി.എസ്.ടി കോമ്പൻസേഷനായി അധികം നൽകിയ തുക തിരികെ ഈടാക്കണം.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.09.2017 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014/(A)/05 പ്രകാരം 01.10.2017 മുതൽ കാസറഗോഡ് ജില്ലയിൽ DSR 2016 അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന കോസ്റ്റ് ഇന്റക്സ് 38.24% ആണ്. സംസ്ഥാനത്ത് 01.07.2017 മുതൽ ജി.എസ്.ടി നിലവിൽ വന്നതിനെ തുടർന്ന് നിലവിൽ പ്രാബല്യത്തിലുള്ള DSR നിരക്കുകളും കോസ്റ്റ് ഇന്റക്സും VAT/GST നികുതികൾ ഉൾപ്പെടുന്നതിനാൽ സർക്കുലർ നം. 18/2019/ഫിൻ, തിയതി 01/03/2019 പ്രകാരം മരാമത്ത് പ്രവൃത്തികൾക്കായി എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി DSR നിരക്കിലും നിലവിലെ കോസ്റ്റ് ഇന്റക്സിലും ഉൾപ്പെടുന്ന VAT/GST ഘടകം ഒഴിവാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം VAT/GST ഘടകം ഒഴിവാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവൃത്തികളുടെ ബില്ല് പ്രകാരം കരാറുകാർക്ക് തുക അനുവദിക്കുമ്പോൾ ആകെ അളവ് മൂല്യത്തിന്റെ കൂടെ അനുവദനീയമായ GSTനിരക്കും കൂട്ടി നൽകാവുന്നതാണ്. ഈ സർക്കുലർ പ്രകാരം പൊതുമരാമത്ത് വകുപ്പ് വിവിധ പ്രദേശങ്ങൾക്ക് ബാധകമായ VAT/GST ഘടകം ഒഴിവാക്കികൊണ്ടുള്ള കോസ്റ്റ് ഇന്റക്സ് തയ്യാറാക്കി PRICE സോഫ്റ്റ്വെയറിൽ അപ്‌ലോഡ് ചെയ്യാനും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയർ 06.03.2019 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014/(A)/05 പ്രകാരം വിവിധ പ്രദേശങ്ങളിൽ നിലവിലുണ്ടായിരുന്ന കോസ്റ്റ് ഇന്റക്സിൽ നിന്നും VAT ഘടകം ഒഴിവാക്കികൊണ്ട് പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച കോസ്റ്റ് ഇന്റക്സ് 15.03.2019 മുതൽ പ്രാബല്യത്തിൽ വന്നു. ഇത് പ്രകാരം കാസറഗോഡ് ജില്ലയിൽ പ്രാബല്യത്തിലുണ്ടായിരുന്ന കോസ്റ്റ് ഇന്റക്സ് ആയ 38.24% -ൽ VAT ഘടകം ഒഴിവാക്കികൊണ്ട് 32.04% ആയി 15.03.2019 മുതൽ പരിഷ്കരിച്ചിട്ടുണ്ട്.

01.03.2019 ലെ സർക്കുലർ നം. 18/2019/ഫിൻ, 06.03.2019 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014/(A)/05 എന്നിവ പ്രകാരം കാസറഗോഡ് ജില്ലയിൽ 15.03.2019 പ്രാബല്യത്തിൽ വന്ന കോസ്റ്റ് ഇന്റക്സ് ആയ 32.04% (ആയതിനു ശേഷം കാലാകാലങ്ങളിൽപ്രാബല്യത്തിലുള്ള കോസ്റ്റ് ഇന്റക്സിനും) അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്കു മാത്രമേ ജി.എസ്.ടി കോമ്പൻസേഷൻ വകയിരുത്താനും കരാറുകാർക്ക് നൽകാനും സാധിക്കുകയുള്ളൂ. എന്നാൽ കോസ്റ്റ് ഇന്റക്സ് 38.24% അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയ പാങ്ങോട് ആശ്രയ കോളനി ഡ്രൈനേജ് & കവറിംഗ് സ്ലാബ് നിർമ്മാണം എന്ന പ്രവൃത്തിയുടെ അന്തിമ ബില്ല് പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി കോമ്പൻസേഷനായി 1,17,677/- രൂപ അനുവദിച്ചിട്ടുണ്ട്. കരാറുകാരന് അധികം നൽകിയ 1,17,677/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ടം സംബന്ധിച്ച വിശദാംശം ഖണ്ഡിക 3-1 ൽ ചേർക്കുന്നു.

1-74 ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ചു- 4,386/-രൂപയുടെ അധിക ചെലവ്.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

2024-2025 സാമ്പത്തികവർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്ത തെരുവ് കച്ചവടക്കാരുടെ പുനരധിവാസ ഷെഡ്ഡുകളുടെ വൈദ്യുതീകരണ പ്രവൃത്തിയുടെ (പ്രൊജക്ട് നം. 328/25), അന്തിമ ബിൽ പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ ടെണ്ടർ കിഴിവ് നടത്തിയിട്ടില്ല. പ്രവൃത്തിക്കായി ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. ജയചന്ദ്ര എ (എസ്റ്റിമേറ്റ് നിരക്കിനെക്കാളും 2.2% കുറവ്) എന്ന കരാറുകാരന്റെ ടെണ്ടർ 07.11.2023 ലെ തീരുമാനം നം 7/1 പ്രകാരം ഭരണസമിതി അംഗീകരിക്കുകയും പ്രവൃത്തി ഏറ്റെടുത്തു നടത്തുന്നതിനായി കരാറുകാരനെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രവൃത്തി ചെയ്തതിന് കരാറുകാരന് തുക അനുവദിച്ചപ്പോൾ 2.2% ടെണ്ടർ കിഴിവ് നടത്താതെയാണ് തുക അനുവദിച്ചിരിക്കുന്നത്. ഇതുമൂലം 4,386/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. നഷ്ടം സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-2ൽ ചേർത്തിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.11 തീ: 21.06.2019).

1-75 തെരുവ് കച്ചവടക്കാരുടെ പുനരധിവാസം-DSR 2016 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്ത പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിലെ എക്സ്ട്രാ ഐറ്റം പ്രവൃത്തികൾക്ക് DSR 2018 പ്രകാരമുള്ള നിരക്കിൽ കരാറുകാരന് തുക നൽകി.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതി പ്രകാരം കാസറഗോഡ് നഗരസഭയിലെ തെരുവ് കച്ചവടക്കാരെ പുനരധിവാസിപ്പിക്കുന്നതിനായി കാസറഗോഡ് പുതിയ ബസ്സ്റ്റാന്റിൽ ചന്ത നിർമ്മാണം നടത്തുന്നതിനുള്ള ഒരു പദ്ധതി നഗരസഭ 2020-2021 സാമ്പത്തിക വർഷത്തിൽ തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്കായി DSR 2016 (With Cost Index 32.04%) അടിസ്ഥാനമാക്കി 32.73 ലക്ഷം രൂപ അടങ്കലുള്ള എസ്റ്റിമേറ്റ് (EST NO: 2018/26775) PRICE-1 സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തയ്യാറാക്കിയിട്ടുണ്ട്.

ഈ പദ്ധതിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം ആകെ 64 എണ്ണം കടമുറികൾ നിർമ്മിക്കാനാണ് വിഭാവനം ചെയ്തത്. എന്നാൽ പുതിയ ബസ്സ്റ്റാന്റിൽ ചന്ത നിർമ്മാണം നടത്തുന്നതിനെതിരെ പ്രൈവറ്റ് ബസ് ഉടമകൾ തടസ്സം നിന്നതിനെ തുടർന്ന് 64 എണ്ണം കട മുറികൾക്ക് പകരം 28 എണ്ണം കട മുറികളായി കുറവ് വരുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയുണ്ടായി. പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റിലെ എല്ലാ ഇനങ്ങളും DSR 2016 (With Cost Index 32.04%) ലെ നിരക്ക് അടിസ്ഥാനമാക്കിയാണ് തയ്യാറാക്കിയത്. DSR 2016 ലെ നിരക്ക് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിനെ അടിസ്ഥാനപ്പെടുത്തിയാണ് പ്രവൃത്തി ടെണ്ടർ ചെയ്തതും കരാറുകാരൻ നിരക്കുകൾ ക്വാട്ട് ചെയ്തതും. പ്രവൃത്തിയുടെ എഗ്രിമെന്റ് ഷെഡ്യൂളിലെ നിരക്ക് DSR 2016 ലെ നിരക്ക് അടിസ്ഥാനപ്പെടുത്തി കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കുകളാണ്. എന്നാൽ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഒറിജിനൽ എസ്റ്റിമേറ്റിലുണ്ടായിരുന്ന ഇനം (ആദ്യ ഭാഗത്തിലെ 1 മുതൽ 15 വരെയുള്ള ഇനങ്ങൾ) പ്രവൃത്തികൾക്ക് DSR 2016 ലെ നിരക്കാണ് കണക്കാക്കിയത്. ഇതുകൂടാതെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ പുതുതായി ഉൾപ്പെടുത്തിയ 10 ഇനം പ്രവൃത്തികളിൽ എക്സ്ട്രാ ഐറ്റം 1 ആയ ചുമരുകൾക്ക് ടൈൽസ് പതിക്കുന്ന (Providing And Fixing I St Quality Ceramic Glazed Wall Tiles -Code 11.36) പ്രവൃത്തിക്കും DSR 2016 (With Cost Index 32.04%) ലെ നിരക്കാണ് കണക്കാക്കിയത്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിലെ എക്സ്ട്രാ ഐറ്റം 2 മുതൽ 10 വരെയുള്ള പ്രവൃത്തികൾക്ക് DSR 2018 (With Cost Index 32.04%) ലെ നിരക്കാണ് കണക്കാക്കിയത്.

ഈ പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റിലെ എല്ലാ ഇനങ്ങളും DSR 2016 (With Cost Index 32.04%) ലെ നിരക്ക് അടിസ്ഥാനമാക്കിയാണ് തയ്യാറാക്കിയത്. DSR 2016 ലെ നിരക്ക് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിനെ അടിസ്ഥാനപ്പെടുത്തിയാണ് പ്രവൃത്തി ടെണ്ടർ ചെയ്തതും കരാറുകാരൻ നിരക്കുകൾ ക്വാട്ട് ചെയ്തതും എഗ്രിമെന്റ് വെച്ചതും. ആയതിനാൽതന്നെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ എക്സ്ട്രാ ഐറ്റം ആയി ഉൾപ്പെടുത്തുന്ന പ്രവൃത്തികൾക്കും DSR 2016 പ്രകാരമുള്ള നിരക്കാണ് കണക്കാക്കേണ്ടത്. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ എക്സ്ട്രാ ഐറ്റം ആയി ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് DSR 2016 പ്രകാരമുള്ള നിരക്കിന് പകരം DSR 2018 പ്രകാരമുള്ള നിരക്കിന് അനുവദിച്ചതിനാൽ 1,06,571/-രൂപ കരാറുകാരന് അധികം നല്കിയിട്ടുണ്ട്. കരാറുകാരന് അധികം നൽകിയ 1,06,571/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ടം സംബന്ധിച്ച വിശദാംശം ഖണ്ഡിക 3-3 ൽ ചേർക്കുന്നു.

ഈ പ്രവൃത്തിയിലെ എക്സ്ട്രാ ഐറ്റം നം.10 (Flooring With Designer Flooring Tiled 12mm Thick In CM 1:3 300 X300 Mm) എന്നയിനത്തിന് ഒബ്സേർവ്ഡ് ഡാറ്റ പ്രകാരമാണ് നിരക്ക് (990.12/Sqm) കണക്കാക്കിയത്. എന്നാൽ ഒബ്സേർവ്ഡ് ഡാറ്റ വർക്ക് ഫയലിൽ ലഭ്യമല്ല. ആയതിനാൽ ഓഡിറ്റ് റിക്വിസിഷൻ നം.23 തീയതി 29.12.2025 പ്രകാരം എക്സ്ട്രാ ഐറ്റം നം.10 ആയി നടപ്പാക്കിയ Flooring With Designer Flooring Tiled 12mm Thick In CM 1:3 300 X300 Mm എന്ന പ്രവൃത്തിയുടെ ഒബ്സേർവ്ഡ് ഡാറ്റ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ എക്സ്ട്രാ ഐറ്റം നം.10 പ്രകാരം അധികം നൽകിയ തുക കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. ഒബ്സേർവ്ഡ് ഡാറ്റ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ഈ ഇനം പ്രവൃത്തിക്കായി ചെലവഴിച്ച 1,55,181/-രൂപ (₹ 131509.46 + 18% GST) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.79 തീയതി 25.02.2026).

1-76 പട്ടികജാതിക്കാർക്കുള്ള ട്രെയിനിംഗ് സെന്റർ കെട്ടിട നവീകരണ പ്രവൃത്തിയിൽ ജനലിന് എം.എസ് കമ്പി സ്ഥാപിക്കുന്ന ഇനം പ്രവൃത്തിയ്ക്ക് കൂടിയ നിരക്ക് അനുവദിച്ചു.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

നഗരസഭയിലെ 10 -ാം വാർഡിലെ പട്ടികജാതിക്കാർക്കുള്ള ട്രെയിനിംഗ് സെന്റർ കെട്ടിട് നവീകരിക്കുന്നതിനുള്ള പദ്ധതി 2023-2024, 2024-2025 എന്നീ സാമ്പത്തിക വർഷങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയിരുന്നു. 2018 ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (DSR 2018) പ്രകാരം PRICE-3 സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എസ്റ്റിമേറ്റിൽ അനുവദിച്ച കോസ്റ്റ് ഇൻഡക്സ് 33.05% ആണ്. പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആകെ 17 ഇനം പ്രവൃത്തികളാണുണ്ടായിരുന്നത് . ഈ പ്രവൃത്തിയുടെ 4-ാമത്തെ ഇനം പ്രകാരം ജനലിന് കമ്പി സ്ഥാപിച്ചതിന് DAR Code 9-48-2 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ നിരക്ക് MS Flats Square/Round Bars എന്നിവ ഉപയോഗിച്ച് വെൽഡ് ചെയ്ത് ഉണ്ടാക്കിയ Frame, Openings/Wooden Frame ൽ Rawl Plugs, Screws മുതലായവ ഉപയോഗിച്ച് Fix ചെയ്യുന്നതിനുള്ള നിരക്കാണ്. എന്നാൽ മേൽ പദ്ധതിയുടെ ഇനം 4 പ്രകാരം ജനലിന്റെ മരത്തിന്റ ചട്ടത്തിൽ കമ്പി വെൽഡ് ചെയ്ത് ചേർത്തിട്ടല്ല സ്ഥാപിച്ചിട്ടുള്ളത്, പകരം മരത്തിന്റ ചട്ടത്തിൽ തുളയിട്ട് സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളതെന്ന് 20.02.2026ന് ഓഡിറ്റ് ടീം നഗരസഭയിലെ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. വെൽഡിംഗ് ഇല്ലാത്ത ഇത്തരം പ്രവൃത്തികൾക്ക് DAR Code 14.29 (Providing And Fixing M.S. Round Or Squre Bars With M.S. Flats At Required Spacing In Wooden Frames Of Windows And Clerestory Windows) പ്രകാരമുള്ള നിരക്കാണ് അനുവദനീയമായിട്ടുള്ളത്. 2018 ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (DSR 2018-കോസ്റ്റ് ഇൻഡക്സ് 33.05%) പ്രകാരം

ഇനം 4 പ്രകാരമുള്ള പ്രവൃത്തിക്ക് അനുവദനീയമായ നിരക്ക് ₹106.30/ Kg എന്നതാണ്. ഇതനുസരിച്ച് 72.60 Kg പ്രവൃത്തി ചെയ്തതിന് ₹ 106.30/Kg നിരക്കിൽ എന്ന നിരക്കിൽ 7717.38 രൂപ മാത്രമാണ് അളവ് മൂല്യം. ആയതിന്റെ കൂടെ 9.74% ടെണ്ടർ എക്സ്സസ്, 18% ജി.എസ്.റ്റി കോമ്പൻസേഷൻ എന്നിവ കൂട്ടി ചേർത്താൽ കരാറുകാരന് 9,993/- രൂപ യാണ് യഥാർത്ഥത്തിൽ അനുവദിക്കേണ്ടത്. എന്നാൽ കരാറുകാരന് 19,925-രൂപ അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം 9,932/- രൂപ (₹ 19,925 - ₹ 9,993) അധികം ചെലവഴിച്ചത് ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ടം സംബന്ധിച്ച വിശദാംശം ഖണ്ഡിക 3-4 ൽ ചേർക്കുന്നു.

<u>മറ്റ് അപാകതകൾ</u>

PRICE 3 സോഫ്റ്റ്‌വെയറിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ചേർത്തിരിക്കുന്ന (DPR Tab-ൽ Attachements) ആസ്തി രജിസ്റ്റർ പ്രകാരം അസറ്റ് ID No.122400108500000001 ആയി ചേർത്തിട്ടുള്ള കെട്ടിടത്തിലാണ് നവീകരണ പ്രവൃത്തി നടത്തിയത്. ആസ്തി രജിസ്റ്ററിൽ ഈ കെട്ടിടം നെൽക്കള എന്ന സ്ഥലത്തുള്ള ഒരു ഷീറ്റ് റൂഫിട്ട വർക്ക് ഷെഡ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സ്ഥല പരിശോധനയിൽ നവീകരണ പ്രവൃത്തി നടത്തിയ കെട്ടിടം കോൺക്രീറ്റ് റൂഫിട്ട കെട്ടിടമാണ്. ആയതിനാൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട കെട്ടിടം തന്നെയാണോ നവീകരണ പ്രവൃത്തി നടത്തിയ പട്ടികജാതിക്കാർക്കുള്ള ട്രെയിനിംഗ് സെന്റർ കെട്ടിടം എന്ന ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ നഗരസഭ നവീകരണ പ്രവൃത്തി നടത്തിയ വാർഡ്- 10 ലെ പട്ടികജാതിക്കാർക്കുള്ള ട്രെയിനിംഗ് സെന്റർ കെട്ടിടം നഗരസഭയുടെ ആസ്ഥിയാണോ എന്ന് പരിശോധിച്ച് മറുപടി ലഭ്യമാക്കാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 73 തീ: 24.02.2026).

<u>1-77 ക്ലീൻ കേരളാ കോൺക്ലേവ്- കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല</u>

2024-25 വർഷം ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി (പദ്ധതിനം.670/2024-25) വൃത്തി -2025 ദി ക്ലീൻ കേരളാ 'കോൺക്ലേവ്' എന്ന പദ്ധതിക്കായി 2,00,000/- രൂപ പ്രിൻസിപ്പൽ ഡയറക്ടർ എൽഎസ്ജിഡി ക്ക് 07.03.2025ലെ സർക്കാർ ഉത്തരവ് നം. ജി.ഒ(ആർടി) 645/2025 എൽഎസ്ജിഡി പ്രകാരം തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. വൃത്തി-2025 ദി ക്ലീൻ കേരളാ 'കോൺക്ലേവ്' എന്ന പേരിൽ ഇവന്റ് സംഘടിപ്പിക്കുന്നതിനാവശ്യമായ ഫണ്ടാണ് നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	വിശദാംശങ്ങൾ	നൽകിയ തുക	വൗച്ചർ നം./ചെക്ക്/ തീയതി
1	വൃത്തി -2025 ദി ക്ലീൻ കേരളാ 'കോൺക്ലേവ്' എന്ന ഇവന്റ് സംഘടിപ്പിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർ എൽഎസ്ജിഡി ക്ക് തുക നൽകിയത്.	2,00,000	P-M 14200-24000993/ 29.03.2025 442341/29.03.2025

	ആകെ	**2,00,000**	

എന്നാൽ മേൽ തുക കൈപ്പറ്റിയതിന്റെ രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 60/2024-25 തീയതി 09.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-78 അമൃത് 2.0 പദ്ധതി നിർവ്വഹണം

നഗരങ്ങളെ ജലസുരക്ഷിതമാക്കുന്നതിനും പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് അമൃത് 2.0. നഗരങ്ങളിലെ എല്ലാ വീടുകളിലും പൈപ്പിലൂടെയുള്ള ശുദ്ധജല കണക്ഷൻ ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. കൂടാതെ മലിന ജല സംസ്കരണം, ജലാശയങ്ങളുടെ പുനരുജ്ജീവനം, ഹരിത ഇടങ്ങൾ (പാർക്കുകൾ) വർദ്ധിപ്പിക്കുക എന്നിവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. രാജ്യത്ത് തെരഞ്ഞെടുത്ത 500 അമൃത് നഗരങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

കാസറഗോഡ് നഗരസഭ ഉൾപ്പെടെ കേരളത്തിലെ 93 നഗര തദ്ദേശ സ്ഥാപനങ്ങളിലാണ് അമൃത് 2.0പദ്ധതി നടപ്പാക്കുന്നത്. കാസറഗോഡ് നഗരസഭയിൽ നടപ്പാക്കുന്ന അമൃത് 2.0 പദ്ധതിയുടെ 50% കേന്ദ്ര വിഹിതവും 37.5% സംസ്ഥാന വിഹിതവും 12.5% നഗരസഭാ വിഹിതവുമാണ്.

പദ്ധതി നടത്തിപ്പിനായി കാസറഗോഡ് നഗരസഭ സെക്രട്ടറിയും അമൃത് പദ്ധതിയുടെ സ്റ്റേറ്റ് മിഷൻ ഡയറക്ടറും കേരള വാട്ടർ അതോറിറ്റിയും തമ്മിൽ 18.09.2023 തീയതിയിൽ കരാർ ഒപ്പുവെച്ചിട്ടുണ്ട്. കരാർ പ്രകാരം പദ്ധതി കാലയളവ് 2021-22 മുതൽ 2025-26 വരെയുള്ള 5 വർഷമാണ്. അംഗീകരിച്ച കരാർ പ്രകാരം കേരള വാട്ടർ അതോറിറ്റിയാണ് പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഏജൻസി/സർവ്വീസ് പ്രൊവൈഡർ. പദ്ധതിയുടെ DPR തയ്യാറാക്കേണ്ടതും കേരള വാട്ടർ അതോറിറ്റിയാണ്. അംഗീകാരം ലഭിച്ച DPR, ഭരണാനുമതി എന്നിവ പ്രകാരം കുടിവെള്ള പദ്ധതികളുടെ നിർവ്വഹണവും വാട്ടർ അതോറിറ്റിയാണ് നടപ്പാക്കേണ്ടത്. പദ്ധതിയുടെ സാങ്കേതികാനുമതി നൽകുക, ടെണ്ടർ നടത്തുക എന്നിവയും കേരള വാട്ടർ അതോറിറ്റിയുടെ ചുമതലയാണ്. അംഗീകരിച്ച കരാർ പ്രകാരം പദ്ധതിയുടെ പ്രവർത്തന പുരോഗതി റിപ്പോർട്ട് (Periodical Progress Report) നഗരസഭ, സ്റ്റേറ്റ്മിഷൻ ഡയറക്ടർ, സംസ്ഥാന സർക്കാർ എന്നിവയ്ക്ക് വാട്ടർ അതോറിറ്റിയാണ് നൽകേണ്ടതാണ്.

കാസറഗോഡ് നഗരസഭയാണ് പദ്ധതിയുടെ ഫിനാൻഷ്യർ. പദ്ധതിക്കായി കേന്ദ്ര, കേരള സർക്കാരുകളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകളുടെ കൈകാര്യവും പദ്ധതിയുടെ മേൽ നോട്ടവും നഗരസഭയുടെ ഉത്തരവാദിത്തമാണ്. അംഗീകരിച്ച കരാർ പ്രകാരം നഗരസഭ സെക്രട്ടറി അമൃത് മിഷൻ ഡയറക്ടർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള Books Of Accounts സൂക്ഷിക്കേണ്ടതും ആയത് കാലാകാലങ്ങളിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിയ്ക്ക് തുക അനുവദിക്കുന്നത് നഗരസഭയുടെ ചുമതലയാണ്. അമൃത് മിഷൻ ഡയറക്ടർക്ക് പദ്ധതി നിർവ്വഹണ പുരോഗതി റിപ്പോർട്ട് നഗരസഭ നൽകേണ്ടതുണ്ട്. അംഗീകരിച്ച കരാർ പ്രകാരം പദ്ധതി പുരോഗതി കാലികമായി വിലയിരുത്തുന്നതിനുള്ള "Internal Audit" നടത്തുന്നതിന് കേരള വാട്ടർ അതോറിറ്റിയും നഗരസഭയും സംവിധാനം ഒരുക്കേണ്ടതുണ്ട്. ഇത് കൂടാതെ മിഷൻ ഡയറക്ടർ നിയമിക്കുന്ന ടെക്നിക്കൽ ഓഡിറ്റ് ടീമും പദ്ധതി പ്രകാരം നടപ്പാക്കുന്ന പ്രവൃത്തികൾ പരിശോധിക്കുന്നതാണ്.

കാസറഗോഡ് നഗരസഭയിൽ അമൃത് 2.0 പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിയുടെ പ്രൊജക്ട് ഡിവിഷൻ കണ്ണൂർ 11.54 കോടി രൂപയുടെ എസ്റ്റിമേറ്റ് വരുന്ന DPR തയ്യാറാക്കുകയും ആയത് 02.03.2023ന് ചേർന്ന State Level High Powered Steering Committee (SHPSC) പരിശോധിച്ച് അംഗീകരിക്കുകയും ആയതിന് GO(Rt)No. 677/2023/LSGD തീയതി 21.03.2023 പ്രകാരം ഭരണാനുമതിയും ലഭിച്ചിട്ടുമുണ്ട്. അംഗീകരിച്ച DPR പ്രകാരം കുടിവെള്ള വിതരണത്തിനായി കാസറഗോഡ് നഗരസഭയിൽ 29.17 Km നീളത്തിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിച്ച് 2500 എണ്ണം പുതിയ ഗാർഹിക ടാപ്പ് കണക്ഷൻ (FHTC) നൽകുന്നതാണ്. (പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ നഗരസഭയിൽ നിലവിലുള്ള 5342 ഗാർഹിക കുടിവെള്ള കണക്ഷനും പുതുതായി സ്ഥാപിക്കുന്ന 2500 ഗാർഹിക കുടിവെള്ള കണക്ഷനും ഉണ്ടാകും).

നഗരസഭയിൽ അമൃത് 2.0 പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ DPR ന്റെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

SL.No	ITEM	AMOUNT

1	Laying Distribution System - Working Charges	22212831.93
2	COST OF MATERIALS	28290023.50
3	Providing FHTC's	27282778.66
4	PWD Road Restoration	5616111.46
5	Municipality Road Restoration	7139237.94
6	NHAI Road Restotation	1799250.00
7	LS, Other Statutory Fees	2500000.00
8	LS Provision For O&M Cost	4000000.00
9	Provision For GST	16608917.92
	Grand Total (Round Off)	**11,54,00,000.00**

മേൽ പറഞ്ഞ 11.54 രൂപയ്ക്കു പുറമേ 7.426 കോടി രൂപയുടെ അധിക പ്രൊപ്പോസ്സൽ കൂടി 06.12.2023ലെ 33/1 നമ്പർ തീരുമാന പ്രകാരം നഗരസഭ അംഗീകരിച്ച് മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ആയതിന് 02.08.2024ന് ചേർന്ന് SHPC അംഗീകാരം നൽകുകയും GO(Rt)No. 2263/2024/LSGD തീയതി 21.11.2024 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

അംഗീകരിച്ച DPR ന്റെ 12.5% തുകയായ 1.4425 കോടി രൂപ നഗരസഭാ വിഹിതമായി മിഷൻ ഡയറക്ടർക്ക് കൈമാറേണ്ടതുണ്ട്. ആയതിൽ 1,33,12,525/- രൂപ 2022-23 സാമ്പത്തിക വർഷം അമൃത് മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുണ്ട്. (ചെക്ക് നം. CO32392263306/31.03.2023).

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നഗരസഭ കേരള വാട്ടർ അതോറിറ്റിക്ക് 2023-24 സാമ്പത്തിക വർഷം 2,53,44,458/- രൂപയും 2024-25 സാമ്പത്തിക വർഷം 2,62,91,215/-രൂപയും 2025-26 സാമ്പത്തിക വർഷം (നവംബർ 2025 വരെ) 1,18,54,835/- രൂപയും നൽകിയിട്ടുണ്ട്. ആയതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

ചെക്ക് നം, ബിൽ നം/തീയതി	തുക	ചെലവ് വിവരം
ചെക്ക് നം. CO 1240663/05.01.2024	1,49,80,094	Ist Part Bill
ചെക്ക് നം. CO 32463802831/25.03.2024	1,03,64,364	2nd Part Bill
ചെക്ക് നം. CO 42411264873/22.04.2024	51,76,066	3rd Part Bill
ചെക്ക് നം. CO 62408244658/14.06.2024	23,33,623	4th Part Bill
ചെക്ക് നം. CO 92441079792/30.09.2024	27,05,263	5th Part Bill
ചെക്ക് നം. CO 12534081133/16.01.2025	90,76,263	6th Part Bill

ബിൽ നം. (BRN) 242002470001017259 66/27.03.2025	70,00,000	7th Part Bill
ബിൽ നം. (BRN) 252002470001002146 39/17.06.2025	23,24,587	
ബിൽ നം. (BRN) 252002470001006484 08/27.09.2025	58,05,187	8th Part Bill
ബിൽ നം. (BRN) 252002470001008855 58/20.11.2025	37,25,061	9th Part Bill
ആകെ	**6,34,90,508**	

മേൽ പറഞ്ഞ ചെലവുകൾ കൂടാതെ അമൃത് സരോവരം പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭ നടപ്പാക്കിയ എരുമക്കുളം പുനരുജ്ജീവനം എന്ന പ്രവൃത്തിക്കായി 9,82,488/- രൂപയും (ബിൽ നം. (BRN) 242002470001017298 73/29.03.2025) ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകതകൾ കാണുന്നു.

1. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ത്രികക്ഷി കരാർ പ്രകാരം പദ്ധതിയുടെ പ്രവർത്തന പുരോഗതി റിപ്പോർട്ട് കൃത്യമായ ഇടവേളകളിൽ മുനിസിപ്പൽ സെക്രട്ടറിയേയും മിഷൻ ഡയറക്ടറേയും വാട്ടർ അതോറിട്ടി അറിയിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തന പുരോഗതി റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. ഈ സാഹചര്യത്തിൽ ഓഡിറ്റ് എൻക്വയറി മുഖേന കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച പ്രവർത്തന പുരോഗതി റിപ്പോർട്ട് ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ആയത് ലഭ്യമാക്കിയിട്ടില്ല.

2) ത്രികക്ഷി കരാർ പ്രകാരം നഗരസഭ സെക്രട്ടറി അമൃത് മിഷൻ ഡയറക്ടർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള Books Of Accounts സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ അമൃത് 2.0 പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രത്യേകം Books Of Accounts സൂക്ഷിക്കുന്നില്ല. (ബന്ധപ്പെട്ട ഫയലിൽ ഈ വിവരം ലഭ്യമല്ലാത്തതിനാൽ ഓഡിറ്റ് എൻക്വയറി മുഖേന Books Of Accounts ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

3) കരാറിലെ വ്യവസ്ഥ പ്രകാരം മിഷൻ ഡയറക്ടർക്ക് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട "പീരിയോഡിക്കൽ റിട്ടേൺസ്" നൽകേണ്ടതാണ്. ബന്ധപ്പെട്ട ഫയലിൽ ഈ വിവരം ലഭ്യമല്ലാത്തതിനാൽ ഓഡിറ്റ് എൻക്വയറി മുഖേന പീരിയോഡിക്കൽ റിട്ടേൺസ് നൽകിയതിന്റെ പകർപ്പുകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു എന്നാൽ ആയത് ലഭ്യമാക്കിയിട്ടില്ല.

4) കരാറുടമ്പടിയിലെ വ്യവസ്ഥ പ്രകാരം കേരള വാട്ടർ അതോറിറ്റി സമർപ്പിക്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിലാണ് നഗരസഭ കേരള വാട്ടർ അതോറിറ്റിയ്ക്ക് തുക അനുവദിക്കേണ്ടത്. കൂടാതെ മുൻകൂറായി നൽകുന്ന തുക ഒഴികെയുള്ള പെയ്മെന്റുകൾക്ക് കേരള വാട്ടർ അതോറിറ്റിയുടെ ഭാഗീക വിനിയോഗ സാക്ഷ്യപത്രം (Partial Utilizaiton Certificate) ആവശ്യമാണ്. എന്നാൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ Ist Part Bill മാത്രമാണ് കേരള വാട്ടർ അതോറിറ്റി നഗരസഭയ്ക്ക് നൽകിയതായി കാണാൻ കഴിയുന്നുള്ളൂ. നാളിതുവരെ കേരള വാട്ടർ അതോറിറ്റിയ്ക്ക് 9 പാർട്ട് ബില്ലുകൾ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഓഡിറ്റ് എൻക്വയറി മുഖേന പ്രവൃത്തിയുടെ 2 മുതൽ 9 വരെയുള്ള പാർട്ട് ബില്ലുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ആയവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട സെക്ഷനിൽ നിന്നും ലഭ്യമായ വിവരം പ്രകാരം കേരള വാട്ടർ അതോറിറ്റി വിശദമായ പാർട്ട് ബില്ലുകൾ നഗരസഭയ്ക്ക് കൈമാറുന്നില്ല എന്ന് അറിയാൻ കഴിഞ്ഞു.

5) കരാർ പ്രകാരം പദ്ധതി നടത്തിപ്പ് വിലയിരുത്തുന്നതിന് Internal Audit നടത്തേണ്ടതാണ്. ഓഡിറ്റ് എൻക്വയറി പ്രകാരം ഇത്തരത്തിൽ ഇന്റേണൽ ഓഡിറ്റ് നടത്തിയതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

6) അമൃത് 2.0 പദ്ധതിക്കായി നാളിതുവരെ 6,34,90,508/- രൂപ കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ഭാഗമായി നിലവിൽ നൽകിയിട്ടുള്ള ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ എണ്ണം,

സ്ഥാപിച്ച പൈപ്പ് ലൈനിന്റെ വിവരം എന്നിവയൊന്നും നഗരസഭയിൽ ലഭ്യമല്ല. (ഓഡിറ്റ് എൻക്വയറി പ്രകാരം വിവരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്. കരാർ ഉടമ്പടി പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതാണ്.

അമൃത് 2.0 പദ്ധതിയുമായി നഗരസഭ കേരള വാട്ടർ അതോറിറ്റിയ്ക്ക് 2024-2025 സാമ്പത്തിക വർഷം അനുവദിച്ച 2,62,91,215/-രൂപ പ്രവൃത്തിയുടെ വിശദമായ ബില്ല്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാത്തതിനാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 31 തീയതി.19.01.2026).

1-79 PMAY ഭവനനിർമ്മാണം - അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രൊജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ
പ്രൊജക്ട് നം.	1) 72/2025, 2) 236/2025 (Spill Over)
പ്രൊജക്ടിന്റെ പേര്	1) പി.എം.എ.വൈ. ലൈഫ് ഭവനനിർമ്മാണം 2) പി.എം.എ.വൈ. ലൈഫ് ഭവനനിർമ്മാണം (Spill Over)
അടങ്കൽ	**1) ₹7900000-വികസനഫണ്ട് പൊതുവിഭാഗം** **₹7500000-കേന്ദ്രാവിഷ്കൃത ഫണ്ട്** ആകെ - ₹15400000 2) ₹20,38,500-വികസനഫണ്ട് പൊതുവിഭാഗം **₹7438000-കേന്ദ്രാവിഷ്കൃത ഫണ്ട്** ആകെ - ₹9476500
ചെലവഴിച്ച തുക - 1) ₹4960000 ചെലവഴിച്ച തുക - 2) ₹1960000	
₹6920000-വികസനഫണ്ട് പൊതുവിഭാഗം ബിൽ നം.(ACR പ്രകാരം)	**1360000-09.05.2024** 600000-09.05.2024 480000-17.10.2024 480000-17.10.2024 480000-17.10.2024 2160000-22.02.2025

	800000-06.03.2025 320000-17.03.2025 240000-18.03.2025
₹2767520കേന്ദ്രാവിഷ്കൃത ഫണ്ട് PFMS	**160000-17.05.2024** 7520 -06.06.2024 120000-12.06.2024 280000- 14.06.2024 40000- 03.07.2024 80000-01.08.2024 200000- 12.08.2024 80000-04.09.2024 40000- 27.09.2024 200000-21.10.2024 960000-10.12.2024 200000- 21.01.2025 160000- 28.01.2025 400000-15.03.2025 200000-29.03.2025

'എല്ലാവർക്കും ഭവനം' എന്ന ലക്ഷ്യത്തോടെ കേന്ദ്ര- സംസ്ഥാന സർക്കാരുകളുടേയും നഗരസഭകളുടേയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന ഭവന പദ്ധതിയാണ് പ്രധാന മന്ത്രി ആവാസ് യോജന-ലൈഫ് ഭവന പദ്ധതി.നാളിതുവരെ 10 DPRകളിലായാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിരിക്കുന്നത്.ആകെയുള്ള 376 ഗുണഭോക്താക്കളിൽ 360 പേർ എഗ്രിമെന്റ് വെച്ചിട്ടുണ്ട്. 258 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 10th DPR വരെയുള്ള ഗുണഭോക്താക്കളിൽ 102 പേർ ഭവനനിർമ്മാണം പൂർത്തിയാക്കാൻ ശേഷിക്കുന്നുണ്ട്. ഓഡിറ്റാനായി ലഭ്യമാക്കിയ ഫയലുകൾ, ഗുണഭോക്തൃരജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

10 Th DPR വരെയുള്ള ഗുണഭോക്താക്കളിൽ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ ലിസ്റ്റ് നഗരസഭ ലഭ്യമാക്കിയിട്ടുണ്ട്.ആയത് ചുവടെ ചേർക്കുന്നു.

ക്രമ നം.	DPR	പേര്	ഫയൽ നം	വാർഡ്	ഇൻസ്റ്റാൾമെന്റ്	നൽകിയ തുക
1	1	ആശ സി	1/8	36	3	360000
2	1	ഭാനുമതി	1/16	19	3	360000
3	1	ജയന്തി ജി	1/31	36	3	360000
4	1	ജയശ്രീ ജി	1/32	36	3	360000
5	1	കെ കുശാലകുമാരി	1/35	7	3	360000
6	1	കലാവതി കെ	1/40	36	3	360000
7	1	കല്യാണി	1/41	36	3	360000
8	1	ലക്ഷ്മി	1/45	36	3	360000

9	1	ലീലാവതി പി എൻ	1/47	33	3	360000
10	1	നഹിമ എം.പി	1/55	16	3	360000
11	1	രജനി	1/65	36	3	360000
12	1	രാമ	1/66	36	3	360000
13	1	ശാരദ	1/76	36	3	360000
14	1	ശോഭ	1/79	1	3	360000
15	1	സിന്ധു	1/80	36	3	360000
16	1	സിന്ധു	1/81	36	3	360000
17	1	വിലാസിനി	1/94	1	3	360000
18	1	വിനോദ	1/95	36	3	360000
19	1	ഷംസാദ് ടി എ	1/98	26	1	40000
20	2	സുരേഷ് കുമാർ കെ.വി	2/112	19	3	360000
21	3	ശാരദ	3/115	36	3	360000
22	4	ബാലൻ	4/116	1	3	360000
23	4	അബ്ദുൾ റഹിമാൻ	4/117	2	3	280000
24	4	കല്യാണി (F)	4/135	36	3	360000
25	4	നിർമ്മല	4/136	36	2	200000
26	4	രത്നപ്രഭ	4/137	36	3	ലഭ്യമല്ല
27	5	ലീല	5/194	38	2	ഓഡിറ്റ് കാലയളവിൽ Payment നടത്തിട്ടില്ല
28	5	രജനി	5/174	36	3	360000
29	5	സരസ	5/180	37	2	120000
30	5	സാവിത്രി	5/182	37	1	40000
31	5	വാണിശ്രീ കെ	5/193	36	1	40000
32	6	അസീസ് ടി എം	6/203	15	3	360000
33	6	ചന്ദ്രൻ കെ	6/208	10	3	360000
34	6	ഹരിദാസ്	6/214	2	3	280000
35	6	കുമാരൻ ടി	6/223	8	3	360000
36	6	ലീല	6/225	37	3	360000
37	6	പി ഈശ്വര പൂജാരി	6/230	10	2	200000
38	6	പ്രമീള	6/632	36	1	40000
39	6	പ്രേമ	6/233	21	3	280000
40	6	രൂപകല ഡി	6/244	32	3	200000
41	6	സഞ്ജു	6/245	37	3	360000
42	6	സരള	6/246	36	3	360000

43	6	സാവീർ കത്തിം എം	6/250	15	1	40000
44	6	ശാന്ത റാം	6/252	16	3	360000
45	6	ശ്രീധരൻ	6/254	10	1	40000
46	6	സുമിത്ര	6/258	36	2	
47	6	വിജയൻ	6/261	28	3	280000
48	8	അമീറു നിയാസ് പി.എം	8/266	21	2	200000
49	8	അനിത	8/267	37	2	200000
50	8	ആയിഷത്ത് മിസിരിയ എ	8/268	12	3	280000
51	8	ഗിരിജ	8/270	37	2	120000
52	8	ഇല്യാസ് ടി ഇ	8/271	14	3	360000
53	8	കെ പ്രകാശ്	8/273	17	3	200000
54	8	കദീജത്ത് സമീറ	8/275	21	3	360000
55	8	നബീസ	8/279	21	3	360000
56	8	സബ്ണ കെ.എ	8/280	11	3	360000
57	8	സന്തോഷ് കുമാർ കെ.എം.	8/283	7	2	120000
58	9	അബ്ദുൾ ഹക്കിം പോവ്വൽ	9/292	21	3	200000
59	9	അബ്ദുൾ ഖാദർ	9/293	15	3	280000
60	9	അബ്ദുൾ ലത്തീഫ് ബി.എം	9/294	14	1	40000
61	9	അബ്ദുൾ സത്താർ ബിഎ	9/297	24	3	280000
62	9	ആസിയ	9/302	15	3	200000
63	9	ബേബി	9/304	34	3	360000
64	9	ബീഫാത്തിമ്മ	9/306	12	3	200000
65	9	ചന്ദ്രാവതി	9/311	21	1	40000
66	9	ഗോമതി	9/320	37	3	200000
67	9	ഗോപാലകൃഷ്ണൻ	9/321	18	3	200000
68	9	ഗൗരി	9/322	19	1	40000
69	9	ഹസീന	9/325	14	3	200000
70	9	ജനാർദ്ദന എ	9/330	8	3	360000
71	9	ജയ	9/331	36	3	280000
72	9	മാധവ	9/340	8	3	360000
73	9	മുഹമ്മദ് സഹീർ ടിഎ	9/343	14	3	360000

74	9	മുഹമ്മദ് അഹമ്മദ്ദീൻ	9/344	27	3	360000
75	9	പാർവ്വതി	9/348	38	1	40000
76	9	പ്രദീപ് എ നായ്ക്ക്	9/349	18	2	200000
77	9	രവീന്ദ്രൻ കെ കെ	9/357	34	3	360000
78	9	സന്ധ്യ കെ.ആർ	9/361	38	3	280000
79	9	ശശികല ബി	9/367	33	2	200000
80	9	ഷാനവാസ്	9/369	15	2	200000
81	9	സൗമ്യ രവി രാജ്	9/373	1	3	360000
82	9	ശ്രീമതി	9/375	6	3	360000
83	9	സുബൈദ	9/376	13	3	280000
84	9	സുഗന്ധി	9/379	35	3	200000
85	9	സുനിൽകുമാർ	9/382	5	3	200000
86	9	സ്വർണ്ണലത കെ	9/387	32	3	360000
87	9	തുളസി	9/388	32	3	200000
88	9	ഉമ്മാലി ടിഎ	9/391	26	3	360000
89	9	ഉഷാ കുമാരി	9/393	35	3	360000
90	9	വല്ലി	9/395	1	3	360000
91	9	വർഷ യു	9/396	36	3	200000
92	10	ഹരീഷ് കുമാർ	10/401	8	2	200000
93	9	നൂറുദ്ദീൻ	10/403	11	3	360000
94	10	സുകുമാര	10/404	8	3	200000
95	10	സൈനുദ്ദീൻ	10/406	11	3	200000
96	10	നബീസ	10/407	21	2	40000
97	10	പദ്മാവതി	10/408	2	3	360000
98	10	ചിത്ര	10/409	1	3	360000
99	9	മഹീന്ദ്രൻ	9/401	36	3	200000
100	10	രജനി എൻ കെ	10/410	32	1	40000
101	8	ബീഫാത്തിമ്മ	-	-	-	വീട് വെക്കാൻ താൽപര്യം ഇല്ലാത്തതിനാൽ ലിസ്റ്റിൽ നിന്ന് ഒഴിവാക്കാൻ അപേക്ഷ നൽകിയിട്ടുണ്ട്.
102	2	യോഗിത	-	-	-	വീട് വെക്കാൻ താൽപര്യം ഇല്ലാത്തതിനാൽ

						ലിസ്റ്റിൽ നിന്ന് ഒഴിവാക്കാൻ അപേക്ഷ നൽകിയിട്ടുണ്ട്.

ടി ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി, ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നഗരസഭ സ്വീകരിച്ച തുടർനടപടികൾ എന്നിവ വ്യക്തമാക്കേണ്ടതാണ്.

കാസറഗോഡ് നഗരസഭയിൽ നാളിതുവരെ പ്രധാനമന്ത്രി ആവാസ് യോജന-ലൈഫ് ഭവന പദ്ധതിയിലുൾപ്പെട്ട് ഭവനനിർമ്മാണം നടത്തിവരുന്ന ഗുണഭോക്താക്കളിൽ CRZ മേഖലയിൽ ഉൾപ്പെട്ടതുമൂലം ഒക്യൂപൻസി സർട്ടിഫിക്കറ്റ് ലഭിക്കാത്തവർ ഉണ്ടോ? ഉണ്ടെങ്കിൽ ആയവരുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ടി ഗുണഭോക്താക്കൾക്ക് നഗരസഭയിൽ നിന്ന് പെർമിറ്റ് അനുവദിച്ചിട്ടുണ്ടോ? ടി ഗുണഭോക്താക്കളുടെ കാര്യത്തിൽ നഗരസഭ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാം? വിശദ വിവരം ലഭ്യമാക്കേണ്ടതാണ്.

PMAY സെക്ഷനിൽ നിന്ന് ലഭ്യമാക്കിയ Pending List പ്രകാരം വിവിധ DPR കളിൽ ഉൾപ്പെട്ട താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ അഡ്വാൻസ് ആയി ₹40,000 കൈപ്പറ്റിയിട്ടുണ്ടെങ്കിലും തുടർന്നുള്ള ഗഡുക്കൾ വാങ്ങിയിട്ടില്ല. ടി ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

ക്രമ നം	പേര്	DPR	ഫയൽ നം.	വാർഡ്
1	ഷംസാദ് ടി.എ	1	1/98	26
2	സാവിത്രി	5	5/182	37
3	വാണിശ്രീ കെ.	5	5/193	36
4	സവീർ കതീം	6	6/250	15
5	ശ്രീധരൻ	6	6/254	10
6	അബ്ദുൾ ലത്തീഫ് ബി.എം.	9	9/294	14
7	ചന്ദ്രാവതി	9	9/311	21
8	ഗൗരി	9	9/322	19
9	രജനി എൻ.കെ	10	10/410	32
10	നബീസ	10	10/407	21

2024-25 വർഷം PMAY ഗുണഭോക്താക്കൾക്ക് കേന്ദ്രാവിഷ്കൃത ഫണ്ട് ഇനത്തിൽ 27,67,520/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2024-25 വർഷത്തെ Implimenting Officer Wise Expenditure Report ൽ (സുലേഖ സ്റ്റേറ്റ്മെന്റ്) ഈ ചെലവ് രേഖപ്പെടുത്തിയതായി കാണുന്നില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 61-2024-25 തീയതി 17.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

1-80 സമഗ്ര ശിക്ഷ കേരളത്തിന് തുക നല്കൽ - വിനിയോഗസർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നമ്പർ	S0008/25
പ്രൊജക്ടിന്റെ പേര്	സമഗ്ര ശിക്ഷ കേരളത്തിന് തുക നല്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
ഫണ്ട്	വികസന ഫണ്ട്
അടങ്കൽ തുക	30,00,000
ചെലവ് തുക	30,00,000
ബിൽ നം / തീയതി	24200247000101261916/1.2.2025 – 15,00,000/- 24200247000101410287 / 1.2.2025 -15,00,000/-

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സമഗ്ര ശിക്ഷ കേരളത്തിന് തുക നല്കൽ എന്ന പദ്ധതിക്ക് 30,00,000/- രൂപ വിഹിതം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ചെലവിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (3/2024-25) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>1-81 റിജക്ടട് മാലിന്യങ്ങൾ നീക്കുന്നതിനുള്ള പ്രതിഫലം നൽകിയത്-ഭാരപരിശോധന നടത്തിയിട്ടില്ല.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെൽത്ത് ഓഫീസർ
പ്രോജക്ട് നം	250/25 വിദ്യാനഗർ ഇൻഡസ്ട്രീയൽ എസ്റ്റേറ്റിലെ ആർആർ എഫ് ൽ നിന്നും റിജക്ട് വെയിസ്റ്റ് നീക്കം ചെയ്യൽ

വിദ്യാനഗർ ജില്ലാ വ്യവസായ കേന്ദ്രത്തിൽ സ്ഥിതിചെയ്യുന്ന നഗരസഭയുടെ MCFൽ ശേഖരിച്ചിട്ടുള്ള റിജക്ടട് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള പ്രതിഫലമായി ചുവടെ പരാമർശിക്കുന്ന ഇൻവോയ്സുകൾ പ്രകാരം തിരുവോണം ഇക്കോ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, ഓലയമ്പാടി എന്ന സ്ഥാപനത്തിന് നൽകുന്നതിനായി 13,74,144/- രൂപ ചെലവഴിച്ചിട്ടുണ്ട്.

തിരുവോണം ഇക്കോ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്-ന്റെ ബിൽ നമ്പർ/ തീയതി, വാഹന നമ്പർ	ബിൽ പ്രകാരം നീക്കം ചെയ്ത മാലിന്യത്തിന്റെ അളവ്	തുക (@ ₹ 6.4/Kg)	തിരുവോണം ഇക്കോ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് നൽകിയ തുകയുടെ വിവരം	
			വൗച്ചർ നം & തീയ്യതി	തുക
14172 തീ:രേഖപ്പെടുത്തിയിട്ടില്ല. (KA32D-8499)	14870 Kg	95168	വൗച്ചർ നം P-M140200-24000131/05.06.2024 (ചെക്ക് നം. 266366/05.06.2024) (ബിൽ തുക ₹ 441600/- ആദായ നികുതി ₹ 8832/-)	432768
14171 തീ:രേഖപ്പെടുത്തിയിട്ടില്ല. (KA56-3887)	16750 Kg	107200		
14199 തീ:രേഖപ്പെടുത്തിയിട്ടില്ല. (KA44H-4198)	5800 Kg	37120		
14232 തീ: 16.04.2024 (TN47AS-0554)	13690 Kg	87616		

14226 തീ: 16.04.2024 (KA28B-4034)	17890 Kg	114496		
14263 തീ: 17.04.2024 (MH150K-8999)	15590 Kg	99776	വൗച്ചർ നം P-M140200-24000620/02.12.2024 (ചെക്ക് നം. 266425/02.12.2024) (ബിൽ തുക ₹ 932544/- ആദായ നികുതി ₹ 18651/-)	913893
14318 തീ: 17.04.2024 (KA32B-6216)	18830 Kg	120512		
14395 തീ: 17.04.2024 (KL08AW-5590)	7660 Kg	49024		
14533 തീ: 17.05.2024 (KL40V-1062)	1440 Kg	9216		
14787 തീ: 17.05.2024 (KA29C-1926)	16480 Kg	105472		
14833 തീ: 17.05.2024 KA29C-0286)	16830 Kg	107712		
82 തീ: 10.06.2024 (MH12KP-2528)	21260 Kg	136064		
126 തീ: 10.06.2024 (KA28C-9421)	19150 Kg	122560		
985 തീ: 31.08.2024 (KL56P-8838)	8380 Kg	53632		
983 തീ: 31.08.2024 (KL58Y-4187)	7040 Kg	45056		
1006 തീ: 31.08.2024 (KL13AU-7937)	6490 Kg	41536		
1039 തീ: 31.08.2024 (TN30CV-6817)	6560 Kg	41984		
	ആകെ	1374144		13,46,661/-

റിജക്ടട് മാലിന്യങ്ങൾ നീക്കം ചെയ്യതിനുള്ള പ്രതിഫലത്തിനുള്ള ഇൻവോയ്സുകൾ മേൽ സ്ഥാപനം നഗരസഭയ്ക്ക് നൽകുമ്പോൾ മാലിന്യം ശേഖരിക്കുന്നതിന് മുമ്പേയുള്ള വാഹനത്തിന്റെ ഭാരം, മാലിന്യം ഉൾപ്പെടെയുള്ള വാഹനത്തിന്റെ ഭാരം എന്നിവ രേഖപ്പെടുത്തിയ ഭാരപരിശോധന (Weigh Bridge) ബില്ലുകൾ നൽകിയിട്ടില്ല. നീക്കം ചെയ്ത മാലിന്യത്തിന്റെ ഭാരപരിശോധന റിപ്പോർട്ടിന്റെ അഭാവത്തിൽ സ്ഥാപനത്തിന് തുക അനുവദിച്ചതിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ മേൽ പരാമർശിച്ച ഇൻവോയ്സുകളുടെ Weigh Bridge ബില്ലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വൗച്ചർ നം P-M140200-24000131/05.06.2024 പ്രകാരം തിരുവോണം ഇക്കോ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡിന് 4,32,768/- രൂപ നൽകിയപ്പോൾ ആദായ നികുതിയായി കുറവ് ചെയ്ത 8,832/- രൂപ ആദായ നികുതി വകുപ്പിൽ ഒടുക്കിയതിന്റെ വിവരം K- Smart ൽ ലഭ്യമല്ല. ആയതിനാൽ 8,832/- രൂപ ആദായ നികുതി ഒടുക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അംഗീകരിച്ച പ്രൊജക്ട് റിപ്പോർട്ടിൽ പദ്ധതിയുടെ ചെലവ് നടത്തുന്നതിനുള്ള സ്രോതസ്സ് ധനകാര്യ കമ്മീഷൻ അവാർഡ് - പ്രത്യേക ഉദ്ദേശ ഗ്രാന്റ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പദ്ധതിക്കായി 2024-25

സാമ്പത്തിക വർഷം ചെലവഴിച്ച 13,74,144/- രൂപ തനത് ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത്. ഈ തുക പിന്നീട് തനത് ഫണ്ടിലേക്ക് റീക്രൂപ്പ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ നഗരസഭയുടെ 2024-2025 സാമ്പത്തിക വർഷത്തെ സുലേഖ ചെലവ് പത്രികയിൽ പ്രൊജക്ട് നം. 250 പ്രകാരം ചെലവ് ഒന്നും തന്നെയില്ല. എന്നാൽ പദ്ധതി പ്രകാരം 2024-2025 സാമ്പത്തിക വർഷം 13,74,144/- രൂപ ചെലവുണ്ട്. ഈ അപാകതയ്ക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.50 തീയതി 28.01.2026). ആയതിനാൽ ഭാരപരിശോധന നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാലും മേൽ പരാമർശിച്ച മറ്റ് അപാകതകൾ കാരണവും പദ്ധതിക്കായി ചെലവഴിച്ച 13,74,144/- രൂപ തടസ്സപ്പെടുത്തുന്നു.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത- നഗരസഭയ്ക്ക് വസ്തുനികുതിയിനത്തിൽ നഷ്ടം.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22/03/2023-ലെ ജി.ഒ (എംഎസ്) 77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 31/03/2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട നിലവിലുള്ള കെട്ടിടങ്ങൾക്ക് തുടർവർഷങ്ങളിൽ 5% വർദ്ധനവും 01/04/2023 മുതലുള്ള പുതിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05/04/2023 ലെ സ.ഉ.(അച്ചടി) നം.26/2023/തസ്വഭവ ഉത്തരവ് പ്രകാരം വിവിധ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ പുതിയ നികുതി നിരക്കുകൾ കാസറഗോഡ് നഗരസഭ കൗൺസിലിന്റെ 13-11-2023 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അന്തിമമാക്കിയിട്ടുണ്ട്. അപ്രകാരം നഗരസഭയുടെ പരിധിയിലുള്ള വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന വിവിധ കെട്ടിട ഉപവിഭാഗങ്ങൾക്ക് നിശ്ചയിച്ച പുതിയ നികുതി നിരക്ക് ചുവടെ ചേർക്കുന്നു.

കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം	നികുതി നിരക്ക്/ ച.മീ (രൂപ)	ഒരു ചതുരശ്ര മീറ്ററിന് നിശ്ചയിച്ച നിരക്ക്/ ച.മീ (രൂപ) (2024-25 ൽ കൗൺസിൽ തീരുമാനപ്രകാരമുള്ളത്- 5% വർദ്ധനവ് ഉൾപ്പെടെ)
Commercial Buildings - Above 100 Sq.Mtr And Up To 500 Sq.Mtr	90.00	94.50
Commercial Buildings - Above 500 Sq.Mtr	100.00	115.50 **

** അപാകത 1 :

കൗൺസിൽ തീരുമാനപ്രകാരം 'Commercial Buildings - Above 500 Sq.Mtr' ഈ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ പുതിയ നികുതി നിരക്ക് ച.മീ 100 രൂപയാണെങ്കിലും കെസ്മാർട്ടിൽ ആയത് 110 രൂപ/ ച.മീ എന്ന് തെറ്റായി രേഖപ്പെടുത്തി.

2024-25 സാമ്പത്തിക വർഷത്തെ 18/285 A2, A3, A4 മുതലായ കെട്ടിങ്ങളുടെ വസ്തുനികുതി നിർണയവുമായി ബന്ധപ്പെട്ട് 25.02.2026 തീയതിയിൽ ഓഡിറ്റ് ടീം ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

അപാകത 2 :

കെട്ടിട ഉടമയുടെ/ സ്ഥാപനത്തിന്റെ പേര്	Pakyara Amoo Haji Mahamood (Rahmath Manzil,Udma, Udma, 671319)

പാർഷ്യൽ ഒക്യുപെൻസി സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ച തീയതി	19.10.2024
Plinth Area	6564.31 ച.മീ
ഒക്യുപെൻസി സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ച തീയതി	18.12.2025
Plinth Area	7,795.28 ച.മീ
Floor	Area
Ground Floor	1515.57 Sqm
First Floor	1539.36 Sqm
Second Floor	1567.20 Sqm
Third Floor Under Construction	1230.97 Sqm
Terrace	151.50 Sqm
Basement	1790.68 Sqm
Total	7795.28 Sqm

രണ്ട് ഘട്ടങ്ങളിലായാണ് കെട്ടിത്തിന് നമ്പർ നൽകിയിട്ടുള്ളത് എന്ന് മേൽ പട്ടികയിൽ കാണാം.

2024-25 വർഷത്തെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് കെസ്മാർട്ട് പരിശോധിച്ചതിൽ ഈ കെട്ടിടവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു. (ആദ്യ ഘട്ടം- പാർഷ്യൽ ഒക്യുപെൻസി- ഏരിയ 6564.31 ച.മീ)

വാർഡ് നമ്പർ/ കെട്ടിട നമ്പർ	കെ സ്മാർട്ട്/ ഫോറം 6 പ്രകാരം ഉപയോഗ ക്രമം	ഈടാക്കിയ അടിസ്ഥാന വസ്തു നികുതി നിരക്ക്/ ച.മീ (2024-25)	ഈടാക്കേണ്ട നികുതി നിരക്ക് / ച.മീ (2024-25 ൽ കൌൺസിൽ തീരുമാനപ്രകാരമുള്ളത്- 5% വർദ്ധനവ് ഉൾപ്പെടെ)	ശരിയായ ഉപയോഗക്രമം
18/285 A2 മുതൽ A47 വരെ	Commercial Buildings - Above 100 Sq.Mtr And Up To 500 Sq.Mtr	90	94.50	Commercial Buildings - Above 500 Sq.Mtr
A48 മുതൽ A62 വരെ	Commercial Buildings - Above 500 Sq.Mtr	110	105	Commercial Buildings - Above 500 Sq.Mtr

കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ ഈ കെട്ടിടം വിവിധ ഷോപ്പുകളായി തിരിച്ചിട്ടുള്ളതായാണ് കാണിച്ചിരിക്കുന്നത്. എന്നാൽ കെട്ടിടം ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചതിൽ ഇത്തരം പാർട്ടീഷനുകൾ ഇല്ല എന്ന് ബോധ്യപ്പെട്ടു. നഗരസഭയിൽ കൂടിയ വിസ്തീർണമുള്ള കെട്ടിടത്തെ ചെറിയ ഭാഗങ്ങളായി തിരിച്ച് കുറഞ്ഞ നിരക്കിൽ നികുതി നിർണയിച്ചിരിക്കുകയാണെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. പ്രസ്തുത കെട്ടിടം Commercial Buildings - Above 500 Sq.Mtr എന്ന ശരിയായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു.

2024-25 സാമ്പത്തിക വർഷം നികുതി നിർണ്ണയത്തിലൂടെ നഗരസഭയ്ക്കുണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു.

Building No.	18/285 A2 To A47
Total Area	6564.31 Sqm
Zone	Primary
Road Type	5 Meter Or More

Roof Details	Higher Type - (Concrete) (100.0 %)
Floor Details	Good Quality (100.0 %)

Calculation	Commercial Buildings - Above 100 Sq.Mtr And Up To 500 Sq, Mtr (Rate- 90.00)	Commercial Buildings - Above 500 Sq.Mtr (Rate- 105.00)
Basic Property Tax Of The Building (Plinth Area X Unit Tax Rate)	6564.31 X 90 = 5,90,787.9 5,90,788 (Rounded)	6564.31 X 105 = 6,89,252.55 6,89,253 (Rounded)
Addition Based On The Road Facility (5 Meter Or Above = 20%, Other Type Roads = Nil)	118157.58 1,18,158 (Rounded)	137850.6 1,37,851 (Rounded)
Addition Based On The Centralized Air Conditioning Facility In The Building (If Air Conditioning Facility Is Available = 10%)	59,078.8 59,079 (Rounded)	68,925.3 68,926 (Rounded)
If The Multistoried Building Used For Commercial Purpose Or Office Purpose, Special Deduction Allowable In Annual Property Tax For Each Floor (A) First Floor = Deduction Of 5% (Property Tax Of First Floor) X 95 ÷100 (B) Second Floor = Deduction Of 10% (Property Tax Of Second Floor) X 90 ÷100	Nil	First Floor (FF) Area- 1,539.36 Sqm Base Tax- 161632.8 161633 (Rounded) Deduction- 5%= 8,081.65 8,082 (Rounded) Second Floor (SF)- 1,567.20 Sqm Base Tax- 1,64,556 Deduction- 10%= 16,456
Total	7,68,025	8,71,492
Library Cess	38401.25 38,402 (Rounded)	43574.6 43,575 (Rounded)
Total	7,29,623	9,15,067
Difference In Building Tax		1,03,467
Difference In Library Cess		5,173
Total		1,08,640

2024-25 സാമ്പത്തിക വർഷത്തിൽ ഈടാക്കേണ്ട നികുതി (പാർഷ്യൽ ഒക്യുപെൻസി സർട്ടിഫിക്കറ്റ്- 19.10.2024 അഥവാ ഈടാക്കേണ്ട തുക രണ്ടാം അർദ്ധവർഷത്തേത്) 54,321/- (51,734 BT + 2,587 LC) രൂപയും തുടർന്നുള്ള വർഷങ്ങളിൽ ഈടാക്കേണ്ട നികുതിയും പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്. മേൽ അപാകത കാരണം നഗരസഭയ്ക്ക് ഉണ്ടായ 54321/- രൂപയുടെ നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടങ്ങളും ചട്ടം 17 വസ്തുനികുതി നിർണ്ണയത്തിനു ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും വരുത്തുന്ന മാറ്റങ്ങളെ പറ്റി പ്രതിപാദിക്കുന്നു.

(1) ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം, കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ, 4-ാം ചട്ടത്തിൽ പരാമർശിക്കുന്ന ഉപയോഗക്രമത്തിലോ, 6-ാം ചട്ടത്തിൽ പരാമർശിക്കുന്ന ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ, ഏതെങ്കിലും ഘടകത്തിന്റെ തരത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തുന്നതോ അല്ലെങ്കിൽ സ്വയം സംഭവിക്കുന്നതോ ആയ ഏതൊരു മാറ്റവും മുപ്പത് ദിവസത്തിനകം കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും അതോടൊപ്പം 11-ാം ചട്ടപ്രകാരമുള്ള ഒരു പുതുക്കിയ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്.

(2) (1)-ാം ഉപചട്ടപ്രകാരമുള്ള തന്റെ ബാധ്യത, കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ ആയിരം രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ്, ഏതാണ് കൂടുതൽ അത്, പിഴയായി ചുമത്താവുന്നതാണ്.

(3) (1)-ാം ഉപചട്ടപ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി അതത് അർദ്ധവർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും, അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതികൾ വരുത്തേണ്ടതും കെട്ടിട ഉടമയ്ക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണ്:

എന്നാൽ, കെട്ടിടത്തെ സംബന്ധിച്ച മാറ്റം ഒരു അർദ്ധവർഷം അവസാനിക്കുന്നതിന് രണ്ട് മാസത്തിനുള്ളിൽ സംഭവിച്ചിട്ടുള്ളതാണെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം അടുത്ത അർദ്ധവർഷാരംഭം മുതൽ പ്രാബല്യത്തിൽ വരുത്തിയാൽ മതിയാകുന്നതാണ്.

(4) കെട്ടിട ഉടമ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കാതിരിക്കുന്ന സംഗതിയിലും വാസ്തവവിരുദ്ധമോ തെറ്റിദ്ധരിപ്പിക്കപ്പെടുന്നതോ ആയ വിവരങ്ങൾ അടങ്ങിയ റിട്ടേൺ സമർപ്പിക്കുന്ന സംഗതിയിലും, സെക്രട്ടറി 12-ാം ചട്ടപ്രകാരമുള്ള നടപടിക്രമം പാലിച്ചുകൊണ്ട് കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണ്ണയിക്കണം.

മേൽ ചട്ടങ്ങൾ പാലിച്ച്കൊണ്ട് 2025-26 സാമ്പത്തിക വർഷത്തിൽ കണക്കാക്കിയിട്ടുള്ള മേൽ കെട്ടിടത്തിന്റെ (കെട്ടിട നം. A48 മുതൽ A62 വരെ) മൂന്നാം നിലയുടെ നികുതി പുനർനിർണയിക്കേണ്ടതും അധികമായി ഈടാക്കേണ്ട വസ്തുനികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്. കൂടാതെ നഗരസഭയിൽ സമാന രീതിയിൽ വിവിധ നമ്പറുകൾ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിർണയിച്ച കെട്ടിടങ്ങൾ കണ്ടെത്തി നികുതി പുനർനിർണയിച്ച് കുടിശ്ശിക തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പാങ്ങോട് ആശ്രയ കോളനി ഡ്രൈനേജും കവറിംഗ് സ്ലാബും നിർമ്മാണ പ്രവൃത്തി-ജി.എസ്.ടി കോമ്പൻസേഷനായി അധികം നൽകിയ തുക തിരികെ ഈടാക്കണം.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.09.2017 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014/(A)/05 പ്രകാരം 01.10.2017 മുതൽ കാസറഗോഡ് ജില്ലയിൽ DSR 2016 അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന കോസ്റ്റ് ഇന്റക്സ് 38.24% ആണ്. സംസ്ഥാനത്ത് 01.07.2017 മുതൽ ജി.എസ്.ടി നിലവിൽ വന്നതിനെ തുടർന്ന് നിലവിൽ പ്രാബല്യത്തിലുള്ള DSR നിരക്കുകളും കോസ്റ്റ് ഇന്റക്സും VAT/GST നികുതികൾ ഉൾപ്പെടുന്നതിനാൽ സർക്കുലർ നം. 18/2019/ഫിൻ, തിയതി 01/03/2019 പ്രകാരം മരാമത്ത് പ്രവൃത്തികൾക്കായി എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി DSR നിരക്കിലും നിലവിലെ കോസ്റ്റ് ഇന്റക്സിലും ഉൾപ്പെടുന്ന VAT/GST ഘടകം ഒഴിവാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം VAT/GST ഘടകം ഒഴിവാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവൃത്തികളുടെ ബില്ല് പ്രകാരം കരാറുകാർക്ക് തുക അനുവദിക്കുമ്പോൾ ആകെ അളവ് മൂല്യത്തിന്റെ കൂടെ അനുബന്ധനീയമായ GSTനിരയ്ക്കും കൂട്ടി നൽകാവുന്നതാണ്. ഈ സർക്കുലർ പ്രകാരം പൊതുമരാമത്ത് വകുപ്പ് വിവിധ പ്രദേശങ്ങൾക്ക് ബാധകമായ VAT/GST ഘടകം ഒഴിവാക്കികൊണ്ടുള്ള കോസ്റ്റ് ഇന്റക്സ് തയ്യാറാക്കി PRICE

സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യാനും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയർ 06.03.2019 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014/(A)/05 പ്രകാരം വിവിധ പ്രദേശങ്ങളിൽ നിലവിലുണ്ടായിരുന്ന കോസ്റ്റ് ഇന്റക്സിൽ നിന്നും VAT ഘടകം ഒഴിവാക്കികൊണ്ട് പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച കോസ്റ്റ് ഇന്റക്സ് 15.03.2019 മുതൽ പ്രാബല്യത്തിൽ വന്നു. ഇത് പ്രകാരം കാസറഗോഡ് ജില്ലയിൽ പ്രാബല്യത്തിലുണ്ടായിരുന്ന കോസ്റ്റ് ഇന്റക്സ് ആയ 38.24% -ൽ VAT ഘടകം ഒഴിവാക്കികൊണ്ട് 32.04% ആയി 15.03.2019 മുതൽ പരിഷ്കരിച്ചിട്ടുണ്ട്.

01.03.2019ലെ സർക്കുലർ നം. 18/2019/ഫിൻ, 06.03.2019 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014/(A)/05 എന്നിവ പ്രകാരം കാസറഗോഡ് ജില്ലയിൽ 15.03.2019 പ്രാബല്യത്തിൽ വന്ന കോസ്റ്റ് ഇന്റക്സ് ആയ 32.04% (ആയതിനു ശേഷം കാലാകാലങ്ങളിൽപ്രാബല്യത്തിലുള്ള കോസ്റ്റ് ഇന്റക്സിനും) അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്കു മാത്രമേ ജി.എസ്.ടി കോമ്പൻസേഷൻ വകയിരുത്താനും കരാറുകാർക്ക് നൽകാനും സാധിക്കുകയുള്ളൂ. എന്നാൽ കോസ്റ്റ് ഇന്റക്സ് 38.24% അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയ പാങ്ങോട് ആശ്രയ കോളനി ഡ്രൈനേജ് & കവറിംഗ് സ്ലാബ് നിർമ്മാണം എന്ന പ്രവൃത്തിയുടെ അന്തിമ ബില്ല് പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി കോമ്പൻസേഷനായി 1,17,677/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

<table>
<tr><td>പ്രൊജക്ട് നം.</td><td colspan="3">എസ് 0073/19, 173/20, 39/21, 48/22, 289/23, 305/24 & 424/25 (പാങ്ങോട് ആശ്രയ കോളനി ഡ്രൈനേജ് & കവറിംഗ് സ്ലാബ്)</td></tr>
<tr><td>അടങ്കൽ</td><td colspan="3">₹ 25 ലക്ഷം രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)</td></tr>
<tr><td>എസ്റ്റിമേറ്റ്</td><td colspan="3">₹ 25 ലക്ഷം രൂപ (EST NO: 2018/21680)</td></tr>
<tr><td>സാങ്കേതികാനുമതി</td><td colspan="3">₹ 25 ലക്ഷം രൂപ TS No. 114126/2018-2019.
(എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. ഡിവിഷൻ, കാസറഗോഡ്).</td></tr>
<tr><td>കരാറുകാരൻ</td><td colspan="3">ശ്രീ. മുഹമ്മദ് സിറാജുദ്ദീൻ എം</td></tr>
<tr><td>ക്വാട്ട് ചെയ്ത തുക</td><td colspan="3">₹ 1987013.27</td></tr>
<tr><td>എഗ്രിമെന്റ് നമ്പർ</td><td colspan="3">71/2020-21 തീയതി 11.06.2021</td></tr>
<tr><td>എം. ബുക്ക് നം.</td><td colspan="3">34 & 54</td></tr>
<tr><td>ആകെ അളവ് മൂല്യം</td><td colspan="3">₹ 18,50,948/-</td></tr>
<tr><td rowspan="5">കരാറുകാരന് നൽകിയ തുകയുടെ വിവരം</td><td>ബിൽ/ചെക്ക് നം, തീയതി.</td><td>ബിൽ തുക</td><td>കരാറുകാരന് നൽകിയ തുക</td></tr>
<tr><td>BRN 22200247001600458302/25.08.2022 (പാർട്ട് ബിൽ- ധനകാര്യ കമ്മീഷൻ അവാർഡ്)</td><td>₹ 11,97,182/-</td><td>₹ 11,19,364/-</td></tr>
<tr><td>BRN 24200247001601334298/15.02.2025 (അന്തിമ ബിൽ- ധനകാര്യ കമ്മീഷൻ അവാർഡ്)</td><td>₹ 7,71,443/-</td><td>₹ 7,38,753</td></tr>
<tr><td>റിട്ടൻഷൻ തുക</td><td>----</td><td>₹ 29,930/-</td></tr>
<tr><td>ആകെ</td><td>₹ 19,68,625/-</td><td>₹ 18,88,047/-</td></tr>
</table>

പാങ്ങോട് ആശ്രയ കോളനിയിൽ ഡ്രൈനേജും കവറിംഗ് സ്ലാബും നിർമ്മാണം നടത്തുന്നതിനുള്ള പ്രവൃത്തിക്കായി DSR 2016 (Cost Index 38.24%) പ്രകാരം 25 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള പദ്ധതി തയ്യാറാക്കി

നഗരസഭ നടപ്പാക്കിയിട്ടുണ്ട്. PRICE സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ചുവടെ പരാമർശിക്കുന്ന 9 ഇനം പ്രവൃത്തികളാണുണ്ടായിരുന്നത്.

Item No	Description	Quantity	Rate	Amount
	1. Drainage			
1	Earth Work In Excavation By Mechanical Means (Code 2.8.1)	336.001 Cum	230.03/Cum	77290.31
2	Providing And Laying Cement Concrete-Up To Plinth Level 1:4:8 (Code 4.1.8)	52.801 Cum	6190.59/Cum	326869.34
3	Providing And Laying Cement Concrete-Up To Plinth Level 1:3:6 (Code 4.1.6)	144.00 Cum	6655.63/Cum	958410.72
4	Steel Reinforcement For RCC Work (Code 5.22.6)	3600.00 Kg	78.24/Kg	281664.00
5	Providing And Laying Cement Concrete-Up To Plinth Level 1:2:4 (Code 4.1.3)	3.20 Cum	7578.25/Sqm	24250.40
6	Centering And Shuttering (Code 4.3.1)	240.00 Sqm	268.12/Sqm	64348.80
	2. Covering Slab			
1	Centering And Shuttering (Code 4.3.1)	163.676 Sqm	268.12/Sqm	43884.81
2	Providing And Laying Reinforced Cement Concrete-Up	41.976 Cum	8592.10/Cum	360661.99

	To Plinth Level 1:1.5:3 (Code 5.1.2)			
3	Steel Reinforcement For RCC Work (Code 5.22.6)	4617.36 Kg	78.24/Kg	361262.25
	Lump Sum			1357.00
	Total (Rounded)			2500000.00

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 38.24% കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനമാക്കിയാണ്. ഈ എസ്റ്റിമേറ്റിൽ (EST NO:2018/21680) ജി.എസ്.ടി കോമ്പൻസേഷന് തുക വകയിരുത്തിയിട്ടില്ല. ഇ ടെണ്ടർ മുഖേന നടപ്പാക്കിയ ഈ പ്രവൃത്തി കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. മുഹമ്മദ് സിറാജുദ്ദീൻ എം എന്ന കരാറുകാരൻ ഏറ്റെടുക്കുകയുണ്ടായി. എന്നാൽ പ്രവൃത്തിയുടെ കരാറുകാരന് അന്തിമ ബിൽ പ്രകാരം തുക അനുവദിച്ചപ്പോൾ 18% ജി.എസ്.ടി കോമ്പൻസേഷൻ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി ചെയ്തതിന് ചുവടെ ചേർക്കും പ്രകാരം കരാറുകാരന് ₹ 18,88,047/- അനുവദിച്ചിട്ടുണ്ട്.

ഒന്നാമത്തെ പാർട്ട് ബിൽ	
ആകെ പ്രവൃത്തിമൂല്യം	₹ 11,97,182/-
(-) ആദായ നികുതി @ 1%	₹ 11,972/-
(-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം @ 1%	₹ 11,972/-
(-) CGST @ 1%	₹ 11,972/-
(-) SGST @ 1%	₹ 11,972/-
(-) റിട്ടൻഷൻ @ 2.5%	₹ 29,930/-
കരാറുകാരന് നല്കിയ തുക	₹ 11,19,364/-

അന്തിമ ബിൽ	
ആകെ പ്രവൃത്തിമൂല്യം	₹ 18,50,948/-
(-) പാർട്ട് ബിൽ	₹ 11,97,182/-
ആകെ	₹ 6,53,766/-
(+) 18% GST	₹ 1,17,677/-
ആകെ	**₹ 7,71,443/-**
(-) ആദായ നികുതി @ 1%	₹ 6,538/-
(-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം @ 1%	₹ 6,538/-
(-) CGST @ 1%	₹ 6,538/-
(-) SGST @ 1%	₹ 6,538/-
(-) ഫൈൻ	₹ 6,538/-
കരാറുകാരന് നല്കിയ തുക	₹ 7,38,753/-

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ വിവിധയിനം പ്രവൃത്തികളുടെ DSR പ്രകാരമുള്ള നിരക്കിലും കോസ്റ്റ് ഇൻഡക്സിലും VAT നികുതി ഉൾപ്പെടുന്നതിനാൽ ഈ പ്രവൃത്തിയിൽ ജി.എസ്.ടി കോമ്പൻസേഷൻ തുക അനുവദനീയമല്ല. ഒന്നാമത്തെ പാർട്ട് ബിൽ പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി കോമ്പൻസേഷൻ തുക കണക്കാക്കിയിട്ടില്ല. എന്നാൽ പ്രവൃത്തിയുടെ അന്തിമ ബിൽ പ്രകാരം നൽകാനുള്ള തുകയ്ക്ക് 18% ജി.എസ്.ടി കോമ്പൻസേഷൻ തുക കൂടി കണക്കാക്കിയാണ് കരാറുകാരന് തുക അനുവദിച്ചത്. VAT നികുതി ഉൾപ്പെടെയുള്ള തുകയ്ക്ക് ജി.എസ്.ടി കോമ്പൻസേഷൻ കൂടി അനുവദിച്ചത് രണ്ട് നികുതിയുടെയും ആനുകൂല്യം കരാറുകാരന് ലഭിക്കാനിടയാക്കി. അയതിനാൽ അന്തിമ ബില്ലിൽ ജി.എസ്.ടി കോമ്പൻസേഷനായി കരാറുകാരന് നൽകിയ 1,17,677/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇത് പ്രവൃത്തിയുടെ അന്തിമ ബിൽ തുകയുടെ Memorandum Of Payment തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെയും ബിൽ ട്രഷറിയിൽ സമർപ്പിച്ച DDO ആയ അസിസ്റ്റന്റ് എഞ്ചിനീയറുടെയും ബാദ്ധ്യതയായി നിജപ്പെടുത്തുന്നു.

(പ്രവൃത്തിക്കായി ₹ 1,17,677/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.17 തീ:29.12.2025 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

3-2 തെരുവ് കച്ചവടക്കാരുടെ പുനരധിവാസ ഷെഡ്ഡുകളുടെ വൈദ്യുതീകരണ പ്രവൃത്തി-ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ചു- 4,386/-രൂപയുടെ അധിക ചെലവ്.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

2024-2025 സാമ്പത്തികവർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്ത തെരുവ് കച്ചവടക്കാരുടെ പുനരധിവാസ ഷെഡ്ഡുകളുടെ വൈദ്യുതീകരണ പ്രവൃത്തിയുടെ അന്തിമ ബിൽ പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ ടെണ്ടർ കിഴിവ് നടത്താത്തതിനാൽ 4,386/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രൊജക്റ്റ് നം.	എസ് 440/20, 36/23, 377/24 & 328/25 (ദേശീയ നഗര ഉപജീവന ദൗത്യം-തെരുവ് കച്ചവടക്കാരുടെ പുനരധിവാസം-ചന്ത നിർമ്മാണം)
അടങ്കൽ	₹ 36,25,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്)
എസ്റ്റിമേറ്റ്	₹ 1,99,900/- (EST NO: PWD/BLDG/EST/ 6775/2023_6_1_1)
സാങ്കേതികാനുമതി	₹ 1,99,900/-/- (TS No. 2282/2023-2024 Dated 15.05.2023)
കരാറുകാരൻ	ജയചന്ദ്ര എ
ക്വാട്ട് ചെയ്ത തുക	എസ്റ്റിമേറ്റ് നിരക്കിനേക്കാളും 2.2% കുറവ്
എഗ്രിമെന്റ് നമ്പർ	38/23-24 Dated 05.08.2023
എം. ബുക്ക് നം.	146
ആകെ അളവ് മൂല്യം	₹168933/-

കരാറുകാരന് നൽകിയ തുകയുടെ വിവരം	വൗച്ചർ നം, തീയതി.	ബിൽ തുക	കരാറുകാരന് നൽകിയ തുക
	Sanction Order No 60/24.08.2024	₹ 199341/-	₹ 192585/-

ഇ ടെൻഡർ മുഖേന നടപ്പാക്കിയ തെരുവ് കച്ചവടക്കാരുടെ പുനരധിവാസ ഷെഡ്ഡുകളുടെ വൈദ്യുതീകരണം എന്ന പ്രവൃത്തിക്കായി താഴെ പറയുന്ന കരാറുകാർ ടെണ്ടർ സമർപ്പിച്ചിരുന്നു (Estimation PAC തുക ₹ 169345.13).

ക്രമ നം	പേര്	ക്വോട്ട് ചെയ്ത തുക
1	ശ്രീ. സി.കെ അഹമ്മദ്	165788.88
2	ശ്രീ. ജയചന്ദ്ര എ, സിറ്റി ലൈറ്റ് ഇലക്ട്രിക്കൽ സർവീസ്	169328.20
3	ശ്രീ. ഗണേഷ് പ്രസാദ്	177812.99

പ്രവൃത്തിക്കായി ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. സി.കെ അഹമ്മദ് എന്ന കരാറുകാരന്റെ ടെണ്ടർ 19.06.2023 ലെ തീരുമാനം നം 17/1 പ്രകാരം ഭരണസമിതി അംഗീകരിക്കുകയുണ്ടായി. എന്നാൽ കുറഞ്ഞ തുക (2.1% Below Of Estimation PAC) ക്വാട്ട് ചെയ്ത ശ്രീ. സി.കെ അഹമ്മദ് എന്ന കരാറുകാരന് ഇലക്ട്രിക്കൽ കോൺട്രാക്ട് ലൈസൻസ് ഇല്ലാത്തതിനാൽ കാസറഗോഡ് നഗരസഭാ അസിസ്റ്റന്റ് എഞ്ചിനീയറുടെ 25.07.2023ലെ പി-3/24028/20 നമ്പർ കത്ത് പ്രകാരം ശ്രീ. സി.കെ അഹമ്മദ് എന്ന കരാറുകാരന്റെ ടെണ്ടർ റദ്ദാക്കുകയുണ്ടയി. തുടർന്ന് L2 കരാറുകാരനായ ശ്രീ. ജയചന്ദ്ര എ എന്നവരുമായി നെഗോസിയേഷൻ നടത്തിയതിന്റെയടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാളും 2.2% കുറവിൽ പ്രവൃത്തി ഏറ്റെടുത്തു നടത്തുന്നതിനായി ശ്രീ. ജയചന്ദ്ര എ താൽപര്യ പത്രം നൽകുകയുണ്ടയി. 07.11.2023 ലെ തീരുമാനം നം 7/1 പ്രകാരം ഭരണസമിതി ശ്രീ. ജയചന്ദ്ര എ എന്നവർ എസ്റ്റിമേറ്റ് നിരക്കിനേക്കാളും 2.2% കുറവിൽ സമർപ്പിച്ച ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു.

ഈ പ്രവൃത്തി ചെയ്തതിന് അന്തിമ ബിൽ പ്രകാരം കരാറുകാരനായ ശ്രീ. ജയചന്ദ്ര എ-ക്ക് താഴെ പറയും പ്രകാരം 1,92,585/- രൂപ നൽകിയിട്ടുണ്ട്.

ആകെ അളവ് മൂല്യം (അളവ് പുസ്തകം പേജ് നം 19 പ്രകാരം)	₹ 1,68,933/-
(+) 18% ജി.എസ്.ടി	₹ 30,408/-
ആകെ	₹ 1,99,341/-
(-) ആദായ നികുതി @ 1%	₹ 1,689/-

(-) ജി.എസ്.ടി @ 2%	₹ 3,378/-
(-) KCWWF @ 1%	₹ 1,689/-
കരാറുകാരന് നൽകിയ തുക	₹1,92,585/-

പ്രവൃത്തി ചെയ്തതിന് കരാറുകാരന് തുക അനുവദിച്ചപ്പോൾ 2.2% ടെണ്ടർ കിഴിവ് നടത്താതെയാണ് തുക അനുവദിച്ചിരിക്കുന്നത്. ഈ പ്രവൃത്തി ചെയ്തതിന് യഥാർത്ഥത്തിൽ ചെലവഴിക്കേണ്ട തുക ചുവടെ പറയും പ്രകാരമാണ്.

ആകെ അളവ് മൂല്യം	₹ 1,68,933/-
(-) 2.2% ടെണ്ടർ കിഴിവ്	₹ 3,717/-
ആകെ	₹ 1,65,216/-
(+) 18% ജി.എസ്.ടി	₹ 29,739/-
ആകെ	₹ 1,94,955/-
പ്രവൃത്തിക്കായി ബാങ്കിൽ നിന്നും പിൻവലിക്കേണ്ട തുക	₹ 1,94,955/-
ബാങ്കിൽ നിന്നും പിൻവലിച്ച തുക	₹ 1,99,341/-
അധികം ചെലവഴിച്ച തുക	₹ 4,386/-

പ്രവൃത്തിക്കായി ₹ 4,386/- അധികം ചെലവഴിച്ചത് ഓഡിറ്റ് എൻക്വയറി നം.18 തീ: 29.12.2025 പ്രകാരം നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം ചെലവഴിച്ച 4,386/- രൂപ പ്രവൃത്തിയുടെ ബിൽ തുക നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

3-3 തെരുവ് കച്ചവടക്കാരുടെ പുനരധിവാസം-DSR 2016 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്ത പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിലെ എക്സ്ട്രാ ഐറ്റം പ്രവൃത്തികൾക്ക് DSR 2018 പ്രകാരമുള്ള നിരക്കിൽ കരാറുകാരന് തുക നൽകി.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

പ്രൊജക്റ്റ് നം.	എസ് 440/20, 36/23, 377/24 & 328/25 (ദേശീയ നഗര ഉപജീവന ദൗത്യം-തെരുവ് കച്ചവടക്കാരുടെ പുനരധിവാസം-ചന്ത നിർമ്മാണം)
അടങ്കൽ	₹ 36,25,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്)
എസ്റ്റിമേറ്റ്	₹ 32,74,000/- (EST NO: 2018/26775)
സാങ്കേതികാനുമതി	₹ 32,74,000/- (TS No. 37660/2019-2020 Dated 13.08.2019 & Revised TS No. 37660/2019-2020 Dated 29.03.2024)
കരാറുകാരൻ	മുഹമ്മദ്കുഞ്ഞി കെ എ
ക്വാട്ട് ചെയ്ത തുക	₹ 2657314.33
എഗ്രിമെന്റ് നമ്പർ	133 Dated 28.02.2020
എം. ബുക്ക് നം.	154 A, 154B, 154C, 154D & 154E

ആകെ അളവ് മൂല്യം	₹23,39,858/-		
കരാറുകാരന് നൽകിയ തുകയുടെ വിവരം	വൗച്ചർ നം, തീയതി.	ബിൽ തുക	കരാറുകാരന് നൽകിയ തുക
	Sanction Order No 135/27.11.2024	₹ 23,93,331/-	₹ 23,12,203/-
	Sanction Order No 134/27.11.2024	₹ 3,67,701/-	₹ 3,55,237/-
	ആകെ	₹ 27,61,032/-	₹ 26,67,440/-

ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതി പ്രകാരം കാസറഗോഡ് നഗരസഭയിലെ തെരുവ് കച്ചവടക്കാരെ പുനരധിവാസിപ്പിക്കുന്നതിനായി കാസറഗോഡ് പുതിയ ബസ്സ്റ്റാന്റിൽ ചന്ത നിർമ്മാണം നടത്തുന്നതിനുള്ള ഒരു പദ്ധതി നഗരസഭ 2020-2021 സാമ്പത്തിക വർഷത്തിൽ തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്കായി DSR 2016 (With Cost Index 32.04%) അടിസ്ഥാനമാക്കി 32.73 ലക്ഷം രൂപ അടങ്കലുള്ള എസ്റ്റിമേറ്റ് (EST NO: 2018/26775) PRICE-1 സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കെട്ടിട നിർമ്മാണം (Building Construction), ടോയ്‌ലറ്റ് നിർമ്മാണം (Toilet Construction), മോട്ടോർ പൈപ്പ് എന്നിവ സ്ഥാപിക്കൽ, വൈദ്യുതീകരണം (Electrfication), കംപോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ എന്നിങ്ങനെ 5 ഭാഗങ്ങളുണ്ട്. ഇ ടെൻഡർ മുഖേന നടപ്പാക്കിയ ഈ പ്രവൃത്തിയ്ക്കായി കുറഞ്ഞതുക 'ക്വോട്ട്' ചെയ്ത കരാറുകാനായ ശ്രീ.മുഹമ്മദ്കുഞ്ഞി കെ എ-യുടെ ടെണ്ടർ ഭരണസമിതി തീരുമാനം നം.7 തീയതി 30.11.2019 പ്രകാരം അംഗീകരിക്കുകയുണ്ടായി. തുടർന്ന് കരാറുകാരന് പ്രവൃത്തി ചെയ്യാനുള്ള വർക്ക് ഓർഡർ (നം.പി3-24028 തീയതി 28.02.2020) നല്കുകയുമുണ്ടായി.

ഈ പദ്ധതിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം ആകെ 64 എണ്ണം കടമുറികൾ നിർമ്മിക്കാനാണ് വിഭാവനം ചെയ്തത്. എന്നാൽ പുതിയ ബസ്സ്റ്റാന്റിൽ ചന്ത നിർമ്മാണം നടത്തുന്നതിനെതിരെ പ്രൈവറ്റ് ബസ് ഉടമകൾ തടസ്സം നിന്നതിനെ തുടർന്ന് 64 എണ്ണം കട മുറികൾക്ക് പകരം 28 എണ്ണം കട മുറികളായി കുറവ് വരുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയുണ്ടായി. ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന ടോയ്‌ലറ്റ് ബ്ലോക്കിന്റെ നിർമ്മാണവും പുതുക്കിയ എസ്റ്റിമേറ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ ഒറിജിനൽ എസ്റ്റിമേറ്റിൽ ഇല്ലാതിരുന്ന കടമുറികൾക്ക് റോളിംഗ് ഷട്ടറുകൾ സ്ഥാപിക്കുക, മുറ്റം ഇന്റർലോക്ക് ടൈലുകൾ പാവുക, ചുമരുകൾക്ക് ടൈൽസ് പതിക്കുക, റൂമിനകത്ത് എം എസ് ഷീറ്റ് ഉപയോഗിച്ച് തട്ടുകൾ സ്ഥാപിക്കുക, ചുമരിനും റൂഫിനും ഇടയിലായി ഇരുമ്പ് വല സ്ഥാപിക്കുക, പെയിന്റിംഗ് പ്രവൃത്തി, അത്യാവശ്യ ഫിനിഷിംഗ് പ്രവൃത്തി എന്നിവയ്ക്കുള്ള ഇനം പ്രവൃത്തികൾ റിവൈസ്ഡ് എസ്റ്റിമേറ്റിൽ എക്സ്ട്രാ ഐറ്റമായി ഉൾപ്പെടുത്തുകയുണ്ടായി. ആകെ അടങ്കൽ തുകയിൽ മാറ്റം വരാതെയാണ് ഇപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

ഒറിജിനൽ എസ്റ്റിമേറ്റിലെ ആദ്യ ഭാഗമായിരുന്ന കെട്ടിട നിർമ്മാണം (Building Construction) എന്നതിൽ ആകെ 20 ഇനം പ്രവൃത്തികളുണ്ടായിരുന്നു. എന്നാൽ പിന്നീട് കടമുറികളുടെ എണ്ണം കുറവ് വരുത്തിയതിനാൽ ഒറിജിനൽ എസ്റ്റിമേറ്റിലെ ഐറ്റം നം.5, ഐറ്റം നം.9, ഐറ്റം നം.16 മുതൽ 20 വരെയുള്ളവ ഒഴിവാക്കുകയും പകരം പുതുതായി ചുവടെ വിവരിക്കും വിധം 10 ഇനം പ്രവൃത്തികൾ എക്സ്ട്രാ ഐറ്റമായി റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഒറിജിനൽ എസ്റ്റിമേറ്റിലെ രണ്ടാമത്തെ ഭാഗമായിരുന്ന ടോയ്‌ലറ്റ് ബ്ലോക്കിന്റെ നിർമ്മാണം (Toilet Construction) എന്നതിൽ ആകെ 20 ഇനം പ്രവൃത്തികളുണ്ടായിരുന്നു. എന്നാൽ പിന്നീട് ടോയ്‌ലറ്റ് ബ്ലോക്കിന്റെ നിർമ്മാണം ഒഴിവാക്കിയതിനാൽ പുതുക്കിയ എസ്റ്റിമേറ്റിൽ നിന്നും 20 ഇനങ്ങളും ഒഴിവാക്കിയിട്ടിണ്ട്.

Item No	Desciption	Quantiy	Rate	Amount
E1	Providing And Fixing I St Quality Ceramic Glazed Wall Tiles Conforming To IS : 15622 (Thickness To Be Specified By The Manufacturer), Of Approved Make, In All Colours, Shades Except Burgundy, Bottle Green,	219.25 Sqm	983.42/Sqm	215614.84

	Black Of Any Size As Approved By Engineer -In-Charge, In Skirting, Risers Of Steps And Dados, Over 12 Mm Thick Bed Of Cement Mortar 1:3 (1 Cement : 3 Coarse Sand) And Jointing With Grey Cement Slurry @ 3.3 Kg Per Sqm, Including Pointing In White Cement Mixed With Pigment Of Matching Shade Complete. (Code 11.36)			
E2	Providing And Laying 60 Mm Thick Factory Made Cement Concrete Interlocking Paver Block Of M – 30 Grade Made By Block Making Machine With Strong Vibratory Compaction, Of Approved Size, Design & Shape, Laid In Required Colour And Pattern Over And Including 50 Mm Thick Compacted Bed Of Coarse Sand, Filling The Joints With Fine Sand Etc. All Complete As Per The Direction Of Engineer-In-Charge. (Code 16.68)	119.60 Sqm	985.08/Sqm	117815.57
E3	Providing And Fixing M.S. Grills Of Required Pattern In Frames Of Windows Etc. With M.S. Flats, Square Or Round Bars Etc. Including Priming Coat With Approved Steel Primer All Complete. Fixed To Openings/ Wooden Frames With Rawl Plugs Screws Etc (Code 9.48.1)	875.20 Kg	189.47/Kg	165824.14
E4	Painting With Synthetic Enamel Paint Of Approved Brand And Manufacture To Give An Even Shade: Two Or More Coats On New Work (Code 13.61.1)	763.00 Sqm	139.30/Sqm	106285.90
E5	Providing And Laying In Position Cement Concrete Of Specified Grade Excluding The Cost Of Centering And Shuttering- All Work Up To Plinth Level: 1:2:4 (1 Cement : 2 Coarse Sand (Zone-III) : 4 Graded Stone Aggregate 20 Mm Nominal Size) (Code 4.1.3)	2.70 Cum	7781.64/Cum	21010.43
E6	Centering And Shuttering Including Strutting, Etc. And Removal Of Form For:Foundations, Footings, Bases Of Columns, Etc For Mass Concrete (Code 5.9.1)	21.80 Sqm	326.53/Sqm	7118.35
E7	Centering And Shuttering Including Strutting, Etc. And Removal Of Form For: Columns, Pillars, Piers, Abutments, Posts And Struts (Code 5.9.6)	47.75 Sqm	841.02/Sqm	40158.71
E8	Wall Painting With Acrylic Emulsion Paint Of Approved Brand And Manufacture To Give An Even Shade: Two Or More Coats On New Work (Code 13.60.1)	173.20 Sqm	147.42/Sqm	25533.14
E9	Supplying And Fixing Rolling Shutters Of Approved Make, Made Of Required Size M.S. Laths, Interlocked Together Through Their Entire Length And Jointed Together At The End By End Locks, Mounted On Specially Designed Pipe Shaft With Brackets, Side Guides And Arrangements For Inside And Outside Locking With Push And Pull Operation Complete, Including The Cost Of Providing And Fixing Necessary 27.5 Cm Long Wire Springs Manufactured From High Tensile Steel Wire Of Adequate Strength Conforming To IS: 4454 – Part 1 And M.S. Top Cover Of Required Thickness For Rolling Shutters. 80x1.25 Mm M.S. Laths With 1.25 Mm Thick Top Cover (Code 10.6.1)	150.00 Sqm	3374.74/Sqm	506211.00

E10	Flooring With Designer Flooring Tiles 12mm Thick In CM 1:3 And Pointing The Cement Of Same Colour Including Cost And Conveyance Of All Materials (300 X300 Mm) (Code OD)	149.10 Sqm	990.12/Sqm	147626.89

ഈ പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റിലെ എല്ലാ ഇനങ്ങളും DSR 2016 (With Cost Index 32.04%) ലെ നിരക്ക് അടിസ്ഥാനമാക്കിയാണ് തയ്യാറാക്കിയത്. DSR 2016 ലെ നിരക്ക് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിനെ അടിസ്ഥാനപ്പെടുത്തിയാണ് പ്രവൃത്തി ടെണ്ടർ ചെയ്യുതും കരാറുകാരൻ നിരക്കുകൾ ക്വാട്ട് ചെയ്യുതും. പ്രവൃത്തിയുടെ എഗ്രിമെന്റ് ഷെഡ്യൂളിലെ നിരക്ക് DSR 2016 ലെ നിരക്ക് അടിസ്ഥാനപ്പെടുത്തി കരാറുകാരൻ ക്വാട്ട് ചെയ്യ നിരക്കുകളാണ്. എന്നാൽ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഒറിജിനൽ എസ്റ്റിമേറ്റിലുണ്ടായിരുന്ന ഇനം (ആദ്യ ഭാഗത്തിലെ 1 മുതൽ 15 വരെയുള്ള ഇനങ്ങൾ) പ്രവൃത്തികൾക്ക് DSR 2016 ലെ നിരക്കാണ് കണക്കാക്കിയത്. ഇതുകൂടാതെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ പുതുതായി ഉൾപ്പെടുത്തിയ 10 ഇനം പ്രവൃത്തികളുൽ എക്സ്ട്രാ ഐറ്റം 1 ആയ ചുമരുകൾക്ക് ടൈൽസ് പതിക്കുന്ന (Providing And Fixing I St Quality Ceramic Glazed Wall Tiles -Code 11.36) പ്രവൃത്തിക്കും DSR 2016 (With Cost Index 32.04%) ലെ നിരക്കാണ് കണക്കാക്കിയത്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിലെ എക്സ്ട്രാ ഐറ്റം 2 മുതൽ 10 വരെയുള്ള പ്രവൃത്തികൾക്ക് DSR 2018 (With Cost Index 32.04%) ലെ നിരക്കാണ് കണക്കാക്കിയത്. അന്തിമ ബിൽ പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ പ്രവൃത്തിയിലെ 1 മുതൽ 15 വരെയുള്ള ഇനങ്ങൾക്ക് എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരമുള്ള (കരാറുകാരൻ ക്വാട്ട് ചെയ്യ നിരക്ക്) നിരക്കിലും എക്സ്ട്രാ ഐറ്റം 1 മുതൽ 4 വരെയുള്ള പ്രവൃത്തികൾക്കും എക്സ്ട്രാ ഐറ്റം 9 മുതൽ 10 വരെയുള്ള പ്രവൃത്തികൾക്കും 10.88% കുറഞ്ഞ നിരക്കിലും എക്സ്ട്രാ ഐറ്റം 5 മുതൽ 8 വരെയുള്ള പ്രവൃത്തിക്ക് 11.88% കുറഞ്ഞ നിരക്കിലുമാണ് തുക കണക്കാക്കിയത്.

ഈ പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റിലെ എല്ലാ ഇനങ്ങളും DSR 2016 (With Cost Index 32.04%) ലെ നിരക്ക് അടിസ്ഥാനമാക്കിയാണ് തയ്യാറാക്കിയത്. DSR 2016 ലെ നിരക്ക് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിനെ അടിസ്ഥാനപ്പെടുത്തിയാണ് പ്രവൃത്തി ടെണ്ടർ ചെയ്യുതും കരാറുകാരൻ നിരക്കുകൾ ക്വാട്ട് ചെയ്യുതും എഗ്രിമെന്റ് വെച്ചതും. ആയതിനാൽതന്നെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ എക്സ്ട്രാ ഐറ്റം ആയി ഉൾപ്പെടുത്തുന്ന പ്രവൃത്തികൾക്കും DSR 2016 പ്രകാരമുള്ള നിരക്കാണ് കണക്കാക്കേണ്ടത്.

ഈ പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റിലെ ഭാഗം 1, ഭാഗം 2 എന്നിവയുടെ ആകെ തുക 2831835.96 രൂപയാണ് എസ്റ്റിമേറ്റിലെ ഭാഗം 1, ഭാഗം 2 എന്നിവയിലുൾപ്പെടുന്ന 40 ഇനം പ്രവൃത്തികൾക്കായി L1 കരാറുകാരനായ ശ്രീ.മുഹമ്മദ്കുഞ്ഞി കെ എ ക്വാട്ട് (Item Waise Rate) ചെയ്യ ആകെ തുക 2657314.33 രൂപയാണ്. ആയതിനാൽ പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റിലുൾപ്പെടാത്ത എക്സ്ട്രാ ഐറ്റം പ്രവൃത്തികൾക്ക് ബാധകമായ ടെണ്ടർ കുറവ് 6.16% ആണ്. ഈ പ്രവൃത്തിയിലെ എക്സ്ട്രാ ഐറ്റം നം.10 (Flooring With Designer Flooring Tiled 12mm Thick In CM 1:3 300 X300 Mm) എന്നയിനത്തിന് ഒബ്സേർവ്ഡ് ഡാറ്റ പ്രകാരമാണ് നിരക്ക് (990.12/Sqm) കണക്കാക്കിയത്. എന്നാൽ ഒബ്സേർവ്ഡ് ഡാറ്റ വർക്ക് ഫയലിൽ ലഭ്യമല്ല. ആയതിനാൽ ഓഡിറ്റ് റിക്വിസിഷൻ നം.23 തീയതി 29.12.2025 പ്രകാരം എക്സ്ട്രാ ഐറ്റം നം.10 ആയി നടപ്പാക്കിയ Flooring With Designer Flooring Tiled 12mm Thick In CM 1:3 300 X300 Mm എന്ന പ്രവൃത്തിയുടെ ഒബ്സേർവ്ഡ് ഡാറ്റ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ എക്സ്ട്രാ ഐറ്റം നം.10 പ്രകാരം അധികം നൽകിയ തുക കണക്കാക്കാൻ കഴിഞ്ഞിട്ടില്ല.

റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ എക്സ്ട്രാ ഐറ്റം ആയി ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് DSR 2016 പ്രകാരമുള്ള നിരക്കിന് പകരം DSR 2018 പ്രകാരമുള്ള നിരക്കിന് അനുവദിച്ചതിനാൽ ചുവടെ വിവരിക്കും പ്രകാരം 1,06,571/-രൂപ കരാറുകാരന് അധികം നല്കിയിട്ടുണ്ട്.

ഇനം	പ്രവൃത്തിയുടെ വിവരം	അളവ് പുസ്തകം പ്രകാരം ചെയ്ത പ്രവൃത്തിയുടെ അളവ്	അന്തിമ ബിൽ പ്രകാരം കരാറുകാരന് തുക നൽകിയതിന്റെ വിവരം			കരാറുകാരന് നൽകേണ്ട തുക			അധികം നൽകിയ തുക
			DSR 2018 (Cost Index 32.04%) പ്രകാരമുള്ള നിരക്ക്	10.88% ടെണ്ടർ കിഴിവ് വരുത്തിയ നിരക്ക്	തുക	DSR 2016 (Cost Index 32.04%)	6.16%ടെണ്ടർ കിഴിവ് വരുത്തിയ നിരക്ക്	തുക	

						പ്രകാര മുള്ള നിരക്ക്			
E1	Providing And Fixing I St Quality Ceramic Glazed Wall Tiles (Code 11.36)	219.09 Sqm	983.42/Sqm*	876.42/Sqm	192014.85	983.42/Sqm*	922.84/Sqm	202185.01	(-) 10170.16
E2	Providing And Laying 60 Mm Thick Factory Made Cement Concrete Interlocking Paver Block Of M - 30 Grade (Code 16.68)	119.21 Sqm	985.08/Sqm	877.90/ Sqm	104654.46	812.97/Sqm	762.89/Sqm	90944.11	13710.35
E3	Providing And Fixing M.S. Grills (Code 9.48.1)	875.20 Kg	189.47/Kg	168.86/ Kg	147786.27	138.18/Kg	129.66/Kg	113478.43	34307.84
E4	Painting With Synthetic Enamel Paint- Two Or More Coats On New Work (Code 13.61.1)	727.00 Sqm	139.30/Sqm	124.14/Sqm	90249.78	103.52/Sqm	97.14/Sqm	70620.78	19629.00
E5	Providing And Laying In Position	2.70 Cum	7781.64/Cum	6857.18/Cum**	18514.39	7238.37/Cum	6792.48/Cum	18339.69	174.70

	Cement Concrete Of Specified Grade Up To Plinth Level:1:2:4 (Code 4.1.3)								
E6	Centering And Shuttering (Code 5.9.1)	19.98 Sqm	326.53/Sqm	287.73/Sqm**	5748.84	256.09/Sqm	240.31/Sqm	4801.39	947.45
E7	Centering And Shuttering (Code 5.9.6)	42.12 Sqm	841.02/Sqm	741.11/Sqm**	31215.55	617.75/Sqm	579.69/Sqm	24416.54	6799.01
E8	Wall Painting With Acrylic Emulsion Paint Two Or More Coats On New Work (Code 13.60.1)	173.20 Sqm	147.42/Sqm	129.90/Sqm**	22498.68	111.51/Sqm	104.64/Sqm	18123.65	4375.03
E9	Supplying And Fixing Rolling Shutters (Code 10.6.1)	149.172 Sqm	3374.74/Sqm	3007.50/Sqm	448634.79	3058.19/Sqm	2869.80/Sqm	428093.80	20540.99
E10	Flooring With Designer Flooring Tiled 12mm Thick In CM 1:3 (300 X300 Mm) (Code OD)	149.053 Sqm	990.12/Sqm	882.30/Sqm	131509.46	ഒബ്സേർവ്ഡ് ഡാറ്റ ലഭ്യമല്ലാത്തതിനാൽ നഷ്ടം കണക്കാക്കാൻ സാധിച്ചിട്ടില്ല.			

	ആകെ അധികം നൽകിയ തുക	90314.21
	ആകെ അധികം നൽകിയ തുക (Rounded)	90,314
	(+) 18 % ജി.എസ്.ടി	16,257
	കരാറുകാരന് ആകെ അധികം നൽകിയ തുക	1,06,571
	കുറിപ്പ് * DSR 2016 (With Cost Index 32.04%) ലെ നിരക്കാണ് E1 പ്രവൃത്തിക്ക് കണക്കാക്കിയത്. ** E5, E6, E7, E8 എന്നീ പ്രവൃത്തിക്ക് 10.88% ടെണ്ടർ കിഴിവിന് പകരം 11.88% ടെണ്ടർ കിഴിവാണ് കണക്കാക്കിയത്.	

പ്രവൃത്തിക്കായി അധികം ചെലവഴിച്ച 1,06,571/- രൂപ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ആയത് പരിശോധിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായ് ഈടാക്കേണ്ടതാണ്. പ്രവൃത്തിക്കായി 1,06,571/- രൂപ അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തിയിലെ എക്സ്ട്രാ ഐറ്റം നം.10 (Flooring With Designer Flooring Tiled 12mm Thick In CM 1:3 300 X300 Mm) എന്നയിനത്തിന്റെ ഒബ്സേർവ്ഡ് ഡാറ്റ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ഈ ഇനം പ്രവൃത്തിക്കായി ചെലവഴിച്ച 1,55,181/-രൂപ (₹ 131509.46 + 18% GST) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.79 തീയതി 25.02.2026).

3-4 പട്ടികജാതിക്കാർക്കുള്ള ട്രെയിനിംഗ് സെന്റർ കെട്ടിട നവീകരണ പ്രവൃത്തിയിൽ ജനലിന് എം.എസ് കമ്പി സ്ഥാപിക്കുന്ന ഇനം പ്രവൃത്തിയ്ക്ക് കൂടിയ നിരക്ക് അനുവദിച്ചു.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

നഗരസഭയിലെ 10 -ാം വാർഡിലെ പട്ടികജാതിക്കാർക്കുള്ള ട്രെയിനിംഗ് സെന്റർ കെട്ടിട നവീകരണം ചെയ്യുന്നതിനുള്ള പദ്ധതി 2023-2024, 2024-2025 എന്നീ സാമ്പത്തിക വർഷങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയിരുന്നു. 2018 ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (DSR 2018) പ്രകാരം PRICE-3 സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എസ്റ്റിമേറ്റിൽ അനുവദിച്ച കോസ്റ്റ് ഇൻഡക്സ് 33.05% ആണ്. പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആകെ 17 ഇനം പ്രവൃത്തികളാണുണ്ടായിരുന്നത് . പ്രവൃത്തി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	എസ് 440/25 (വാർഡ് 10 പട്ടികജാതിക്കാർക്കുള്ള ട്രെയിനിംഗ് സെന്റർ കെട്ടിട നവീകരണം)
അടങ്കൽ	₹ 4,00,000/- (വികസന ഫണ്ട്-എസ്.സി.പി)
എസ്റ്റിമേറ്റ്	₹ 4,00,000/- (EST No.LSGD/CELSGD/ESTT/102543/2022-5-1-1)
സാങ്കേതികാനുമതി	₹ 4,00,000/- (TS No.86021/2022-2023)
കരാറുകാരൻ	മുസ്തഫ ടി എ

ക്വാട്ട് ചെയ്ത നിരക്ക്	എസ്റ്റിമേറ്റ് നിരക്കിനെക്കാളും 9.74% കൂടുതൽ		
എഗ്രിമെന്റ് നമ്പർ	76/22-23 തീയതി 27.02.2023		
എം. ബുക്ക് നം.	ഇ എംബുക്ക്		
ആകെ അളവ് മൂല്യം	₹ 3,98,735/-		
കരാറുകാരന് നൽകിയ തുകയുടെ വിവരം	ബിൽ നം, തീയതി.	ബിൽ തുക	കരാറുകാരന് നൽകിയ തുക
	BRN 22200247001601519908 തീ: 28.03.2023 (പാർട്ട് ബിൽ)	₹ 2,78,951/-	₹ 2,62,908/-
	BRN 24200247001601636799 തീ: 22.03.2025 (അന്തിമ ബിൽ)	₹ 1,19,784/-	₹ 1,15,722/-
	ആകെ	₹ 3,98,735/-	₹ 3,78,630/-

പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ 4-ാമത്തെ ഇനം "Code 9.48.2 -Providing And Fixing M.S. Grills Of Required Pattern In Frames Of Windows Etc. With M.S. Flats, Square Or Round Bars Etc. Including Priming Coat With Approved Steel Primer All Complete. Fixed To Openings/ Wooden Frames With Rawl Plugs Screws Etc" എന്നതാണ്. എസ്റ്റിമേറ്റിൽ 143.136 Kg അളവ് പ്രവൃത്തി ചെയ്യുന്നതിന് ₹ 211.94/Kg നിരക്കിൽ 30336.24/- രൂപ വകയിരുത്തിയിട്ടുണ്ട്.

പ്രവൃത്തിയുടെ അളവ് പുസ്തകം പ്രകാരം 72.60 Kg അളവിൽ മേൽ പ്രവൃത്തി ചെയ്തിട്ടുണ്ട്. അന്തിമ ബിൽ പ്രകാരം 72.60 Kg പ്രവൃത്തി ചെയ്തതിന് ₹ 211.94/Kg നിരക്കിൽ 15386.84 രൂപ അളവ് മൂല്യം കണക്കാക്കി 9.74% ടെണ്ടർ എക്സ്സസ്, 18% ജി.എസ്.റ്റി കോമ്പൻസേഷൻ എന്നിവ കൂട്ടി കരാറുകാരന് 19,925/-രൂപ അനുവദിച്ചിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ 4-ാമത്തെ ഇനം പ്രകാരം ജനലിന് കമ്പി സ്ഥാപിച്ചതിന് DAR Code 9.48.2 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ നിരക്ക്, MS Flats Square/Round Bars എന്നിവ ഉപയോഗിച്ച് വെൽഡ് ചെയ്ത് ഉണ്ടാക്കിയ Frame, Openings/Wooden Frame ൽ Rawl Plugs,Screws മുതലായവ ഉപയോഗിച്ച് Fix ചെയ്യുന്നതിനുള്ള

നിരക്കാണ്. എന്നാൽ മേൽ പദ്ധതിയുടെ ഇനം 4 പ്രകാരം ജനലിന്റെ മരത്തിന്റെ ചട്ടത്തിൽ കമ്പി വെൽഡ് ചെയ്ത് ചേർത്തിട്ടല്ല സ്ഥാപിച്ചിട്ടുള്ളത്, പകരം മരത്തിന്റെ ചട്ടത്തിൽ തുളയിട്ട് സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളതെന്ന് 20.02.2026ന് ഓഡിറ്റ് ടീം നഗരസഭയിലെ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. വെൽഡിംഗ് ഇല്ലാത്ത ഇത്തരം പ്രവൃത്തികൾക്ക് DAR Code 14.29 (Providing And Fixing M.S. Round Or Squre Bars With M.S. Flats At Required Spacing In Wooden Frames Of Windows And Clerestory Windows) പ്രകാരമുള്ള നിരക്കാണ് അനുവദനീയമായിട്ടുള്ളത്. 2018 ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (DSR 2018) പ്രകാരം Code 14.29 Data ചുവടെ ചേർക്കുന്നു. (കോസ്റ്റ് ഇൻഡക്സ് 33.05%)

Data Analysis Of 14.29 Roviding And Fixing M.S. Round Or Squre Bars With M.S. Flats At Required Spacing In Wooden Frames Of Windows And Clerestory Windows

Sor/Spec Code	MR Code	Description		Rate (₹)	Remarks	
		Unit	Quantity		Amount	Label
	Header Unit	Kg	Header Quantity	33.67		
Header Details	Details Of Cost For Window 140 X 110 Cm (33.67 Kg) MATERIAL: M.S. Bar 16 Mm Dia 13x136 Cm = 17.68 M @ 1.57 Kg/M = 27.93 Kg Add For Wastage @ 10% = 2.79 Kg Total = 30.72 Kg Or 0.307 Q					
Material						M
1003		M.S. Bar 16 Mm Dia 13x136 Cm = 17.68 M @ 1.57 Kg/M = 27.93 Kg Add For Wastage @ 10% = 2.79 Kg Total = 30.72 Kg Or 0.307 Q Mild Steel Round Bar Above 12 Mm Dia				

Sor/Spec Code	MR Code	Description			Remarks	
		Unit	Quantity	Rate (₹)	Amount	Label
		Quintal	0.307	4400.0	1350.8	M1
1008		M.S. Flat 40x6 Mm 2x96cm = 192 Cm +1x110cm = 110 Cm Total = 302 Cm+Add Wastage @ 10% = 30 Cm Total = 332cm @1.90 Kg/M = 6.31 Kg Say 0.063 Quintal Flats Up To 10 Mm In Thickness				
		Quintal	0.063	4500.0	283.5	M2
Carriage						C
2205		Carriage Of Steel (0.307+0.063 = 0.37 Q = 0.037 T)				
		Tonne	0.037	92.24	3.41	C1
Labour						L
0103		Blacksmith 2nd Class				
		Day	0.35	679.0	237.65	L1
0112		Carpenter 2nd Class				
		Day	0.2	679.0	135.8	L2
0114		Beldar				

Sor/Spec Code	MR Code	Description			Remarks	
		Unit	Quantity	Rate (₹)	Amount	Label
		Day	0.45	558.0	251.1	L3
Tools & Plants						L
9999		Sundries				
		L.S	26.91	2.0	53.82	T1
TOTAL			33.67	Kg	2316.08	
UNIT TOTAL			1	Kg	**68.79**	
Water Charge@ 1.00 %				68.79	0.69	
TOTAL					**69.48**	
Contractors Profit & Overhead@ 15.00 %				69.48	10.42	
TOTAL					**79.90**	
(Add Cost Index @33.05%)					₹ 26.40	
Grand Total					₹ **106.30 /Kg**	

ആയതിനാൽ ഇനം 4 പ്രകാരമുള്ള ഈ പ്രവൃത്തിക്ക് അനുവദനീയമായ നിരക്ക് ₹106.30/ Kg എന്നതാണ്. ഇതനുസരിച്ച് 72.60 Kg പ്രവൃത്തി ചെയ്യുതിന് ₹ 106.30/Kg നിരക്കിൽ എന്ന നിരക്കിൽ 7717.38 രൂപ മാത്രമാണ് അളവ് മൂല്യം. ആയതിന്റെ കൂടെ 9.74% ടെണ്ടർ എക്സ്സ്, 18% ജി.എസ്.റ്റി കോമ്പൻസേഷൻ എന്നിവ കൂട്ടി ചേർത്താൽ കരാറുകാരന് 9,993/-രൂപ യാണ് യഥാർത്ഥത്തിൽ അനുവദിക്കേണ്ടത്. എന്നാൽ കരാറുകാരന് 19,925-രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിക്കായി അധികം ചെലവഴിച്ച 9,932/- രൂപ (₹ 19,925 - ₹ 9,993) പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ആയത് പരിശോധിച്ച് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. പ്രവൃത്തിക്കായി 9,932/- രൂപ അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>മറ്റ് അപാകതകൾ</u>

PRICE 3 സോഫ്റ്റ്വെയറിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ചേർത്തിരിക്കുന്ന (DPR Tab-ൽ Attachements) ആസ്തി രജിസ്റ്റർ പ്രകാരം അസറ്റ് ID No.12240010850000001 ആയി ചേർത്തിട്ടുള്ള കെട്ടിടത്തിലാണ് നവീകരണം പ്രവൃത്തി നടത്തിയത്. ആസ്തി രജിസ്റ്ററിൽ ഈ കെട്ടിടം നെൽക്കള എന്ന സ്ഥലത്തുള്ള ഒരു ഷീറ്റ് റൂഫിട്ട വർക്ക് ഷെഡ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സ്ഥല പരിശോധനയിൽ നവീകരണം പ്രവൃത്തി നടത്തിയ കെട്ടിടം കോൺക്രീറ്റ് റൂഫിട്ട കെട്ടിടമാണ്. ആയതിനാൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട കെട്ടിടം തന്നെയാണോ നവീകരണ പ്രവൃത്തി നടത്തിയ പട്ടികജാതിക്കാർക്കുള്ള ട്രെയിനിംഗ് സെന്റർ കെട്ടിടം എന്ന ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ നഗരസഭ നവീകരണ പ്രവൃത്തി നടത്തിയ വാർഡ്- 10 ലെ പട്ടികജാതിക്കാർക്കുള്ള ട്രെയിനിംഗ് സെന്റർ കെട്ടിടം നഗരസഭയുടെ ആസ്ഥിയാണോ എന്ന് പരിശോധിച്ച് മറുപടി ലഭ്യമാക്കാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 73 തീ: 24.02.2026).

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 ജീവനക്കാരുടെ മെഡിസെപ് വിഹിതം സംബന്ധിച്ച വിവരങ്ങൾ

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ജീവനക്കാർ	ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
റെഗുലർ	577	288500	288500	0	
കണ്ടിജെന്റ്	492	246000	246000		

* 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
2	ഏപ്രിൽ 2024	12000	12000	0	